# മലപ്പുറത്തിന്റെ ഹരിത നാൾവഴികൾ

## പരിസ്ഥിതി പുനസ്ഥാപനത്തിന്റെ പത്തുവർഷം

**മലപ്പുറം ജില്ല**

ഹരിതകേരളം മിഷൻ

നവ കേരളം കർമപദ്ധതി

ചീഫ് എഡിറ്റർ
**ഡോ. ടി.എൻ. സീമ**
കോർഡിനേറ്റർ, നവകേരളം കർമപദ്ധതി-2
വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ

എഡിറ്റർ
**ഡോ. സീമ പി**
ജില്ലാ കോർഡിനേറ്റർ

സമാഹരണം, ഏകോപനം
**ഹരിതകേരളം മിഷൻ ടീം**

പ്രസിദ്ധീകരണം
**ഹരിതകേരളം മിഷൻ**
ഫെബ്രുവരി 2026

ഹരിത കേരളം മിഷൻ
മൂന്നാം നില, ബി.എസ്.എൻ.എൽ. ഭവൻ
ഉപ്പളം റോഡ്, സ്റ്റാച്യു, തിരുവനന്തപുരം-695001
ഫോൺ : 0471-2449939
Email: navakeralamgok@gmail.com
www.haritham.kerala.gov.in



കേരള സർക്കാർ

പിണറായി വിജയൻ

മുഖ്യമന്ത്രി

# സന്ദേശം

കേരളത്തിന്റെ വികസന ചരിത്രത്തിൽ പരിസ്ഥിതി സൗഹൃദമായ ഒരു നവകേരള നിർമ്മിതിക്ക് അടിത്തറയിട്ട ദൗത്യമാണ് ഹരിതകേരളം മിഷൻ. ശുചിത്വവും ജലസമൃദ്ധിയും സുരക്ഷിത ഭക്ഷ്യവസ്തുക്കളുടെ ഉൽപാദനവും ലക്ഷ്യമിട്ടുള്ള ഹരിതകേരളം മിഷൻ, ഒരു സർക്കാർ ദൗത്യം എന്നതിലുപരി ഒരു ജനകീയ സംസ്കാരമായി മാറിയിരിക്കുന്നു. കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഗോള വെല്ലുവിളികളെ നേരിടാൻ ഹരിതകേരളം മിഷൻ നടത്തുന്ന പ്രാദേശിക ഇടപെടലുകൾ നാടിന്റെ പാരിസ്ഥിതിക സുസ്ഥിതി ഉറപ്പാക്കുന്നതിൽ മുഖ്യ പങ്കുവഹിക്കുക യാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെയും ഏജൻസികളെയും ഏകോപിപ്പിച്ചുകൊണ്ട് നടത്തിയ ഈ പ്രവർത്തനങ്ങൾ രാജ്യത്തിനുതന്നെ മാതൃകയാണ്. ജില്ലയുടെ സവിശേഷ പാരിസ്ഥിതിക സാഹചര്യവും മിഷന്റെ നേതൃത്വത്തിൽ നടന്ന ഒരു ദശാബ്ദക്കാലത്തെ പ്രവർത്തനങ്ങളും നേട്ടങ്ങളും ഭാവിയിലേ ക്കുള്ള ദിശാ സുചനകളും ഉൾക്കൊള്ളുന്ന ഈ പുസ്തകം പരിസ്ഥിതി പ്രവർത്തകർക്കും ജനപ്രതിനിധികൾക്കും പൊതുജനങ്ങൾക്കും ഒരു പോലെ ഉപകാരപ്പെടുമെന്ന് പ്രത്യാശിക്കുന്നു. എല്ലാവിധ ആശംസകളും നേരുന്നു.

പിണറായി വിജയൻ



# അവതാരിക

സംസ്ഥാനത്തിന്റെ പാരിസ്ഥിതിക വീണ്ടെടുപ്പിന് പുത്തൻ ദിശാബോധമാണ് ഹരിതകേരളം മിഷൻ നൽകിയത്. കേവലം ഒരു സർക്കാർ ദൗത്യം എന്നതിലുപരി തദ്ദേശഭരണ സ്ഥാപനങ്ങളുടെ മുൻകൈയിൽ ജനകീയ പങ്കാളിത്തത്തോടെയുള്ള പ്രായോഗിക പ്രവർത്തനങ്ങളിലൂടെ പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങളിൽ നേതൃപരമായ പങ്കുവഹിക്കാൻ ഹരിതകേരളം മിഷന് കഴിഞ്ഞിട്ടുണ്ട്. കേരളം നേരിട്ടുകൊണ്ടിരിക്കുന്ന രൂക്ഷമായ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് ശാസ്ത്രീയ പരിഹാര മാർഗ്ഗങ്ങളാണ് ഹരിതകേരളം മിഷൻ ആവിഷ്കരിച്ചതും നടപ്പാക്കിയതും. ഏകോപനവും സംയോജനവും ഉറപ്പാക്കിക്കൊണ്ടുള്ള ആസൂത്രണത്തിലും പദ്ധതികൾ ജനകീയ പങ്കാളിത്തത്തോടെ കർമപഥത്തിലെത്തിച്ചതിലും കാട്ടിയ മികവ് ഈ മിഷനെ ദേശീയ ശ്രദ്ധയാകർഷിച്ച ഒരു ബദൽ വികസന മാതൃകയാക്കിമാറ്റി.

കേരളം പ്രകൃതി സൗന്ദര്യത്തിലും ജൈവവൈവിധ്യത്തിലും സമ്പന്നമായ നാടാണ്. പച്ചപ്പിന്റെ പാരമ്പര്യവും ജലസമ്പത്തിന്റെ സമൃദ്ധിയും ഗ്രാമീണ കാർഷിക സംസ്കാരവും ചേർന്നതാണ് കേരളത്തിന്റെ സത്ത. എന്നാൽ കാലാവസ്ഥാ മാറ്റം, അതിവേഗത്തിലുള്ള നഗരവൽക്കരണം, മാലിന്യപ്രശ്നങ്ങൾ, ജലസ്രോതസ്സുകളുടെ ക്ഷയം, കൃഷിഭൂമികൾ തരിശാവുന്നത് തുടങ്ങിയ വെല്ലുവിളികൾ പരിസ്ഥിതി സന്തുലിതാവസ്ഥയെ ബാധിച്ചു. ഈ പശ്ചാത്തലത്തിലാണ് 2016ൽ ഹരിതകേരളം മിഷൻ രൂപീകൃതമാവുന്നത്. ഒരു ദശാബ്ദക്കാലത്തെ പ്രവർത്തനം കൊണ്ട് പരിസ്ഥിതി മേഖലയിൽ ശ്രദ്ധേയങ്ങളായ മാറ്റങ്ങൾ കൊണ്ടുവരാൻ ഹരിതകേരളം മിഷന് കഴിഞ്ഞിട്ടുണ്ട്. സുസ്ഥിര വികസനമെന്നത് കേവലം വാക്കുകളല്ല മറിച്ച് പ്രായോഗികമായ പ്രവർത്തനങ്ങളാണെന്ന് ഈ മിഷൻ തെളിയിച്ചു. പദ്ധതി പ്രവർത്തനങ്ങളിലെ ജനപങ്കാളിത്തം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ നേതൃത്വം, മറ്റ് വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും ഏജൻസികളുടെയും സന്നദ്ധസംഘടനകളുടെയും സഹകരണം തുടങ്ങിയവ മിഷൻ പ്രവർത്തനങ്ങൾക്ക് ഊർജമായി.

സംസ്ഥാനമൊട്ടാകെ നടപ്പാക്കിയവയാണ് മിക്ക പദ്ധതികളും ക്യാമ്പയിനുകളും. അതോടൊപ്പം ജില്ലകളുടെ സവിശേഷ ഇടപെടലുകളുടെ ഭാഗമായുള്ള പ്രവർത്തനങ്ങളും നടന്നു. ശുചിത്വവും മാലിന്യസംസ്കരണവും, ജലസംരക്ഷണവും ജലസ്രോതസ്സുകളുടെ പുനരുജ്ജീവനവും, കൃഷി വ്യാപനവും ജൈവവൈവിധ്യ സംരക്ഷണവും തുടങ്ങി വിവിധ മേഖലകൾ കേന്ദ്രീകരിച്ച് നടപ്പാക്കിയ പദ്ധതികളും ക്യാമ്പയിനുകളും വിജയം കണ്ടു. ബോധവൽക്കരണ പ്രവർത്തനങ്ങളെല്ലാം ശക്തമായ ജനകീയ വിദ്യാഭ്യാസമായി മാറി. സംസ്ഥാനമൊട്ടാകെ നടന്ന പ്രവർത്തനങ്ങൾ ജില്ലാടിസ്ഥാനത്തിൽ വിലയിരുത്തുകയാണ് ഈ പുസ്തകത്തിലൂടെ. മലപ്പുറം ജില്ലയുടെ പ്രവർത്തനങ്ങളാണ് ഈ റിപ്പോർട്ടിലുള്ളത്.

കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭീഷണി നേരിടുന്ന കേരളത്തിന്റെ പരിസ്ഥിതി നിലനില്പിന് ഈ പ്രവർത്തനങ്ങളുടെ തുടർച്ച അനിവാര്യമാണ്. പ്രകൃതിയോട് ചേർന്നുള്ള വികസനം സാധ്യമാക്കി, പരിസ്ഥിതി സംരക്ഷണത്തെ ജീവിത ശൈലിയായി മാറ്റി ഹരിതസമൃദ്ധ നവകേരളം യാഥാർത്ഥ്യമാക്കാനാവും.

**ഡോ. ടി.എൻ. സീമ**

കോർഡിനേറ്റർ, നവകേരളം കർമപദ്ധതി-2

വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ

# ഉള്ളടക്കം

ആമുഖം ........ 7
മലപ്പുറം: പാരിസ്ഥിതിക പശ്ചാത്തലവും വെല്ലുവിളികളും ........ 9
പരിസ്ഥിതി പ്രശ്നങ്ങളിലെ ഇടപെടൽ സാധ്യതകൾ ........ 27
ഒരു പതിറ്റാണ്ടിന്റെ ഇടപെടലുകളും നേട്ടങ്ങളും ........ 34
മലപ്പുറത്തിന്റെ ഹരിതമാതൃകകൾ ........ 54
ഒരു പതിറ്റാണ്ടിന്റെ മുന്നേറ്റങ്ങൾ
സാധ്യമാക്കിയ ക്യാമ്പയിനുകളും പ്രവർത്തനങ്ങളും ........ 76
തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണവും
ഹരിതകേരളം മിഷനും ........ 107
വിടവുകളും വെല്ലുവിളികളും സുസ്ഥിര വികസനത്തിനായുള്ള
ഭാവി ആസൂത്രണം ........ 125

# ആമുഖം

വികസനമോ? പരിസ്ഥിതിയോ? വളരെ പഴയ ചോദ്യമാണിതെങ്കിലും ഏകാഭിപ്രായ സ്വഭാവമുള്ള ഉത്തരം ഇപ്പോഴുമില്ല. ഭരണഘടനയുടെ ആർട്ടിക്കിൾ 21 പ്രകാരം ശുദ്ധമായ പരിസ്ഥിതി, ശുചിത്വം, മലിനീകരണ രഹിത വായു, വെള്ളം എന്നിവയ്ക്കുള്ള അവകാശം മൗലികാവകാശങ്ങളാണെന്ന് സുപ്രീം കോടതി പലതവണ അംഗീകരിച്ചിട്ടുണ്ട്.

ചരിത്ര പ്രസിദ്ധമായ ഡൂൺവാലി കേസിൽ നാൽപ്പത് വർഷങ്ങൾക്കു മുമ്പ് ബഹു.സുപ്രീം കോടതി ആർട്ടിക്കിൾ 21 നെ വ്യാഖ്യാനിച്ചതിൽ തുടങ്ങി സുപ്രധാനമായ വിധികൾ ഈ മേഖലയിലുണ്ടായിട്ടുണ്ടെങ്കിലും മികച്ച പരിസ്ഥിതിയിൽ ജീവിക്കാനുള്ള പൗരന്മാരുടെ അവകാശംഭരണ സംവിധാനങ്ങളുടെ പരിഗണനയിൽ മുഖ്യ പ്രാധാന്യത്തോടെ ഇന്നും കടന്നു വന്നിട്ടില്ല എന്നതാണ് പൊതു സ്ഥിതി.

ഇൻഡോറിലേതുപോലെ നഗര കേന്ദ്രീകൃതമായ ചില മാലിന്യ സംസ്കരണ സംവിധാനങ്ങൾ, തെലുങ്കാനയിലെ ഹരിതഹാരം പോലെ ചില വൃക്ഷവത്ക്കരണ പ്രവർത്തനങ്ങൾ, രാലിഗാൻ സിദ്ദി ഗ്രാമത്തിലേതുപോലെ ചില ജലസംരക്ഷണ ഇടപെടലുകൾ എന്നിങ്ങനെ പ്രാദേശികമായി നടപ്പാക്കിയ കുറേ മാതൃകകൾക്കപ്പുറം സംസ്ഥാനാടിസ്ഥാനത്തിൽ നടപ്പാക്കപ്പെട്ട പരിസ്ഥിതി ഇടപെടലുകൾ രാജ്യത്തെവിടെയും ഇല്ല എന്നതായിരുന്നു സ്ഥിതി.

2016 ൽ കേരളത്തിൽ അധികാരത്തിൽ വന്ന സർക്കാർ ആർട്ടിക്കിൾ 21 അതിന്റെ വിപുലമായ അർത്ഥത്തിൽ നടപ്പാക്കാനായി പുതിയൊരു കർമപദ്ധതിക്ക് തുടക്കം കുറിച്ചത് രാജ്യത്തു തന്നെ സമാനതകൾ ചൂണ്ടിക്കാണിക്കാനില്ലാത്ത ലക്ഷ്യങ്ങളോടെയായിരുന്നു. ജീവിക്കാനുള്ള അവകാശത്തിന്റെ വിപുലമായ വ്യാഖ്യാനം വിദ്യാഭ്യാസം, ഉപജീവനമാർഗ്ഗം, പാർപ്പിടം, ആരോഗ്യം പരിസ്ഥിതി എന്നിവയിലെല്ലാമൂന്നുന്ന ഒരു പുതിയ സാമൂഹിക-സാമ്പത്തിക വ്യവസ്ഥിതിയെ അനിവാര്യമാക്കുന്നു എന്ന് തിരിച്ചറിഞ്ഞാണ് ഇവയുമായി ബന്ധപ്പെട്ട 4 മിഷനുകളുമായി നവകേരളം കർമ്മ പദ്ധതിക്ക് 2016 ൽ തുടക്കം കുറിച്ചത്.

നവകേരളം കർമ്മപദ്ധതിയുടേയും അതിലുൾച്ചേർന്ന മിഷനുകളുടേയും പ്രവർത്തന പരിധിയായി ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളേയോ പ്രദേശങ്ങളേയോ നിശ്ചയിക്കുകയല്ല ചെയ്തത് എന്നതാണ് ഈ പ്രവർത്തനത്തെ അതുല്യമാക്കി മാറ്റിയത്. സംസ്ഥാനത്തെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശത്തും ഗ്രാമ - നഗര വ്യത്യാസമില്ലാതെ നടപ്പാക്കാനായാണ് ആർദ്രം, ലൈഫ്, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ഹരിതകേരളം എന്നീ നാലു മിഷനുകളും വിഭാവനം ചെയ്യപ്പെട്ടത്.

തുടക്കത്തിൽ ഉന്നയിച്ച ചോദ്യത്തിന് ഒരു സംസ്ഥാന സർക്കാർ മുന്നോട്ടു വച്ച ഏറ്റവും ശക്തമായ മറുപടിയായിരുന്നു ഹരിതകേരളം മിഷൻ. 'വികസനമോ പരിസ്ഥിതിയോ' എന്ന ചോദ്യത്തിന് 'വികസനവും പരിസ്ഥിതിയും' എന്ന ആ മറുപടി അത്ര ലളിതമായി നടപ്പാക്കാൻ സാധിക്കുന്നതായിരുന്നില്ല. ഉയർന്ന പർവ്വതപ്രദേശങ്ങളും, കായലും കടലുമെല്ലാം ചേർന്ന തീര പ്രദേശവും, ആയിരക്കണക്കിന് ചെറുനീർച്ചാലുകളുടെ സാന്നിദ്ധ്യവും, ഉയർന്ന ജനസാന്ദ്രതയുമെല്ലാം ചേർന്ന കേരളത്തിന്റെ സവിശേഷ സ്ഥിതി, പരിസ്ഥിതി സംബന്ധമായ ഏത് ഇടപെടലിനേയും സങ്കീർണമാക്കുന്നതായിരുന്നു. ഗോത്രവർഗ ഗ്രാമങ്ങൾ മുതൽ മെട്രോ നഗരങ്ങൾ വരെയുള്ള വൈജാത്യവും വെല്ലുവിളിയായി നിന്നിരുന്നു. ഈ സങ്കീർണതകൾക്കിടയിലും സംസ്ഥാനത്തെ

മുഴുവൻ പ്രദേശങ്ങളിലും പരിസ്ഥിതി പുനസ്ഥാപനത്തിന്റെ പുതിയ അദ്ധ്യായം കുറിച്ചു എന്നതാണ് ഹരിതകേരളം മിഷനെ രാജ്യത്തിന്റെ തന്നെ ശ്രദ്ധയിലേയ്ക്കുയർത്തുന്നത്.

“വെള്ളം, വൃത്തി, വിളവ് “ എന്ന പരിസ്ഥിതി മുദ്രാവാക്യം ഹരിതകേരളം മിഷൻ കേരളീയ ജനമനസുകളിലേയ്ക്ക് കടത്തിവിട്ടു. പ്രാദേശിക സർക്കാരുകളും ജനങ്ങളും അതേറ്റെടുത്തപ്പോൾ മാലിന്യക്കൂനകൾ മാഞ്ഞു , മാലിന്യ ശേഖരണസംസ്കരണ സംവിധാനങ്ങൾ ഉണ്ടായി വന്നു, നീർച്ചാലുകൾ വീണ്ടെടുക്കപ്പെട്ടു, തരിശു നിലങ്ങളിൽ കൃഷി തിരിച്ചെത്തി, ഹരിത പെരുമാറ്റച്ചട്ടവും ഹരിത ടൂറിസവും ഹരിതവിദ്യാലയവും ഹരിത കലാലയവുമെല്ലാം ചേരുന്ന ഹരിത ജീവിത രീതിയുടെ മാതൃകയായി കേരളം മാറാൻ തുടങ്ങി.

ജലസംരക്ഷണം, മാലിന്യ സംസ്കരണം, കൃഷി - പരിസ്ഥിതി പുനസ്ഥാപനം എന്നീ സുപ്രധാനമായ മൂന്ന് പരിസ്ഥിതി മേഖലകളിലെയും പ്രശ്നങ്ങൾക്ക് ശാസ്ത്രീയവും സുസ്ഥിരവുമായ പരിഹാരമാർഗങ്ങളാണ് ഹരിതകേരളം മിഷൻ മുന്നോട്ടു വച്ചത്. അവ നടപ്പാക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതായിരുന്നു മിഷന്റെ പ്രവർത്തന സമീപനം. പരിസ്ഥിതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ജനങ്ങളുടെ ശീലവത്ക്കരണം സുപ്രധാന ഘടകമായതിനാൽ ജനകീയതയെയാണ് ഈ പ്രവർത്തനങ്ങളിലെ മുഖ്യ മൂലധനമായി പ്രയോജനപ്പെടുത്തിയത്. നേട്ടങ്ങളിലെ സുസ്ഥിരത ഉറപ്പുവരുത്താനും ജനകീയതയുടെ പിൻബലമാണ് പ്രയോജനപ്പെടുത്തിയത്. ഈ ജനകീയതയിലും പ്രാദേശിക സർക്കാരുകളുടെ ശാക്തീകരണത്തിലും കഴിഞ്ഞ പത്തു വർഷക്കാലം നടന്ന ക്യാമ്പയിനുകളും അവയിലൂടെ സൃഷ്ടിച്ച മാറ്റങ്ങളും വരും തലമുറകൾക്ക് പ്രചോദനമായും പഠനവിഷയമായും മാറാനായി രേഖപ്പെടുത്തി വയ്ക്കേണ്ടതുണ്ടെന്ന ചിന്തയിലാണ് ഈ പുസ്തകം തയ്യാറാക്കിയിരിക്കുന്നത്.

മലപ്പുറം ജില്ലയിൽ കഴിഞ്ഞ പത്ത് വർഷക്കാലം ഹരിതകേരളം മിഷന്റെ നേരിട്ടും അല്ലാതെയുമുള്ള ഇടപെടലിൽ നടന്ന പരിസ്ഥിതി സംരക്ഷണ-പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങൾ മുഴുവൻ ഈ പുസ്തകത്തിൽ സംഗ്രഹിക്കുക സുസാധ്യമല്ല. അതിനാൽ ഏറ്റവും മാതൃകാപരമായവയ്ക്ക് മുൻഗണന നൽകുക എന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്.

മലപ്പുറം ജില്ലയുടെ ഈ ഹരിതപുസ്തകം കൂടുതൽ പാരിസ്ഥിതിക സുസ്ഥിരതയുള്ള നവകേരളത്തിലേയ്ക്ക് വഴിതെളിക്കുമെന്ന് പ്രത്യാശിക്കുന്നു.

# മലപ്പുറം: പാരിസ്ഥിതിക പശ്ചാത്തലവും വെല്ലുവിളികളും

കിഴക്ക് വന നിബിഡമായ നീലഗിരി കുന്നുകളിൽ നിന്നും തുടങ്ങി ചെറു കുന്നുകളും സമതലവും കടന്ന് വിശാലമായ ഫലഭൂയിഷ്ഠമായ കൃഷിയിടങ്ങളിലൂടെ പടിഞ്ഞാറ് അറബിക്കടൽ വരെ വ്യാപിച്ചുകിടക്കുന്ന ജില്ലയാണ് മലപ്പുറം. കേരളത്തിന്റെ സാംസ്കാരിക പൈതൃകത്തിന് ഈ മണ്ണ് നൽകിയ സംഭാവനകൾ വിലമതിക്കാനാവാത്തതാണ്. മലയാള ഭാഷയുടെ പിതാവായ തുഞ്ചത്ത് എഴുത്തച്ഛനും, ഭക്തിപ്രസ്ഥാനത്തിന്റെ വക്താക്കളായ പൂന്താനവും മേൽപ്പത്തൂർ നാരായണൻ ഭട്ടതിരിപ്പാടും മലപ്പുറത്തിന്റെ വളക്കൂറുള്ള മണ്ണിൽ നിന്നാണ് വളർന്നുവന്നത്. ചരിത്രത്താളുകളിൽ, പോരാട്ടങ്ങളുടെയും അതിജീവനത്തിന്റെയും വീരഗാഥകൾ രചിച്ച നാടാണിത്. പന്ത്രണ്ട് വർഷത്തിലൊരിക്കൽ തിരുനാവായ മണപ്പുറത്ത് സാമൂതിരിയുടെ സൈന്യത്തിനെതിരെ നടന്നിരുന്ന മാമാങ്കവും, ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെ നടന്ന ഇതിഹാസതുല്യമായ മലബാർ കലാപവും ഖിലാഫത്ത് മുന്നേറ്റവുമെല്ലാം അരങ്ങേറിയത് മലപ്പുറത്തിന്റെ മണ്ണിലായിരുന്നു എന്നത് ശ്രദ്ധേയമാണ്.

മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന പഴയ മലബാർ ജില്ല, കേരളപ്പിറവിക്ക് ശേഷം കണ്ണൂർ, കോഴിക്കോട്, പാലക്കാട് എന്നിങ്ങനെ





മൂന്നു ജില്ലകളായി വിഭജിക്കപ്പെട്ടു. അതിൽ കോഴിക്കോട് ജില്ലയിലെ ഏറനാട് താലൂക്കും തിരൂർ താലൂക്കും പാലക്കാട് ജില്ലയിലെ ഭൂരിഭാഗം വരുന്ന പ്രദേശങ്ങളും കൂട്ടിച്ചേർത്തുകൊണ്ടാണ് 1969 ജൂൺ 16 ന് മലപ്പുറം ജില്ല രൂപീകരിച്ചത്. ഭരണപരമായ സൗകര്യങ്ങൾക്കായി ജില്ലയെ 135 വില്ലേജുകളായും 7 താലൂക്കുകളായും തിരിച്ചിരിക്കുന്നു. തദ്ദേശസ്വയംഭരണ സംവിധാനത്തിൽ 15 ബ്ലോക്ക് പഞ്ചായത്തുകളും 94 ഗ്രാമപഞ്ചായത്തുകളും 12 നഗരസഭകളും ജില്ലയിൽ ഉൾപ്പെടുന്നു.



## ഭൂപ്രകൃതിയും സവിശേഷതകളും

പ്രകൃതി രമണീയമായ ഭൂപ്രകൃതിയാൽ അനുഗ്രഹീതമായ മലപ്പുറം ജില്ല, വിനോദസഞ്ചാരികളെ ആകർഷിക്കുന്ന നിരവധി കേന്ദ്രങ്ങളാൽ സമ്പന്നമാണ്. ജില്ലയുടെ കിഴക്കൻ മേഖലയായ നിലമ്പൂർ, അപൂർവ്വങ്ങളായ വൃക്ഷലതാദികളും പക്ഷിമൃഗാദികളും അധിവസിക്കുന്ന ജൈവവൈവിധ്യത്തിന്റെ കലവറയാണ്. വടക്ക് കോഴിക്കോട്, വയനാട് ജില്ലകളും തെക്ക് തൃശ്ശൂർ, പാലക്കാട് ജില്ലകളുമാണ് മലപ്പുറവുമായി അതിർത്തി പങ്കിടുന്നത്. 3,550 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള ഈ ജില്ല, സംസ്ഥാനത്തിന്റെ മൊത്തം വിസ്തീർണ്ണത്തിന്റെ 9.13 ശതമാനം ഉൾക്കൊള്ളുന്നു. വിസ്തൃതിയുടെ കാര്യത്തിൽ കേരളത്തിൽ മൂന്നാം സ്ഥാനമാണ് മലപ്പുറത്തിനുള്ളത്.



**ഭൂപ്രകൃതിയുടെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയെ പ്രധാനമായും നാല് ഉപമേഖലകളായി തരംതിരിക്കാം:**

1. തീരപ്രദേശം: വടക്ക് വള്ളിക്കുന്ന് മുതൽ തെക്ക് പെരുമ്പടപ്പ് വരെ നീണ്ടുകിടക്കുന്നതാണ് ജില്ലയുടെ തീരദേശ മേഖല. പൊന്നാനി, താനൂർ, പരപ്പനങ്ങാടി എന്നീ മൂന്ന് പ്രധാന നഗരസഭകളും; വള്ളിക്കുന്ന്, താനാളൂർ, നിറമരുതൂർ, വെട്ടം, മംഗലം, പുറത്തൂർ, വെളിയംകോട്, പെരുമ്പടപ്പ് എന്നീ ഗ്രാമപഞ്ചായത്തുകളും ഈ മേഖലയിൽ ഉൾപ്പെടുന്നു. ചാലിയാർ, കടലുണ്ടി, തിരൂർപ്പുഴ, ഭാരതപ്പുഴ തുടങ്ങിയ പ്രധാന നദികൾ കടന്നുപോകുന്നത് ഈ പ്രദേശത്തിലൂടെയാണ്. കൂടാതെ, ബിയ്യം, വെളിയങ്കോട്, മനൂർ, കൊടിഞ്ഞി തുടങ്ങിയ പ്രധാന കായലുകളും ഈ തീരദേശ താലൂക്കുകളിലായി സ്ഥിതി ചെയ്യുന്നു.

2. സമതലം: തീരപ്രദേശത്തിന് സമാന്തരമായി സ്ഥിതി ചെയ്യുന്ന ഭൂഭാഗമാണിത്. വടക്ക് നാദാപുരം-മാവൂർ സമതലങ്ങളും, കിഴക്ക് ചാലിയാർ നദീതടവും, തെക്ക് പട്ടാമ്പി സമതലങ്ങളുമാണ് ഈ മേഖലയുടെ അതിർത്തികൾ. കുന്നുകളും ചരിവുകളും നിറഞ്ഞ ഈ പ്രദേശത്തെ ഏറ്റവും ഉയരം കൂടിയ സ്ഥലം കണ്ണമംഗലത്തെ നെൻമിനി കുന്നാണ് (478 മീറ്റർ).

3. ചാലിയാർ നദീതടം: കേരളത്തിലെ നാലാമത്തെ വലിയ നദിയായ ചാലിയാറിന്റെ ഇരുകരകളിലുമുള്ള പ്രദേശങ്ങൾ ഇതിൽ ഉൾപ്പെടുന്നു. നദി ഒഴുകുന്ന താഴ്ന്ന പ്രദേശങ്ങളും, അവിടെ എക്കൽ മണ്ണടിഞ്ഞുണ്ടായ ഫലഭൂയിഷ്ഠമായ സമതലങ്ങളുമാണ് ഈ മേഖലയുടെ പ്രധാന സവിശേഷത.

4. നിലമ്പൂർ കുന്നുകൾ: ജില്ലയുടെ കിഴക്കൻ അതിർത്തിയിൽ പശ്ചിമഘട്ടത്തോട് ചേർന്നുനിൽക്കുന്ന വനമേഖലയാണിത്. ഉയർന്ന പ്രദേശങ്ങളിൽ ലാറ്ററൈറ്റ് മണ്ണും (Laterite Soil), വനത്തിനുള്ളിൽ ജൈവാംശം കൂടുതലുള്ള മണ്ണുമാണ് കണ്ടുവരുന്നത്. ലോകപ്രശസ്തമായ നിലമ്പൂർ തേക്ക് തോട്ടം സ്ഥിതി ചെയ്യുന്നത് ഈ ഭൂപ്രദേശത്താണ്.

## മൺതരങ്ങൾ

ജില്ലയിൽ പലയിടങ്ങളിലായി സമ്മിശ്രമായാണ് വിവിധ മൺതരങ്ങൾ കണ്ടുവരുന്നത്. പ്രധാനമായും 36 തരം മൺശ്രേണികൾ (Soil Series) ജില്ലയിലുണ്ട്. ആലിപ്പറമ്പ്, അങ്ങാടിപ്പുറം, നടുവട്ടം, പാങ്ങ്, വലക്കാട് എന്നിവയാണ് ഇവയിലെ അടിസ്ഥാന ശ്രേണികൾ.



ജില്ലയുടെ കിഴക്കൻ മേഖലയായ നിലമ്പൂർ പ്രദേശങ്ങളിൽ കരുവാരക്കുണ്ട്, നാടുകാണി, കാൽവരിക്കുന്ന്, പുല്ലാങ്കോട്, വഴിക്കടവ്, വലക്കാട്, കരിമ്പ്രമല എന്നീ മൺശ്രേണികളാണ് വ്യാപകമായി കാണപ്പെടുന്നത്. മുളകൾ, വിവിധയിനം പുല്ലുകൾ, തോട്ടവിളകൾ എന്നിവ സമൃദ്ധമായി വളരുന്നതിന് ഈ മണ്ണ് അനുയോജ്യമാണ്.




തിരൂർ താലൂക്കിന്റെ ഭാഗങ്ങളിൽ കാണപ്പെടുന്ന 'പൊന്മുണ്ടം' ശ്രേണി കടും ചുവപ്പ് നിറത്തോടുകൂടിയതും ഏറെ ഫലഭൂയിഷ്ഠവുമാണ്. വെറ്റില, വാഴ തുടങ്ങിയ കൃഷികൾക്ക് ഈ മണ്ണ് അത്യുത്തമമാണ്. പഴമള്ളൂർ ശ്രേണിയിൽപ്പെടുന്ന ഭൂമി ഭൂരിഭാഗവും തരിശായി കാണപ്പെടുന്നുണ്ടെങ്കിലും ഇവിടെ കശുമാവ് കൃഷി ചെയ്തുവരുന്നുണ്ട്. സമാനമായി, തേഞ്ഞിപ്പാലം ഭാഗത്ത് കാണപ്പെടുന്ന ചേളാരി ശ്രേണിയിലും കശുമാവ് കൃഷിക്കാണ് പ്രാധാന്യം.

നെൽകൃഷിക്കും പച്ചക്കറിക്കൃഷിക്കും അനുയോജ്യമായ മണ്ണാണ് പെരുമണ്ണ, കുറ്റിപ്പുറം, രാമപുരം, തൊഴുവാന്നൂർ, വലമ്പൂർ എന്നീ ശ്രേണികളിലുള്ളത്. റബ്ബർ കൃഷിക്ക് ഏറ്റവും യോജിച്ചത് വേട്ടേക്കാട്, അരിമ്പ്ര ശ്രേണികളാണ്. ജില്ലയിലെ മറ്റ് മൺതരങ്ങളിൽ തെങ്ങ്, കവുങ്ങ്, പച്ചക്കറി എന്നിവയും കൃഷി ചെയ്തുവരുന്നു.




## കൃഷി

ജില്ലയുടെ മൊത്തം വിസ്തൃതിയുടെ 68 ശതമാനവും കാർഷികാവശ്യങ്ങൾക്കായാണ് ഉപയോഗിക്കുന്നത്. തെങ്ങ്, നെല്ല്, കവുങ്ങ്, വെറ്റില, വാഴ, എള്ള്, മധുരക്കിഴങ്ങ്, റബ്ബർ എന്നിവയാണ് ജില്ലയിലെ മുഖ്യകാർഷികവിളകൾ. നാളികേരോത്പാദനത്തിൽ സംസ്ഥാനത്ത് രണ്ടാം സ്ഥാനത്താണ് മലപ്പുറം. കാർഷിക മേഖലയുടെ 70 ശതമാനവും മഴയെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. ലഭ്യമായ കണക്കുകൾ പ്രകാരം ജില്ലയിൽ 1,04,675.97 ഹെക്ടർ വിസ്തൃതിയിൽ തെങ്ങുകൃഷിയും, 9401.21 ഹെക്ടർ സ്ഥലത്ത് നെൽകൃഷിയും വ്യാപിച്ചു കിടക്കുന്നു. കൂടാതെ, 18,032.28 ഹെക്ടർ സ്ഥലത്ത് കവുങ്ങും കൃഷി ചെയ്തുവരുന്നു.



നെൽവയലുകളിൽ നെൽകൃഷിക്ക് ശേഷം വേനൽക്കാലത്ത് ഇടവിളയായി കപ്പയും വിവിധയിനം പച്ചക്കറികളും കൃഷി ചെയ്യുന്ന രീതിയും ജില്ലയിൽ നിലവിലുണ്ട്. ഇതിന് പുറമെ ശീതകാല പച്ചക്കറികളും ജില്ലയുടെ വിവിധ ഭാഗങ്ങളിൽ കൃഷി ചെയ്യുന്നു. മലയോര മേഖലകളിലാണ് റബ്ബർ കൃഷി പ്രധാനമായും കേന്ദ്രീകരിച്ചിരിക്കുന്നത്. പ്രദേശാടിസ്ഥാനത്തിലുള്ള കാർഷിക വൈവിധ്യം പരിശോധിച്ചാൽ, ജില്ലയുടെ കിഴക്കൻ അതിർത്തിയായ നിലമ്പൂർ മേഖലയിൽ റബ്ബർ, കുരുമുളക്, വിവിധ തോട്ടവിളകൾ, മുള, പുല്ലിനങ്ങൾ എന്നിവ സമൃദ്ധമായി വളരുന്നത് കാണാം. പടിഞ്ഞാറൻ മേഖലയായ തിരൂർ ഭാഗങ്ങളിൽ വെറ്റില, വാഴ എന്നിവയാണ് പ്രധാന കൃഷി.

## തണ്ണീർത്തടങ്ങൾ (Wetlands)

ജില്ലയിലെ ആവാസവ്യവസ്ഥയിൽ തണ്ണീർത്തടങ്ങൾക്ക് നിർണ്ണായക സ്ഥാനമാണുള്ളത്. പ്രകൃതിദത്തമായ ജലസംഭരണികളായി വർത്തിക്കുന്ന ഇവ, പരിസ്ഥിതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിൽ വലിയ പങ്കുവഹിക്കുന്നു. ജില്ലയിലെ തണ്ണീർത്തടങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് കടലുണ്ടി-വള്ളിക്കുന്ന് കമ്മ്യൂണിറ്റി റിസർവ്. കടലുണ്ടിപ്പുഴയുടെ തീരങ്ങളിലായി വ്യാപിച്ചുകിടക്കുന്ന കണ്ടൽക്കാടുകളും



ചതുപ്പുനിലങ്ങളും ഇവിടുത്തെ പ്രത്യേകതയാണ്. തണ്ണീർത്തടങ്ങളുടെ വിഭാഗത്തിൽ ഉൾപ്പെടുന്ന മറ്റൊരു പ്രധാന പ്രദേശമാണ് പൊന്നാനി മേഖലയിലെ കോൾപ്പാടങ്ങൾ. കാർഷികാവശ്യങ്ങൾക്ക് ഏറെ പ്രയോജനപ്പെടുത്തുന്ന ഈ പ്രദേശം, ഒട്ടനവധി പക്ഷികളുടെയും ജലജീവികളുടെയും ആവാസകേന്ദ്രം കൂടിയാണ്.

## വനമേഖലയും ജൈവവൈവിധ്യവും

പശ്ചിമഘട്ട മലനിരകളുടെ ഭാഗമായി നിലകൊള്ളുന്ന മലപ്പുറം ജില്ലയിലെ വനമേഖല, 758.8684 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിൽ വ്യാപിച്ചുകിടക്കുന്നു. പ്രധാനമായും നിലമ്പൂർ, വണ്ടൂർ എന്നീ ബ്ലോക്കുകളിലായാണ് ഈ വനപ്രദേശങ്ങൾ സ്ഥിതി ചെയ്യുന്നത്. ജില്ലയിലെ വനവിസ്തൃതിയുടെ സിംഹഭാഗവും കേന്ദ്രീകരിച്ചിരിക്കുന്നത് നിലമ്പൂർ മേഖലയിലാണ്.

ജൈവവൈവിധ്യത്താൽ സമ്പന്നമായ നീലഗിരി ബയോസ്ഫിയർ റിസർവിന്റെ ഭാഗമായ നെടുംകയം മഴക്കാടുകളും, ലോകത്തിലെ തന്നെ ആദ്യത്തെ തേക്ക് തോട്ടമെന്ന ഖ്യാതിയുള്ള കനോലി പ്ലോട്ടും



ഈ മേഖലയുടെ സവിശേഷതകളാണ്. ജില്ലയിലെ ഏക വന്യജീവി സങ്കേതമായ കരിമ്പുഴ വന്യജീവി സങ്കേതം, സൈലന്റ് വാലി നാഷണൽ പാർക്കിനോട് ചേർന്നുനിൽക്കുന്ന ആവാസവ്യവസ്ഥയാണ്. വന്യമൃഗങ്ങളുടെയും അപൂർവ്വയിനം പക്ഷികളുടെയും പ്രധാന ആവാസമേഖലയാണിവിടം. കൂടാതെ, ദക്ഷിണേന്ത്യയിലെ തന്നെ പ്രധാനപ്പെട്ട സംരക്ഷിത വനമേഖലകളിലൊന്നായ ന്യൂ അമരമ്പലം റിസർവ് ഫോറസ്റ്റ് ജില്ലയുടെ വനസമ്പത്തിന് മാറ്റുകൂട്ടുന്നു.

## നദികളും ജലസ്രോതസ്സുകളും

ജില്ലയുടെ ഭൂപ്രകൃതിയെയും, കാർഷിക സംസ്കാരത്തെയും, ജൈവവൈവിധ്യത്തെയും നിർണ്ണയിക്കുന്നതിൽ പ്രദേശത്തെ ചാലിയാർ, കടലുണ്ടി, ഭാരതപ്പുഴ, തിരൂർപ്പുഴ എന്നീ നാല് നദികളും അവയുടെ പോഷകനദികളും നിർണ്ണായക പങ്കുവഹിക്കുന്നു.



## ഭാരതപ്പുഴ (നിള)

കേരളത്തിലെ രണ്ടാമത്തെ വലിയ നദിയായ ഭാരതപ്പുഴ, ജില്ലയുടെ തെക്കേ അതിർത്തിയിലൂടെയാണ് ഒഴുകുന്നത്. അനിയന്ത്രിതമായ മണൽവാരൽ മൂലം പുഴയുടെ ആഴം വർദ്ധിക്കുകയും നീരൊഴുക്ക് കുറയുകയും ചെയ്തിരിക്കുന്നു. വേനൽക്കാലത്ത് പുഴ പൂർണ്ണമായും വറ്റിവരളുന്ന അവസ്ഥയാണുള്ളത്. അശാസ്ത്രീയ തടയണകളുടെ നിർമ്മാണവും കൈയേറ്റങ്ങളും ഇതിന്റെ സ്വാഭാവിക ഒഴുക്കിനെ തടസ്സപ്പെടുത്തുന്നു. ഹൈന്ദവ വിശ്വാസപ്രകാരം പിതൃതർപ്പണത്തിന് പ്രാധാന്യമുള്ള തിരുനാവായ നാവാമുകുന്ദ ക്ഷേത്രം ഈ നദീതീരത്താണ് സ്ഥിതി ചെയ്യുന്നത്. വിശേഷ ദിവസങ്ങളിൽ തീർത്ഥാടകരുടെ തിരക്ക് കാരണം പുഴയോരങ്ങൾ മലിനമാകാനുള്ള സാധ്യതയും ഇവിടെ കൂടുതലാണ്.

## ചാലിയാർ

'വറ്റാത്ത പുഴ' എന്നറിയപ്പെടുന്ന ചാലിയാർ, നിലമ്പൂർ കാടുകളിലെ പശ്ചിമഘട്ട മലനിരകളിൽ നിന്ന് ഉദ്ഭവിച്ച് മലപ്പുറം-കോഴിക്കോട് ജില്ലകളിലൂടെ 169 കിലോമീറ്റർ ഒഴുകി ബേപ്പൂരിൽ അറബിക്കടലിൽ ചേരുന്നു. ഒരുകാലത്ത് മാവൂർ ഗ്വാളിയോർ റയോൺസ് ഫാക്ടറിയിൽ നിന്നുള്ള മാലിന്യങ്ങൾ കാരണം കടുത്ത മലിനീകരണം നേരിട്ടിരുന്നെങ്കിലും, നിലവിൽ സ്ഥിതി മെച്ചപ്പെട്ടിട്ടുണ്ട്. എങ്കിലും, പുഴയോരങ്ങളിലെ പ്ലാസ്റ്റിക് മാലിന്യ നിക്ഷേപവും നഗരസഭകളിൽ നിന്നുള്ള മലിനജലവും ഇപ്പോഴും ഈ നദിക്ക് വെല്ലുവിളിയായി തുടരുന്നു.





## കടലുണ്ടിപ്പുഴ

കരുവാരക്കുണ്ട് മലകളിൽ നിന്ന് ഉത്ഭവിച്ച്, മലപ്പുറം നഗരത്തിന് സമീപത്തുകൂടി ഒഴുകി അറബിക്കടലിൽ ചേരുന്ന നദിയാണ് കടലുണ്ടിപ്പുഴ. താഴെക്കോട് ഗ്രാമപഞ്ചായത്തിലെ അമ്മിനിക്കാട് മലയിൽ നിന്ന് ഉത്ഭവിക്കുന്ന ഇതിന്റെ കൈവഴി അങ്ങാടിപ്പുറം, കുറുവ, പുഴക്കാട്ടിരി, മക്കരപ്പറമ്പ്, കൂട്ടിലങ്ങാടി തുടങ്ങിയ പഞ്ചായത്തുകളിലൂടെ ഒഴുകി, തട്ടാരമണ്ണയിൽ വെച്ച് കടലുണ്ടിപ്പുഴയുമായി സംഗമിക്കുന്നു. ദേശാടനപ്പക്ഷികൾ ഉൾപ്പെടെയുള്ളവയുടെ ആവാസകേന്ദ്രമായ കടലുണ്ടി പക്ഷിസങ്കേതം ഈ പുഴയുടെ തീരത്താണ്. തീരപ്രദേശങ്ങളിൽ ഉപ്പുവെള്ളം കയറുന്നതും കൈയേറ്റങ്ങളുമാണ് ഈ നദി നേരിടുന്ന പ്രധാന പ്രശ്നങ്ങൾ.

## തിരൂർപ്പുഴ

തിരൂർ-പൊന്നാനി പുഴയായി അറിയപ്പെടുന്ന ഭാരതപ്പുഴ പശ്ചിമഘട്ടത്തിലെ ആനമല മലനിരകളിൽ നിന്നാണ് ഉത്ഭവിക്കുന്നത്. പാലക്കാട് ജില്ലയിലൂടെ ഒഴുകി മലപ്പുറം ജില്ലയിലെ തിരുനാവായ, കുറ്റിപ്പുറം, തിരൂർ പ്രദേശങ്ങൾ കടന്ന് പൊന്നാനിയിൽ അറബിക്കടലിൽ ചേരുന്നു. ഭാരതപ്പുഴയുടെ ഒരു കൈവഴിയായി കണക്കാക്കാമെങ്കിലും സ്വതന്ത്രമായ നിലനിൽപ്പുള്ള നദിയാണ് തിരൂർപ്പുഴ. ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങളാണ് ഈ പുഴ നേരിടുന്നത്. നഗരങ്ങളിൽ നിന്നുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ, അറവുശാലാ അവശിഷ്ടങ്ങൾ, മലിനജലം എന്നിവയുടെ ഒഴുക്ക് ജലത്തിലെ ഓക്സിജന്റെ അളവ് കുറയ്ക്കുകയും അപകടകരമായ കോളിഫോം ബാക്ടീരിയകളുടെ സാന്നിധ്യം വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കുളവാഴകളും പായലുകളും നിറഞ്ഞ് നീരൊഴുക്ക് തടസ്സപ്പെടുന്നത് മത്സ്യസമ്പത്തിനെ ബാധിക്കുന്നു. ഉപ്പുവെള്ളം തടയാൻ നിർമ്മിച്ച റെഗുലേറ്ററുകൾ വേനൽക്കാലത്ത് അടച്ചിടുന്നത് മാലിന്യം കെട്ടിക്കിടക്കാനും ദുർഗന്ധം വമിക്കാനും കാരണമാകുന്നു. കൂടാതെ, വിനോദസഞ്ചാരികളും പൊതുജനങ്ങളും അലക്ഷ്യമായി വലിച്ചെറിയുന്ന ഭക്ഷണാവശിഷ്ടങ്ങളും പ്ലാസ്റ്റിക് മാലിന്യങ്ങളും പുഴയെയും പരിസരത്തെയും മലിനമാക്കുന്നു.

## കടൽത്തീരവും പാരിസ്ഥിതിക വെല്ലുവിളികളും

മലപ്പുറം ജില്ലയ്ക്ക് 70 കിലോമീറ്റർ ദൈർഘ്യമുള്ള മനോഹരമായ കടൽത്തീരമാണുള്ളത്. വടക്ക് കടലുണ്ടി മുതൽ തെക്ക് പാലപ്പെട്ടി വരെയാണ് ഈ തീരപ്രദേശം വ്യാപിച്ചുകിടക്കുന്നത്. ജില്ലയിലെ

പ്രധാന മത്സ്യബന്ധന കേന്ദ്രങ്ങൾ പൊന്നാനിയും പരപ്പനങ്ങാടിയുമാണ്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായി സമുദ്രജലനിരപ്പിലുണ്ടാകുന്ന വർദ്ധനവും തീവ്രമായ കടൽക്ഷോഭവും ഈ മേഖലയിൽ രൂക്ഷമായ തീരശോഷണത്തിന് കാരണമായിട്ടുണ്ട്. തീരദേശത്തെ താഴ്ന്ന പ്രദേശങ്ങളായ താനൂർ, പൊന്നാനി, വള്ളിക്കുന്ന് മേഖലകൾ ഓരോ വർഷവും കടലാക്രമണത്തിന്റെ ഭീഷണി നേരിടുന്നു.

മനുഷ്യഇടപെടലുകൾ തീരദേശത്തിന്റെ സ്വാഭാവിക ഘടനയിൽ വലിയ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. തീരദേശത്തെ ചതുപ്പുകൾ, നദീതടങ്ങൾ എന്നിവ അതിവേഗം ജനവാസമേഖലകളായും മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾക്കായും മാറ്റപ്പെടുന്നു. നഗരവൽക്കരണവും ഹൈവേ നിർമ്മാണം പോലുള്ള വികസന പ്രവർത്തനങ്ങളും ഭൂമിയുടെ സ്വാഭാവിക ഘടനയെയും ജലത്തിന്റെ ഒഴുക്കിനെയും തടസ്സപ്പെടുത്തുന്നു. ഇത്തരം കൈയേറ്റങ്ങളുടെ ഫലമായി കണ്ടൽക്കാടുകൾ ഉൾപ്പെടെയുള്ള സ്വാഭാവിക സസ്യാവരണം നഷ്ടപ്പെടുകയും, ഇത് മണ്ണൊലിപ്പ് വർദ്ധിക്കാൻ ഇടയാക്കുകയും ചെയ്യുന്നു. തണ്ണീർത്തടങ്ങളുടെ നാശം അവിടുത്തെ തനതായ ജൈവവൈവിധ്യത്തെയും, പ്രത്യേകിച്ച് പക്ഷികൾ, കക്കവർഗ്ഗങ്ങൾ, ചെറുജീവികൾ എന്നിവയുടെ നിലനിൽപ്പിനെയും പ്രതികൂലമായി ബാധിക്കുന്നു.

മാലിന്യപ്രശ്നമാണ് തീരദേശം നേരിടുന്ന മറ്റൊരു പ്രധാന വെല്ലുവിളി. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ മഴക്കാലത്ത് നഗരപ്രദേശങ്ങളിൽ നിന്നും പുഴകളിലൂടെ ഒഴുകി അഴിമുഖങ്ങൾ വഴി കടലിലെത്തുന്നു. ഇതിൽ പകുതിയോളം മാലിന്യങ്ങൾ തിരമാലകളിലൂടെ തിരികെ തീരത്ത് നിക്ഷേപിക്കപ്പെടുന്നു. കടലിലെത്തുന്ന മാലിന്യങ്ങളിൽ 96 ശതമാനവും നഗരപ്രദേശങ്ങളിൽ നിന്നുള്ളതാണെന്നും, തീരദേശവാസികൾ നിക്ഷേപിക്കുന്നതല്ലെന്നും ഉള്ളത് ശ്രദ്ധേയമായ കാര്യമാണ്. പക്ഷേ അതിന്റെ തിക്തഫലങ്ങൾ അനുഭവിക്കേണ്ടിവരുന്നത് തീരദേശവാസികളാണ്. ഈ മാലിന്യങ്ങൾ തീരദേശ ജലത്തിന്റെ ഗുണനിലവാരം കുറയ്ക്കുകയും മത്സ്യങ്ങളുടെ പ്രജനനത്തെയും ലഭ്യതയെയും സാരമായി ബാധിക്കുകയും ചെയ്യുന്നു.

### കനോലി കനാൽ: ചരിത്രവും വർത്തമാനവും

മലപ്പുറം ജില്ലയുടെ പടിഞ്ഞാറൻ തീരദേശ മേഖലയുടെ ഗതാഗത-വാണിജ്യ ചരിത്രത്തിൽ സുപ്രധാന സ്ഥാനമുള്ള ഉൾനാടൻ ജലപാതയാണ് കനോലി കനാൽ. നിലവിൽ ദേശീയ ജലപാത



3-ന്റെ (National Waterway 3 - NW3) അഥവാ പടിഞ്ഞാറൻ തീരദേശ കനാലിന്റെ ഭാഗമാണിത്. ജില്ലയിലെ തീരദേശങ്ങളിലൂടെയും പുഴയോരങ്ങളിലൂടെയും കടന്നുപോകുന്ന ഈ കനാൽ, തിരൂർ താലൂക്കിലെ വെട്ടം ഗ്രാമപഞ്ചായത്ത്, വെളിയങ്കോട് ഗ്രാമപഞ്ചായത്ത് തുടങ്ങിയ പ്രദേശങ്ങളെ ജലഗതാഗത ശൃംഖലയുമായി ബന്ധിപ്പിക്കുന്നു. തിരൂർ പുഴയ്ക്കും കനോലി കനാലിനും സമീപത്തായി സ്ഥിതി ചെയ്യുന്ന വെട്ടം പഞ്ചായത്തിലെ ജലഗതാഗതത്തെ ഈ കനാൽ സ്വാധീനിക്കുന്നുണ്ട്.

പൂർണ്ണതോതിൽ പ്രവർത്തനക്ഷമമായിരുന്ന കാലഘട്ടത്തിൽ ജില്ലയുടെ വികസനത്തിന് ഈ ജലപാത നൽകിയ സംഭാവനകൾ വലുതാണ്. എന്നാൽ ഇന്ന്, നിരവധി വെല്ലുവിളികളാണ് കനാൽ നേരിടുന്നത്. വാണിജ്യ-വ്യവസായ സ്ഥാപനങ്ങളിൽ നിന്നും ജനവാസമേഖലകളിൽ നിന്നും ഒഴുക്കിവിടുന്ന മലിനജലം, അശാസ്ത്രീയമായ നിർമ്മാണ പ്രവർത്തനങ്ങളുടെ ഫലമായുണ്ടാകുന്ന മാലിന്യങ്ങൾ, ഉപ്പുവെള്ളത്തിന്റെ കടന്നുകയറ്റം എന്നിവ കനാലിന്റെ നിലനിൽപ്പിന് ഭീഷണിയാകുന്നു.

### കണ്ടൽ വനങ്ങൾ: തീരദേശത്തിന്റെ കാവൽക്കാർ

ജില്ലയുടെ തീരദേശ ആവാസവ്യവസ്ഥയിൽ കണ്ടൽവനങ്ങൾക്കുള്ള പങ്ക് നിസ്തുലമാണ്. ജൈവവൈവിധ്യത്തിന്റെ കലവറയായി അറിയപ്പെടുന്ന ഈ വനങ്ങൾ, പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്തുന്നതിൽ നിർണ്ണായക പങ്കുവഹിക്കുന്നു. ഒട്ടനവധി അപൂർവ്വ ജന്തുജാലങ്ങളുടെയും ജലജീവികളുടെയും സുരക്ഷിതമായ ആവാസകേന്ദ്രം കൂടിയാണിത്.

പ്രകൃതിദുരന്തങ്ങളായ സുനാമി, പ്രളയം, മണ്ണൊലിപ്പ് എന്നിവയെ ഫലപ്രദമായി പ്രതിരോധിക്കാൻ കണ്ടൽവനങ്ങൾക്ക് സാധിക്കും.. ഇവയുടെ സവിശേഷമായ വേരുപടലങ്ങൾ മണ്ണിനെ ദൃഢമായി പിടിച്ചുനിർത്തുന്നു. അതുവഴി, ശക്തമായ തിരമാലകളുടെ ആഘാതത്തെ ലഘൂകരിച്ച്, മണ്ണൊലിപ്പ് തടയുന്ന ഒരു പ്രകൃതിദത്ത ബഫർ അഥവാ 'ഷോക്ക് അബ്സോർബർ' ആയി ഇവ പ്രവർത്തിക്കുന്നു.

ജില്ലയിൽ പ്രധാനമായും പൊന്നാനി, വെളിയങ്കോട് മേഖലകളിലാണ് കണ്ടൽക്കാടുകൾ വ്യാപകമായി കാണപ്പെടുന്നത്. എന്നാൽ, ഇവയുടെ പാരിസ്ഥിതിക പ്രാധാന്യത്തെക്കുറിച്ചുള്ള പൊതുജനങ്ങളുടെ അറിവില്ലായ്മ മൂലം, ഈ അമൂല്യ സമ്പത്ത് വെട്ടിനശിപ്പിക്കപ്പെടുന്ന പ്രവണത വർദ്ധിച്ചുവരുന്നത് വലിയൊരു വെല്ലുവിളിയാണ്.



## കാലാവസ്ഥ

സംസ്ഥാനത്തെ പൊതുവായ കാലാവസ്ഥാ രീതിക്ക് അനുസൃതമായി ഉഷ്ണമേഖലാ കാലാവസ്ഥയാണ് ജില്ലയിലും അനുഭവപ്പെടുന്നത്. അറബിക്കടലിൽ നിന്നുള്ള മൺസൂൺ കാറ്റുകളാണ് ജില്ലയിലെ മഴയുടെ അളവ് പ്രധാനമായും നിർണ്ണയിക്കുന്നത്. വാർഷിക ശരാശരി 2165 മില്ലിമീറ്റർ വരെ മഴ ലഭിക്കുന്ന ജില്ലയിൽ, മെയ് മാസം അവസാനവാരത്തോടെ ആരംഭിക്കുന്ന കാലവർഷത്തിൽ (South West Monsoon) ശരാശരി 1956.6 മില്ലിമീറ്ററും ഒക്ടോബറിൽ ആരംഭിക്കുന്ന തുലാവർഷത്തിൽ (North East Monsoon) 459.8 മില്ലിമീറ്ററും മഴ ലഭിക്കുന്നു. ഡബ്ലിയു.ആർ.ഐ.എസ് (WRIS) പുറത്തുവിട്ട 2017-2025 കാലയളവിലെ റിപ്പോർട്ട് പ്രകാരം മഴയുടെ ലഭ്യതയിൽ ഏറ്റക്കുറച്ചിലുകൾ രേഖപ്പെടുത്തിയിട്ടുണ്ട്.

## പ്രകൃതിക്ഷോഭങ്ങളും മഴക്കെടുതിയും




തീവ്രമായ മഴയും പ്രകൃതിക്ഷോഭങ്ങളും ജില്ലയിൽ ജനജീവിതത്തെ സാരമായി ബാധിക്കാറുണ്ട്. 2024 മെയ് അവസാനത്തോടെ ആരംഭിച്ച ശക്തമായ മഴയിൽ പലയിടത്തും വെള്ളക്കെട്ടുകൾ രൂപപ്പെടുകയും ജൂലൈ 29-ന് ജില്ലയിൽ റെഡ് അലർട്ട് പ്രഖ്യാപിക്കുകയും ചെയ്തു. മഞ്ചേരി (217 mm), പെരിന്തൽമണ്ണ (208 mm), കരിപ്പൂർ (241.6 mm) എന്നിവിടങ്ങളിൽ അതിതീവ്രമഴയാണ് രേഖപ്പെടുത്തിയത്. തുടർന്ന് ഒക്ടോബർ 6-നും, ഫിൻജാൽ ചുഴലിക്കാറ്റിന്റെ സ്വാധീനത്താൽ ഡിസംബർ 2-നും (പൊന്നാനി 172 mm, അങ്ങാടിപ്പുറം 151.6 mm) ജില്ലയിൽ കനത്ത മഴ ലഭിച്ചു. 2024-ലെ മഴക്കാലത്ത് 1197 കുടുംബങ്ങളിലായി 3340 പേരെ 80 ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റിപ്പാർപ്പിക്കേണ്ടി വന്നു. 2023 ജൂൺ മുതൽ 2024 ഡിസംബർ വരെയുള്ള കാലയളവിൽ 514 വീടുകൾക്ക് ഭാഗികമായും 7 വീടുകൾക്ക് പൂർണ്ണമായും നാശനഷ്ടം സംഭവിച്ചു. മലയോര മേഖലകളിൽ മലവെള്ളപ്പാച്ചിൽ, മണ്ണിടിച്ചിൽ, കിണറുകൾ ഇടിഞ്ഞുതാഴൽ തുടങ്ങിയ അപകടങ്ങളും ശക്തമായ കാറ്റിൽ നാശനഷ്ടങ്ങളും പതിവാകുന്നു.

## അന്തരീക്ഷ ഊഷ്മാവിലെ വർദ്ധനവും വരൾച്ചയും

കഴിഞ്ഞ പത്തുവർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ, ജില്ലയിലെ അന്തരീക്ഷ ഊഷ്മാവിൽ വർദ്ധനവും മഴയുടെ ലഭ്യതയിൽ കുറവും രേഖപ്പെടുത്തിയിട്ടുണ്ട്. 2023-ലാണ് ജില്ലയിൽ ഏറ്റവും ഉയർന്ന ചൂട് (41.8°C) അനുഭവപ്പെട്ടത്. ഇതേ കാലയളവിൽ കാലവർഷത്തിൽ 22 ശതമാനവും വേനൽമഴയിൽ 15 ശതമാനവും കുറവുണ്ടായി. 2015, 2016, 2023, 2024 വർഷങ്ങളിൽ ജില്ലയിൽ വരൾച്ച അനുഭവപ്പെട്ടു. ഇതിൽ 2016-ലാണ് (സാധാരണയേക്കാൾ 26% മുതൽ 50% വരെ മഴ കുറഞ്ഞപ്പോൾ) ഏറ്റവും രൂക്ഷമായ വരൾച്ച നേരിട്ടത്. കരിപ്പൂർ, അങ്ങാടിപ്പുറം, മഞ്ചേരി, നിലമ്പൂർ, തിരൂർ, പൊന്നാനി, പെരിന്തൽമണ്ണ തുടങ്ങിയ പ്രദേശങ്ങളെയാണ് വരൾച്ച ഏറ്റവുമധികം ബാധിച്ചത്. വയൽ നികത്തിയുള്ള നിർമ്മാണപ്രവർത്തനങ്ങളും സ്വാഭാവിക തണ്ണീർത്തടങ്ങളുടെ നാശവും വരൾച്ചയുടെ ആക്കം കൂട്ടുന്നു. 2023-ലെ വരൾച്ചയിൽ 3216.92 ഹെക്ടറിലായി 23.88 കോടി രൂപയുടെ കൃഷിനാശമുണ്ടാവുകയും 15

ബ്ലോക്കുകളിലായി 13,246 കർഷകരെ അത് ബാധിക്കുകയും ചെയ്തു.

വേനൽക്കാലത്ത് ജലസ്രോതസ്സുകൾ വറ്റിവരളുന്നത് കുടിവെള്ളക്ഷാമത്തിന് കാരണമാകുന്നു. കഴിഞ്ഞ പത്തുവർഷമായി ജില്ലയിലെ ആകെയുള്ള 106 തദ്ദേശസ്ഥാപനങ്ങളിൽ 82 ഗ്രാമപഞ്ചായത്തുകളും മുഴുവൻ നഗരസഭകളും കുടിവെള്ളത്തിനായി ടാങ്കർ ലോറികളെ ആശ്രയിക്കുന്നുണ്ട്. ഇതിൽ 48 തദ്ദേശസ്ഥാപനങ്ങൾ സ്ഥിരമായി ടാങ്കർ ലോറികളെ ആശ്രയിക്കുന്നവയാണ്. പള്ളിക്കൽ, ചേലേമ്പ്ര, ചെറുകാവ്, പുലാമന്തോൾ, എടക്കര, കുറ്റിപ്പുറം തുടങ്ങിയ പഞ്ചായത്തുകൾ കുടിവെള്ള വിതരണത്തിനായി ഓരോ വർഷവും 10 മുതൽ 20 ലക്ഷം രൂപ വരെ ചെലവഴിക്കുന്നു. 2015 മുതൽ 2016 വരെ കിയോസ്കുകൾ, ടാങ്കർ ലോറികൾ എന്നിവ വഴി കുടിവെള്ള വിതരണം നടത്തുന്നതിന് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചെലവഴിച്ച തുക ലഭ്യമായ കണക്കുകൾ പ്രകാരം 3585 ലക്ഷം രൂപയാണെന്ന് കാണാം. 2019 മുതൽ 2024 വരെ ഓരോ തുടർ വർഷങ്ങളിലും ഇത് യഥാക്രമം 392, 310, 340, 312, 380, 463 ലക്ഷം രൂപ കണക്കിലാണ് ചെലവഴിച്ചിട്ടുള്ളത്. ഈ പ്രദേശങ്ങളിലെ ഭൂപ്രകൃതി ഒരു പരിധി വരെ വരൾച്ചക്ക് കാരണമാകുന്നുണ്ട്. ചെരിവുള്ളതും പാറകൾ കൂടുതൽ ഉള്ള പ്രദേശവും ആയതിനാൽ വെള്ളം ഭൂമിയിലേക്ക് ഒലിച്ചിറങ്ങാതെ കുത്തിഒലിച്ചു പോവുന്ന അവസ്ഥയാണ്. ഇത് ഈ പ്രദേശങ്ങളിലെ വേനൽ കാലങ്ങളിലെ വരൾച്ചയുടെ പ്രധാന കാരണങ്ങളിൽ ഒന്നാണ്.

### ഭൂജലവിതാനവും വെല്ലുവിളികളും

ജില്ലയിലെ ശരാശരി വാർഷിക ജലലഭ്യത 495.56 മില്ല്യൺ ക്യൂബിക് മീറ്ററാണ്. സെൻടൽ ഗ്രൗണ്ട് വാട്ടർ ബോർഡിന്റെ റിപ്പോർട്ട് പ്രകാരം ജില്ലയിൽ 'ഗുരുതര' (Critical) വിഭാഗത്തിൽപ്പെടുന്ന ബ്ലോക്കുകൾ ഇല്ലെങ്കിലും, 8 ബ്ലോക്കുകൾ 'ഭാഗിക ഗുരുതരം' (Semi-Critical) എന്ന വിഭാഗത്തിലാണ്. കൊണ്ടോട്ടി (86.08%), താനൂർ (85.88%), തിരൂർ (83.47%), തിരൂരങ്ങാടി (82.55%), വേങ്ങര (80.03%), കുറ്റിപ്പുറം (79.65%), മലപ്പുറം (74.32%), മങ്കട (71.53%) എന്നിവയാണ് ഈ ബ്ലോക്കുകൾ. 90 ശതമാനത്തിന് മുകളിൽ ജലചൂഷണം നടക്കുന്ന കരിപ്പൂർ (പള്ളിക്കൽ) ഉൾപ്പെടുന്ന കൊണ്ടോട്ടി ബ്ലോക്ക് ജലസംരക്ഷണത്തിന് അതീവ പ്രാധാന്യം നൽകേണ്ട പ്രദേശമാണ്.

### തീരദേശത്തെ ജലപ്രതിസന്ധി

തീരദേശ മേഖലകൾ സവിശേഷമായ ജലപ്രതിസന്ധിയാണ് നേരിടുന്നത്. പൊന്നാനി, തിരൂർ മേഖലകളിൽ ജലനിരപ്പ് താഴുന്നത് കിണറുകളിൽ ഉപ്പുവെള്ളം കയറുന്നതിനും ജലം ഉപയോഗശൂന്യമാകുന്നതിനും കാരണമാകുന്നു. കൂടാതെ, മത്സ്യബന്ധനത്തിന് പേരുകേട്ട താനൂർ നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന 5 ഐസ് ഫാക്ടറികൾ പ്രതിദിനം 5,000 മുതൽ 10,000 ലിറ്റർ വരെ ജലം ഉപയോഗിക്കുന്നത് പ്രദേശത്തെ ഗാർഹികാവശ്യത്തിനുള്ള കുടിവെള്ള ലഭ്യതയെ പോലും പ്രതികൂലമായി ബാധിക്കുന്നുണ്ട്.

### പ്രകൃതിദുരന്തങ്ങളും അപകടസാധ്യതകളും

ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ (DDMA) കണക്കുകൾ പ്രകാരം, മലപ്പുറം ജില്ലയിലെ വിവിധ പ്രദേശങ്ങൾ മണ്ണിടിച്ചിൽ, പ്രളയം, കടൽക്ഷോഭം തുടങ്ങിയ പ്രകൃതിദുരന്തങ്ങളുടെ ഭീഷണി നേരിടുന്നുണ്ട്.

### മണ്ണിടിച്ചിലും ഉരുൾപൊട്ടലും

ജില്ലയിലെ 25 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് മണ്ണിടിച്ചിൽ ഭീഷണി നേരിടുന്ന പട്ടികയിലുള്ളത്. പശ്ചിമഘട്ട മലനിരകൾ ഉൾപ്പെടുന്ന ഈ മേഖലകളിൽ 4,938 വീടുകൾ, 69 അംഗനവാടികൾ, 34 സ്കൂളുകൾ, 10 ആരോഗ്യ സ്ഥാപനങ്ങൾ, 3 കമ്മ്യൂണിറ്റി ഹാളുകൾ, 13 മറ്റ് കെട്ടിടങ്ങൾ എന്നിവ സ്ഥിതി ചെയ്യുന്നു. 59 പേരുടെ മരണത്തിനിടയാക്കിയ കവളപ്പാറ ദുരന്തം സംഭവിച്ചത് ഈ പ്രദേശത്താണ് എന്നത് അപകടസാധ്യതയുടെ ഗൗരവം വർദ്ധിപ്പിക്കുന്നു. വനനശീകരണം, കാലാവസ്ഥാ വ്യതിയാനം,




അനിയന്ത്രിതമായ ഖനനം എന്നിവയാണ് ഇത്തരം ദുരന്തങ്ങൾക്ക് പ്രധാന കാരണങ്ങളായി ചൂണ്ടിക്കാണിക്കപ്പെടുന്നത്.

## പ്രളയ ഭീഷണി

ജില്ലയിലെ 100 തദ്ദേശസ്ഥാപനങ്ങൾ പ്രളയസാധ്യതയുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഈ പ്രദേശങ്ങളിലായി 31,771 വീടുകളും, 215 അംഗനവാടികളും, 102 സ്കൂളുകളും, 42 ആരോഗ്യ സ്ഥാപനങ്ങളും, 28 കമ്മ്യൂണിറ്റി ഹാളുകളും, 23 മറ്റ് കെട്ടിടങ്ങളും സ്ഥിതി ചെയ്യുന്നു എന്നത് പ്രളയം സൃഷ്ടിക്കാൻ സാധ്യതയുള്ള നാശനഷ്ടങ്ങളുടെ വ്യാപ്തി വ്യക്തമാക്കുന്നു.



## തീരദേശ ഭീഷണികൾ

കടൽക്ഷോഭം, തീരദേശത്തെ മണ്ണൊലിപ്പ് എന്നിവ നേരിടുന്ന 8 തദ്ദേശസ്ഥാപനങ്ങളാണ് ജില്ലയിലുള്ളത്. 3,275 വീടുകൾ, 36 അംഗനവാടികൾ, 10 സ്കൂളുകൾ, 7 ആരോഗ്യ സ്ഥാപനങ്ങൾ, 2 കമ്മ്യൂണിറ്റി ഹാളുകൾ, 12 മറ്റ് കെട്ടിടങ്ങൾ എന്നിവ ഈ ഭീഷണി നേരിടുന്ന പ്രദേശങ്ങളിൽ



ഉൾപ്പെടുന്നു. കൂടാതെ, സുനാമി സാധ്യതയുള്ള പ്രദേശങ്ങളുടെ പട്ടികയിൽ ജില്ലയിലെ 10 തദ്ദേശ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിയിട്ടുണ്ട്.

### രൂക്ഷമാകുന്ന വന്യമൃഗ ശല്യം

മലപ്പുറം ജില്ലയിലെ മലയോര മേഖലകളായ നിലമ്പൂർ, കാളികാവ് ബ്ലോക്കുകളിൽ വന്യമൃഗ ശല്യം ജനജീവിതത്തെ സാരമായി ബാധിക്കുന്ന ഒരു പ്രധാന പ്രാദേശിക പ്രതിസന്ധിയാണ്. ചാലിയാർ, എടക്കര, കരുവാരകുണ്ട്, കാളികാവ് തുടങ്ങി വന അതിർത്തിയോട് ചേർന്നുകിടക്കുന്ന പഞ്ചായത്തുകളിൽ കാട്ടാന, കാട്ടുപന്നി, മ്ലാവ് എന്നിവയുടെ നിരന്തരമായ കടന്നുകയറ്റം കർഷകരുടെ നട്ടെല്ലൊടിക്കുന്നു. വാഴ, തെങ്ങ്, കപ്പ തുടങ്ങിയ വിളകൾ വ്യാപകമായി നശിപ്പിക്കപ്പെടുന്നത് മലയോര കർഷകരെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേക്കും കടക്കെണിയിലേക്കും തള്ളിവിടുകയാണ്. കൃഷിനാശത്തിന് പുറമെ, ജനവാസമേഖലകളിൽ ഇറങ്ങുന്ന വന്യമൃഗങ്ങൾ മനുഷ്യജീവന് ഭീഷണിയുയർത്തുന്നത് പ്രദേശവാസികളെ നിരന്തരമായ ഭീതിയിലാഴ്ത്തുന്നു. സോളാർ വേലികളും ആനക്കിടങ്ങുകളും സ്ഥാപിക്കുന്നുണ്ടെങ്കിലും പലയിടത്തും ഇവ ഫലപ്രദമാകാത്തത് പ്രശ്നത്തിന്റെ തീവ്രത വർദ്ധിപ്പിക്കുന്നു. കൃത്യസമയത്ത് ലഭിക്കാത്ത നഷ്ടപരിഹാരവും സുരക്ഷാ ഭീഷണിയും ഈ മേഖലയിലെ ജനങ്ങളുടെ സൈ്വര്യജീവിതത്തെ തകർക്കുന്ന പ്രധാന ഘടകങ്ങളാണ്.

### വ്യവസായ മേഖലയും പാരിസ്ഥിതിക വെല്ലുവിളികളും

മലപ്പുറം ജില്ലയിൽ വൻകിട വ്യവസായ സ്ഥാപനങ്ങൾ താരതമ്യേന കുറവാണ്. ചെറുകിട-ഇടത്തരം സംരംഭങ്ങളാണ് (MSMEs) ജില്ലയുടെ വ്യവസായ മേഖലയുടെ നട്ടെല്ല്. തടി ഫർണിച്ചർ, ഭക്ഷ്യ സംസ്കരണം, വസ്ത്രനിർമ്മാണം എന്നിവയ്ക്ക് പുറമെ മെറ്റൽ, റബ്ബർ, പ്ലാസ്റ്റിക് അധിഷ്ഠിത യൂണിറ്റുകളും ജില്ലയിൽ സജീവമാണ്. കൂടാതെ, ചെങ്കല്ല്-കരിങ്കല്ല് ക്വാറികളും ക്രഷറുകളും ജില്ലയുടെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്.

മലപ്പുറം, എടരിക്കോട് എന്നിവിടങ്ങളിലെ സ്പിന്നിംഗ് മില്ലുകൾ, കേരള അലൈഡ് എൻജിനീയറിങ് ലിമിറ്റഡ്, കുറ്റിപ്പുറം കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് ലിമിറ്റഡ് എന്നിവയാണ് ജില്ലയിലെ എടുത്തുപറയേണ്ട വൻകിട സ്ഥാപനങ്ങൾ. കൂടാതെ, മലപ്പുറം ഇൻകെൽ എജ്യു സിറ്റി (ഐ.ടി, പ്ലാസ്റ്റിക്), ചേലേമ്പ്ര കാക്കഞ്ചേരിയിലെ കിൻഫ്ര പാർക്ക് (ഭക്ഷ്യ സംസ്കരണം, ഐ.ടി, ആഭരണ നിർമ്മാണം), മഞ്ചേരി ഫംഗ്ഷനബിൾ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് (റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ) എന്നിവയും പ്രധാന വ്യവസായ കേന്ദ്രങ്ങളാണ്. ചെറുകാവ്, ഊരകം, മഞ്ചേരി, എടവണ്ണ, കോക്കൂർ, ചെമ്മലശ്ശേരി, ആനമങ്ങാട്, കോട്ടക്കൽ, പുലാമന്തോൾ എന്നിവിടങ്ങളിലെ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളും സ്വകാര്യ ഫാക്ടറികളും വ്യവസായ ഭൂപടത്തിൽ ഇടംപിടിക്കുന്നു.

വ്യവസായവൽക്കരണത്തോടൊപ്പം ചില പാരിസ്ഥിതിക വെല്ലുവിളികളും ജില്ല നേരിടുന്നുണ്ട്. കോട്ടൺ നൂലുകൾ ഉത്പാദിപ്പിക്കുന്ന സ്പിന്നിങ് മില്ലുകളിൽ മാലിന്യ സംസ്കരണ സംവിധാനങ്ങളുണ്ടെങ്കിലും, പരുത്തി പൊടി (Cotton dust) അന്തരീക്ഷ മലിനീകരണത്തിനും ശ്വാസകോശ രോഗങ്ങൾക്കും കാരണമാകുന്നു. സ്വർണാഭരണ നിർമ്മാണശാലകളിൽ നിന്നുള്ള അപകടകരമായ രാസവസ്തുക്കൾ (Hazardous waste) ജലസ്രോതസ്സുകളെ മലിനപ്പെടുത്തുന്നതായും പരാതികളുണ്ട്. നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ പ്രാദേശികമായി ഉത്പാദിപ്പിക്കുന്നതിന് നിയന്ത്രണങ്ങളുണ്ടെങ്കിലും, അന്യസംസ്ഥാനങ്ങളിൽ നിന്ന് ഇവ ഇപ്പോഴും ജില്ലയിലെത്തുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്.

കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് 'റെഡ് കാറ്റഗറി'യിൽ ഉൾപ്പെടുത്തിയിട്ടുള്ള ക്വാറികൾ, ക്രഷറുകൾ, കോൺക്രീറ്റ് മിക്സിംഗ് യൂണിറ്റുകൾ എന്നിവ നിലമ്പൂർ, ഏറനാട്, കൊണ്ടോട്ടി, പെരിന്തൽമണ്ണ, തിരൂരങ്ങാടി താലൂക്കുകളിൽ പ്രവർത്തിക്കുന്നുണ്ട്. ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ അഭാവം മൂലം ഇവ ജല-വായു മലിനീകരണത്തോടൊപ്പം രൂക്ഷമായ ശബ്ദമലിനീകരണത്തിനും

വഴിയൊരുക്കുന്നു. വ്യവസായ ശാലകളിൽ നിന്നുള്ള മാലിന്യ സംസ്കരണത്തിലെ അപാകതകൾ പലയിടത്തും ജനകീയ പ്രതിഷേധങ്ങൾക്ക് കാരണമായിട്ടുണ്ട്.

## പാറഖനനവും പാരിസ്ഥിതികാഘാതവും

കേരള മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന്റെ ഔദ്യോഗിക രേഖകൾ പ്രകാരം മലപ്പുറം ജില്ലയിൽ ലൈസൻസോടെ പ്രവർത്തിക്കുന്ന 107 പാറമടകളാണുള്ളത്. ഇതിൽ 93 എണ്ണം ദീർഘകാല ഖനനാനുമതിയുള്ളവയും, 14 എണ്ണം ഹ്രസ്വകാല അനുമതിയുള്ളവയുമാണ്. എന്നാൽ, ജില്ലയിലെ നാല് താലൂക്കുകളിൽ മാത്രം നടത്തിയ പരിശോധനയിൽ ചെറുതും വലുതുമായ 1350-ഓളം ക്വാറികൾ കണ്ടെത്താൻ സാധിച്ചിട്ടുണ്ട്. ഔദ്യോഗിക കണക്കുകളും യഥാർത്ഥ സ്ഥിതിയും തമ്മിലുള്ള ഈ വലിയ അന്തരം, ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന അനധികൃത ക്വാറികൾ ജില്ലയിൽ എത്രത്തോളം വ്യാപകമാണെന്ന് വ്യക്തമാക്കുന്നു.



നിർമ്മാണാവശ്യങ്ങൾക്കായി കുന്നുകളും മലകളും ഇടിച്ചുനിരത്തി നടത്തുന്ന ഈ ഖനനം ഗുരുതരമായ പാരിസ്ഥിതിക പ്രത്യാഘാതങ്ങളാണ് സൃഷ്ടിക്കുന്നത്. നിയന്ത്രണങ്ങളില്ലാതെ തുടരുന്ന ഇത്തരം പ്രവണതകൾ പ്രകൃതിയുടെ സന്തുലിതാവസ്ഥ തകർക്കുന്നതിലേക്കും ഭാവിയിൽ വലിയ പാരിസ്ഥിതിക ദുരന്തങ്ങളിലേക്കും വഴിതെളിച്ചേക്കാം.

## ചെങ്കൽ ഖനനം

പാറ ക്വാറികൾക്ക് സമാനമായി, ചെങ്കൽ ഖനനവും ജില്ലയിൽ വ്യാപകമാണ്. ഔദ്യോഗിക കണക്കുകൾ പ്രകാരം ലൈസൻസോടെ പ്രവർത്തിക്കുന്ന 120 ചെങ്കൽ ക്വാറികളാണ് ജില്ലയിലുള്ളതെങ്കിൽ, നിയമവിരുദ്ധമായി പ്രവർത്തിക്കുന്നവയുടെ എണ്ണം 150 മുതൽ 300 വരെയാണെന്നത് ഗൗരവകരമായ വസ്തുതയാണ്. കേരള മൈനിങ് ആൻഡ് ജിയോളജി വകുപ്പിന്റെ വിവരങ്ങൾ പ്രകാരം പെരുന്തൽമണ്ണ, ഏറനാട്, താനൂർ, നിലമ്പൂർ, തിരൂരങ്ങാടി, പൊന്നാനി എന്നീ താലൂക്കുകളിലാണ് ചെങ്കൽ ഖനനം



പ്രധാനമായും കേന്ദ്രീകരിച്ചിരിക്കുന്നത്. അനധികൃത ക്വാറികളുടെ നിയന്ത്രണമില്ലാത്ത വർദ്ധനവ് ജില്ലയുടെ പാരിസ്ഥിതിക സന്തുലിതാവസ്ഥയെ തകർക്കുന്നു. മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ തുടങ്ങിയ പ്രകൃതിദുരന്തങ്ങൾക്കുള്ള സാധ്യത വർദ്ധിപ്പിക്കുന്നതിൽ ഈ അശാസ്ത്രീയ ഖനനത്തിന് വലിയ പങ്കുണ്ട്.

### മലിനീകരണ പ്രശ്നങ്ങൾ

ജില്ല നേരിടുന്ന പ്രധാന പാരിസ്ഥിതിക വെല്ലുവിളിയാണ് മലിനീകരണം. പൊതുവിടങ്ങളിലെ മാലിന്യ നിക്ഷേപം, മാലിന്യ സംസ്കരണ സംവിധാനങ്ങളിലെ ന്യൂനതകൾ, ജലമലിനീകരണം എന്നിവ ഇതിൽ ഉൾപ്പെടുന്നു.

### പൊതുയിടങ്ങളിലെ മാലിന്യപ്രശ്നങ്ങൾ

പൊതുസ്ഥലങ്ങളിലെ മാലിന്യ നിക്ഷേപം ജില്ലയിലെ പ്രധാന പ്രശ്നങ്ങളിലൊന്നാണ്. ജൈവ-അജൈവ മാലിന്യങ്ങൾ തരംതിരിക്കാതെ വലിച്ചെറിയുന്ന ശീലം ഒരു വിഭാഗം ജനങ്ങൾക്കിടയിൽ ഇപ്പോഴും നിലനിൽക്കുന്നു. പത്തുവർഷം മുൻപുള്ള അവസ്ഥ പരിശോധിച്ചാൽ, പൊതുയിടങ്ങൾ പലതും മാലിന്യക്കൂമ്പാരങ്ങളായിരുന്നു. ഇത് കൊതുകുകളും ഈച്ചകളും എലികളും പെറ്റുപെരുകുന്നതിനും, അതുവഴി പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്നതിനും കാരണമായിരുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങളും വ്യവസായങ്ങളിൽ നിന്നുള്ള വിഷാംശങ്ങളും വായു മലിനീകരണം വർദ്ധിക്കാൻ ഇടവരുത്തിയിരുന്നു.

### വൻകിട മാലിന്യ ഉത്പാദകർ (ബൾക്ക് വേസ്റ്റ് ജനറേറ്റേഴ്സ്)

ജനസാന്ദ്രത കൂടിയ ജില്ലയായതിനാൽ 'വൻകിട മാലിന്യ ഉത്പാദകർ' സൃഷ്ടിക്കുന്ന മാലിന്യങ്ങൾ വലിയൊരു വെല്ലുവിളിയാണ്. പ്രതിദിനം 100 കിലോഗ്രാമിലധികം മാലിന്യം രൂപപ്പെടുത്തുന്ന വിഭാഗങ്ങളെയാണ് വൻകിട മാലിന്യ ഉത്പാദകരായി കണക്കാക്കുന്നത്. ഓഡിറ്റോറിയങ്ങൾ, സിനിമാ തിയേറ്ററുകൾ, ഷോപ്പിംഗ് മാളുകൾ, പൊതുപരിപാടികൾ തുടങ്ങി ആളുകൾ വൻതോതിൽ ഒത്തുചേരുന്ന ഇടങ്ങളിൽ ഭക്ഷണാവശിഷ്ടങ്ങൾ ഉൾപ്പെടെയുള്ള മാലിന്യങ്ങൾ കുന്നുകൂടുന്നു. ഇവ നിയന്ത്രിക്കുന്നതിനോ കൃത്യമായും സുരക്ഷിതമായും സംസ്കരിക്കുന്നതിനോ ഉള്ള സൗകര്യങ്ങളുടെ അപര്യാപ്തത ഗുരുതരമായ ആരോഗ്യ-സാമ്പത്തിക-സാമൂഹിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

### പാറമടകളിലെ മാലിന്യ നിക്ഷേപം

ഉപേക്ഷിക്കപ്പെട്ട പാറമടകൾ മാലിന്യ നിക്ഷേപ കേന്ദ്രങ്ങളായി മാറുന്ന പ്രവണത ജില്ലയിൽ വർദ്ധിച്ചുവരികയാണ്. ജില്ലയ്ക്ക് പുറത്തുനിന്നുള്ള മാലിന്യങ്ങൾ പോലും വാഹനങ്ങളിൽ കൊണ്ടുവന്ന് ഇവിടുത്തെ ക്വാറികളിൽ തള്ളുന്നതായി കണ്ടെത്തിയിട്ടുണ്ട്. മറയൂർ, പുളിക്കൽ, കീഴുപറമ്പ് തുടങ്ങിയ പ്രദേശങ്ങളിലെ ക്വാറികളിൽ വന്തോതിൽ മാലിന്യം നിക്ഷേപിക്കുന്നത് വലിയ ഭീഷണിയാണ്. മഴക്കാലത്ത് ഈ മാലിന്യങ്ങളിൽ നിന്നുള്ള മലിനജലം ഒഴുകിപ്പരന്ന് സമീപപ്രദേശങ്ങളിലെ കിണറുകൾ മലിനമാകുന്ന സാഹചര്യം നിലവിലുണ്ട്.

### ജലമലിനീകരണം

ജലസ്രോതസ്സുകളുടെ മലിനീകരണമാണ് മറ്റൊരു പ്രധാന പാരിസ്ഥിതിക ഭീഷണി. പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കുന്ന മാലിന്യങ്ങൾ മഴക്കാലത്ത് ഒഴുകി ജലാശയങ്ങളിൽ എത്തുന്നത് നീരൊഴുക്ക് തടസ്സപ്പെടുന്നതിനും പ്രളയസാധ്യത വർദ്ധിപ്പിക്കുന്നതിനും കാരണമാകുന്നു. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നുമുള്ള മലിനജലം, കക്കൂസ് മാലിന്യങ്ങൾ, ആശുപത്രി മാലിന്യങ്ങൾ, വാണിജ്യ മാലിന്യങ്ങൾ എന്നിവ ജലാശയങ്ങളെ മലിനമാക്കുന്നു. കൂടാതെ, നീന്തൽക്കുളങ്ങൾ കൃത്യമായ ഇടവേളകളിൽ ക്ലോറിനേഷൻ നടത്താത്തത് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്കും ജലജന്യരോഗങ്ങൾക്കും വഴിയൊരുക്കുന്നു. കാർഷിക മേഖലയിൽ ഉപയോഗിക്കുന്ന രാസവളങ്ങളുടെയും കീടനാശിനികളുടെയും അവശിഷ്ടങ്ങൾ മഴവെള്ളത്തോടൊപ്പം ഒഴുകി ജലസ്രോതസ്സുകളിൽ കലരുന്നത് ജലത്തെ വിഷമയമാക്കുന്ന മറ്റൊരു പ്രധാന ഘടകമാണ്.

# പരിസ്ഥിതി പ്രശ്നങ്ങളിലെ ഇടപെടൽ സാധ്യതകൾ

ഒന്നാം അധ്യായത്തിൽ നാം ചർച്ച ചെയ്ത പാരിസ്ഥിതിക വെല്ലുവിളികളിൽ ഭൂരിഭാഗവും മനുഷ്യന്റെ അശ്രദ്ധയും പ്രകൃതിക്കുമേലുള്ള അനിയന്ത്രിതമായ കടന്നുകയറ്റവും മൂലം സൃഷ്ടിക്കപ്പെട്ടവയാണ്. എന്നാൽ, ബോധപൂർവ്വമായ ഇടപെടലുകളിലൂടെ ഇത്തരം പ്രശ്ന്ങ്ങളുടെ തീവ്രത കുറയ്ക്കുവാനോ, അവയെ സമ്പൂർണ്ണമായി പരിഹരിക്കുവാനോ നമുക്ക് സാധിക്കും. നമ്മുടെ ജില്ലയിൽ ഇത്തരത്തിൽ പരിഹാരം കണ്ടെത്താൻ സാധിക്കുന്ന പ്രശ്നങ്ങളുടെയും, അതിനുള്ള പ്രായോഗിക മാർഗ്ഗങ്ങളുടെയും വിശകലനമാണ് ഈ അധ്യായത്തിന്റെ ഉള്ളടക്കം. ജില്ലയിലെ മുൻകാല പ്രവർത്തനങ്ങളിൽ നിന്നും ലഭിച്ച പാഠങ്ങളുടെയും അനുഭവങ്ങളുടെയും വെളിച്ചത്തിൽ മാലിന്യ സംസ്കരണം, ജലസംരക്ഷണം, കാർഷിക-പരിസ്ഥിതി പുനഃസ്ഥാപനം എന്നീ മേഖലകളിൽ സാധ്യമായ ക്രിയാത്മകമായ ഇടപെടലുകളെക്കുറിച്ചാണ് ഇവിടെ പ്രതിപാദിക്കുന്നത്.

## പൊതുവിടങ്ങളിലെ മലിനീകരണം

പൊതുവിടങ്ങളിലെ മലിനീകരണം നിയന്ത്രിക്കുന്നതിനായി കൂടുതൽ ജാഗ്രതയോടെയുള്ള ഇടപെടലുകൾ നടത്താവുന്നതാണ്. ജില്ലയിൽ വിവിധയിടങ്ങളിലായി ഇപ്പോഴും നിലനിൽക്കുന്ന മാലിന്യനിക്ഷേപം



ഒഴിവാക്കുന്നതിനായി, പൊതുജനങ്ങളിൽ വേരുറച്ചുപോയ മാലിന്യം വലിച്ചെറിയുന്ന ശീലം മാറ്റിയെടുക്കാനുള്ള ശ്രമങ്ങൾ ഊർജ്ജിതമാക്കാവുന്നതാണ്. അശാസ്ത്രീയമായ മാലിന്യ സംസ്കരണം, മാലിന്യം കത്തിക്കൽ, അലക്ഷ്യമായി വലിച്ചെറിയൽ എന്നിവ സൃഷ്ടിക്കുന്ന ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളെക്കുറിച്ചും നിയമനടപടികളെക്കുറിച്ചും ജനങ്ങൾക്ക് കൃത്യമായ അവബോധം നൽകുന്നതിനുള്ള ഇടപെടലുകൾ തുടർച്ചയായി നടപ്പിലാക്കാവുന്നതാണ്. കൂടാതെ, പൊതുസ്ഥലങ്ങളിൽ മാലിന്യ നിക്ഷേപത്തിനായി ആവശ്യമായ ബിന്നുകൾ സ്ഥാപിക്കുന്നതോടൊപ്പം, ശുചീകരണ പ്രവർത്തനങ്ങളിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടും ഈ പ്രശ്നത്തിന് പൂർണ തോതിൽത്തന്നെ പരിഹാരം കണ്ടെത്താനാകും.

## വൻകിട മാലിന്യ ഉത്പാദകർ സൃഷ്ടിക്കുന്ന മാലിന്യ പ്രശ്നങ്ങൾ

വലിയ തോതിൽ ജനങ്ങൾ ഒത്തുചേരുന്ന പരിപാടികൾക്ക് ശേഷം രൂപപ്പെടുന്ന മാലിന്യങ്ങൾ കൈകാര്യം ചെയ്യാൻ ശാസ്ത്രീയമായ സമീപനമില്ലാത്തത് ഗൗരവകരമായ പാരിസ്ഥിതിക-സാമൂഹിക പ്രശ്നങ്ങൾക്ക് കാരണമാകുന്നുണ്ട്. ഓഡിറ്റോറിയങ്ങൾ, സിനിമാതിയേറ്ററുകൾ, ഷോപ്പിംഗ് മാളുകൾ, കാറ്ററിംഗ് ഏജൻസികൾ തുടങ്ങി 'വൻകിട മാലിന്യ ഉത്പാദകർ' എന്ന വിഭാഗത്തിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണത്തിന് പ്രത്യേക ശ്രദ്ധ നൽകാവുന്നതാണ്. ഇത്തരം ഇടങ്ങളിൽ/സ്ഥാപനങ്ങളിൽ മാലിന്യങ്ങൾ നിയന്ത്രിക്കുന്നതിനും ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ സജ്ജമാണെന്നും, അവ കൃത്യമായി പ്രവർത്തിക്കുന്നുണ്ടെന്നും ഉറപ്പുവരുത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധ്യമാണ്. നിയമപരമായ നിയന്ത്രണങ്ങൾ ഉറപ്പാക്കിക്കൊണ്ട് ഇവിടങ്ങളിലെ മാലിന്യ സംസ്കരണം കാര്യക്ഷമമാക്കുന്നതിലൂടെ ഈ മേഖലയിലെ പ്രശ്നങ്ങൾക്ക് ഒരുപരിധിവരെ പരിഹാരം കാണാൻ സാധിക്കുന്നതാണ്.



## ജലമലിനീകരണം

ജില്ലയിലെ ജലാശയങ്ങൾ നേരിടുന്ന മലിനീകരണ ഭീഷണി ലഘൂകരിക്കുന്നതിന് വിവിധ തലങ്ങളിലുള്ള ഇടപെടലുകൾ സാധ്യമാണ്. അനിയന്ത്രിതമായ മാലിന്യ നിക്ഷേപം, മലിനജലം, കക്കൂസ് മാലിന്യങ്ങൾ എന്നിവ ജലാശയങ്ങളിലേക്ക് ഒഴുക്കുന്നത് തടയാൻ വ്യാപകമായ നിയമ ബോധവൽക്കരണവും കർശനമായ നടപടികളും സ്വീകരിക്കാവുന്നതാണ്. ജനകീയ നിരീക്ഷണ സംവിധാനങ്ങൾ ഒരുക്കൽ, നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കൽ എന്നിവ കൂടാതെ, മാലിന്യങ്ങൾ ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനും ആവശ്യമായ സംവിധാനങ്ങൾ വിപുലപ്പെടുത്തുന്നതും ഈ പ്രശ്നത്തെ ലഘൂകരിക്കാൻ സഹായിക്കും. മലിനീകരിക്കപ്പെട്ട ജലാശയങ്ങളുടെ വീണ്ടെടുപ്പിൽ ജനകീയ പങ്കാളിത്തത്തോടെയുള്ള ശുചീകരണ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകാവുന്നതാണ്. ഇതിലൂടെ ജലസ്രോതസ്സുകളെ സംരക്ഷിക്കുന്നതിനുള്ള പൊതുബോധം മെച്ചപ്പെടുത്താനാകും. പ്ലാസ്റ്റിക്കിന്റെയും ഒറ്റത്തവണ ഉപയോഗ വസ്തുക്കളുടെയും ഉപയോഗം പരമാവധി കുറയ്ക്കാനും, പകരം പുനരുപയോഗ സാധ്യമായ പരിസ്ഥിതി സൗഹൃദ ഉത്പന്നങ്ങൾ ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കാനുമുള്ള ഇടപെടലുകൾ വ്യാപിപ്പിക്കാവുന്നതാണ്. ഇത്തരം ബദൽ ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രത്യേക ഇടപെടലുകൾക്കും ഈ മേഖലയിൽ വലിയ സാധ്യതയുണ്ട്.



## തീരദേശ സംരക്ഷണവും കണ്ടൽ വനങ്ങളുടെ പ്രാധാന്യവും

പൊന്നാനി, വെളിയംകോട്, കൂട്ടായി, പാലപ്പെട്ടി, താനൂർ, വള്ളിക്കുന്ന് തുടങ്ങിയ മേഖലകളിൽ അനുഭവപ്പെടുന്ന തീരശോഷണം ലഘൂകരിക്കുന്നതിന് ശാസ്ത്രീയമായ നടപടികൾ സാധ്യമാണ്. നഗരവൽക്കരണത്തിന്റെ ഭാഗമായുള്ള കയ്യേറ്റങ്ങൾ തടഞ്ഞും, തീരദേശത്തെ സസ്യാവരണം സംരക്ഷിച്ചും മണ്ണൊലിപ്പ് ഒരുപരിധിവരെ നിയന്ത്രിക്കാൻ സാധിക്കും. തണ്ണീർത്തടങ്ങൾ സംരക്ഷിക്കുന്നതിലൂടെ അവിടുത്തെ തനതായ ജൈവവൈവിധ്യത്തെയും പക്ഷികളെയും കക്കവർഗ്ഗങ്ങളെയും നിലനിർത്താൻ സാധിക്കും.



തൂവൽ തീരം, കടലുണ്ടി, പടിഞ്ഞാറേക്കര തുടങ്ങിയ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മാലിന്യ സംസ്കരണം കൂടുതൽ കാര്യക്ഷമമാക്കാവുന്നതാണ്. സന്ദർശകർ അലക്ഷ്യമായി മാലിന്യം വലിച്ചെറിയുന്നത് തടയാൻ കർശനമായ ഇടപെടലുകളും ബോധവൽക്കരണവും സാധ്യമാണ്. തീരദേശത്ത് അടിഞ്ഞുകൂടുന്ന മാലിന്യങ്ങളിൽ 96 ശതമാനവും പുഴകളിലൂടെ ഒഴുകിയെത്തുന്നവയായതിനാൽ, കിഴക്കൻ നഗരപ്രദേശങ്ങളിലും ജനവാസമേഖലകളിലും ഉറവിട മാലിന്യ സംസ്കരണം കാര്യക്ഷമമാക്കുന്നതിലൂടെ തീരദേശ മലിനീകരണം തടയാൻ സാധിക്കും.

കടൽക്ഷോഭം, സുനാമി പോലുള്ള പ്രകൃതിദുരന്തങ്ങളെ ചെറുക്കുന്നതിന് കണ്ടൽക്കാടുകളെ സ്വാഭാവിക സുരക്ഷാഭിത്തിയായി ഉപയോഗപ്പെടുത്താനാവും. കണ്ടൽക്കാടുകളുടെ പാരിസ്ഥിതിക പ്രാധാന്യം ജനങ്ങളിൽ എത്തിക്കുന്നതിന് വിപുലമായ ബോധവൽക്കരണ ക്യാമ്പയിനുകൾ സംഘടിപ്പിക്കാം. സന്നദ്ധ സംഘടനകളുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ തീരപ്രദേശങ്ങളിൽ കണ്ടൽ വനങ്ങൾ വെച്ചുപിടിപ്പിക്കാനും, നിലവിലുള്ള ആവാസവ്യവസ്ഥയെ സംരക്ഷിക്കാനും സാധിക്കും.

### കനോലി കനാലിന്റെ വീണ്ടെടുപ്പ്

ജില്ലയുടെ ഭൂതകാല വാണിജ്യ സിരാകേന്ദ്രമായിരുന്ന കനോലി കനാലിന്റെ നഷ്ടപ്പെട്ട പ്രതാപം വീണ്ടെടുക്കാവുന്നതും അതിന്റെ പാരിസ്ഥിതിക പ്രാധാന്യം സംരക്ഷിക്കാവുന്നതും ജലഗതാഗതം പുനരാരംഭിക്കാവുന്നതുമാണ്. കനാലിലേക്കുള്ള വാണിജ്യ സ്ഥാപനങ്ങളുടെ മാലിന്യ നിക്ഷേപവും മലിനജല വിസർജ്ജനവും കർശനമായി നിയന്ത്രിക്കുന്നതിലൂടെ മലിനീകരണം ഗണ്യമായി കുറയ്ക്കാൻ സാധിക്കും. കനാൽ ശുചീകരിക്കുന്നതിലൂടെയും കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്നതിലൂടെയും ദുർഗന്ധവും പകർച്ചവ്യാധി ഭീഷണിയും ഇല്ലാതാക്കി, കനാലിനെ ഒരു പ്രധാന ജലപാതയായി മാറ്റിയെടുക്കാൻ കഴിയും.



## വരൾച്ചയും ജലവിഭവ സംരക്ഷണവും

പള്ളിക്കൽ, ചേലേമ്പ്ര, ചെറുകാവ്, പുലാമന്തോൾ, താഴെക്കോട്, എടക്കര, കുറ്റിപ്പുറം, വെട്ടം, തൃപ്പങ്ങോട്ട്, മംഗലം, മൂന്നിയൂർ, നന്നമ്പ്ര തുടങ്ങിയ പ്രദേശങ്ങളിൽ വേനൽക്കാലത്ത് അനുഭവപ്പെടുന്ന രൂക്ഷമായ വരൾച്ചയ്ക്ക് ശാശ്വത പരിഹാരം കാണാൻ സാധ്യമാണ്. ജില്ലയിൽ ലഭിക്കുന്ന ശരാശരി 2165 മില്ലിമീറ്റർ മഴവെള്ളം കാര്യക്ഷമമായി വിനിയോഗിച്ചുകൊണ്ട്, മഴക്കാലത്ത് ജലസമൃദ്ധിയും വേനലിൽ വരൾച്ചയും എന്ന വിരോധാഭാസത്തെ മറികടക്കാൻ കഴിയും. കടലിലേക്ക് ഒഴുകിപ്പോകുന്ന 78,000 ദശലക്ഷം ഘന മീറ്റർ ജലത്തിൽ, ഉപയോഗയോഗ്യമായ 60 ശതമാനത്തോളം (ഏകദേശം 46,800 ദശലക്ഷം ഘന മീറ്റർ) ജലം തടഞ്ഞുനിർത്തിയും ശാസ്ത്രീയമായി സംഭരിച്ചും ഉപയോഗപ്പെടുത്താൻ സാധിക്കും. ചാലിയാർ, കടലുണ്ടിപ്പുഴ, തിരൂർപ്പുഴ, ഭാരതപ്പുഴ, കാഞ്ഞിരമുക്ക് പുഴ എന്നിവയിൽ വേനൽക്കാലത്ത് നീരൊഴുക്ക് നിലയ്ക്കുന്നത് തടയാൻ ശാസ്ത്രീയമായ ജലസംരക്ഷണ മാർഗ്ഗങ്ങൾ അവലംബിക്കാവുന്നതാണ്. നിലവിൽ ടാങ്കർ ലോറികളെ ആശ്രയിക്കുന്നതിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉണ്ടാകുന്ന ഭീമമായ സാമ്പത്തിക ബാധ്യത (ശരാശരി 10 ലക്ഷം രൂപ) ഒഴിവാക്കാൻ ഇതിലൂടെ സാധിക്കും. കൃത്യമായ ആസൂത്രണത്തിലൂടെയും മുൻഗണനാടിസ്ഥാനത്തിലുള്ള ഇടപെടലുകളിലൂടെയും കാർഷിക-വ്യവസായ-പാരിസ്ഥിതിക മേഖലകളിലെ ജലപ്രതിസന്ധികൾക്ക് പരിഹാരം കാണാനും ജില്ലയെ വരൾച്ചാ വിമുക്തമാക്കാനും സാധിക്കും.

## വന്യമൃഗങ്ങളുടെ കാടിറക്കം തടയൽ

വരൾച്ച മൂലം വന്യമൃഗങ്ങൾ കാടിറങ്ങുന്ന സാഹചര്യം, പ്രത്യേകിച്ച് നിലമ്പൂർ, കാളികാവ്, വണ്ടൂർ തുടങ്ങിയ വനമേഖലകളിൽ, ഫലപ്രദമായ ഇടപെടലുകളിലൂടെ ലഘൂകരിക്കാൻ സാധിക്കും. കുടിവെള്ളം തേടി നാട്ടിലേക്കിറങ്ങുന്ന ആന ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ മനുഷ്യജീവനും കാർഷിക വിളകൾക്കും



വട്ടംകുളം പോട്ടൂർ പാടശേഖരത്തിൽ കാട്ടുപന്നികൾ കൂട്ടമായി എത്തി നെൽക്കൃഷി നശിപ്പിച്ച നിലയിൽ

ഭീഷണിയാകുന്ന സാഹചര്യം ശാസ്ത്രീയമായ സമീപനത്തിലൂടെ ഒഴിവാക്കാൻ സാധിക്കും. ഇതിനായി, വനത്തിനുള്ളിൽ തന്നെ മൃഗങ്ങൾക്ക് ദാഹമകറ്റാനുള്ള ജലാശയങ്ങളും തടയണകളും നിർമ്മിക്കുന്ന പ്രവർത്തനങ്ങൾ ദ്രുതഗതിയിലാക്കാവുന്നതാണ്. വനത്തിനുള്ളിൽ ജലലഭ്യത ഉറപ്പാക്കുന്നതിലൂടെ വന്യമൃഗങ്ങൾ ജനവാസമേഖലകളിലേക്ക് ഇറങ്ങുന്നത് ഒരു പരിധിവരെ തടയാൻ സാധിക്കും.

### വനനശീകരണവും മരംമുറിക്കലും

വ്യവസായവൽക്കരണത്തിന്റെയും നഗരവൽക്കരണത്തിന്റെയും ഭാഗമായി നടക്കുന്ന മരംമുറിക്കൽ സൃഷ്ടിക്കുന്ന പാരിസ്ഥിതിക ആഘാതങ്ങളെ, വ്യാപകമായ വൃക്ഷവൽക്കരണത്തിലൂടെ മറികടക്കാൻ സാധിക്കുന്നതാണ്. ഒന്നാം അധ്യായത്തിൽ സൂചിപ്പിച്ചതുപോലെ, അന്തരീക്ഷ താപനിലയിലുള്ള വർദ്ധനവിനും കാലാവസ്ഥാ വ്യതിയാനത്തിനും കാരണമാകുന്ന വനനശീകരണത്തെ പ്രതിരോധിക്കാൻ മരങ്ങൾ വെച്ചുപിടിപ്പിക്കുക എന്നത് മാത്രമാണ് പ്രായോഗിക മാർഗ്ഗം. വികസന പ്രവർത്തനങ്ങൾക്കായി മുറിച്ചുനീക്കപ്പെടുന്ന മരങ്ങൾക്ക് പകരം കൂടുതൽ തൈകൾ നട്ടുപിടിപ്പിക്കാനും, നിലവിൽ നടന്നുവരുന്ന വൃക്ഷവത്കരണ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കാനും സാധ്യമാണ്.

### പാറക്വാറി ഖനനവും പരിഹാരങ്ങളും

അനധികൃത ഖനനം മൂലം നഷ്ടപ്പെടുന്ന കുന്നുകളെയും സ്വാഭാവിക ജലസംഭരണികളും സംരക്ഷിക്കുന്നതിനായി പാരിസ്ഥിതിക ആഘാത പഠനം (EIA), ഡിജിറ്റൽ മാപ്പിംഗ് എന്നിവ കർശനമാക്കാവുന്നതാണ്. ക്യൂബിക് മീറ്റർ അടിസ്ഥാനത്തിൽ ഖനനം നിയന്ത്രിക്കാനും, ജലസ്രോതസ്സുകളിൽ നിന്ന് നിശ്ചിത അകലം പാലിച്ചുകൊണ്ട് മാത്രം ഖനനം അനുവദിക്കാനും സാധിക്കുന്നതാണ്. അനധികൃത ക്വാറികൾക്കെതിരെ പിഴയും ക്രിമിനൽ നടപടികളും ഉൾപ്പെടെയുള്ള ശക്തമായ നിയമനടപടികൾ സ്വീകരിക്കാവുന്നതാണ്. ഖനനം പൂർത്തിയായ സ്ഥലങ്ങൾ മഴവെള്ള സംഭരണികളാക്കി മാറ്റാനും, അവിടെ തദ്ദേശീയ സസ്യങ്ങൾ വെച്ചുപിടിപ്പിച്ച് പച്ചപ്പ് വീണ്ടെടുക്കാനും സാധ്യമാണ്. ഗ്രാമപഞ്ചായത്തും നാട്ടുകാരും ഉൾപ്പെട്ട 'ലോക്കൽ മോണിറ്ററിംഗ് കമ്മിറ്റികൾ' (Community Monitoring) രൂപീകരിച്ച് പ്രാദേശിക നിരീക്ഷണം ശക്തിപ്പെടുത്താം. കൂടാതെ, നിർമ്മാണ ആവശ്യങ്ങൾക്കായി





ചെങ്കല്ലിനും കരിങ്കല്ലിനും പകരമായി CSEB, Fly ash bricks തുടങ്ങിയ പരിസ്ഥിതി സൗഹൃദ നിർമ്മാണ വസ്തുക്കളെ പ്രോത്സാഹിപ്പിക്കാനും സാധിക്കുന്നതാണ്.

## വ്യവസായ മാലിന്യ സംസ്കരണം

സംസ്ഥാനത്തിന്റെ വ്യവസായ പുരോഗതി അനിവാര്യമാണെങ്കിലും, അതോടൊപ്പം തന്നെ മാലിന്യങ്ങളുടെ ശാസ്ത്രീയ സംസ്കരണവും ഉറപ്പുവരുത്തേണ്ടതുണ്ട്. ജില്ലയിൽ പലയിടങ്ങളിലും, പ്രത്യേകിച്ച് ജലാശയങ്ങളിലേക്ക് വ്യവസായ മാലിന്യങ്ങൾ പുറംതള്ളുന്നത് അടിയന്തരമായി തടയാൻ സാധിക്കും. ഇതിനായി ഹരിത ചെക്ക്പോസ്റ്റ് സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തുകളെയും നാട്ടുകാരെയും ഉൾപ്പെടുത്തി 'ലോക്കൽ മോണിറ്ററിംഗ് കമ്മിറ്റികൾ' (Community Monitoring) രൂപീകരിച്ച് പ്രാദേശിക നിരീക്ഷണം ശക്തിപ്പെടുത്താനും സാധിക്കും. വ്യവസായശാലകളിൽ മാലിന്യ സംസ്കരണ പ്ലാന്റുകൾ നിർബന്ധമാക്കിയും, അവ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തിയും ഈ മേഖലയിലെ മാലിന്യപ്രശ്നങ്ങൾ ലഘൂകരിക്കാൻ സാധിക്കും.

# ഒരു പതിറ്റാണ്ടിന്റെ ഇടപെടലുകളും നേട്ടങ്ങളും

മുൻ അധ്യായങ്ങളിൽ ജില്ല നേരിടുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെ കുറിച്ചും കൃത്യമായ ഇടപെടലിലൂടെ പരിഹരിക്കാൻ കഴിയുന്നവയെക്കുറിച്ചും വിശദമായി പരാമർശിച്ചല്ലോ. ഈ പ്രതിസന്ധികളിൽ ഭൂരിഭാഗവും ശാസ്ത്രീയവും പ്രായോഗികവുമായ സമീപനത്തിലൂടെ ലഘൂകരിക്കാനോ പൂർണമായി പരിഹരിക്കാനോ സാധിച്ചിട്ടുണ്ട്. ഇത്തരത്തിൽ കഴിഞ്ഞ പത്തുവർഷത്തിനിടെ ഹരിത കേരളം മിഷൻ ജില്ലയിലെ മാലിന്യസംസ്കരണം, ജലസംരക്ഷണം, പരിസ്ഥിതി പുനഃസ്ഥാപനം എന്നീ മേഖലകളിൽ നടപ്പിലാക്കിയ ഇടപെടലുകളും നേട്ടങ്ങളുമാണ് ഈ അധ്യായത്തിൽ വിശദീകരിക്കുന്നത്.

## മാലിന്യസംസ്കരണ രംഗത്തെ മുന്നേറ്റങ്ങൾ

കേരളത്തിന്റെ വികസന ചരിത്രത്തിൽ സുപ്രധാനമായ ഒരു വഴിത്തിരിവാണ് മാലിന്യസംസ്കരണ രംഗത്തെ വികേന്ദ്രീകൃത ആസൂത്രണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കരുത്തുറ്റ ഒരു പിന്തുണ സംവിധാനമായി പ്രവർത്തിച്ചുകൊണ്ട് ഹരിതകേരളം മിഷൻ മലപ്പുറം ജില്ലയിൽ കഴിഞ്ഞ പത്തുവർഷത്തിനിടെ വലിയ മാറ്റങ്ങളാണ് സൃഷ്ടിച്ചത്. കേവലം മാലിന്യം നീക്കം ചെയ്യുക എന്നതിലുപരി, മാലിന്യത്തെ ഒരു വിഭവമായി കണ്ട് ശാസ്ത്രീയമായി സംസ്കരിക്കുക എന്ന സംസ്കാരം വളർത്തിയെടുക്കാൻ ഈ കാലയളവിൽ സാധിച്ചു.

ശുചിത്വ മാലിന്യ സംസ്കരണം, ജലസംരക്ഷണം എന്നീ മേഖലകളെ ഏകോപിപ്പിച്ചുകൊണ്ട്, തദ്ദേശസ്വയംഭരണ വകുപ്പ്, ശുചിത്വ മിഷൻ, കുടുംബശ്രീ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ക്ലീൻ കേരള കമ്പനി തുടങ്ങിയ വകുപ്പുകളെയും ഏജൻസികളെയും ഒരു കുടക്കീഴിൽ അണിനിരത്തിയാണ് ഈ നേട്ടം കൈവരിച്ചത്. ഈ അധ്യായം ജില്ലയിൽ കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടെ നടന്ന മാലിന്യസംസ്കരണ ഇടപെടലുകളെയും അവയിലൂടെ ഉരുത്തിരിഞ്ഞ സാമൂഹിക മാറ്റങ്ങളെയും, കൈവരിച്ച നേട്ടങ്ങളെയും വിശദമായി വിശകലനം ചെയ്യുന്നു.

### 1: ഘടനാപരമായ മാറ്റങ്ങളും ഹരിതകർമ്മ സേനയും

മാലിന്യസംസ്കരണത്തിൽ മലപ്പുറം ജില്ല കൈവരിച്ച ഏറ്റവും വലിയ നേട്ടം ഹരിതകർമ്മ സേനയുടെ രൂപീകരണം വഴിയുള്ള ഘടനാപരമായ മാറ്റമാണ്. മുൻകാലങ്ങളിൽ മാലിന്യം പൊതുയിടങ്ങളിൽ വലിച്ചെറിയുന്ന രീതിയായിരുന്നു ഉണ്ടായിരുന്നത് എങ്കിൽ, കഴിഞ്ഞ പത്തുവർഷത്തിനിടയിൽ ഇതിനൊരു കൃത്യമായ ബദൽ സംവിധാനം ഒരുക്കാൻ കഴിഞ്ഞു.



ജില്ലയിലെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും (ഗ്രാമപഞ്ചായത്തുകൾ, നഗരസഭകൾ) ഹരിതകർമ്മ സേനയുടെ പ്രവർത്തനം ഉറപ്പാക്കി. വീടുകളിലും സ്ഥാപനങ്ങളിലും നേരിട്ടെത്തി അജൈവ മാലിന്യങ്ങൾ (Non-biodegradable waste) ശേഖരിക്കുന്ന രീതി സാർവത്രികമായി. തദ്ദേശസ്ഥാപനങ്ങളുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ, കുടുംബശ്രീ മിഷന്റെ സഹകരണത്തോടെ പ്രവർത്തിക്കുന്ന ഈ സേന, മാലിന്യശേഖരണത്തിൽ 100% വാതിൽപ്പടി ശേഖരണം (Door-to-door collection) എന്ന ലക്ഷ്യത്തിലേക്ക് ജില്ലയെ നയിച്ചു. നിലവിൽ ജില്ലയിലെ വാതിൽപടി സേവനം 70% ത്തിൽ എത്തിനിൽക്കുന്നു. ഇത് സ്ത്രീകൾക്ക് വലിയ തോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സഹായിച്ചു. ഇന്ന് ജില്ലയിൽ ആകെ 3379 ഹരിതകർമസേനങ്ങളുണ്ട്.



## 2: അജൈവ മാലിന്യ സംസ്കരണം - ശാസ്ത്രീയ സമീപനങ്ങൾ

പ്ലാസ്റ്റിക്, ഇ-വേസ്റ്റ്, ചില്ലുകൾ തുടങ്ങിയ അജൈവ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിൽ ജില്ല മികച്ച മാതൃകകൾ സൃഷ്ടിച്ചു. ക്ലീൻ കേരള കമ്പനിയുമായും മറ്റ് സ്വകാര്യ ഏജൻസികളുമായും സഹകരിച്ചാണ് ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചത്.




### 2.1 എം.സി.എഫുകളും ആർ.ആർ.എഫുകളും

ശേഖരിക്കുന്ന മാലിന്യങ്ങൾ തരംതിരിക്കുന്നതിനായി എല്ലാ തദ്ദേശസ്ഥാപനങ്ങളിലും മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ (MCF) സ്ഥാപിച്ചു. ഇവിടെ തരംതിരിക്കുന്ന പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവമാലിന്യങ്ങൾ ബ്ലോക്ക്/നഗരസഭാ തലത്തിലുള്ള റിസോഴ്സ് റിക്കവറി ഫെസിലിറ്റികളിലേക്ക് (RRF) മാറ്റുകയും അവിടെനിന്നും പുനഃചംക്രമണത്തിനായി കൈമാറുകയും ചെയ്യുന്നു. നിലവിൽ 94 ഗ്രാമപഞ്ചായത്തുകളിലും 12 നഗരസഭകളിലുമായി 135 എം.സി.എഫുകൾ പ്രവർത്തിക്കുന്നു. കൂടാതെ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സഹകരണത്തോടെ വാർഡ് അടിസ്ഥാനത്തിൽ 1474 മിനി എം.സി.എഫുകളും ജില്ലയിൽ സ്ഥാപിച്ചു. ഇത് മാലിന്യശേഖരണം കൂടുതൽ വികേന്ദ്രീകൃതമാക്കാൻ സഹായിച്ചു.

### 2.2 പ്ലാസ്റ്റിക് പുനരുപയോഗവും റോഡ് നിർമ്മാണവും

കുറ്റിപ്പുറം, മങ്കട ബ്ലോക്കുകളിലും പെരിന്തൽമണ്ണ, മലപ്പുറം നഗരസഭകളിലും സ്ഥാപിച്ച പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുകൾ (Shredding Units) അജൈവ മാലിന്യ സംസ്കരണത്തിൽ നിർണ്ണായകമായി. ഇവിടെ വച്ച് പൊടി രൂപത്തിലാക്കുന്ന പ്ലാസ്റ്റിക്, റോഡ് ടാറിംഗിനായി (Polymerized Road) ഉപയോഗിക്കുന്നു. ഇത് മാലിന്യപ്രശ്നം പരിഹരിക്കുന്നതോടൊപ്പം റോഡുകളുടെ ആയുസ്സ് വർദ്ധിപ്പിക്കാനും സഹായിക്കുന്നു.

### 2.3 മാലിന്യ നീക്കം: കണക്കുകളിലൂടെ

2022 മുതൽ 2025 വരെയുള്ള കാലയളവിൽ ക്ലീൻ കേരള കമ്പനി വഴി മാത്രം ജില്ലയിൽ നിന്നും നീക്കം ചെയ്ത മാലിന്യങ്ങളുടെ കണക്കുകൾ താഴെ നൽകുന്നു:

| ഇനം (Category) | അളവ് (കിലോഗ്രാമിൽ) |
| --- | --- |
| Rejects (പുനഃചംക്രമണ സാധ്യമല്ലാത്തത്) | 98,66,440.00 |
| Segregated Plastic (പുനഃചംക്രമണ സാധ്യമായത്) | 4,68,543.20 |
| Legacy Waste (കൂടിക്കലർന്ന പഴയ മാലിന്യം) | 66,545.00 |
| E-waste (ഇലക്ട്രോണിക് മാലിന്യം) | 72,957.40 |
| Glass (ചില്ലുകൾ) | 52,440.00 |
| ആകെ (Total) | 1,05,31,629.60 Kg<br>(10,531.63 ടൺ) |

ഹരിതകർമ്മ സേനയുടെയും എം.സി.എഫുകളുടെയും പ്രവർത്തനം ഏകോപിപ്പിച്ചതോടെ ശേഖരിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവിൽ വിപ്ലവകരമായ വർദ്ധനവുണ്ടായി. ഇത് തദ്ദേശ സ്ഥാപനങ്ങളുടെ മാലിന്യ മാനേജ്മെന്റ് സിസ്റ്റത്തിന്റെ കാര്യക്ഷമതയാണ് സൂചിപ്പിക്കുന്നത്.

- വൻ കുതിച്ചുചാട്ടം: 2022-ൽ 26,421 കിലോ മാലിന്യമാണ് ജില്ലയിൽ ശേഖരിച്ചതെങ്കിൽ, 2023-ൽ ഇത് 9,00,114.75 കിലോ ആയി വർദ്ധിച്ചു.
- പുനരുപയോഗവും വിഭവ സമാഹരണവും: ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങളെ വെറും പാഴ് വസ്തുക്കളായല്ല, മറിച്ച് വിഭവങ്ങളായാണ് ജില്ല കണ്ടത്. 22,874 കിലോ പൊടിച്ച പ്ലാസ്റ്റിക് ഉപയോഗിച്ച് ജില്ലയിൽ 13.9 കിലോമീറ്ററോളം റോഡ് ടാറിംഗ് പൂർത്തിയാക്കി. ക്ലീൻ കേരള കമ്പനി വഴി ടൺ കണക്കിന് ഇ-മാലിന്യങ്ങൾ ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിച്ചതിലൂടെ വലിയൊരു പാരിസ്ഥിതിക വെല്ലുവിളിയാണ് തദ്ദേശ സ്ഥാപനങ്ങൾ പരിഹരിച്ചത്.

ശാസ്ത്രീയമായ ഇടപെടലുകളില്ലായിരുന്നെങ്കിൽ മുകളിലെ പട്ടിക പ്രകാരം ഈ 10,531 ടൺ മാലിന്യം ജില്ലയിലെ മണ്ണിലും ജലത്തിലും വലിയ മാലിന്യ നിക്ഷേപങ്ങളായിയിരുന്നേനെ എന്നത് തീർച്ചയാണ്.

## 3: ജൈവ മാലിന്യ സംസ്കരണം - വികേന്ദ്രീകൃത മാതൃകകൾ

ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുക (Source Level Composting) എന്ന നയമാണ് ജില്ലയിൽ സ്വീകരിച്ചത്. ഇതിനായി വീടുകൾ, വിദ്യാലയങ്ങൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ വികേന്ദ്രീകൃത സംവിധാനങ്ങൾ പ്രോത്സാഹിപ്പിച്ചു.

### 3.1 ഗാർഹിക-സ്ഥാപനതല സംവിധാനങ്ങൾ

ബയോബിൻ, ബയോഗ്യാസ് പ്ലാന്റുകൾ, റിംഗ് കമ്പോസ്റ്റ്, തുമ്പൂർമൂഴി എയ്റോബിക് കമ്പോസ്റ്റ് എന്നിവ വ്യാപകമായി സ്ഥാപിച്ചു. സ്കൂളുകളിലും മറ്റ് സ്ഥാപനങ്ങളിലും ദ്രവമാലിന്യ സംസ്കരണത്തിനായി സോക്ക് പിറ്റുകൾ (Soak Pits) നിർമ്മിച്ച് മലിനജലം ഭൂമിയിലേക്ക് നേരിട്ട് ഒഴുക്കുന്നത് തടഞ്ഞു. ഇതിനായി തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്താൻ ആരംഭിച്ചു.

### 3.2 'ബയോ ശക്തി' – ഊർജ്ജോൽപ്പാദന മാതൃക

പെരിന്തൽമണ്ണ നഗരസഭയിൽ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സ്ഥാപിച്ച 'ബയോ ശക്തി' പ്ലാന്റ് ജില്ലയിലെ ജൈവമാലിന്യ സംസ്കരണത്തിലെ നാഴികക്കല്ലാണ്. ജൈവമാലിന്യത്തിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന ഈ പദ്ധതി, മാലിന്യത്തെ ഊർജ്ജമാക്കി മാറ്റുന്ന (Waste to Energy) നൂതന ആശയത്തിന് ജില്ലയിൽ തുടക്കം കുറിച്ചു. പ്രതിദിനം രണ്ട് ടൺ ജൈവമാലിന്യം

സംസ്കരിക്കാനുള്ള കപ്പാസിറ്റി ഈ പ്ലാന്റിനുണ്ട്. ഇതിലൂടെ 160 ക്യൂബിക് മീറ്റർ മീഥെയിൻ ഗ്യാസ് ദിവസവും ഉത്പാദിപ്പിക്കപ്പെടുന്നു. കൂടാതെ ഇതിൽനിന്നും 40 KVA ജനറേറ്റർ വൈദ്യുതിയായി ഉൽപ്പാദിപ്പിക്കപ്പെടുന്നു. ഈ വൈദ്യുതി പ്ലാന്റിന്റെ സ്വന്തം പ്രവർത്തന ആവശ്യങ്ങൾക്കും ബെയ്‌ലിങ് മെഷീൻ പ്രവർത്തിക്കുന്നതിനും ഉപയോഗിക്കുന്നു.

### 3.3 അറവുമാലിന്യ സംസ്കരണം (Rendering Plants)

ഏറ്റവും വലിയ വെല്ലുവിളിയായിരുന്ന ചിക്കൻ വേസ്റ്റ് ഉൾപ്പെടെയുള്ള അറവുമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ജില്ലയിൽ റെൻഡറിംഗ് പ്ലാന്റുകൾ (Rendering Plants) സ്ഥാപിച്ചു. നിലവിൽ ജില്ലയിൽ 16 പ്ലാന്റുകൾ ഉള്ളതിൽ 11 എണ്ണം പൂർണ്ണ തോതിൽ പ്രവർത്തിക്കുന്നു. ചിക്കൻ മാലിന്യങ്ങളെ വളവും മൃഗത്തീറ്റയുമാക്കി മാറ്റുന്ന ഈ പ്രക്രിയയിലൂടെ ജലാശയ മലിനീകരണം വലിയൊരളവ് വരെ കുറയ്ക്കാൻ സാധിച്ചു.

## 4: മാലിന്യനിക്ഷേപ കേന്ദ്രങ്ങളുടെ വീണ്ടെടുപ്പ്

ജില്ലയിൽ വിവിധ ഇടങ്ങളിൽ വർഷങ്ങളായി കുന്നുകൂടിക്കിടന്നിരുന്ന മാലിന്യങ്ങൾ (Legacy Waste) നീക്കം ചെയ്യുന്നതിലും നഗരങ്ങളെ മാലിന്യമുക്തമാക്കുന്നതിലും ജില്ല വലിയ മുന്നേറ്റം നടത്തി. പതിറ്റാണ്ടുകളായി മാലിന്യക്കൂമ്പാരമായി കിടന്നിരുന്ന പുളിയേറ്റുമ്മൽ 4.5 ഏക്കർ വരുന്ന ട്രെഞ്ചിങ് ഗ്രൗണ്ടിലെ മാലിന്യം ലോകബാങ്കിന്റെയും ഏഷ്യൻ ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്കിന്റെയും സഹായത്തോടെ പൂർണ്ണമായും പാരിസ്ഥിതിക സാമൂഹിക ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ട് കേരള ഖരമാലിന്യ പരിപാലന പദ്ധതിയിലൂടെ നീക്കം ചെയ്തു. ഇതിലൂടെ കാലങ്ങളായി കൂടിക്കിടന്ന മാലിന്യക്കൂമ്പാരങ്ങൾ ബയോമൈനിങ് പ്രവർത്തിമുഖേന നീക്കം ചെയ്ത് സംസ്കരിക്കുകയും ഭൂമി വീണ്ടെടുക്കുകയും ചെയ്തു.

2025 ജനുവരി 25 ന് ആരംഭിച്ച ഈ പ്രവൃത്തി കേവലം 7 മാസംകൊണ്ട് പൂർത്തിയാക്കി. ഈ പദ്ധതിയിലൂടെ 10,604 മീറ്റർ ക്യൂബ് മാലിന്യം നീക്കം ചെയ്യാൻ സാധിച്ചു. മാലിന്യങ്ങൾ പ്രോസസ്സ് ചെയ്ത് തരംതിരിച്ച 1430 മെട്രിക് ടൺ RDF ഡാൽമിയ സിമെന്റ് കമ്പനിക്ക് കൈമാറി.





പെരിന്തൽമണ്ണ, മലപ്പുറം നഗരസഭകളിലെ വർഷങ്ങളായുള്ള മാലിന്യ നിക്ഷേപ കേന്ദ്രങ്ങൾ (Dump sites) ബയോമൈനിംഗ് എന്ന ശാസ്ത്രീയ രീതിയിലൂടെ പൂർണ്ണമായും നീക്കം ചെയ്തു. മഞ്ചേരി നഗരസഭയിൽ ഈ പ്രക്രിയ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കൂടാതെ, വൻതോതിൽ മാലിന്യം ഉൽപ്പാദിപ്പിക്കുന്ന 'ബൾക്ക് വേസ്റ്റ് ജനറേറ്റേഴ്സിൽ' (Bulk Waste Generators) നിന്നുള്ള മാലിന്യശേഖരണവും സംസ്കരണവും ഉറപ്പാക്കിയതിലൂടെ പൊതുയിടങ്ങളിലെ മാലിന്യനിക്ഷേപം തടയാൻ സാധിച്ചു. മാലിന്യക്കൂനകൾ ഇല്ലാതാക്കിയത് വഴി സമീപവാസികളുടെ ആരോഗ്യപ്രശ്നങ്ങൾക്ക് പരിഹാരം കാണാനും പാരിസ്ഥിതിക വീണ്ടെടുപ്പിനും സാധിച്ചു.

## ജനകീയ പങ്കാളിത്തവും സാംസ്കാരിക മാറ്റവും: 'മാലിന്യമുക്തം നവകേരളം' ജനകീയ ക്യാമ്പയിൻ

മാലിന്യസംസ്കരണ രംഗത്ത് ജില്ലയിൽ ഇന്ന് നാം കാണുന്ന മാറ്റങ്ങൾ തുടർച്ചയായ ക്യാമ്പയിനുകളിലൂടെയും പ്രവർത്തനങ്ങളിലൂടെയും സാധ്യമാക്കിയതാണ്. മാലിന്യസംസ്കരണം എന്നത് കേവലം ഭരണകൂടത്തിന്റെ ചുമതല എന്നതിലുപരി, ഓരോ പൗരന്റെയും ജീവിതശൈലിയുടെ ഭാഗമാക്കി മാറ്റാൻ തുടർച്ചയായ ഇടപെടലുകൾക്ക് സാധിച്ചു. ഈ നേട്ടങ്ങളെ സമ്പൂർണ്ണതയിലേക്ക് നയിച്ചത് 'മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനാണ്. ജനങ്ങളെ വിശ്വാസത്തിലെടുത്തുകൊണ്ടും, അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ടും നടപ്പിലാക്കിയ ഈ ക്യാമ്പയിൻ, മാലിന്യസംസ്കരണ രംഗത്ത് വലിയൊരു സാംസ്കാരിക വിപ്ലവത്തിന് തന്നെ വഴിയൊരുക്കി. ഈ ക്യാമ്പയിനിലൂടെ വിവിധ പൊതുമണ്ഡലങ്ങളിൽ കൈവരിക്കാനായ സുപ്രധാന നേട്ടങ്ങൾ ചുവടെ നൽകുന്നു.

- ഹരിത വിദ്യാലയങ്ങൾ: 1,686 സ്കൂളുകൾ ഹരിത പദവി നേടി. അതിൽ GUPS പാങ് കുറുവ, RMHSS മേലാറ്റൂർ, നിർമ്മല ഹൈസ്കൂൾ എരുമമുണ്ട, GLPS മൈലാടി, എ എം എൽ പി എസ് തൃക്കണ്ണാപുരം, ജി. എൽ. പി.എസ് ചിയ്യാനൂർ, ഗവ. യൂ.പി.സ്കൂൾ പുറത്തൂർ, കുറ്റിയിൽ AUPS പടിയം, ജി യു പി എസ് കാളികാവ് ബസാർ, തേഞ്ഞിപ്പലം AUP സ്കൂൾ, Pee Vees Public School നിലമ്പൂർ തുടങ്ങിയവ മികച്ച മാതൃകകളായി.

- ഹരിത കലാലയങ്ങൾ: 156 കോളേജുകളെ ഹരിത കലാലയങ്ങളായി പ്രഖ്യാപിച്ചു. തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല, കാലിക്കറ്റ് യൂണിവേഴ്സിറ്റി ക്യാമ്പസ്, MEA എഞ്ചിനീയറിംഗ് കോളേജ്, PSMO കോളേജ്, ഗവ. കോളേജ് മലപ്പുറം, അമൽ കോളേജ് നിലമ്പൂർ, സാഫി ഇൻസ്റ്റിറ്റ്യൂട്ട് വാഴയൂർ, ഫാറൂഖ് ആർട്സ് ആൻഡ് സയൻസ് കോളേജ് കോട്ടക്കൽ എന്നിവ ഈ മേഖലയിൽ തിളങ്ങുന്ന മുന്നേറ്റമായി.




- ഹരിത ഓഫീസുകൾ: ഉദ്യോഗസ്ഥരുടെ പ്രവർത്തനമേഖലകളും ഹരിതവൽക്കരിച്ചു. ജീവനക്കാർക്കൊപ്പം ഓഫീസിലെത്തുന്ന പൊതുജനങ്ങളും ഹരിതചട്ടം പാലിക്കാൻ നിർബന്ധിതരായതോടെ സന്ദേശം സമൂഹത്തിന്റെ നാനാതുറകളിലേക്കും വ്യാപിച്ചു. ജില്ലയിലെ 5,860 ഓഫീസുകൾ പരിശോധന പൂർത്തിയാക്കി ഹരിത ഓഫീസുകളായി പ്രഖ്യാപിച്ചു. ഇതിൽ മികച്ച നിലവാരം പുലർത്തിയ മാതൃകാ ഓഫീസുകൾ ചുവടെ പരാമർശിക്കാം.
- ആരോഗ്യ കേന്ദ്രങ്ങൾ: FHC-കൾ (പുഴക്കാട്ടിരി, പുലാമന്തോൾ, കൂട്ടായി, പുളിക്കൽ, ഒതുക്കുങ്ങൽ, കോട്ടക്കൽ, പാണ്ടിക്കാട്), മാർത്തോമ മിഷൻ ഹോസ്പിറ്റൽ ചുങ്കത്തറ, താലൂക്ക് ആശുപത്രികൾ (കുറ്റിപ്പുറം, തിരൂരങ്ങാടി), മാതൃ ശിശു ആശുപത്രി പൊന്നാനി, കുഴിമണ്ണ കുടുംബ ആരോഗ്യ കേന്ദ്രം.
- മറ്റുള്ളവ: കുടുംബശ്രീ ഓഫീസ് തവനൂർ, പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത്, വീരാളിമുണ്ട അങ്കണവാടി, ഗവ. ആയുർവേദ മാനസികാരോഗ്യ ഗവേഷണ കേന്ദ്രം കോട്ടക്കൽ, അങ്കണവാടികൾ (നന്നമ്പ്ര പനക്കത്തായം, താനാളൂർ തച്ചപറമ്പ്).
- ഹരിത സ്ഥാപനങ്ങൾ: ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ നിരോധിച്ചും ബദൽ ഉൽപ്പന്നങ്ങൾ പ്രോത്സാഹിപ്പിച്ചും കച്ചവട സ്ഥാപനങ്ങളെയും 'ഹരിത സ്ഥാപനങ്ങളാക്കി' മാറ്റി.
- ഹരിത ടൂറിസം: 37 വിനോദസഞ്ചാര കേന്ദ്രങ്ങളെ ഹരിത ടൂറിസം കേന്ദ്രങ്ങളായി ഉയർത്തി. നിലമ്പൂർ തേക്ക് മ്യൂസിയം, കോട്ടക്കുന്ന് പാർക്ക്, കാലിക്കറ്റ് യൂണിവേഴ്സിറ്റി പാർക്ക്, തുഞ്ചൻ പറമ്പ് എന്നിവ ഈ മേഖലയിൽ മികച്ച കേന്ദ്രങ്ങളായി.
- ഹരിത ടൗണുകൾ: ജനങ്ങൾ ഒത്തുചേരുന്ന 328 ടൗണുകളെ 'ഹരിത ടൗണുകളായി
- ഹരിത കെ.എസ്.ആർ.ടി.സി: വിപുലമായ ശുചീകരണ പ്രവർത്തനങ്ങളിലൂടെ ജില്ലയിലെ നാല് കെ.എസ്.ആർ.ടി.സി ഡിപ്പോകളെയും ഹരിത ഡിപ്പോകളായി മാറ്റാൻ ഈ ക്യാമ്പയിനിലൂടെ സാധിച്ചു.
- ഹരിത പൊതുവിടങ്ങൾ: 187 മാർക്കറ്റുകളും പൊതുസ്ഥലങ്ങളും മാലിന്യമുക്തമാക്കി മാറ്റി.

- കൂടാതെ ഈ പ്രവർത്തനങ്ങളുടെ ഫലമായി ജില്ലയിലെ 106 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും (100%) 'സമ്പൂർണ്ണ മാലിന്യമുക്തമായി' പ്രഖ്യാപിക്കാൻ സാധിച്ചു എന്നത് ചരിത്രപരമായ നേട്ടമാണ്.

### ഗ്രീൻ പ്രോട്ടോക്കോൾ: ഒത്തുചേരലുകൾക്ക് പുതിയ മുഖം

ജില്ലയിലെ ഔദ്യോഗികവും സാമൂഹികവുമായ പരിപാടികളിൽ ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നതിൽ വലിയ മുന്നേറ്റം ഉണ്ടായി. വിവിധ ബോധവൽക്കരണ പരിപാടികളിലൂടെ പൊതുസമൂഹത്തിന്റെ മനോഭാവത്തിൽ മാറ്റം കൊണ്ടുവരാൻ സാധിച്ചു. മാലിന്യം വലിച്ചെറിയുന്നതും കത്തിക്കുന്നതും വലിയൊരു പരിധിവരെ നിയന്ത്രിക്കപ്പെട്ടു.

- സർക്കാർ തലത്തിൽ: എല്ലാ സർക്കാർ പരിപാടികളിലും ഓഫീസുകളിലും ഒറ്റത്തവണ ഉപയോഗിച്ച് വലിച്ചെറിയുന്ന വസ്തുക്കൾ പൂർണ്ണമായും ഒഴിവാക്കി പുനരുപയോഗ സാധ്യമായ പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങൾ നിർബന്ധമാക്കി. ഓഫീസുകളിൽ കെട്ടിക്കിടന്ന ഇലക്ട്രോണിക് മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിക്ക് കൈമാറാനും 'സ്വാപ്പ് ഷോപ്പുകൾ' വഴി പുനരുപയോഗ സാധ്യമായ വസ്തുക്കളെ വീണ്ടും വിപണിയിലെത്തിച്ച് മാലിന്യത്തിന്റെ അളവ് കുറയ്ക്കാനും സാധിച്ചു.
- സാമൂഹിക-മതപരമായ തലത്തിൽ: റംസാൻ, ഓണം, ക്രിസ്മസ് ആഘോഷങ്ങളിലും പൂരം, വേല, നേർച്ച തുടങ്ങിയ മതപരമായ ചടങ്ങുകളിലും മതനേതാക്കളുടെ പൂർണ്ണ സഹകരണത്തോടെ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കി.
- ചടങ്ങുകൾ: വിവാഹങ്ങൾ ഉൾപ്പെടെയുള്ള സ്വകാര്യ ചടങ്ങുകളിലും ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നത് ഒരു അഭിമാനമായി ജനം ഏറ്റെടുത്തു.

### വ്യവസായ മാലിന്യ സംസ്കരണവും ജലസംരക്ഷണവും

ജില്ലയിലെ വ്യവസായ മേഖലയിൽ നിന്നും ജലാശയങ്ങളിലേക്ക് മാലിന്യം ഒഴുക്കുന്നത് തടയാൻ കർശനമായ നടപടികൾ സ്വീകരിച്ചു. നിലമ്പൂർ, താനൂർ, പെരിന്തൽമണ്ണ തുടങ്ങിയ വ്യവസായ കേന്ദ്രങ്ങളിൽ മലിനജല ശുദ്ധീകരണ പ്ലാന്റുകൾ (ETP - Effluent Treatment Plants) നിർബന്ധമാക്കിയതിലൂടെ പുഴകളിലെ മലിനീകരണം കുറയ്ക്കാൻ കഴിഞ്ഞു. ഗ്രാമപഞ്ചായത്തും നാട്ടുകാരും ഉൾപ്പെട്ട 'ലോക്കൽ മോണിറ്ററിംഗ് കമ്മിറ്റികൾ' വഴി വ്യവസായ മാലിന്യങ്ങൾക്കെതിരെ ജാഗ്രത പുലർത്തി.

### വലിയ മാലിന്യ ഉത്പാദകരുടെ നിയന്ത്രണം

ഓഡിറ്റോറിയങ്ങൾ, കൺവെൻഷൻ സെന്ററുകൾ, വലിയ ഹോട്ടലുകൾ എന്നിവിടങ്ങളിലെ മാലിന്യ സംസ്കരണം പ്രത്യേകം നിരീക്ഷിച്ചു. ഇവിടങ്ങളിൽ സ്വന്തമായി സംസ്കരണ ഉപാധികൾ സ്ഥാപിക്കുമെന്ന് ഉറപ്പാക്കാനും, വീഴ്ച വരുത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കാനും തദ്ദേശസ്ഥാപനങ്ങൾക്ക് സാധിച്ചു.

ജില്ലയിലെ 106 തദ്ദേശസ്ഥാപനങ്ങളെയും സമ്പൂർണ്ണ മാലിന്യമുക്തമായി പ്രഖ്യാപിക്കാൻ കഴിഞ്ഞതും, 10,000-ത്തിലധികം ടൺ അജൈവ മാലിന്യങ്ങൾ ശാസ്ത്രീയമായി നീക്കം ചെയ്തതും, ഉറവിടമാലിന്യ സംസ്കരണം എന്ന ആശയം ജനജീവിതത്തിന്റെ ഭാഗമാക്കിയതും ചെറിയ നേട്ടങ്ങളല്ല. വരും കാലങ്ങളിൽ ഈ നേട്ടങ്ങളെ നിലനിർത്തുന്നതോടൊപ്പം, സമ്പൂർണ്ണ മാലിന്യ മുക്ത മലപ്പുറം എന്ന ലക്ഷ്യത്തിലേക്ക് മുന്നേറാൻ ഈ അടിത്തറ ജില്ലയ്ക്ക് കരുത്തേകും.

## ജലസംരക്ഷണ മേഖല

### വീണ്ടെടുപ്പിന്റെയും കരുതലിന്റെയും ഒരു ദശകം

കഴിഞ്ഞ പത്ത് വർഷക്കാലയളവിൽ മലപ്പുറം ജില്ലയിലെ ജലസ്രോതസ്സുകളുടെ പുനരുജ്ജീവനത്തിനും സംരക്ഷണത്തിനുമായി നിർണ്ണായകമായ ഇടപെടലുകൾ നടത്താൻ ഹരിതകേരളം മിഷന്റെ ജലസംരക്ഷണ

ഇടപെടലുകൾക്ക് സാധിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ സർക്കാർ വകുപ്പുകളുടെ സഹകരണത്തോടെയും, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിയാണ് ഈ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചത്. ഭരണകൂടത്തിന്റെ ഇടപെടലുകൾക്കപ്പുറം, ഈ പ്രവർത്തനങ്ങളിലെല്ലാം വലിയതോതിലുള്ള ജനകീയ പങ്കാളിത്തം ഉറപ്പാക്കാനായി എന്നത് എടുത്തുപറയേണ്ട നേട്ടമാണ്.

ജില്ലയിലെ പ്രധാന നദികൾ, തോടുകൾ, കുളങ്ങൾ, കായലുകൾ എന്നിവയുടെ സംരക്ഷണത്തിനായി നടപ്പിലാക്കിയ മാതൃകാപരമായ പ്രവർത്തനങ്ങൾ താഴെ വിശദീകരിക്കുന്നു.

### 6.1 നദീതട സംരക്ഷണ പ്രവർത്തനങ്ങൾ

ജില്ലയുടെ ജീവനാഡികളായ ചാലിയാർ, ഭാരതപ്പുഴ, കടലുണ്ടി, തിരൂർ-പൊന്നാനി പുഴകൾ എന്നിവ നേരിട്ടിരുന്ന പാരിസ്ഥിതിക വെല്ലുവിളികൾ പരിഹരിക്കുന്നതിന് മിഷൻ പ്രത്യേക ശ്രദ്ധ നൽകി. ഇതിൻറെ ഭാഗമായി നടത്തിയ ഇടപെടലുകളും നേട്ടങ്ങളും ചുവടെ നൽകുന്നു.



### ചാലിയാർ: മാലിന്യമുക്ത തീരങ്ങളിലേക്ക്

നിലമ്പൂർ മേഖലയിലെ ആശുപത്രി-രാസ മാലിന്യങ്ങളും ഗ്രാസിം റയോൺസ് ഫാക്ടറിയുമായി ബന്ധപ്പെട്ട മലിനീകരണവും ചാലിയാറിന്റെ ജലഗുണനിലവാരത്തെ ഗുരുതരമായി ബാധിച്ചിരുന്നു. എന്നാൽ 2018-ഓടെ നിയമനടപടികൾ ശക്തമാക്കിയും പിഴചുമത്തിയും ഇതിന് തടയിട്ടു. 'ചാലിയാർ റിവർ പാഡിൽ' (Chaliyar River Paddle) പോലുള്ള ഹരിത പരിപാടികളിലൂടെ യുവജനങ്ങളെ അണിനിരത്തി നദീതടത്തിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്യാനും ബോധവൽക്കരണം നടത്താനും സാധിച്ചു. നിലമ്പൂർ ബ്ലോക്ക് ആവിഷ്കരിച്ച 'മാലിന്യ മുക്ത ചാലിയാർ' പദ്ധതിയിലൂടെ പുഴ സംരക്ഷണ സമിതികൾ, പുഴക്കൂട്ടങ്ങൾ, കുട്ടിക്കൂട്ടങ്ങൾ, കാരണവർകൂട്ടം, കവലയിൽ കാവലാൾ, വനസംരക്ഷണ സമിതികൾ എന്നിങ്ങനെ വൈവിധ്യമാർന്ന സ്ഥലങ്ങൾ ജനകീയ കൂട്ടായ്മകൾ രൂപീകരിച്ചുകൊണ്ട് ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു. ഇതിലൂടെ സാധ്യമായ നേട്ടങ്ങൾ താഴെ പറയുന്നവയാണ്.



- പൂക്കോട്ടൂർ പഞ്ചായത്തിലെ മാലിന്യം നിറഞ്ഞുകിടന്ന പടിക്കൽ കുണ്ട് വി.സി.ബി ഉൾപ്പെടെ 9 വി.സി.ബികളും 2 ചെക്ക് ഡാമുകളും ജനകീയ പങ്കാളിത്തത്തോടെ പുനരുജ്ജീവിപ്പിച്ചു.
- നദിയുടെ കൈവഴികളായ മാലിന്യം നിറഞ്ഞതും കാടുപിടിച് ഒഴുക്ക് നിലച്ച തോടുകൾ നവീകരിച്ചു. ഇതിലൂടെ 463 കിലോമീറ്റർ തോടുകൾ വീണ്ടെടുത്തു.
- പുനരുജ്ജീവിപ്പിച്ച തോടുകളിലും അല്ലാതെയുമായി 57 തടയണകൾ നിർമ്മിച്ച് മഴവെള്ള സംഭരണം ഉറപ്പാക്കി.
- ഊർങ്ങാട്ടിരി പഞ്ചായത്തിലെ 'ചേലുള്ള ചെറുപുഴ' ശുചീകരണ പരിപാടികളും മലപ്പുറം നഗരസഭയുടെ നേതൃത്വത്തിൽ വലിയതോട് (8 കി.മീ) ശുചീകരണവും നടപ്പിലാക്കി. ശുചീകരണത്തിലൂടെ ശേഖരിച്ച മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനായി മലപ്പുറം നഗരസഭ സ്ഥാപിച്ച ഷ്രെഡിംഗ്-ബെയിലിംഗ് യൂണിറ്റ് പ്രദേശത്തെ അജൈവ മാലിന്യ സംസ്കരണത്തിൽ വലിയ മുന്നേറ്റമുണ്ടാക്കി.
- 2019-ലെ വേനൽക്കാലത്ത് തുണിച്ചാക്ക്, തെങ്ങ്, കവുങ്ങ് എന്നിവ ഉപയോഗിച്ച് ചാലിയാറിലും കൈവഴികളിലും നിർമ്മിച്ച താൽക്കാലിക തടയണകൾ പരിസ്ഥിതി സൗഹ്ദ മാതൃകയായി.

## ഭാരതപ്പുഴ (നിള): വീണ്ടെടുപ്പിന്റെ വഴികൾ

പൊന്നാനി, കുറ്റിപ്പുറം, പെരിന്തൽമണ്ണ മേഖലകളിലെ മാലിന്യനിക്ഷേപവും അനധികൃത മണൽവാരലും നിളയ്ക്ക് ഭീഷണിയായിരുന്നു. 'നിള സംരക്ഷണ സമിതി', റോട്ടറാക്ട് തുടങ്ങിയ സംഘടനകളുടെ സഹകരണത്തോടെ ശുചീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. 'Waste-free Malappuram' ആശയത്തിന്റെ ഭാഗമായി ജനകീയ നിരീക്ഷണ സംഘങ്ങളെ നിയോഗിക്കുകയും മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുകയും ചെയ്തു. കുറ്റിപ്പുറം പാലത്തിന് താഴെ അടിഞ്ഞുകൂടിയ മാലിന്യങ്ങൾ വിദ്യാർത്ഥികളുടെ സഹായത്തോടെ നീക്കം ചെയ്തു. തിരുനാവായ നാവാമുകുന്ദ

ക്ഷേത്രത്തിലെ ബലിതർപ്പണവുമായി ബന്ധപ്പെട്ട മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഹരിതകർമ്മ സേനയെ നിയോഗിക്കുകയും, ജൈവമാലിന്യ സംസ്കരണത്തിന് ബയോഗ്യാസ് പ്ലാന്റും ദ്രവമാലിന്യ സംസ്കരണത്തിന് ലിക്വിഡ് വേസ്റ്റ് ട്രീറ്റ്മെന്റ് പ്ലാന്റും സ്ഥാപിക്കുകയും ചെയ്തു.

### കടലുണ്ടിപ്പുഴ: പാരിസ്ഥിതിക വീണ്ടെടുപ്പ്

2016-ൽ 'പാരിസ്ഥിതികലോല പ്രദേശമായി' (Ecologically Sensitive Area) പ്രഖ്യാപിച്ച കടലുണ്ടിപ്പുഴയിൽ മണ്ണെടുപ്പും പ്ലാസ്റ്റിക് മലിനീകരണവും കർശനമായി നിയന്ത്രിച്ചു. 2025-ലെ പഠനങ്ങൾ പ്രകാരം പുഴയിലെ ജലനിലവാരം 'Moderately Clean' എന്ന സുരക്ഷിത നിലയിലേക്ക് ഉയർന്നു. പോഷകനദിയായ വലിയതോട് (8 കി.മീ) ശുചീകരിക്കുകയും മാലിന്യപ്പൈപ്പുകൾ അടപ്പിക്കുകയും ചെയ്തു.

### തിരൂർ-പൊന്നാനി പുഴയുടെ വീണ്ടെടുപ്പ്

ഹരിത കേരളം മിഷൻ, തദ്ദേശ സ്വയംഭരണ വകുപ്പ്, ഇറിഗേഷൻ വകുപ്പ്, ശുചിത്വ മിഷൻ എന്നിവയുടെ ഏകോപിത പ്രവർത്തനത്തിലൂടെ തിരൂർ-പൊന്നാനി പുഴ നേരിട്ടിരുന്ന രൂക്ഷമായ മാലിന്യ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിച്ചു. പുഴയുടെ സ്വാഭാവിക ഒഴുക്ക് തടസ്സപ്പെടുത്തിയിരുന്ന ചളി നീക്കം ചെയ്യുകയും, നിയമപരമായ ഇടപെടലുകളിലൂടെ കൈയേറ്റങ്ങൾ ഒഴിപ്പിച്ച് പുഴയുടെ വീതി വർദ്ധിപ്പിക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. കൂടാതെ, പുഴ മലിനമാകുന്നത് തടയാൻ നഗരസഭയുടെ നേതൃത്വത്തിൽ നാല് വമ്പൻ മലിനജല സംസ്കരണ പ്ലാന്റുകൾ സ്ഥാപിച്ചു. ഇതോടെ പുഴയിലേക്ക് നേരിട്ട് മലിനജലം ഒഴുകുന്നത് തടയാനും പുഴയുടെ പരിശുദ്ധി വീണ്ടെടുക്കാനും സാധിച്ചു. കൂടാതെ പൊന്നാനിയിലെ ജലസ്രോതസ്സുകൾ വീണ്ടെടുക്കുന്നതിനായി ഹരിതകേരളം മിഷന്റെയും അയ്യങ്കാളി നഗര തൊഴിൽ സൃഷ്ടിക്കൽ പദ്ധതിയുടെയും സഹകരണത്തോടെ പുഴയുടെ പ്രധാന കൈവഴികളിൽ നിന്നും തൊടുകളിൽനിന്നും മാലിന്യം നീക്കം ചെയ്യുകയും ചെയ്തു.

### ബിയ്യം കായൽ: വീണ്ടെടുപ്പിന്റെയും സൗന്ദര്യവൽക്കരണത്തിന്റെയും മാതൃക

കഴിഞ്ഞ ഒരു പതിറ്റാണ്ടായി നടക്കുന്ന ചിട്ടയായ പ്രവർത്തനങ്ങളിലൂടെ ബിയ്യം കായലിന്റെയും പരിസര പ്രദേശങ്ങളുടെയും മുഖച്ഛായ മാറ്റാൻ സാധിച്ചു. മുൻപ് മാലിന്യ നിക്ഷേപ കേന്ദ്രമായിരുന്ന കനാൽ പരിസരങ്ങൾ ജനകീയ പങ്കാളിത്തത്തോടെ ശുചീകരിച്ചതാണ് ഇതിൽ പ്രധാനം. വീണ്ടും മാലിന്യം തള്ളുന്നത് തടയാൻ പഞ്ചായത്ത് സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കുകയും, പുഴയോട് ചേർന്ന ഓഡിറ്റോറിയങ്ങൾ അടക്കമുള്ള വലിയ അളവിൽ മാലിന്യം ഉല്പാദിപ്പിക്കുന്ന സ്ഥാപനങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ കർശനമാക്കുകയും ചെയ്തു. പാതയോരങ്ങൾ സൗന്ദര്യവൽക്കരിച്ചതിനൊപ്പം, വീണ്ടെടുത്ത പ്രദേശം 'ബിയ്യം പാർക്ക്' ആയി വികസിപ്പിക്കാനും സാധിച്ചു. പരിസ്ഥിതി സംരക്ഷണത്തിനൊപ്പം ഊർജ സ്വയംപര്യാപ്തത ലക്ഷ്യമിട്ടുള്ള 'സീറോ ബിൽഡിംഗ് എനർജി ഹൗസ്' (Zero Building Energy House) പദ്ധതിയും ഇവിടെ വിജയകരമായി നടപ്പിലാക്കി വരുന്നു.

#### 6.2 ബൃഹത്തായ ജല കാമ്പയിനുകൾ

വേനൽക്കാലത്തെ വരൾച്ചയെ പ്രതിരോധിക്കാനും മഴവെള്ളം ഭൂമിയിലേക്ക് ഇറക്കാനും 2017 മുതൽ 'ഇനി ഞാൻ ഒഴുകട്ടെ', 'എല്ലാവരും ജലാശയങ്ങളിലേക്ക്', 'ജലമാണ് ജീവൻ,' അടക്കമുള്ള വിപുലമായ ക്യാമ്പയിനുകൾ ജില്ലയിൽ നടപ്പിലാക്കി. പ്രാദേശിക ജനപങ്കാളിത്തത്തോടെ നടപ്പാക്കിയ ജലസംരക്ഷണ മേഖലയിലെ ഇത്തരം തുടർച്ചയായ ഇടപെടലുകളിലൂടെ ജില്ലയിലൊട്ടാകെ കൈവരിച്ച നേട്ടങ്ങൾ താഴെ പറയുന്നവയാണ്:

- നീർച്ചാൽ പുനരുജ്ജീവനം: 1962.57 കിലോമീറ്റർ നീർച്ചാലുകൾ വീണ്ടെടുത്തു.
- കുളങ്ങളുടെ സംരക്ഷണം: 502 കുളങ്ങൾ വീണ്ടെടുക്കുകയും, 553 പുതിയ കുളങ്ങൾ നിർമ്മിക്കുകയും ചെയ്തു.
- കിണറുകൾ: 1988 പുതിയ കിണറുകൾ നിർമ്മിച്ചു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സഹായത്തോടെ 525 കിണറുകൾ റീചാർജ് ചെയ്തു.

- തടയണകൾ: പ്രാദേശിക തോടുകളിൽ 272 സ്ഥിരം തടയണകളും 1246 താൽക്കാലിക തടയണകളും നിർമ്മിച്ചു.

ഈ ഇടപെടലുകൾ 2018-19 പ്രളയകാലത്ത് താനൂർ, വാഴക്കാട്, നിലമ്പൂർ, തിരൂർ, പൊന്നാനി മേഖലകളിൽ പ്രളയത്തിന്റെ ആഘാതം കുറയ്ക്കുന്നതിനും പ്രാദേശിക വെള്ളപ്പൊക്കം തടയുന്നതിനും സഹായിച്ചു. ശാസ്ത്രീയമായ നീർച്ചാൽ നവീകരണത്തിലൂടെ ജലലഭ്യത ഉറപ്പാക്കുന്നതിനൊപ്പം, മുൻകാലങ്ങളിൽ വേനൽക്കാലത്ത് ഈ പ്രദേശങ്ങളിൽ അനുഭവപ്പെട്ടിരുന്ന രൂക്ഷമായ ജലക്ഷാമത്തിന് ശാശ്വത പരിഹാരം കാണാനും സാധിച്ചു.

### 6.3 പാറ ക്വാറികളുടെ പുനരുജ്ജീവനം

അനധികൃത ഖനനം സൃഷ്ടിച്ച പാരിസ്ഥിതിക ആഘാതങ്ങളെ ക്രിയാത്മകമായി നേരിടാൻ മിഷന് സാധിച്ചു. ഖനനം പൂർത്തിയായ ക്വാറികളെ ജലസംഭരണികളാക്കി മാറ്റുന്നതിന് പൂക്കോട്ടൂർ പഞ്ചായത്തിലെ മയിലാടിയിലെ പാറമട മികച്ച ഉദാഹരണമാണ്. ഇവിടെ 6 ഏക്കർ വിസ്തൃതിയുള്ള പാറമടയെ 5 ലക്ഷം ലിറ്റർ ജലം സംഭരിക്കാൻ ശേഷിയുള്ള ജലസ്രോതസ്സായി മാറ്റി. ഇത് വേനൽക്കാല കാർഷികാവശ്യങ്ങൾക്കും ഭൂജലവിതാനം ഉയർത്തുന്നതിനും ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നു. കൂടാതെ, കീഴുപറമ്പ് പഞ്ചായത്തിലെ മാലിന്യം നിറഞ്ഞ ക്വാറികൾ ശുചീകരിക്കുകയും തുടർന്നും മാലിന്യം തള്ളുന്നത് തടയുകയും പ്രാദേശിക ജനകീയ നിരീക്ഷണ സമിതികൾ രൂപീകരിച്ച് നിരീക്ഷണം ഉറപ്പാക്കുകയും ചെയ്തു.

### 6.4 കവളപ്പാറ ദുരന്തവും മലയോര സംരക്ഷണവും

2019-ൽ പോത്തുകൽ ഗ്രാമ പഞ്ചായത്തിലെ കവളപ്പാറ മണ്ണിടിച്ചിലിന് ശേഷം മലയോര മേഖലകളിൽ നീർച്ചാൽ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകി. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഒഴുക്ക് നിലച്ചതോ ദിശമാറിയതോ ആയ നീർച്ചാലുകൾ വീണ്ടെടുത്തു. ജലസ്രോതസ്സുകളുടെ വശങ്ങൾ കയർഭൂവസ്ത്രം വിരിച്ചു ബലപ്പെടുത്തൽ, മലഞ്ചരിവുകളിൽ തടയണകൾ നിർമ്മിച്ചുകൊണ്ടുള്ള ജനസംരക്ഷണ പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കുന്നതിലൂടെ തീരമിടിച്ചിൽ, മണ്ണിടിച്ചിൽ സാധ്യത ലഘൂകരിക്കാനും ജലസ്രോതസ്സുകളെ പരിപോഷിപ്പിക്കാനും സാധിച്ചു.

### 6.5 നഗര ജലസംരക്ഷണം: 'ക്ലീൻ കനോലി' പദ്ധതി

നഗര ജലസംരക്ഷണ രംഗത്ത് പൊന്നാനി നഗരസഭ നടപ്പിലാക്കിയ 'ക്ലീൻ കനോലി' പദ്ധതി ശ്രദ്ധേയമായ മുന്നേറ്റമാണ്. കനാലിന്റെ തീരത്തുള്ള 400 വീടുകളിൽ നിന്ന് കക്കൂസ് മാലിന്യങ്ങളും മലിനജലവും നേരിട്ട് കനാലിലേക്ക് ഒഴുക്കുന്നത് തടയാൻ ഈ പദ്ധതിയിലൂടെ സാധിച്ചു. ഇതിനായി ബയോപോർട്ടബിൾ സെപ്റ്റിക് ടാങ്കുകൾ നഗര സഭ സൗജന്യ മായി സ്ഥാപികുകയും മലിനജലം ശാസ്ത്രീയമായി ശുദ്ധീകരിച്ച ശേഷം മാത്രം പുറന്തള്ളുന്ന രീതി അവലംബിക്കുകയും ചെയ്തു. ഈ ഇടപെടൽ കനാലിന്റെ ശുചിത്വം വീണ്ടെടുക്കുന്നതിനും പരിസര മലിനീകരണം തടയുന്നതിനും വലിയ രീതിയിൽ സഹായിച്ചു.

### 6.6 പൊന്നാനി കോൾ മേഖല: അടിസ്ഥാന സൗകര്യ വികസനവും ജലനിയന്ത്രണവും

പൊന്നാനി കോൾ മേഖലയിൽ നടപ്പിലാക്കിയ ശാസ്ത്രീയ ജലനിയന്ത്രണ സംവിധാനങ്ങൾ വെള്ളപ്പൊക്കത്തെയും വരൾച്ചയെയും പ്രതിരോധിക്കുന്നതിൽ നിർണ്ണായകമായി. കൃഷി വകുപ്പിന്റെ (IFA) സഹായത്തോടെ നൂറാടി തോട്, ഒതളൂർ തോട് എന്നിവയുടെ ആഴം കൂട്ടുകയും ബണ്ടുകൾ ബലപ്പെടുത്തുകയും ചെയ്തു. തിരുത്തുമൽ, ഇടംപാടം തുടങ്ങിയ പാടശേഖരങ്ങളിലെ ഉൾച്ചാലുകൾ വീണ്ടെടുത്തതോടെ മഴക്കാലത്തെ അധികജലം ഒഴുക്കിക്കളയാനും കൃഷി ഒരുക്കങ്ങൾ വേഗത്തിലാക്കാനും സാധിച്ചു.

റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (RKI) വഴി തുറുവാണം ഇരുമ്പയില് കെട്ട്, നടുപ്പോട്ട എന്നിവിടങ്ങളിലെ ബണ്ടുകൾ ശക്തിപ്പെടുത്തിയത് പ്രളയജലം പാടശേഖരങ്ങളിൽ കയറുന്നത് തടഞ്ഞു. കൂടാതെ, തൊഴിലുറപ്പ് പദ്ധതിയിലൂടെ നൂറാടിത്തോട്ടിലെ കുളവാഴകൾ (Water Hyacinth) നീക്കം ചെയ്ത് ജലമൊഴുക്ക് സുഗമമാക്കിയതും ഷട്ടറുകൾ നവീകരിച്ചതും തൃശ്ശൂർ-പൊന്നാനി കോൾ നിലങ്ങളിലെ നെല്ലുൽപ്പാദനം വർദ്ധിപ്പിക്കാൻ സഹായിച്ചു.

### 6.7 ജലബജറ്റ്: ഇന്ത്യയിലെ ആദ്യ ചുവടുവെപ്പ്

ജലസുരക്ഷ ഉറപ്പാക്കുന്നതിനായി 'ജലബജറ്റ്' (Water Budget) തയ്യാറാക്കുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമായി കേരളം മാറിയപ്പോൾ, മലപ്പുറം ജില്ലയും അതിൽ പങ്കാളിയായി. കൊണ്ടോട്ടി, പെരുമ്പടപ്പ്, പൊന്നാനി, താനൂർ, മലപ്പുറം എന്നീ 5 ബ്ലോക്കുകളിലായി 29 ഗ്രാമപഞ്ചായത്തുകളിൽ 2025 ഡിസംബറോടെ ജലബജറ്റ് പൂർത്തിയായി. ബാക്കി പഞ്ചായത്തുകളിലും ഇതിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഓരോ പ്രദേശത്തെയും ജലലഭ്യതയും വിനിയോഗവും കണക്കാക്കി തയ്യാറാക്കുന്ന ഈ ബജറ്റ് ജലവിഭവങ്ങളുടെ സുസ്ഥിര ഉപയോഗം ഉറപ്പാക്കുന്നു. ഇതിൽ കൊണ്ടോട്ടി ബ്ലോക്കിലെ പ്രവർത്തനങ്ങൾ എടുത്തുപറയേണ്ടതാണ്. 2023-ൽ ജലബജറ്റ് തയ്യാറാക്കിയതിന് ശേഷം ജനകീയാസൂത്രണം, തൊഴിലുറപ്പ് പദ്ധതി, ഭൂജല-ജലവിഭവ വകുപ്പുകൾ എന്നിവയെ ഏകോപിപ്പിച്ചുകൊണ്ട് വിപുലമായ പ്രവർത്തനങ്ങളാണ് കൊണ്ടോട്ടിയിൽ നടന്നത്:

- ജലാശയങ്ങളുടെ പുനരുദ്ധാരണം: ജനകീയാസൂത്രണ ഫണ്ട് ഉപയോഗിച്ച് 34 പൊതുകുളങ്ങൾ ആഴം കൂട്ടി നവീകരിക്കുകയും 11 തോടുകളുടെ നീരൊഴുക്ക് സുഗമമാക്കുകയും ചെയ്തു.
- തൊഴിലുറപ്പ് പദ്ധതിയിലൂടെയുള്ള ഇടപെടലുകൾ: 31 നീർച്ചാലുകൾ പുനരുദ്ധരിക്കുകയും 480 മീറ്ററോളം കയർ ഭൂവസ്ത്രം ഉപയോഗിച്ച് സംരക്ഷിക്കുകയും ചെയ്തു. കൂടാതെ 7 തടയണകൾ, 14 പുതിയ കുളങ്ങൾ എന്നിവ നിർമ്മിക്കുകയും 200-ഓളം കിണറുകൾ റീചാർജ് ചെയ്യുകയും ചെയ്തു.
- അമൃത സരോവരം പദ്ധതി: വാഴയൂർ കയം, വാഴക്കാട് വാലില്ലാപ്പുഴ എന്നീ ജലാശയങ്ങളുടെ നവീകരണം ഈ പദ്ധതിയുടെ പ്രധാന നേട്ടമാണ്.
- ജനകീയ ജലസംരക്ഷണം: വാർഡ് തല ജലസഭകൾ വഴി നൽകിയ അവബോധത്തിലൂടെ സർക്കാർ സബ്സിഡിയില്ലാതെ തന്നെ ആയിരത്തിലധികം ഗാർഹിക കിണറുകൾ മഴവെള്ളം ഉപയോഗിച്ച് റീചാർജ് ചെയ്യപ്പെട്ടു എന്നത് ജനകീയ പങ്കാളിത്തത്തിന്റെ ഉത്തമ ഉദാഹരണമാണ്.

## കാർഷിക മേഖല: കാർഷിക സ്വയംപര്യാപ്തതയിലേക്ക്

കാർഷിക മേഖലയിൽ കേരളത്തെ സ്വയംപര്യാപ്തമാക്കുക, കൃഷിയിലൂടെ പരിസ്ഥിതി പുനഃസ്ഥാപനം സാധ്യമാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് ഹരിതകേരളം മിഷൻ പ്രവർത്തിക്കുന്നത്. നഗരവത്ക്കരണവും നാണ്യവിളകളിലേക്കുള്ള മാറ്റവും മൂലം നഷ്ടപ്പെട്ട കാർഷിക സമൃദ്ധി തിരിച്ചുപിടിക്കുന്നതിനായി വിവിധ വകുപ്പുകളെ ഏകോപിപ്പിക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മികച്ച പിന്തുണയാണ് മിഷൻ നൽകി വരുന്നത്. വൈവിധ്യമാർന്ന ജനകീയ ക്യാമ്പയിനുകളിലൂടെ തരിശുരഹിത നെൽപ്പാടങ്ങൾ സൃഷ്ടിക്കാനും എല്ലാ വീടുകളിലും പച്ചക്കറി കൃഷി എത്തിക്കാനും കഴിഞ്ഞു. കൃഷിയിടങ്ങൾക്ക് പുറമെ സ്കൂളുകൾ, കോളേജുകൾ, സർക്കാർ-സ്വകാര്യ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ തുടങ്ങി സാധ്യമായ എല്ലായിടങ്ങളിലും ജനകീയ ഇടപെടലുകളോടെ കൃഷി വ്യാപിപ്പിച്ചു. ഉൽപ്പാദനച്ചെലവ് കുറച്ച്, ശാസ്ത്രീയ രീതിയിലൂടെ വിഷരഹിത ഭക്ഷ്യവസ്തുക്കൾ ഉൽപ്പാദിപ്പിക്കാനുള്ള ജനകീയ ഇടപെടലുകളാണ് മിഷൻ ഏകോപിപ്പിക്കുന്നത്.

### 7.1 കൃഷി വ്യാപനം: നേട്ടങ്ങളുടെ നാൾവഴികൾ

ജില്ലയിലെ തരിശുഭൂമികളെ കൃഷിയിടങ്ങളാക്കി മാറ്റുന്നതിൽ മിഷൻ വിപ്ലവകരമായ മാറ്റങ്ങൾ സൃഷ്ടിച്ചു. തരിശുരഹിത ഗ്രാമം, ഹരിതസമൃദ്ധി വാർഡ്, കൃഷി വ്യാപിപ്പിക്കാൻ ഇടയാക്കിയ ജലസംരക്ഷണ



പ്രവർത്തനങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ തരിശുഭൂമികൾ കൃഷിയോഗ്യമാക്കുന്നതിൽ ഉൾപ്പെടെ കൈവരിച്ച നേട്ടങ്ങൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- നെൽകൃഷി: ജില്ലയിൽ 9401.21 ഹെക്ടറിലേക്ക് കൂടി നെൽകൃഷി വ്യാപിപ്പിക്കാൻ സാധിച്ചു. നെൽകൃഷിയുടെ വ്യാപനം ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതോടൊപ്പം തണ്ണീർത്തട സംരക്ഷണത്തിനും ജലലഭ്യത വർദ്ധിപ്പിക്കുന്നതിനും കാരണമായി.

- പച്ചക്കറി കൃഷി: 1589 ഹെക്ടറിലായി പച്ചക്കറി കൃഷി വ്യാപിപ്പിച്ചു. തരിശുഭൂമിയിൽ മാത്രം 40 ഹെക്ടർ പച്ചക്കറി കൃഷി ആരംഭിക്കാൻ കഴിഞ്ഞു.

- തരിശുരഹിത നെൽപ്പാടങ്ങൾ: കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ 100 ഹെക്ടർ തരിശുഭൂമിയിൽ നെൽകൃഷി ആരംഭിച്ചത് വലിയ നേട്ടമാണ്. തരിശുഭൂമി നികത്തി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് നിയന്ത്രിക്കാനും ഇതിലൂടെ സാധിച്ചു.

ഭക്ഷ്യ സ്വയംപര്യാപ്തതയും വിഷരഹിത ആഹാരശീലവും ലക്ഷ്യമിട്ട് ഹരിതകേരളം മിഷൻ ആവിഷ്കരിച്ച 'ഹരിതസമൃദ്ധി വാർഡ്' ക്യാമ്പയിൻ ജില്ലയിൽ വലിയ നേട്ടങ്ങളാണ് കൈവരിച്ചത്. കൃഷിവകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ എന്നിവയുടെ ഏകോപിത പ്രവർത്തനത്തിലൂടെ ഓരോ വീടുകളിലും പച്ചക്കറി കൃഷി ഉറപ്പാക്കാൻ ഈ ക്യാമ്പയിന് സാധിച്ചു. പദ്ധതിയുടെ ആദ്യഘട്ടമായി 2018-ൽ ചെറുകാവ്, തൃക്കലങ്ങോട്, ഊർങ്ങാട്ടിരി ഉൾപ്പെടെയുള്ള 13 പഞ്ചായത്തുകളിലും നിലമ്പൂർ, പെരിന്തൽമണ്ണ നഗരസഭകളിലുമായി 15 വാർഡുകളെ ഹരിതസമൃദ്ധി വാർഡുകളായി പ്രഖ്യാപിക്കാൻ കഴിഞ്ഞു. പദ്ധതിയുടെ വിപുലീകരണത്തിന്റെ ഭാഗമായി 2023-25 കാലയളവിൽ താനാളൂർ, നിറമരുതൂർ, വളവന്നൂർ തുടങ്ങി വിവിധ പഞ്ചായത്തുകളിലായി 34 വാർഡുകളെ കൂടി ഈ പദവിയിലേക്ക് ഉയർത്താനായി എന്നത് കാർഷിക മേഖലയിലെ ശ്രദ്ധേയമായ മുന്നേറ്റമാണ്.

മലപ്പുറം ജില്ലയുടെ നഷ്ടപ്പെട്ട കാർഷിക പാരമ്പര്യം തിരിച്ചുപിടിക്കാനും കൃഷിയോഗ്യമായ ഒരിഞ്ചു ഭൂമി പോലും തരിശായി ഇടാതിരിക്കാനുമായി ഹരിതകേരളം മിഷൻ ആവിഷ്കരിച്ച വിപ്ലവാത്മകമായ ക്യാമ്പയിനാണ് 'തരിശുരഹിത ഗ്രാമം'. കൃഷിവകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, കർഷക കൂട്ടായ്മകൾ, വിദ്യാർത്ഥികൾ എന്നിവരുടെ സംയുക്ത പങ്കാളിത്തത്തോടെ നടപ്പിലാക്കിയ



ഈ പദ്ധതിയിലൂടെ ജില്ല നിർണ്ണായകമായ നാഴികക്കല്ലുകളാണ് പിന്നിട്ടത്. 2018-ൽ കുറ്റിപ്പുറം ബ്ലോക്കിലെ ആതവനാട് ഗ്രാമപഞ്ചായത്തിനെ ജില്ലയിലെ ആദ്യ തരിശുരഹിത ഗ്രാമപഞ്ചായത്തായി പ്രഖ്യാപിച്ചു എന്നത് ഈ ക്യാമ്പയിന്റെ ഏറ്റവും വലിയ വിജയമായിരുന്നു. ഇന്നും ആതവനാട് ആ പദവി നിലനിർത്തുന്നത് കൃഷിയോടുള്ള നാടിന്റെ പ്രതിബദ്ധത വ്യക്തമാക്കുന്നു. കൂടാതെ, പദ്ധതിയുടെ തുടർച്ചയെന്നോണം 2025-ൽ അരീക്കോട് ബ്ലോക്കിലെ കീഴുപറമ്പ് ഗ്രാമപഞ്ചായത്തിനെയും തരിശുരഹിത ഗ്രാമപഞ്ചായത്തായി പ്രഖ്യാപിക്കാൻ സാധിച്ചു. തരിശുഭൂമികളെ പച്ചപ്പണിയിക്കുന്ന ഈ മുന്നേറ്റം ജില്ലയുടെ ഭക്ഷ്യസുരക്ഷയിൽ വലിയ മാറ്റങ്ങൾക്കാണ് തുടക്കമിട്ടിരിക്കുന്നത്.

സ്കൂളുകൾ, കോളേജുകൾ, സർക്കാർ സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ എന്നിവിടങ്ങളിൽ മാത്രമല്ല, അയൽക്കൂട്ടങ്ങൾ വഴിയും കൃഷി വ്യാപിപ്പിക്കാൻ മിഷന്റെ ഇടപെടലുകൾക്ക് കഴിഞ്ഞു.

### 7.2 കുടുംബശ്രീയുടെ കൈത്താങ്ങ്: 'തനിമ'യും സംഘകൃഷിയും

ജില്ലയിൽ ഹരിതകേരളം മിഷന്റെ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിൽ കുടുംബശ്രീ മിഷൻ വഹിച്ച പങ്ക് നിസ്തുലമാണ്. വീടുകളിൽ പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത നേടുന്നതിനായി ഹരിതകേരളം മിഷനും കുടുംബശ്രീയും ചേർന്ന് ആവിഷ്കരിച്ച 'തനിമ' പദ്ധതി ജില്ലയിൽ വലിയ ചലനമുണ്ടാക്കി. ഈ പദ്ധതിയിലൂടെ കൈവരിച്ച പ്രധാന നേട്ടങ്ങൾ ചുവടെ നൽകുന്നു.

- സംഘകൃഷി: ജില്ലയിലെ വിവിധ സി.ഡി.എസ്സുകളിലായി 6932 സംഘകൃഷി ഗ്രൂപ്പുകൾ രൂപീകരിച്ചു. ഇതിൽ 4405 ഗ്രൂപ്പുകൾ സജീവമായി പ്രവർത്തിക്കുന്നു. 22,025 കുടുംബശ്രീ അംഗങ്ങൾ 2235.05 ഹെക്ടറിൽ കൃഷി ചെയ്യുന്നു എന്നത് സ്ത്രീശാക്തീകരണത്തിന്റെയും കാർഷിക മുന്നേറ്റത്തിന്റെയും തെളിവാണ്.
- തരിശുഭൂമി കൃഷി: കുടുംബശ്രീ സർവ്വേയിലൂടെ കണ്ടെത്തിയ 1075.8 ഹെക്ടർ തരിശുഭൂമിയിൽ 821.2 ഹെക്ടറിലും കൃഷിയിറക്കി. ഇതിൽ 326.9 ഹെക്ടർ നെല്ലും, 366.7 ഹെക്ടർ പച്ചക്കറിയും, 127.6 ഹെക്ടർ മറ്റ് വിളകളുമാണ്.
- പാട്ടകൃഷി: പാട്ടത്തിനെടുത്ത ഭൂമിയിൽ 2803 ഹെക്ടർ നെൽകൃഷിയും 2462 ഹെക്ടർ പച്ചക്കറി കൃഷിയും 238.8 ഹെക്ടർ മറ്റ് വിളകളും കൃഷി ചെയ്യുന്നു.

### 7.3 കാർഷിക ഉൽപ്പാദനം: താരതമ്യം (2015-2023)

2015-ൽ നിന്ന് 2023-ലേക്ക് എത്തുമ്പോൾ ജില്ലയിലെ കാർഷിക മേഖലയിലുണ്ടായ മാറ്റങ്ങൾ താഴെ പറയുന്ന പട്ടികയിൽ വ്യക്തമാണ്. നെല്ല്, മാവ്, പ്ലാവ്, പപ്പായ, തെങ്ങ് തുടങ്ങിയവയുടെ കൃഷി വിസ്തൃതിയിലുണ്ടായ വർദ്ധനവ് ശുഭസൂചകമാണ്. കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടെ മിഷൻ നടപ്പിലാക്കിയ ജലസംരക്ഷണ പ്രവർത്തനങ്ങൾ, വിവിധ വകുപ്പുകളുടെ സംയോജനത്തിനായുള്ള ക്രിയാത്മകമായ ഇടപെടലുകൾ തുടങ്ങിയവ ഈ മാറ്റങ്ങളിൽ വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | ഇനം | 2015 ഹെക്ടറിൽ) | 2023 (ഹെക്ടറിൽ) | മാറ്റം (നിരീക്ഷണം) |
|---|---|---|---|---|
| 1 | നെല്ല് | 8402 | 9401.21 | വർദ്ധനവ് |
| 2 | കുരുമുളക് | 2913 | 2405.46 | കുറവ് |
| 3 | ഇഞ്ചി | 44 | 25.27 | കുറവ് |
| 4 | മഞ്ഞൾ | 284 | 25.27 | കുറവ് |
| 5 | കവുങ്ങ് | 18352 | 18032.38 | നേരിയ കുറവ് |
| 6 | പുളി | 1544 | 1043.38 | കുറവ് |
| 7 | ജാതി | 312 | 558.82 | വർദ്ധനവ് |
| 8 | പ്ലാവ് | 9175 | 9199.56 | വർദ്ധനവ് |
| 9 | മാവ് | 8590 | 9152.19 | വർദ്ധനവ് |
| 10 | വാഴ | 6986 | 4501.93 | കുറവ് |
| 11 | നേന്ത്രവാഴ | 3988 | 4759.18 | വർദ്ധനവ് |
| 12 | കൈത | 102 | 80 | കുറവ് |
| 13 | പപ്പായ | 2399 | 2626.47 | വർദ്ധനവ് |
| 14 | കശുമാവ് | 2582 | 1282.02 | കുറവ് |
| 15 | മരച്ചീനി | 5405 | 3900.13 | കുറവ് |
| 16 | തെങ്ങ് | 103691 | 104675.97 | വർദ്ധനവ് |
| 17 | റബർ | 42670 | 42750 | വർദ്ധനവ് |

### 7.4 പച്ചത്തുരുത്തുകൾ: കണ്ടൽവനങ്ങളുടെ നിർമ്മാണം

പ്രാദേശിക താപനിലയിൽ വരുന്ന മാറ്റങ്ങളെ പ്രതിരോധിക്കുന്നതിനും കാലാവസ്ഥാ വ്യതിയാനം സൃഷ്ടിക്കുന്ന ആഘാതങ്ങളെ ലഘൂകരിക്കുന്നതിനും ജൈവവൈവിധ്യം പരിപോഷിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും പ്രദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ ഹരിതകേരളം മിഷൻ നടപ്പിലാക്കിയ 'പച്ചത്തുരുത്ത്' പദ്ധതിക്ക് ജില്ലയിൽ മികച്ച മുന്നേറ്റമുണ്ടാക്കാനായി.

പച്ചത്തുരുത്ത് പദ്ധതിയിലൂടെ വ്യത്യസ്തങ്ങളായ പരിസ്ഥിതി സംരക്ഷണ മാതൃകകളാണ് സാക്ഷാത്കരിക്കപ്പെട്ടത്. ആരാധനാലയങ്ങളോട് ചേർന്ന് വൃക്ഷവത്കരണം സാധ്യമാക്കിയ 'ദേവഹരിതം', മുള കൃഷി വ്യാപകമാക്കാനായി നടപ്പിലാക്കിയ 'മുളത്തുരുത്തുകൾ', തീരദേശ സംരക്ഷണത്തിനും ജൈവവൈവിധ്യത്തിനുമായി 'കണ്ടൽ പച്ചത്തുരുത്തുകൾ' എന്നിങ്ങനെ വൈവിധ്യമാർന്ന രീതികൾ ഈ പദ്ധതിയിലൂടെ വിജയകരമായി നടപ്പിലാക്കി വരുന്നു.



ഹരിതകേരളം മിഷന്റെ പച്ചത്തുരുത്ത് പദ്ധതിയുടെ ഭാഗമായി ജില്ലയിലെ ആരാധനാലയങ്ങളെ കേന്ദ്രീകരിച്ച് നടപ്പിലാക്കിയ 'ദേവഹരിതം' ക്യാമ്പയിൻ ക്ഷേത്രഭൂമികളിൽ ചെറുവനങ്ങൾ സൃഷ്ടിച്ചും കാവുകൾ പുനരുജ്ജീവിപ്പിച്ചും പ്രകൃതിസംരക്ഷണത്തെ ആരാധനാലയങ്ങളുടെ പവിത്രതയുമായി സമന്വയിപ്പിക്കുന്നതിൽ മികച്ച മുന്നേറ്റമുണ്ടാക്കി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, തൊഴിലുറപ്പ് പദ്ധതി, കുടുംബശ്രീ എന്നിവയുടെ ജനകീയ പങ്കാളിത്തത്തോടെയാണ് ഈ ഉദ്യമം വിജയകരമായി നടപ്പിലാക്കിയത്. പെരുമ്പടപ്പ് കാട്ടുമാടം അമ്പലത്തിലെ 20 സെന്റ് സ്ഥലത്തെ ഔഷധസസ്യ തോട്ടം, കാടാമ്പുഴ ഭഗവതി ക്ഷേത്രത്തിലെ പച്ചക്കറി കൃഷി, തിരുനാവായ നാവാമുകുന്ദ ക്ഷേത്രത്തിലെ പൂകൃഷിയും പച്ചക്കറി കൃഷിയും എന്നിവ ഈ പദ്ധതിയുടെ മികച്ച മാതൃകകളാണ്. കൂടാതെ, തുമരക്കാവ് വിഷ്ണു ക്ഷേത്രത്തിൽ പയർവർഗ്ഗങ്ങൾക്കും രാമച്ചത്തിനുമായി നീക്കിവെച്ച കൃഷിയിടങ്ങൾ ജില്ലയിലെ ജൈവവൈവിധ്യ സംരക്ഷണത്തിന് പുതിയൊരു മാനം നൽകി.

ജില്ലയിൽ 94.99 ഏക്കർ വിസ്തൃതിയിലായി 211 പച്ചത്തുരുത്തുകളാണ് ഇതിനകം നിർമ്മിച്ചത്. സ്കൂളുകൾ, പൊതുവിടങ്ങൾ, സ്വകാര്യ ഭൂമികൾ, മാലിന്യം നീക്കം ചെയ്ത മാലിന്യനിക്ഷേപ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെല്ലാം പച്ചപ്പ് വീണ്ടെടുക്കാൻ ഇതിലൂടെ സാധിച്ചു.

ഇത്തരത്തിൽ ജില്ലയിലെ തന്നെ മികച്ച പച്ചത്തുരുത്തുകളിൽ ഒന്നാണ് പെരിന്തൽമണ്ണ നഗരസഭയിലെ 'താഴെപ്പറ്റക്കുന്ന്'. 5.5 ഏക്കർ വരുന്ന തരിശുഭൂമിയെ ജൈവവൈവിധ്യ സമ്പന്നമായ ഒരു ഹരിതവനമാക്കി മാറ്റിയതാണ് ഈ നേട്ടത്തിന് പിന്നിൽ. 678 ഫലവൃക്ഷങ്ങൾ, 270 ഔഷധസസ്യങ്ങൾ, 100-ലധികം കുറ്റിച്ചെടികൾ, 30-ലധികം മുളവർഗ്ഗങ്ങൾ എന്നിവ നട്ടുപിടിപ്പിച്ചാണ് ഈ പ്രദേശത്തെ മനോഹരമായ പച്ചത്തുരുത്തായി വികസിപ്പിച്ചത്. ഇതോടൊപ്പം, പൊന്നാനി, മാറഞ്ചേരി, പെരുമ്പടപ്പ് മേഖലകളിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സഹകരണത്തോടെ കാറ്റാടി മരങ്ങളും കണ്ടൽ മരങ്ങളും വെച്ചുപിടിപ്പിച്ച് തീരസംരക്ഷണം ഉറപ്പാക്കിയതും പച്ചത്തുരുത്ത് പദ്ധതിയുടെ പ്രധാന നേട്ടമാണ്.



### 7.5 ജനകീയ വൃക്ഷവത്കരണം: സുസ്ഥിരമായൊരു ഹരിത ഇടപെടൽ

മലപ്പുറം ജില്ലയുടെ പാരിസ്ഥിതിക സന്തുലിതാവസ്ഥ വീണ്ടെടുക്കുന്നതിനായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച 'ജനകീയ വൃക്ഷവൽക്കരണം' ജില്ലയുടെ ചരിത്രത്തിലെ തന്നെ ഏറ്റവും വലിയ ഹരിതമുന്നേറ്റങ്ങളിലൊന്നാണ്. കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കാനും നശിപ്പിക്കപ്പെട്ട ജൈവവൈവിധ്യം വീണ്ടെടുക്കാനുമായി 2025-ൽ ആവിഷ്കരിച്ച ഈ പദ്ധതി വിപുലമായ പ്രവർത്തനങ്ങളിലൂടെയാണ് ശ്രദ്ധേയമായത്. 'ഒരു തൈ നടാം' എന്ന പ്രധാന ക്യാമ്പയിനും, സൗഹൃദങ്ങൾക്കിടയിൽ ഹരിതസന്ദേശമെത്തിച്ച 'ചങ്ങാതിക്കൊരു തൈ' എന്ന ഉപക്യാമ്പയിനും ജനങ്ങൾക്കിടയിൽ വലിയ സ്വാധീനം ചെലുത്തി. കേവലം തൈകൾ നടുക എന്നതിലുപരി അവയെ സംരക്ഷിച്ചു വളർത്തുക എന്ന ഉത്തരവാദിത്തം ഓരോ പൗരനിലും എത്തിക്കാൻ ഈ ദൗത്യത്തിന് സാധിച്ചു.

ഈ പദ്ധതിയുടെ വിജയം ഉറപ്പാക്കിയത് വിവിധ സർക്കാർ വകുപ്പുകളുടെയും ഏജൻസികളുടെയും ഏകോപിതമായ പ്രവർത്തനമാണ്. വിദ്യാഭ്യാസ വകുപ്പ്, കൃഷി വകുപ്പ്, വനം വകുപ്പ് (സോഷ്യൽ ഫോറസ്ട്രി), ആയുഷ് മിഷൻ എന്നിവയ്ക്കൊപ്പം കുടുംബശ്രീ പ്രവർത്തകരും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അംഗങ്ങളും ഈ മുന്നേറ്റത്തിന്റെ മുൻനിരയിൽ നിന്നു. കൂടാതെ റെസിഡൻസ് അസോസിയേഷനുകൾ, യുവജന ക്ലബ്ബുകൾ, കോളേജുകൾ, ബാങ്കുകൾ, നഴ്സറികൾ എന്നിവർ ഈ വലിയ ഉദ്യമത്തിൽ കൈകോർത്തതോടെ ഇതൊരു യഥാർത്ഥ ജനകീയ ദൗത്യമായി മാറി. ഓരോ വാർഡിലും വിപുലമായ നഴ്സറികൾ സജ്ജമാക്കുന്നതിനും തദ്ദേശീയമായ വൃക്ഷത്തൈകൾ വിതരണം ചെയ്യുന്നതിനും ഈ കൂട്ടായ്മകൾ നേതൃത്വം നൽകി.

വിവിധ വകുപ്പുകളുടെയും ജനപ്രതിനിധികളുടെയും സജീവ ഇടപെടൽ മൂലം ജില്ലയിലുടനീളം 11 ലക്ഷം വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുക എന്ന ബൃഹത്തായ ലക്ഷ്യം നിശ്ചിത സമയത്തിനുള്ളിൽ തന്നെ പൂർത്തിയാക്കാൻ ഹരിതകേരളം മിഷന് സാധിച്ചു. നട്ട തൈകളുടെ കൃത്യമായ ജിയോ



ടാഗിംഗും (Geo-tagging) തുടർച്ചയായ പരിപാലനവും ഉറപ്പാക്കുന്നതിനായി പ്രത്യേക നിരീക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. തൈകൾ നടുക എന്നതിലുപരി അവയുടെ അതിജീവനം ഉറപ്പാക്കി ജില്ലയെ ഒരു ഹരിതവനമാക്കി മാറ്റാനുള്ള ദീർഘവീക്ഷണത്തോടെയുള്ള ഈ പ്രവർത്തനങ്ങൾ മലപ്പുറത്തിന്റെ പാരിസ്ഥിതിക സുരക്ഷയിൽ നിർണ്ണായകമായ നാഴികക്കല്ലാണ്.

## 8. നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ

നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ' എന്ന ക്യാമ്പയിൻ ജില്ലയിൽ വിപ്ലവാത്മകമായ മാറ്റങ്ങളാണ് കൊണ്ടുവന്നത്. ആദ്യഘട്ടത്തിൽ വെട്ടം, മൂത്തേടം, വാഴയൂർ, കീഴുപറമ്പ്, കീഴാറ്റൂർ എന്നീ പഞ്ചായത്തുകളിൽ കേന്ദ്രീകരിച്ചിരിക്കുന്ന ഈ ദൗത്യത്തിൽ എനർജി മാനേജ്മെന്റ് സെന്റർ (EMC), മില്ലറ്റ് മിഷൻ എന്നിവയുടെ പങ്കാളിത്തം വലിയ മുതല്ക്കൂട്ടായിരുന്നു. വാഴയൂർ സാഫി കോളേജ്, നിലമ്പൂർ തേക്ക് മ്യൂസിയം എന്നിവയെ ശാസ്ത്രീയ സർവ്വേകൾക്ക് ശേഷം ജില്ലയിലെ ആദ്യ നെറ്റ് സീറോ കാർബൺ സ്ഥാപനങ്ങളായി പ്രഖ്യാപിച്ചത് ഈ മേഖലയിലെ വലിയൊരു നാഴികക്കല്ലായി.

ഈ മേഖലയിൽ 2025 വരെ ജില്ല കൈവരിച്ച ശ്രദ്ധേയമായ നേട്ടങ്ങൾ താഴെ പറയുന്നവയാണ്:

- കാർബൺ നെഗറ്റീവ് സ്ഥാപനങ്ങൾ: വാഴയൂർ ഗ്രാമപഞ്ചായത്തിലെ സാഫി കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡി, നിലമ്പൂർ നഗരസഭയിലെ നിലമ്പൂർ തേക്ക് മ്യൂസിയം എന്നീ സ്ഥാപനങ്ങളെ ശാസ്ത്രീയമായ സർവ്വേകൾക്ക് ശേഷം കാർബൺ നെഗറ്റീവ് സ്ഥാപനങ്ങളായി പ്രഖ്യാപിക്കാൻ സാധിച്ചു എന്നത് ജില്ലയ്ക്ക് വലിയൊരു നേട്ടമാണ്.
- അംഗൻജ്യോതി പദ്ധതി: തിരഞ്ഞെടുക്കപ്പെട്ട 5 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മുഴുവൻ അംഗൻവാടികളിലും പാചകത്തിനായി ഇൻഡക്ഷൻ കുക്കറുകളും അനുബന്ധ പാത്രങ്ങളും വിതരണം ചെയ്തുകൊണ്ട് പുകരഹിതവും ഊർജ്ജക്ഷമവുമായ അന്തരീക്ഷം ഉറപ്പാക്കി.



- ബോധവൽക്കരണവും പരിശീലനവും: ഊർജ്ജ സംരക്ഷണത്തിന്റെ പ്രാധാന്യം ജനങ്ങളിലെത്തിക്കാൻ സ്കൂൾ വിദ്യാർത്ഥികൾക്കും ഹരിതകർമ്മ സേനാംഗങ്ങൾക്കും പ്രത്യേക ക്ലാസ്സുകൾ നൽകി. കീഴുപറമ്പ് ഗ്രാമപഞ്ചായത്തിൽ വെച്ച് ഹരിതകർമ്മ സേനാംഗങ്ങൾക്കായി എൽ.ഇ.ഡി (LED) ബൾബ് നിർമ്മാണത്തിൽ പരിശീലനം നൽകിയത് ഊർജ്ജക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ഒരു സുപ്രധാന ചുവടുവെപ്പായിരുന്നു.
- ഐ.ഇ.സി (IEC) പ്രവർത്തനങ്ങൾ: ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി വാഴയൂർ, വെട്ടം എന്നീ പഞ്ചായത്തുകളിൽ സംഘടിപ്പിച്ച സൈക്കിൾ റാലികൾ വലിയ ജനശ്രദ്ധ പിടിച്ചുപറ്റി.

വായു മലിനീകരണം കുറയ്ക്കുന്നതിനും പുനരുപയോഗ ഊർജ്ജസ്രോതസ്സുകൾ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ഹരിതകേരളം മിഷന്റെ ഈ ഇടപെടലുകൾ മലപ്പുറം ജില്ലയെ ഒരു കാർബൺ വിമുക്ത സമൂഹമാക്കി മാറ്റുന്നതിൽ നിർണ്ണായക പങ്കുവഹിക്കുന്നു

# മലപ്പുറത്തിന്റെ ഹരിതമാതൃകകൾ

കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടെ (2016-2025), ജില്ലയുടെ പാരിസ്ഥിതിക മേഖലയിൽ ഹരിതകേരളം മിഷൻ പിന്തുണയോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കിയ വൈവിധ്യമാർന്ന പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളെക്കുറിച്ച് നാം തൊട്ടുമുമ്പുള്ള അധ്യായത്തിൽ ചർച്ച ചെയ്തു. ഇത്തരം ഇടപെടലുകളിലൂടെ ദേശീയതലത്തിൽ തന്നെ ഉയർത്തിക്കാട്ടാവുന്ന അനവധി മാതൃകകൾ മലപ്പുറം ജില്ലയിൽ സൃഷ്ടിക്കപ്പെട്ടു. നവകേരളത്തിന്റെ അഭിമാനമായി മാറിയ അത്തരം ശ്രേഷ്ഠമായ മാതൃകകളെ ഈ അധ്യായത്തിൽ വിശദമായി പരിചയപ്പെടാം.

### മാലിന്യത്തിൽ നിന്നും ഊർജ്ജം: ബയോശക്തി പ്ലാന്റ് (പെരിന്തൽമണ്ണ)

പെരിന്തൽമണ്ണ നഗരസഭയിൽ പ്രവർത്തിക്കുന്ന 'ബയോശക്തി വേസ്റ്റ് ടു എനർജി പ്ലാന്റ്' ജില്ലയുടെ ജൈവമാലിന്യ സംസ്കരണ രംഗത്തെ മികച്ചൊരു മാതൃകയാണ്. കുറഞ്ഞ സ്ഥലത്ത് കൂടുതൽ



ജൈവ മാലിന്യം സംസ്കരിക്കാൻ സാധിക്കുന്നു എന്നതാണ് ഈ പദ്ധതിയുടെ പ്രധാന സവിശേഷത. വീടുകളിൽ നിന്നുൾപ്പെടെ ദിനംപ്രതി ശേഖരിക്കുന്ന 2000 കിലോഗ്രാം ജൈവമാലിന്യം ഇവിടെ ശാസ്ത്രീയമായി സംസ്കരിക്കുകയും അതിൽ നിന്നും 200 യൂണിറ്റോളം വൈദ്യുതി ഉൽപാദിപ്പിക്കുകയും ചെയ്യുന്നു. ജി.പി.എസ് റിന്യൂവബിൾസ് എന്ന ഏജൻസി നിർമ്മാണം നിർവ്വഹിച്ച ഈ പദ്ധതിക്ക് ശുചിത്വ കേരളം ഫണ്ടിൽ നിന്നും 50.24 ലക്ഷം രൂപയും, നഗരസഭാ വിഹിതമായ 45 ലക്ഷം രൂപയും ഉൾപ്പെടെ ഏകദേശം 95 ലക്ഷത്തോളം രൂപയാണ് ചെലവ് വന്നത്.

ജൈവമാലിന്യ സംസ്കരണത്തിനായി തികച്ചും ശാസ്ത്രീയമായ രീതിയാണ് ഇവിടെ അവലംബിക്കുന്നത്. ശേഖരിക്കുന്ന ജൈവ മാലിന്യം ഷ്രഡ്ഡർ മെഷീനിൽ അരച്ച് പി.എച്ച് (pH) പരിശോധന നടത്തിയ ശേഷം, മാലിന്യത്തിന്റെ അസിഡിറ്റി തിട്ടപ്പെടുത്തി ബയോഡൈജസ്റ്റർ ടാങ്കിലേക്ക് മാറ്റുന്നു. ഈ ടാങ്കിൽ നിന്നും ഉൽപാദിപ്പിക്കപ്പെടുന്ന ഗ്യാസ്, ഗ്യാസ് ഹോൾഡിങ് ബലൂണിൽ ശേഖരിക്കുകയും തുടർന്ന് ജനറേറ്റർ ഉപയോഗിച്ച് വൈദ്യുതിയാക്കി മാറ്റുകയുമാണ് ചെയ്യുന്നത്. വൈദ്യുതി ഉൽപ്പാദനത്തിന് ശേഷം ലഭിക്കുന്ന സ്ലറി പച്ചക്കറി കൃഷിക്ക് മികച്ച ജൈവവളമായി ഉപയോഗിക്കുന്നുണ്ട്. ബാക്കി വരുന്ന സ്ലറി സംസ്കരണത്തിനായി ഇ.റ്റി.പി (ETP) യിലേക്ക് മാറ്റുന്നു.

## തുമ്പൂർമുഴി മോഡൽ എയ്റോബിക് മാലിന്യ സംസ്കരണ പ്ലാന്റ് - പൊന്നാനി നഗരസഭ

പൊന്നാനി നഗരസഭയുടെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ നിർണ്ണായകമായ ഒന്നാണ് നഗരസഭാ കാര്യാലയത്തോട് ചേർന്ന് സ്ഥാപിച്ചിട്ടുള്ള തുമ്പൂർമുഴി മോഡൽ എയ്റോബിക് മാലിന്യ സംസ്കരണ പ്ലാന്റ്. 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച ഈ പ്ലാന്റ്, നഗരസഭയുടെയും അതിന്റെ വിവിധ ഘടക സ്ഥാപനങ്ങളുടെയും ജൈവമാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനായി രൂപകൽപ്പന ചെയ്തതാണ്.

രണ്ട് ബയോബിൻ ഷെഡുകളിലായി സജ്ജീകരിച്ചിട്ടുള്ള ഇരുപതോളം ബയോബിനുകളാണ് ഈ സംസ്കരണ യൂണിറ്റിന്റെ കരുത്ത്. നഗരസഭയിലെ ശുചീകരണ ജീവനക്കാരുടെ നേരിട്ടുള്ള മേൽനോട്ടത്തിലാണ് പ്ലാന്റിന്റെ ദൈനംദിന പരിപാലനം നടക്കുന്നത്. തുമ്പൂർമുഴി സംവിധാനത്തിലൂടെ ശേഖരിക്കുന്ന ജൈവമാലിന്യങ്ങൾ വായുസമ്പർക്കത്തോടെ സംസ്കരിച്ച് (Aerobic Composting) ഗുണമേന്മയുള്ള വളമാക്കി മാറ്റുന്നു. വികേന്ദ്രീകൃത മാലിന്യ സംസ്കരണ രംഗത്ത് നഗരസഭകൾക്ക് മാതൃകയാക്കാവുന്ന മികച്ചൊരു പദ്ധതിയാണിത്.



## വെട്ടം ഗ്രാമപഞ്ചായത്ത് എം.സി.എഫ്: ആധുനിക മാലിന്യ സംസ്കരണത്തിന്റെ മാതൃക

മലപ്പുറം ജില്ലയിലെ വെട്ടം ഗ്രാമപഞ്ചായത്തിലെ തീണ്ടപ്പടിയിൽ സ്ഥിതി ചെയ്യുന്ന മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF), ജില്ലയിലെ തന്നെ ഏറ്റവും മികച്ച ആധുനിക മാലിന്യ സംസ്കരണ കേന്ദ്രങ്ങളിൽ ഒന്നാണ്. 2600 ചതുരശ്ര അടി വിസ്തീർണ്ണമുള്ള വിശാലമായ ഈ കെട്ടിടം അത്യന്താധുനിക സൗകര്യങ്ങളോടെയാണ് പ്രവർത്തിക്കുന്നത്. ഒരേസമയം 30 പേർക്ക് ഇരുന്ന് മാലിന്യങ്ങൾ തരംതിരിക്കാൻ കഴിയുന്ന സോർട്ടിങ് ടേബിൾ (Sorting Table) ഇവിടെ സജ്ജീകരിച്ചിട്ടുണ്ട്.



മാലിന്യങ്ങൾ വേഗത്തിലും ശാസ്ത്രീയമായും തരംതിരിക്കുന്നതിനായി 2024 ജൂൺ 11-ന് ഇവിടെ ഒരു 'കൺവയർ ബെൽറ്റ്' (Conveyor Belt) സംവിധാനം ഉദ്ഘാടനം ചെയ്തു. ഇതോടെ പത്തുപേർക്ക് ഒരേസമയം നിന്ന് വളരെ വേഗത്തിൽ മാലിന്യങ്ങൾ വേർതിരിക്കാൻ സാധിക്കുന്നു. ഈ സംവിധാനത്തിലൂടെ പഴയതിനേക്കാൾ കൃത്യമായ രീതിയിൽ മാലിന്യങ്ങൾ തരംതിരിക്കാനും കൂടുതൽ ഭാരം ശേഖരിക്കാനും സാധിക്കുന്നുണ്ട്. അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി ബെയിലിംഗ് മെഷീനും (Baling Machine), പ്ലാസ്റ്റിക് പൊടിക്കുന്നതിനുള്ള ഷ്രെഡിംഗ് മെഷീനും (Shredding Machine) ഇവിടെ പ്രവർത്തനസജ്ജമാണ്.

ജീവനക്കാരുടെ സുരക്ഷയ്ക്കും സൗകര്യങ്ങൾക്കും ഇവിടെ വലിയ മുൻഗണന നൽകുന്നു. കെട്ടിടത്തിൽ നാല് ഫയർ എക്സ്റ്റിംഗുഷറുകൾ (Fire Extinguishers), വിശ്രമമുറി, ഓഫീസ് സൗകര്യം, ശുചിമുറി, കുടിവെള്ള സംവിധാനം എന്നിവ ഒരുക്കിയിട്ടുണ്ട്. ശേഖരിച്ച മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി പ്രത്യേക വാഹനസൗകര്യവും വലിയ വാഹനങ്ങൾക്ക് സുഗമമായി വന്നുപോകാൻ കഴിയുന്ന റോഡ് സൗകര്യവും വെട്ടം എം.സി.എഫിന്റെ പ്രത്യേകതയാണ്. ഇത്തരത്തിൽ സുസജ്ജമായ സംവിധാനങ്ങളിലൂടെ മാലിന്യ സംസ്കരണ മേഖലയിൽ വെട്ടം ഗ്രാമപഞ്ചായത്ത് മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മികച്ചൊരു ആധുനിക മാതൃകയാവുന്നു.

## പൊന്മുണ്ടം ഗ്രാമപഞ്ചായത്ത് ഇ.ടി.പി (ETP): മലിനജല സംസ്കരണത്തിലെ മികച്ച മാതൃക

മലപ്പുറം ജില്ലയിലെ പൊന്മുണ്ടം ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ പ്രവർത്തനമാരംഭിച്ച എഫ്ലുവെന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് (ETP), വികേന്ദ്രീകൃത മലിനജല സംസ്കരണ രംഗത്തെ മികച്ചൊരു ചുവടുവെപ്പാണ്. പ്രധാനമായും മത്സ്യ മാർക്കറ്റുകളിൽ നിന്നും മറ്റും പുറന്തള്ളുന്ന മലിനജലം ശാസ്ത്രീയമായി ശുദ്ധീകരിച്ച് പുനരുപയോഗിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പ്ലാന്റ് സജ്ജീകരിച്ചിരിക്കുന്നത്. ഏകദേശം 45 ലക്ഷം രൂപ ചെലവഴിച്ചാണ് ഈ ബൃഹത് പദ്ധതി യാഥാർത്ഥ്യമാക്കിയത്.

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ഏകോപിതമായ പ്രവർത്തനത്തിന് ഉത്തമ ഉദാഹരണമാണ് ഈ പദ്ധതി. എസ്.ബി.എം.ജി (SBMG) ഫണ്ടിൽ നിന്നും 10 ലക്ഷം രൂപയും, പഞ്ചായത്തിന്റെ പ്ലാൻ ഫണ്ടിൽ നിന്നും 10 ലക്ഷം രൂപയും, തിരൂർ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 25 ലക്ഷം രൂപയും ഈ പ്ലാന്റിന്റെ നിർമ്മാണത്തിനായി ലഭ്യമായി.



മലപ്പുറം ജില്ലാ ശുചിത്വ മിഷനാണ് ഈ പദ്ധതിക്കാവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകിയത്. പ്രതിദിനം 10,000 ലിറ്റർ (10 KLD കപ്പാസിറ്റി) മലിനജലം ശുദ്ധീകരിക്കാൻ ശേഷിയുള്ളതാണ് ഈ പ്ലാന്റ്. ശുദ്ധീകരിച്ച ജലം ഇതര ആവശ്യങ്ങൾക്കായി പ്രയോജനപ്പെടുത്തുന്നതിലൂടെ ജലസംരക്ഷണത്തിലും വലിയൊരു മുന്നേറ്റം നടത്താൻ പൊന്മുണ്ടം ഗ്രാമപഞ്ചായത്തിന് സാധിച്ചു.

## തിരൂരങ്ങാടി ഗവൺമെന്റ് താലൂക്ക് ആശുപത്രി: സുസ്ഥിര ആശുപത്രി മാതൃക

തിരൂരങ്ങാടി നഗരസഭയിലെ ചെമ്മാട് സ്ഥിതി ചെയ്യുന്ന ഗവൺമെന്റ് താലൂക്ക് ആസ്ഥാന ആശുപത്രി, ചികിത്സാ സൗകര്യങ്ങളിലെന്ന പോലെ പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങളിലും കേരളത്തിന് വലിയൊരു മാതൃകയാണ്. നാല് ഏക്കർ വിസ്തൃതിയിൽ വ്യാപിച്ചുകിടക്കുന്ന ഈ ആശുപത്രിയുടെ 50 സെന്റ് സ്ഥലത്ത് വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പച്ചക്കറി കൃഷിയും മറ്റ് കാർഷിക പ്രവർത്തനങ്ങളും നടന്നു വരുന്നു. ഇതിലേക്കുള്ള ജലസേചനത്തിനായി ആശുപത്രിയിലെ മലിനജല സംസ്കരണ പ്ലാന്റിൽ (STP) നിന്ന് ശുദ്ധീകരിച്ചെടുക്കുന്ന ജലം ഉപയോഗിക്കുന്നു എന്നത്



ഏറെ ശ്രദ്ധേയമാണ്. ഇതേ രീതിയിൽ ശുദ്ധീകരിച്ച വെള്ളം തന്നെയാണ് ആശുപത്രിയിലെ നൂറോളം ശൗചാലയങ്ങളിലെ ഫ്ലഷ് സംവിധാനങ്ങൾക്കും ഉപയോഗിക്കുന്നത്. ജലത്തിന്റെ ശാസ്ത്രീയമായ പുനരുപയോഗത്തിൽ (Water Recycling) ഈ സ്ഥാപനം മികച്ച മാതൃകയാണ്.

ഊർജ്ജ ലാഭത്തിന്റെ കാര്യത്തിലും ആശുപത്രി അധികൃതർ വലിയ മുന്നേറ്റമാണ് നടത്തുന്നത്. നിലവിൽ സ്ഥാപനത്തിലെ 30 ശതമാനത്തോളം വൈദ്യുതോപകരണങ്ങൾ സോളാർ ഊർജ്ജം ഉപയോഗിച്ചാണ് പ്രവർത്തിക്കുന്നത്. ഇതിന് പുറമെ കൂടുതൽ സൗരോർജ്ജ പദ്ധതികൾ നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. മഴവെള്ള സംഭരണികളുടെ കാര്യക്ഷമമായ ഉപയോഗവും ആശുപത്രിയിലെ ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നു.

പ്രകൃതിരമണീയമായ പച്ചപ്പാണ് ആശുപത്രി ക്യാമ്പസിന്റെ മറ്റൊരു സവിശേഷത. നിലവിലുള്ള മരങ്ങളെ സംരക്ഷിക്കുന്നതിനൊപ്പം പുതിയവ വച്ചുപിടിപ്പിക്കാനും അവ ശരിയായി പരിപാലിക്കാനും ഇവിടെ പ്രത്യേക ശ്രദ്ധ നൽകുന്നു. ഔഷധ ഉദ്യാനം, വിപുലമായ ചെടിച്ചട്ടികൾ, പ്രകൃതിസൗഹൃദ അലങ്കാരങ്ങൾ എന്നിവ ആശുപത്രിയുടെ അന്തരീക്ഷത്തെ കൂടുതൽ ഉന്മേഷദായകമാക്കുന്നു. മാലിന്യ സംസ്കരണത്തിനായി ബോട്ടിൽ ബൂത്തുകൾ, വിവിധ തരം ബിന്നുകൾ, പൈപ്പ് കമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റ് എന്നിവ ശാസ്ത്രീയമായി സജ്ജീകരിച്ചിട്ടുണ്ട്. അജൈവ മാലിന്യങ്ങൾ ശേഖരിച്ചു സൂക്ഷിക്കാനായി പ്രത്യേക സംവിധാനവും ഇവിടെയുണ്ട്. കുട്ടികൾക്കായുള്ള പാർക്കും കൊതുക് നിർമ്മാർജ്ജനത്തിനായി സജ്ജീകരിച്ചിട്ടുള്ള ഗപ്പി ടാങ്കും കൂടിയാകുമ്പോൾ ഒരു പൊതുജനാരോഗ്യ കേന്ദ്രം എങ്ങനെ ഹരിത സുന്ദരമാകാം എന്ന് ഈ ആശുപത്രി കാണിച്ചുതരുന്നു.

### സർക്കാർ ആയുർവേദ മാനസികാരോഗ്യ ഗവേഷണ കേന്ദ്രം, കോട്ടക്കൽ: ഔഷധഗുണമുള്ള ഹരിത മാതൃക

മലപ്പുറം ജില്ലയിലെ എടരിക്കോട് ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന സർക്കാർ ആയുർവേദ മാനസികാരോഗ്യ ഗവേഷണ കേന്ദ്രം, ചികിത്സാ രംഗത്തെ മികവിനൊപ്പം പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങളിലും ലോകോത്തര മാതൃകയാണ്. കേരളത്തിലെ ആയുർവേദ കോളേജ് വിദ്യാർത്ഥികൾക്ക് മാനസികരോഗ വിഭാഗത്തിൽ ഹൗസ് സർജൻസി ചെയ്യാനും, കോട്ടക്കൽ ആയുർവേദ കോളേജിലെ പി.ജി വിദ്യാർത്ഥികൾക്ക് ഗവേഷണത്തിനും പരിശീലനത്തിനുമുള്ള ഉന്നത പഠന കേന്ദ്രമായി ഈ



സ്ഥാപനം പ്രവർത്തിക്കുന്നു. വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള ഗവേഷകർ ആശ്രയിക്കുന്ന ഈ കേന്ദ്രത്തിൽ അമ്പതോളം കിടക്കകളും നിരവധി വാർഡുകളും സജ്ജമാണ്. നാളിതുവരെ നാൽപതോളം ഗവേഷണ പ്രബന്ധങ്ങൾ ഇവിടെ നിന്ന് പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്.

പ്രതിവർഷം പതിനായിരത്തോളം രോഗികൾ ഒ.പി വിഭാഗത്തിലും അഞ്ഞൂറോളം പേർ ഐ.പി വിഭാഗത്തിലും ചികിത്സ തേടുന്ന ഈ സ്ഥാപനം, തിരക്കുകൾക്കിടയിലും മാലിന്യ സംസ്കരണത്തിൽ വിട്ടുവീഴ്ചയില്ലാത്ത മാതൃകയാണ് പുലർത്തുന്നത്. ഹരിതകേരളം മിഷന്റെ വിലയിരുത്തലിൽ 'എ+' ഗ്രേഡ് കരസ്ഥമാക്കിയ ഈ സ്ഥാപനത്തിൽ ഗ്രീൻ പ്രോട്ടോക്കോൾ കർശനമായി പാലിക്കുന്നു. മാലിന്യങ്ങൾ വലിച്ചെറിയുന്നതോ കത്തിക്കുന്നതോ ആയ രീതികൾ ഇവിടെ പൂർണ്ണമായും ഒഴിവാക്കിയിരിക്കുന്നു.

ജൈവ-അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ തരംതിരിക്കുകയും ജൈവമാലിന്യങ്ങൾ ബയോഗ്യാസ് പ്ലാന്റ് വഴി സംസ്കരിക്കുകയും ചെയ്യുന്നു. അജൈവ മാലിന്യങ്ങൾ പ്രത്യേകം വേസ്റ്റ് ബൂത്തുകളിൽ ശേഖരിച്ച് ഹരിത കർമ്മ സേനയ്ക്ക് കൈമാറുന്നു. ബയോമെഡിക്കൽ മാലിന്യങ്ങളുടെ നിർമ്മാർജ്ജനം 'ഇമേജ്' എന്ന സ്വകാര്യ ഏജൻസി വഴിയാണ് നടപ്പിലാക്കുന്നത്. കൂടാതെ, സ്ഥാപനത്തിലെ സ്റ്റാഫ് ക്വാർട്ടേഴ്സുകളിലും ശാസ്ത്രീയമായ മാലിന്യ സംസ്കരണ രീതികൾ പിന്തുടരുന്നുണ്ട്.

ആശുപത്രി പരിസരത്ത് ഒരുക്കിയിട്ടുള്ള ഔഷധ ഉദ്യാനവും മിയാവാക്കി വനവും സ്ഥാപനത്തിന്റെ ഹരിതശോഭ വർദ്ധിപ്പിക്കുന്നു. അഞ്ച് വർഷം മുൻപ് നട്ടുപിടിപ്പിച്ച മിയാവാക്കി വനം ഇന്ന് പടർന്നുപന്തലിച്ച് രോഗികൾക്കും ജീവനക്കാർക്കും ഒരുപോലെ മനസ്സിന് കുളിർമയേകുന്ന തണലായി മാറിയിരിക്കുന്നു. വൃത്തിയുള്ള അടുക്കള, ഡൈനിങ് ഹാൾ, ശുചിമുറികൾ എന്നിവയും പച്ചപ്പും വർണ്ണാഭമായ ഉദ്യാന സസ്യങ്ങളും ഈ ഗവേഷണ കേന്ദ്രത്തെ കേവലം ഒരു ആശുപത്രി എന്നതിലുപരി ശാന്തമായ ഒരു സങ്കേതമാക്കി മാറ്റുന്നു.

## സർക്കാർ വനിതാ-ശിശു ആശുപത്രി, പൊന്നാനി: ആരോഗ്യപരിചരണത്തിലെ ഹരിത മാതൃക

മലപ്പുറം ജില്ലയിലെ പൊന്നാനി നഗരസഭയിലെ 47-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന സർക്കാർ വനിതാ-ശിശു ആശുപത്രി, സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യ സംരക്ഷണത്തിനൊപ്പം പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങളിലും മാതൃകയാവുകയാണ്. നാല് നിലകളിലായി 4.25 ഏക്കർ വിസ്തൃതിയിൽ വ്യാപിച്ചുകിടക്കുന്ന ഈ ആതുരാലയത്തിൽ പ്രതിദിനം ശരാശരി 700-ഓളം രോഗികളാണ് ചികിത്സ തേടിയെത്തുന്നത്. 24 മണിക്കൂറും ലഭ്യമായ കാഷ്വാലിറ്റി സേവനം അടിയന്തര സാഹചര്യങ്ങളിൽ ഈ തീരദേശ മേഖലയിലെ ജനങ്ങൾക്ക് വലിയ ആശ്വാസമേകുന്നു.

ആശുപത്രിയുടെ ദൈനംദിന പ്രവർത്തനങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ കർശനമായി പാലിച്ചുപോരുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങൾ ദിവസേന ഹരിത കർമ്മ സേനാംഗങ്ങൾ വഴി ശേഖരിച്ചു നീക്കം ചെയ്യുന്നു. ജൈവമാലിന്യങ്ങളും മെഡിക്കൽ മാലിന്യങ്ങളും പ്രത്യേക ഏജൻസികൾ മുഖേന ശാസ്ത്രീയമായാണ് നിർമ്മാർജ്ജനം ചെയ്യുന്നത്. മാലിന്യ സംസ്കരണത്തിനായി തുമ്പൂർമുഴി മാതൃകയിലുള്ള എയറോബിക് ജൈവവള നിർമ്മാണ യൂണിറ്റ് ഇവിടെ വിജയകരമായി പ്രവർത്തിക്കുന്നുണ്ട്. ആശുപത്രിയിലെ ഭക്ഷണാവശിഷ്ടങ്ങളും പരിസരത്തെ മരങ്ങളിൽ നിന്നുള്ള ഇലകളും സംയോജിപ്പിച്ചുണ്ടാക്കുന്ന ജൈവവളം ഇവിടുത്തെ പൂന്തോട്ടത്തിലെ ചെടികൾക്ക് തന്നെയാണ് ഉപയോഗിക്കുന്നത്. ഇത് ആശുപത്രിയുടെ സൗന്ദര്യവൽക്കരണത്തോടൊപ്പം പ്രകൃതിദത്തമായ വളപ്രയോഗത്തിനും വഴിയൊരുക്കുന്നു.

മനോഹരമായ പൂന്തോട്ടവും തണൽമരങ്ങളും നിറഞ്ഞ ആശുപത്രി പരിസരം രോഗികൾക്കും കൂട്ടിരിപ്പുകാർക്കും ശാന്തമായ ഒരു അന്തരീക്ഷം പ്രദാനം ചെയ്യുന്നു. വിശ്രമത്തിനായി മരത്തണലുകളിൽ പ്രത്യേകം സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ആശുപത്രിയുടെ എല്ലാ ഭാഗങ്ങളിലും മാലിന്യനിർമ്മാർജ്ജന യൂണിറ്റുകളും അവയെക്കുറിച്ചുള്ള കൃത്യമായ സൂചനകൾ നൽകുന്ന സൈൻ ബോർഡുകളും സ്ഥാപിച്ചിട്ടുണ്ട്. ശുചിത്വത്തിനും പരിസ്ഥിതി സംരക്ഷണത്തിനും മുൻഗണന നൽകുന്നതിലൂടെ പൊന്നാനി സർക്കാർ വനിതാ-ശിശു ആശുപത്രി കേരളത്തിലെ മറ്റ് പൊതു ആരോഗ്യകേന്ദ്രങ്ങൾക്ക് മികച്ചൊരു ഹരിത മാതൃകയായി നിലകൊള്ളുന്നു.

## മലപ്പുറം കെ.എസ്.ആർ.ടി.സി ഡിപ്പോ: ഹരിത സുസ്ഥിരതയുടെ പുതിയ പാത

'മാലിന്യമുക്തം നവകേരളം' ജനകീയ ക്യാമ്പയിന്റെ ഭാഗമായി മലപ്പുറം ജില്ലയിലെ മുഴുവൻ കെ.എസ്.ആർ.ടി.സി ഡിപ്പോകളെയും ഹരിത ഡിപ്പോകളായി പ്രഖ്യാപിച്ചിട്ടുള്ളത് പൊതുഗതാഗത മേഖലയിലെ ശ്രദ്ധേയമായ നേട്ടമാണ്. ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ജില്ലയിലെ കെ.എസ്.ആർ.ടി.സി ഡിപ്പോകളെ ഹരിതസുന്ദരമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കിയത്. ഇതിൽ മലപ്പുറം ഡിപ്പോയിലുണ്ടായ മുന്നേറ്റം ഏറെ മാതൃകാപരമാണ്.

ബസുകളിലും ഡിപ്പോ പരിസരത്തും ശുചിത്വം ഉറപ്പുവരുത്തുന്നതിനൊപ്പം വിപുലമായ സൗന്ദര്യവൽക്കരണ പ്രവർത്തനങ്ങളും ഇവിടെ നടത്തിവരുന്നു. യാത്രക്കാർക്ക് മികച്ച യാത്രാസൗകര്യങ്ങളും ആരോഗ്യകരമായ അന്തരീക്ഷവും ഒരുക്കുന്നതിൽ മലപ്പുറം ഡിപ്പോ പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. മാലിന്യ സംസ്കരണത്തിനായി ശാസ്ത്രീയമായ ഉപാധികൾ ഏർപ്പെടുത്തിയതാണ് ഈ ഹരിതമാറ്റത്തിന്റെ പ്രധാന ഘടകം. ജൈവ-അജൈവ മാലിന്യങ്ങൾ തരംതിരിച്ചു ശേഖരിക്കുന്നതിനായി പ്രത്യേക ബിന്നുകളും ബോട്ടിൽ ബൂത്തുകളും ഇവിടെ സ്ഥാപിച്ചിട്ടുണ്ട്.



ശേഖരിക്കപ്പെടുന്ന മാലിന്യങ്ങൾ കൃത്യമായ ഇടവേളകളിൽ ഹരിത കർമ്മ സേനയ്ക്ക് കൈമാറി സുരക്ഷിതമായ സംസ്കരണം ഉറപ്പാക്കുന്നു. പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി ആവശ്യമായ ബോധവൽക്കരണ ബോർഡുകൾ ഡിപ്പോയുടെ വിവിധ ഭാഗങ്ങളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി നടന്ന വിപുലമായ ശുചീകരണ പ്രവർത്തനങ്ങൾക്ക് പുറമെ, എല്ലാ ദിവസവും ഡിപ്പോയും പരിസരവും വൃത്തിയാക്കുന്നതിനുള്ള പ്രത്യേക ക്രമീകരണങ്ങളും ഇവിടെ ഒരുക്കിയിട്ടുണ്ട്. ശുചിത്വവും പരിസ്ഥിതി സൗഹൃദമായ ഇടപെടലുകളും വഴി ഒരു പൊതുഗതാഗത കേന്ദ്രത്തെ എങ്ങനെ ജനപ്രിയമാക്കാം എന്നതിന്റെ ഉത്തമ ഉദാഹരണമാണ് മലപ്പുറം കെ.എസ്.ആർ.ടി.സി ഡിപ്പോ.

## തേഞ്ഞിപ്പലം എ.യു.പി.എസ് (ഇല്ലത്ത് പുറായി): മാതൃകാ ഹരിത വിദ്യാലയം

മലപ്പുറം ജില്ലയിലെ ഹരിത വിദ്യാലയങ്ങളിൽ ഏറ്റവും മികച്ച മാതൃകയായി എടുത്തുപറയാവുന്ന ഒന്നാണ് തേഞ്ഞിപ്പലം എ.യു.പി സ്കൂൾ (ഇല്ലത്ത് പുറായി). ശുചിത്വവും ശുദ്ധവായുവും നിറഞ്ഞ



മനോഹരമായ ഒരു പഠനാന്തരീക്ഷമാണ് ഈ വിദ്യാലയത്തിന്റെ പ്രധാന സവിശേഷത. മാലിന്യ സംസ്കരണത്തിനായി ശാസ്ത്രീയമായ ഉപാധികൾ സ്കൂളിൽ സജ്ജീകരിച്ചിട്ടുണ്ട്. ജൈവ-അജൈവ മാലിന്യങ്ങൾ കൃത്യമായി തരംതിരിക്കുന്നതിന് പ്രത്യേക ബിന്നുകളും ബോട്ടിൽ ബൂത്തുകളും ഇവിടെ സ്ഥാപിച്ചിരിക്കുന്നു. ഇത്തരത്തിൽ ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ കൃത്യമായ ഇടവേളകളിൽ ഹരിത കർമ്മ സേനയ്ക്ക് കൈമാറുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങൾ ഒഴിവാക്കുന്നതിന്റെ ഭാഗമായി ഉച്ചഭക്ഷണത്തിന് വിദ്യാർത്ഥികളും അധ്യാപകരും പുനരുപയോഗസാധ്യമായ സ്റ്റീൽ പാത്രങ്ങൾ മാത്രമാണ് ഉപയോഗിക്കുന്നത്.

വിദ്യാലയത്തിന്റെ നാനാഭാഗങ്ങളും ചെടികളും പ്രകൃതിസൗഹൃദ അലങ്കാരവസ്തുക്കളും കൊണ്ട് പച്ചപ്പണിയിച്ചിരിക്കുന്നു. ജൈവവൈവിധ്യ ഉദ്യാനം, നക്ഷത്രവനം, പച്ചത്തുരുത്തുകൾ എന്നിവ വിദ്യാലയത്തിന് ഒരു വനപ്രതീതി നൽകുന്നു. ഇരുപത്തിയേഴോളം സവിശേഷ മരങ്ങൾ നട്ടുപിടിപ്പിച്ചു തയ്യാറാക്കിയ നക്ഷത്രവനം ഇവിടത്തെ പ്രധാന ആകർഷണമാണ്. നിലവിലുള്ള മരങ്ങളെ സംരക്ഷിക്കുന്നതിനൊപ്പം പുതിയവ വച്ചുപിടിപ്പിക്കാനും വിദ്യാർത്ഥികൾ പ്രത്യേകമായി ശ്രദ്ധിക്കുന്നുണ്ട്. വൈവിധ്യമാർന്ന ചിത്രങ്ങളാലും വിജ്ഞാനപ്രദമായ എഴുത്തുകളാലും വർണ്ണാഭമാണ് വിദ്യാലയത്തിലെ ചുവരുകൾ. കൂടാതെ, കൃത്യമായി പരിപാലിച്ചുപോരുന്ന പച്ചക്കറിത്തോട്ടവും വാഴകൃഷിയും വിദ്യാലയത്തിന്റെ സ്വയംപര്യാപ്തത വിളിച്ചോതുന്നു.

ജീവജാലങ്ങളോട് കരുണ കാണിക്കുന്ന ഒരു തലമുറയെ വളർത്തിയെടുക്കാൻ വിദ്യാലയത്തിൽ പക്ഷികൾ, മത്സ്യങ്ങൾ, മുയലുകൾ എന്നിവയെ പരിപാലിച്ചു വരുന്നു. ഇത് കുട്ടികളിൽ പ്രകൃതിയോടും സഹജീവികളോടുമുള്ള ആഭിമുഖ്യം വർദ്ധിപ്പിക്കാൻ സഹായിക്കുന്നു. ക്ലാസ് മുറികൾക്ക് പുറത്തുള്ള പഠനസാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി ഒരുക്കിയിട്ടുള്ള ശാസ്ത്രോദ്യാനം വിദ്യാർത്ഥികൾക്ക് വേറിട്ടൊരു പഠനാനുഭവം നൽകുന്നു. ഹരിത നിർദ്ദേശക ബോർഡുകളും ശാസ്ത്രീയമായ ക്രമീകരണങ്ങളും വഴി 'ഗ്രീൻ പ്രോട്ടോക്കോൾ' പൂർണ്ണമായും പാലിക്കുന്ന ഈ വിദ്യാലയം കേരളത്തിലെ മറ്റ് പൊതുവിദ്യാലയങ്ങൾക്ക് വലിയൊരു പാഠപുസ്തകമാണ്.

### ജി.യു.പി.എസ് പുറത്തൂർ: കുട്ടിപ്പട്ടാളത്തിന്റെ കാവലിൽ ഒരു ഹരിത വിദ്യാലയം

മലപ്പുറം ജില്ലയിലെ പുറത്തൂർ ഗവൺമെന്റ് അപ്പർ പ്രൈമറി സ്കൂൾ, വിദ്യാർത്ഥികളുടെ സജീവ പങ്കാളിത്തത്തോടെ പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങളിൽ പുതിയ മാതൃകകൾ സൃഷ്ടിക്കുകയാണ്. സ്കൂളിൽ പ്രവർത്തിക്കുന്ന 'ഗ്രീൻ ആർമി' എന്ന ഹരിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ ഈ വിദ്യാലയത്തെ



തികച്ചും വ്യത്യസ്തമാക്കുന്നു. ഓരോ ക്ലാസും വൃത്തിയായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഗ്രീൻ ആർമി അംഗങ്ങൾ ക്ലാസുകളിൽ മിന്നൽ സന്ദർശനം നടത്താറുണ്ട്. ക്ലാസ് ലീഡറും ഗ്രൂപ്പ് ലീഡറും അധ്യാപകനും ചേർന്ന് ശുചിത്വ പരിശോധന നടത്തി ഒപ്പുവെക്കുന്ന സംവിധാനം വഴി ക്ലാസ് മുറികളിലെ വൃത്തി സദാസമയവും ഉറപ്പാക്കുന്നു.

മാലിന്യങ്ങൾ തരംതിരിച്ചു ശേഖരിക്കാനായി എല്ലാ ക്ലാസുകളിലും പ്ലാസ്റ്റിക്കിനായി ചുവന്ന ബക്കറ്റുകളും കടലാസുകൾക്കായി പച്ച ബക്കറ്റുകളും സ്ഥാപിച്ചിട്ടുണ്ട്. ഇവ യഥാസമയം നീക്കം ചെയ്യുകയും വിദ്യാലയ പരിസരത്ത് ഒരിടത്തും മാലിന്യങ്ങൾ കത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുകയും ചെയ്യുന്നു. എല്ലാ വ്യാഴാഴ്ചയും അവസാന പീരിയഡ് 'ഗ്രീൻ ആർമി പീരിയഡ്' ആക്കി മാറ്റിയിട്ടുണ്ട്. ഈ സമയത്ത് ക്ലബ്ബ് അംഗങ്ങൾ വിദ്യാലയ പരിസരം വൃത്തിയാക്കുകയും സഹപാഠികൾക്കിടയിൽ ശുചിത്വ അവബോധം സൃഷ്ടിക്കുകയും ചെയ്യുന്നു.

ഭക്ഷണാവശിഷ്ടങ്ങൾ ഒരിടത്തും വലിച്ചെറിയാതെ അവ താറാവുകൾക്കും പശുക്കൾക്കും തീറ്റയായി നൽകുന്ന രീതിയാണ് ഇവിടെ പിന്തുടരുന്നത്. ഇത് ഇവിടുത്തെ ജൈവമാലിന്യ നിർമ്മാർജ്ജനത്തിന് മികച്ചൊരു പരിഹാരമാണ്. ക്യാമ്പസിലെ ജലസംരക്ഷണം, പ്ലാസ്റ്റിക് നിരോധനം എന്നിവയിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെയും ഗ്രീൻ ആർമിയുടെയും നിരന്തരമായ നിരീക്ഷണവും ബോധവൽക്കരണവും നടക്കുന്നു. പിറന്നാൾ മിഠായികൾ നൽകുമ്പോൾ പ്ലാസ്റ്റിക് കവറുകളുള്ളവ ഒഴിവാക്കി പരിസ്ഥിതി സൗഹൃദമായ രീതി പിന്തുടരാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു. സ്കൂൾ പരിസരത്തെ വീടുകളിലും കടകളിലും മാലിന്യ സർവ്വേകൾ നടത്തി കുട്ടികൾ സമൂഹത്തിനും വലിയൊരു സന്ദേശം നൽകുന്നു.

മനോഹരമായ പൂന്തോട്ടവും വ്യത്യസ്തയിനം മരങ്ങൾ നട്ടുപിടിപ്പിച്ച ഗ്രൗണ്ടും വിദ്യാലയത്തിന് മനോഹരമായ പശ്ചാത്തലം ഒരുക്കുന്നു. കുടിവെള്ളത്തിനായി പ്യൂരിഫയർ സംവിധാനവും കുട്ടികൾക്കായി മികച്ച ടോയ്‌ലറ്റ് സൗകര്യങ്ങളും ഇവിടെയുണ്ട്. ദിവസവും രണ്ടുനേരം ടോയ്‌ലറ്റുകൾ ശുചീകരിക്കുന്നു എന്ന് ഉറപ്പുവരുത്താൻ പ്രത്യേക ജീവനക്കാരെയും നിയോഗിച്ചിട്ടുണ്ട്. ഹരിത ജ്യോതി പുരസ്കാരം,

ലൗ പ്ലാസ്റ്റിക് പുരസ്കാരം, ലഹരി വിരുദ്ധ പുരസ്കാരം തുടങ്ങി നിരവധി അംഗീകാരങ്ങൾ നേടിയ ഈ വിദ്യാലയം ജില്ലയിലെ ഹരിത വിദ്യാലയങ്ങളിൽ ഏറ്റവും മുൻപന്തിയിലാണ്.

### ജെംസ് പബ്ലിക് സ്കൂൾ കൂരിയാട്: പ്ലാസ്റ്റിക് വിമുക്ത കാമ്പസിലെ മാതൃകാ പഠനം

വേങ്ങര ഗ്രാമപഞ്ചായത്തിലെ കൂരിയാട് ദേശീയപാതയോട് ചേർന്ന് സ്ഥിതി ചെയ്യുന്ന ജെംസ് പബ്ലിക് സ്കൂൾ, ആയിരത്തി അറുന്നൂറോളം വിദ്യാർത്ഥികൾക്ക് വിജ്ഞാനത്തോടൊപ്പം പരിസ്ഥിതി ബോധവും പകരുന്ന മികച്ചൊരു ഹരിത വിദ്യാലയമാണ്. സമ്പൂർണ്ണ പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസ് എന്ന ലക്ഷ്യം ഇതിനോടകം തന്നെ ഈ വിദ്യാലയം കൈവരിച്ചിട്ടുണ്ട്. സ്കൂളിൽ ഉച്ചഭക്ഷണത്തിന് ശേഷം അവശേഷിക്കുന്ന ജൈവമാലിന്യങ്ങളെ ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുന്നതിനായി സ്ഥാപിച്ചിട്ടുള്ള ബയോഗ്യാസ് പ്ലാന്റ്, മാലിന്യത്തെ ഊർജ്ജമാക്കി മാറ്റുന്ന മികച്ചൊരു സംവിധാനമാണ്.

വിദ്യാർത്ഥികളുടെ ജന്മദിനാഘോഷങ്ങളിൽ മിഠായിയും മറ്റ് മധുരപലഹാരങ്ങളും വിതരണം ചെയ്യുന്ന പതിവ് ഒഴിവാക്കി, പകരം സ്കൂൾ ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ സമ്മാനിക്കുന്ന മാതൃകാപരമായ രീതിയാണ് ഇവിടെ നിലവിലുള്ളത്. ജൈവ-അജൈവ മാലിന്യങ്ങൾ തരംതിരിക്കുന്നതിലും സംസ്കരിക്കുന്നതിലും വിട്ടുവീഴ്ചയില്ലാത്ത സമീപനമാണ് സ്കൂൾ അധികൃതർ സ്വീകരിക്കുന്നത്. ഉപയോഗശൂന്യമായ പേനകൾ പൊതുവിടങ്ങളിൽ വലിച്ചെറിയാതെ ശേഖരിക്കാനായി സ്കൂളിന്റെ വിവിധ ഭാഗങ്ങളിൽ 'പെൻ ബോക്സുകൾ' സ്ഥാപിച്ചിട്ടുണ്ട്. ഇവ നിറയുന്ന മുറയ്ക്ക് ഹരിത കർമ്മ സേനയ്ക്ക് കൈമാറുന്നതിലൂടെ പ്ലാസ്റ്റിക് മലിനീകരണത്തിനെതിരെ കുട്ടികളെ പ്രായോഗികമായി ബോധവൽക്കരിക്കാൻ സ്കൂളിന് സാധിക്കുന്നു.

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി നടന്ന 'കുട്ടികളുടെ ഹരിത സഭ'യിൽ പഞ്ചായത്തിലെ ഏറ്റവും മികച്ച റിപ്പോർട്ടിനുള്ള പുരസ്കാരം നേടിയത് ഈ വിദ്യാലയത്തിലെ വിദ്യാർത്ഥികളാണ്. പഞ്ചായത്തിലെ ഏറ്റവും നല്ല മാതൃകാ വിദ്യാലയമായി തിരഞ്ഞെടുക്കപ്പെട്ടതും ജെംസ് പബ്ലിക് സ്കൂളാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മുന്നറിയിപ്പുകളില്ലാതെ നടത്തുന്ന സ്ക്വാഡ് പരിശോധനകളിൽ പോലും യാതൊരുവിധ നിയമലംഘനങ്ങളും കണ്ടെത്താൻ കഴിയാത്തവിധം ഗ്രീൻ പ്രോട്ടോക്കോൾ ഈ വിദ്യാലയത്തിൽ കൃത്യമായി പാലിക്കപ്പെടുന്നു.



ഓണാഘോഷം അടക്കമുള്ള എല്ലാ പൊതുപരിപാടികളും ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് വസ്തുക്കൾ പൂർണ്ണമായും ഒഴിവാക്കി ഹരിതചട്ടം പാലിച്ചാണ് സംഘടിപ്പിക്കുന്നത്. പരിസ്ഥിതി ദിനം പോലുള്ള വിശേഷ ദിവസങ്ങളിൽ തൈകൾ നട്ടുപിടിപ്പിച്ചും വിതരണം ചെയ്തും പ്രകൃതിയുമായുള്ള കുട്ടികളുടെ ആത്മബന്ധം വർദ്ധിപ്പിക്കുന്നു. വിദ്യാർത്ഥികളുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ വർഷം മുഴുവൻ നിലനിർത്തുന്ന പച്ചക്കറിത്തോട്ടം കൃഷിയിലുള്ള അവരുടെ താൽപ്പര്യം വളർത്തുന്നു. ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകളുടെ പൂർണ്ണ പിന്തുണയോടെ ഒരു സമ്പൂർണ്ണ ഹരിത കലാലയമായി ജെംസ് പബ്ലിക് സ്കൂളിന്റെ ജൈത്രയാത്ര തുടരുകയാണ്.

### ജി.എം.എൽ.പി സ്കൂൾ ചെറുവന്നൂർ: കുട്ടി അംബാസിഡർമാരുടെ ഹരിത വിദ്യാലയം

മലപ്പുറം ജില്ലയിലെ വളവന്നൂർ ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ചെറുവന്നൂർ ജി.എം. എൽ.പി സ്കൂൾ, പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങളിൽ മികച്ച മാതൃകയാണ്. നാനൂറോളം കുട്ടികൾ പഠിക്കുന്ന ഈ വിദ്യാലയം ഒരു സമ്പൂർണ്ണ പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസായി ഇതിനോടകം മാറിക്കഴിഞ്ഞു. സ്കൂളിലെ ഉച്ചഭക്ഷണ അവശിഷ്ടങ്ങളും അടുക്കള മാലിന്യങ്ങളും ശാസ്ത്രീയമായി



സംസ്കരിച്ച് പച്ചക്കറിത്തോട്ടത്തിനാവശ്യമായ ജൈവവളമായി മാറ്റുന്നു. ജന്മദിനാഘോഷങ്ങളിൽ പ്ലാസ്റ്റിക് കവറുകളിലുള്ള മിഠായികൾ ഒഴിവാക്കി പകരം പോഷകാഹാരങ്ങളോ സ്കൂൾ ലൈബ്രറിയിലേക്ക് പുസ്തകങ്ങളോ നൽകുന്ന ശൈലിയാണ് ഇവിടെ പിന്തുടരുന്നത്.

'എഴുതിത്തീർന്ന സമ്പാദ്യം' എന്ന പേരിൽ മഷി തീർന്ന പേനകൾ ശേഖരിക്കുന്നതിനായി ഓരോ ക്ലാസിലും പ്രത്യേക പേപ്പർ ബോക്സുകൾ സ്ഥാപിച്ചിട്ടുണ്ട്. ഹരിത ക്ലബ്ബ് അംഗങ്ങളായ വിദ്യാർത്ഥികളാണ് ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. ഇവരെ വിദ്യാലയത്തിലെ 'ഗ്രീൻ അംബാസിഡർമാരായി' നിയോഗിച്ചിട്ടുള്ളത് കുട്ടികളിൽ പരിസ്ഥിതി അവബോധം വളർത്താൻ സഹായിക്കുന്നു.

2025-26 അധ്യയന വർഷത്തിൽ വിദ്യാലയത്തിന്റെ പച്ചപ്പ് വർദ്ധിപ്പിക്കുന്നതിനായി നാല് പുതിയ പച്ചത്തുരുത്തുകൾ കൂടി നിർമ്മിച്ചു. ഏകദേശം ഒൻപത് സെന്റ് സ്ഥലത്തായി വ്യാപിച്ചുകിടക്കുന്ന ഈ പച്ചത്തുരുത്തുകളിൽ നിരവധി ഫലവൃക്ഷത്തൈകളാണ് നട്ടുപിടിപ്പിച്ചിട്ടുള്ളത്. സ്കൂളിലെ ഓണാഘോഷത്തിന് മാറ്റുകൂട്ടാനായി വിദ്യാർത്ഥികൾ തന്നെ ചെണ്ടുമല്ലി, വാടാമല്ലി എന്നിവ കൃഷി ചെയ്യുകയും ആഘോഷദിവസം പി.ടി.എ പ്രസിഡന്റും എസ്.എം.സി ചെയർമാനും ചേർന്ന് ഇവ വിളവെടുക്കുകയും ചെയ്തു.

ശുചിത്വ മിഷന്റെ കേന്ദ്രസംഘം ഉൾപ്പെടെ വിവിധ വിഭാഗങ്ങൾ വിദ്യാലയം സന്ദർശിക്കുകയും ഇവിടുത്തെ ഹരിത പ്രവർത്തനങ്ങളിൽ സംതൃപ്തി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും കൂട്ടായ പ്രവർത്തനത്തിലൂടെ ഒരു മാതൃകാ ഹരിത വിദ്യാലയമായി ചെറുവന്നൂർ ജി.എം.എൽ.പി സ്കൂൾ മുന്നേറുകയാണ്.

## തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല: അറിവിന്റെയും ഹരിതഭംഗിയുടെയും സംഗമഭൂമി

മലപ്പുറം ജില്ലയിലെ വെട്ടം ഗ്രാമപഞ്ചായത്തിലെ തീരദേശ മേഖലയിൽ സ്ഥിതി ചെയ്യുന്ന തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല, വിദ്യാഭ്യാസ മികവിനൊപ്പം പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങളിലും ഒരു മാതൃകാ കലാലയമാണ്. യു.ജി.സി 12-ബി അംഗീകാരമുള്ള ഈ സർവ്വകലാശാല, ക്യാമ്പസും കെട്ടിടങ്ങളും അതീവ വൃത്തിയോടെ പരിപാലിക്കുന്നതിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നു. സർവ്വകലാശാലയിൽ സംഘടിപ്പിക്കാറുള്ള പൊതുപരിപാടികളെല്ലാം പൂർണ്ണമായും ഹരിതചട്ടം (Green Protocol) പാലിച്ചാണ് നടത്തുന്നത് എന്നത് ഏറെ ശ്രദ്ധേയമാണ്.



മാലിന്യ സംസ്കരണത്തിനായി ശാസ്ത്രീയമായ സംവിധാനങ്ങളാണ് ഇവിടെ ഒരുക്കിയിട്ടുള്ളത്. ജൈവ-അജൈവ മാലിന്യങ്ങൾ എന്നിവ ശേഖരിക്കുന്നതിനായി പ്രത്യേക ബിന്നുകൾ ക്യാമ്പസിൽ ഉടനീളം സ്ഥാപിച്ചിട്ടുണ്ട്. ജൈവമാലിന്യ സംസ്കരണത്തിനായി കമ്പോസ്റ്റ് യൂണിറ്റുകളും ബയോഗ്യാസ് പ്ലാന്റും സജ്ജമാണ്. ഹോസ്റ്റലുകളിലെ ജൈവമാലിന്യങ്ങൾ സംസ്കരിക്കാൻ പ്രത്യേക കമ്പോസ്റ്റ് യൂണിറ്റുകൾ നിലവിലുണ്ട്. അജൈവ മാലിന്യങ്ങൾ കൃത്യമായി ഹരിതകർമ്മസേനയ്ക്ക് കൈമാറുന്നു. ഇലക്ട്രോണിക് മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനായി ക്ലീൻ കേരള കമ്പനിക്കാണ് കൈമാറുന്നത്. കൂടാതെ, ശുചിമുറികളിൽ സാനിറ്ററി ഇൻസിനറേറ്റർ സംവിധാനവും സ്ഥാപിച്ചിട്ടുണ്ട്.

ഊർജ്ജ ലാഭത്തിനായി സോളാർ പാനലുകളും സന്ദർശകർക്കും വിദ്യാർത്ഥികൾക്കുമായി വാട്ടർ പ്യൂരിഫയറുകളും സർവ്വകലാശാലയിൽ ഒരുക്കിയിട്ടുണ്ട്. ക്യാമ്പസിലെ മനോഹരമായ പച്ചത്തുരുത്ത്, മികച്ച പച്ചത്തുരുത്തിനുള്ള പുരസ്കാരം നേടിയ ഒന്നാണ്. പരിസ്ഥിതി പഠന സ്കൂളിന്റെ മേൽനോട്ടത്തിൽ എൻ.എസ്.എസ് വളണ്ടിയർമാരുടെ സഹകരണത്തോടെയാണ് ഈ പച്ചത്തുരുത്ത് സംരക്ഷിക്കപ്പെടുന്നത്. വൈവിധ്യമാർന്ന ഫലവൃക്ഷങ്ങളാലും സസ്യങ്ങളാലും സമ്പുഷ്ടമായ ക്യാമ്പസിൽ 'സ്വർണ്ണകണ്ടൽ പ്രോജക്ട്' പ്രവർത്തനങ്ങൾ ഇപ്പോൾ പുരോഗമിച്ചുവരുന്നു. സർവ്വകലാശാലയുടെ സ്വന്തം നഴ്സറിയിൽ വളർത്തുന്ന പുഴമുല്ലകൾ നട്ടുപിടിപ്പിച്ച് ക്യാമ്പസ് കൂടുതൽ ഹരിതാഭമാക്കാനുള്ള പ്രവർത്തനങ്ങളും

നടക്കുന്നുണ്ട്. ഇതിനുപുറമെ വിദ്യാർത്ഥികൾ നേരിട്ട് പരിപാലിക്കുന്ന ഒരു പച്ചക്കറിത്തോട്ടവും ഇവിടെയുണ്ട്. ഇത്തരത്തിൽ സമഗ്രമായ പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങളിലൂടെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല കേരളത്തിലെ കലാലയങ്ങൾക്ക് വലിയൊരു മാതൃകയാണ്.

### അമൽ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്, നിലമ്പൂർ: സുസ്ഥിര വികസനത്തിന്റെ ഹരിത കാമ്പസ്

മലപ്പുറം ജില്ലയിലെ ചാലിയാർ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ സ്ഥിതി ചെയ്യുന്ന അമൽ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്, വിദ്യാഭ്യാസ മികവിനൊപ്പം പരിസ്ഥിതി സംരക്ഷണത്തിലും ആഗോള നിലവാരം പുലർത്തുന്ന ഒരു മാതൃകാ കലാലയമാണ്. NAAC A++ ഗ്രേഡും ISO സർട്ടിഫിക്കേഷനും കരസ്ഥമാക്കിയ ഈ സ്ഥാപനം, അന്താരാഷ്ട്ര ഇന്റേൺഷിപ്പുകൾക്കൊപ്പം 'ഗ്രീൻ ക്ലീൻ ക്യാമ്പസ്' എന്ന പദവി കൂടി അന്വർത്ഥമാക്കിയാണ് പ്രവർത്തിക്കുന്നത്. ക്യാമ്പസ് പരിസരം അതീവ വൃത്തിയോടെ പരിപാലിക്കുന്നതിനൊപ്പം കലാലയത്തിൽ സംഘടിപ്പിക്കാറുള്ള എല്ലാ പൊതുപരിപാടികളും ഗ്രീൻ പ്രോട്ടോക്കോൾ (ഹരിതചട്ടം) കർശനമായി പാലിച്ചാണ് നടത്തുന്നത്.

മാലിന്യ സംസ്കരണ മേഖലയിൽ വിപുലമായ സംവിധാനങ്ങളാണ് ഈ കലാലയത്തിൽ ഒരുക്കിയിട്ടുള്ളത്. അജൈവ മാലിന്യങ്ങൾ ശേഖരിക്കാൻ പ്രത്യേക ബിന്നുകൾ സ്ഥാപിക്കുകയും അവ കൃത്യമായി ഹരിത കർമ്മ സേനയ്ക്ക് കൈമാറുകയും ചെയ്യുന്നു. ഭക്ഷണാവശിഷ്ടങ്ങൾ ഉൾപ്പെടെയുള്ള ജൈവമാലിന്യങ്ങൾ ശേഖരിക്കാൻ പ്രത്യേക ബിന്നുകൾ സജ്ജമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ശേഖരിക്കപ്പെടുന്ന ജൈവമാലിന്യങ്ങൾ കോളേജുമായി കരാറിലേർപ്പെട്ടിട്ടുള്ള പന്നി ഫാമുകളിലേക്ക് കൈമാറുന്നതിലൂടെ ശാസ്ത്രീയമായ സംസ്കരണം ഉറപ്പാക്കുന്നു. കൂടാതെ, ഹോസ്റ്റലുകളിലെ മാലിന്യ നിർമ്മാർജ്ജനത്തിനായി ബയോഗ്യാസ് പ്ലാന്റും കമ്പോസ്റ്റ് യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്.

മലിനജല സംസ്കരണത്തിനായി ഫിൽട്രേഷൻ യൂണിറ്റുകളും പ്രത്യേക ടാങ്കുകളും ഉൾക്കൊള്ളുന്ന എഫ്ളുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് (ETP) കോളേജിൽ സജ്ജീകരിച്ചിട്ടുണ്ട്. ഇത് 'ഗ്രേ വാട്ടർ', 'ബ്ലാക്ക് വാട്ടർ' എന്നിവ വേർതിരിച്ചു സംസ്കരിക്കാൻ സഹായിക്കുന്നു. ശുചിമുറികളിൽ സാനിറ്ററി ഇൻസിനറേറ്റർ സംവിധാനങ്ങളും കുടിവെള്ളത്തിനായി പ്യൂരിഫയറുകളും ഇവിടെ ലഭ്യമാണ്. ഊർജ്ജ ഉപഭോഗത്തിൽ



സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി വിപുലമായ സോളാർ പാനലുകളും കലാലയത്തിൽ സ്ഥാപിച്ചിട്ടുണ്ട്.

ക്യാമ്പസിനെ ഹരിതാഭമാക്കുന്ന ജൈവവൈവിധ്യ പ്രവർത്തനങ്ങളാണ് മറ്റൊരു പ്രത്യേകത. എൻ.എസ്.എസ് വോളന്റിയർമാരുടെയും അധ്യാപകരുടെയും നേതൃത്വത്തിൽ വിപുലമായ ഫലവൃക്ഷത്തോട്ടവും പച്ചക്കറിത്തോട്ടവും ഇവിടെ പരിപാലിച്ചു വരുന്നു. കാർഷിക വികസന കാർഷിക ക്ഷേമ വകുപ്പിന്റെ പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായാണ് ഈ കാർഷിക മുന്നേറ്റം നടപ്പിലാക്കുന്നത്. ഇത്തരത്തിൽ സമഗ്രമായ ഹരിത ഇടപെടലുകളിലൂടെ അമൽ കോളേജ് കേരളത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് മികച്ചൊരു മാതൃകയായി നിലകൊള്ളുന്നു.

## മുട്ടിൽപ്പാലം: ജനകീയ പങ്കാളിത്തത്തിലൂടെ ഒരു മാതൃകാ ഹരിത നഗരം

മലപ്പുറം ജില്ലയിലെ ഹരിത നഗരങ്ങളിൽ മികവുറ്റ ഒരു മാതൃകയായി ഉയർത്തിക്കാട്ടാവുന്ന പ്രദേശമാണ് മുട്ടിൽപ്പാലം. മഞ്ചേരി നഗരസഭയിലെ പ്രധാനപ്പെട്ട ഒരു കേന്ദ്രമായ മുട്ടിൽപ്പാലത്തെ ഒരു ഹരിത ടൗണായി പരിവർത്തിപ്പിക്കുന്നതിൽ മിഷന്റെ ഇടപെടലുകൾ വലിയ പങ്കുവഹിച്ചു. ബസ് സ്റ്റോപ്പുകൾ കേന്ദ്രീകരിച്ചും പാലത്തിന്റെ ഇരുവശങ്ങളിലും നടത്തിയ സൗന്ദര്യവൽക്കരണ പ്രവർത്തനങ്ങൾ ടൗണിന്റെ മുഖച്ഛായ തന്നെ മാറ്റിമറിച്ചു. കൂടാതെ, പൊതുജനങ്ങളിൽ പരിസ്ഥിതി അവബോധം വളർത്തുന്നതിനായി നിരവധി ബോധവൽക്കരണ ബോർഡുകളും ആവശ്യാനുസരണം ബോട്ടിൽ ബൂത്തുകളും മാലിന്യശേഖരണ ബിന്നുകളും ഇവിടെ സ്ഥാപിച്ചിട്ടുണ്ട്.

സന്നദ്ധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് ടൗണിന്റെ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കാനും ശുചിത്വം ഉറപ്പുവരുത്താനും സാധിച്ചു എന്നത് ശ്രദ്ധേയമാണ്. കേവലം സർക്കാർ ഇടപെടലുകളിൽ ഒതുങ്ങിനിൽക്കാതെ, ശക്തമായ ഒരു 'ജനകീയ കമ്മിറ്റി' രൂപീകരിച്ചുകൊണ്ടാണ് ഇവിടെ പ്രവർത്തനങ്ങൾ ആരംഭിച്ചത്. ജനപ്രതിനിധികളും വ്യാപാരികളും സന്നദ്ധ പ്രവർത്തകരും അടങ്ങുന്ന ഈ കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്ന നിരന്തരമായ ശുചീകരണ യജ്ഞങ്ങൾ മുട്ടിൽപ്പാലത്തെ മാലിന്യമുക്തമാക്കുന്നതിൽ നിർണ്ണായകമായി.



ജനകീയ പങ്കാളിത്തത്തോടുകൂടി നടത്തിയ ഇത്തരം പ്രവർത്തനങ്ങൾ മുട്ടിൽപ്പാലത്തെ ജില്ലയിലെ തന്നെ മികച്ച ഒരു ഹരിത വിനോദസഞ്ചാര വാണിജ്യ കേന്ദ്രമാക്കി മാറ്റിയിരിക്കുകയാണ്. വികേന്ദ്രീകൃത മാലിന്യ സംസ്കരണവും പൊതുവിടങ്ങളുടെ സംരക്ഷണവും നടപ്പിലാക്കിക്കൊണ്ട് എങ്ങനെ ഒരു ചെറിയ ടൗണിനെ മാതൃകാപരമായി മാറ്റിയെടുക്കാം എന്നതിന് ഉത്തമ ഉദാഹരണമാണ് ഈ പ്രദേശം.

### ചെമ്മാട് ടൗൺ: ശുചിത്വവും സൗന്ദര്യവും ഒത്തുചേരുന്ന മാതൃകാ നഗരം

തിരൂരങ്ങാടി നഗരസഭയുടെ പരിധിയിലുള്ള പ്രധാന വാണിജ്യ-സാംസ്കാരിക കേന്ദ്രമായ ചെമ്മാട് ടൗൺ, മാലിന്യ സംസ്കരണത്തിലും നഗര സൗന്ദര്യവൽക്കരണത്തിലും ശ്രദ്ധേയമായ മുന്നേറ്റമാണ് കാഴ്ചവെക്കുന്നത്. 'മാലിന്യമുക്തം നവകേരളം' ജനകീയ ക്യാമ്പയിന്റെ ഭാഗമായി 'ഹരിത ടൗൺ' ആയി പ്രഖ്യാപിക്കപ്പെട്ട ഇവിടെ, പ്രകൃതിസൗഹൃദമായ അലങ്കാരങ്ങളും ശാസ്ത്രീയമായ മാലിന്യ സംസ്കരണ രീതികളും ഒരേപോലെ പ്രാധാന്യത്തോടെ പരിപാലിച്ചുപ്പോരുന്നു. നഗരസഭയുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ ദിവസവും നടക്കുന്ന കൃത്യമായ ശുചീകരണ പ്രവർത്തനങ്ങൾ നഗരപാതകളെ മാലിന്യമുക്തമാക്കുന്നു. റോഡുകളിലോ പൊതുവിടങ്ങളിലോ മാലിന്യങ്ങൾ വലിച്ചെറിയാത്ത വിധം ഉയർന്ന നിലവാരത്തിലുള്ള ശുചിത്വബോധം ഇവിടെ പുലർത്തുന്നുണ്ട്.



നഗരത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ വളരെ മനോഹരമായ രീതിയിൽ ചെടിച്ചട്ടികളിൽ ചെടികൾ നട്ടുപിടിപ്പിച്ചിരിക്കുന്നത് ചെമ്മാട് ടൗണിന്റെ പ്രധാന ആകർഷണമാണ്. ഇത് നഗരത്തിന് ഒരു ഹരിതഭംഗി നൽകുന്നതിനൊപ്പം സന്ദർശകർക്ക് ഉന്മേഷദായകമായ ഒരു അന്തരീക്ഷം സമ്മാനിക്കുന്നു. സന്ദർശകർക്കായി ആവശ്യാനുസരണം ബോട്ടിൽ ബൂത്തുകളും മാലിന്യശേഖരണ ബിന്നുകളും വിവിധയിടങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. ഇവയിൽ ശേഖരിക്കപ്പെടുന്ന മാലിന്യങ്ങൾ യഥാസമയം നീക്കം ചെയ്യുകയും കൃത്യമായ രീതിയിൽ സംസ്കരിക്കുകയും ചെയ്യുന്നു.

പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി മാലിന്യ സംസ്കരണ ആശയങ്ങളും നിർദ്ദേശങ്ങളും ഉൾക്കൊള്ളുന്ന ബോർഡുകളും ആകർഷകമായ ചുമരെഴുത്തുകളും ടൗണിന്റെ വിവിധ ഭാഗങ്ങളിൽ ക്രമീകരിച്ചിട്ടുണ്ട്. മികച്ച മാലിന്യ സംസ്കരണ സംവിധാനങ്ങളും ജനകീയ പങ്കാളിത്തത്തോടെയുള്ള മേൽനോട്ടവും പരിപാലനവും ഏകോപിപ്പിച്ച് ഒരു വാണിജ്യ കേന്ദ്രത്തെ എങ്ങനെ മാതൃകാപരമായി നിലനിർത്താം എന്നതിന്റെ ഉത്തമ ഉദാഹരണമാണ് ഇന്ന് ചെമ്മാട് ടൗൺ.

### തിരൂർ: മാതൃകാ ഹരിത പൊതുവിടം

മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിന്റെ ഹൃദയഭാഗമായ തിരൂർ ടൗൺ, ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങളിലൂടെ ശുചിത്വത്തിന്റെ പുതിയ മാതൃകകൾ തീർക്കുകയാണ്. സംസ്ഥാന സർക്കാരിന്റെ 'മാലിന്യമുക്തം നവകേരളം' ജനകീയ ക്യാമ്പയിന്റെ ഭാഗമായി, അന്താരാഷ്ട്ര സീറോ വേസ്റ്റ് ദിനത്തിലാണ് തിരൂരിനെ ഒരു 'സമ്പൂർണ്ണ ഹരിത ടൗൺ' ആയി പ്രഖ്യാപിച്ചത്. ഈ വലിയ നേട്ടത്തിന് പിന്നിൽ നഗരസഭയുടെയും വിവിധ സംഘടനകളുടെയും പൊതുജനങ്ങളുടെയും കൂട്ടായ പരിശ്രമമുണ്ട്. പല ഘട്ടങ്ങളിലായി സംഘടിപ്പിക്കപ്പെട്ട ജനകീയ ശുചീകരണ യജ്ഞങ്ങൾ (Mass Cleaning) നഗരത്തിന്റെ മുഖച്ഛായ തന്നെ മാറ്റിമറിച്ചു.

നഗരത്തിന്റെ ഭംഗിയും ശുചിത്വവും ഉറപ്പാക്കുന്നതിനായി റോഡരികുകളിലും പൊതുവിടങ്ങളിലും ചെടികളും തണൽവൃക്ഷങ്ങളും നട്ടുപിടിപ്പിച്ചു. പരിസ്ഥിതി അവബോധം വളർത്തുന്നതിനായി ആകർഷകമായ ഐ.ഇ.സി (IEC) ബോർഡുകൾ ടൗണിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് മാലിന്യങ്ങൾ തരംതിരിച്ച് നിക്ഷേപിക്കുന്നതിനായി ബോട്ടിൽ ബൂത്തുകളും, പേപ്പർ, പ്ലാസ്റ്റിക്, ജൈവ മാലിന്യങ്ങൾ എന്നിവയ്ക്കായി പ്രത്യേക ട്വിൻ ബിന്നുകളും (Twin Bins) നഗരത്തിൽ ഉടനീളം ലഭ്യമാക്കിയിട്ടുണ്ട്.

നഗരസഭയുടെ ആരോഗ്യവിഭാഗം ഹെൽത്ത് സ്ക്വാഡുകൾ വഴി വ്യാപാര സ്ഥാപനങ്ങളിൽ നേരിട്ടെത്തി ശുചിത്വം ഉറപ്പുവരുത്തുന്നുണ്ട്. കടകൾക്കുള്ളിലും മാലിന്യങ്ങൾ തരംതിരിക്കാൻ ബിന്നുകൾ ഉണ്ടെന്ന് ഉറപ്പാക്കുകയും, ശേഖരിക്കുന്ന മാലിന്യങ്ങൾ കൃത്യമായി ഹരിത കർമ്മ സേനയ്ക്ക് കൈമാറുന്നുണ്ടെന്ന് നിരീക്ഷിക്കുകയും ചെയ്യുന്നു. ഒറ്റത്തവണ ഉപയോഗിച്ച് വലിച്ചെറിയുന്ന പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ ഉപയോഗം പരമാവധി കുറച്ചുകൊണ്ടും, പ്രകൃതിസൗഹൃദ ഉൽപ്പന്നങ്ങളെ പ്രോത്സാഹിപ്പിച്ചുകൊണ്ടും വ്യാപാരികളുടെയും ഉപഭോക്താക്കളുടെയും പൂർണ്ണ സഹകരണത്തോടെ തിരൂർ ഇന്ന് ഒരു സുസ്ഥിര ഹരിത നഗരമായി മുന്നേറുകയാണ്.

### പൊന്നാനി: ചരിത്രപ്പെരുമയുടെ പശ്ചാത്തലത്തിൽ ഒരു ഹരിത നഗരം

കേരളത്തിന്റെ ചരിത്രഭൂപടത്തിൽ സവിശേഷ സ്ഥാനമുള്ള തുറമുഖ നഗരമാണ് മലപ്പുറം ജില്ലയുടെ തെക്കുപടിഞ്ഞാറൻ തീരത്ത് സ്ഥിതി ചെയ്യുന്ന പൊന്നാനി. ഭാരതപ്പുഴ അറബിക്കടലുമായി സംഗമിക്കുന്ന ഈ അഴിമുഖ പ്രദേശം, സംസ്ഥാന സർക്കാരിന്റെ 'മാലിന്യമുക്തം നവകേരളം' ജനകീയ ക്യാമ്പയിനിലൂടെ ഒരു നവചരിത്രം രചിച്ചിരിക്കുകയാണ്. ഈ സുസ്ഥിരമായ മുന്നേറ്റത്തിന്റെ ഫലമായി പൊന്നാനി ടൗണിനെ ഇപ്പോൾ ഔദ്യോഗികമായി ഒരു 'ഹരിത ടൗൺ' ആയി പ്രഖ്യാപിച്ചിരിക്കുന്നു.

ഒരു ചതുരശ്ര കിലോമീറ്ററിൽ ഏകദേശം 3600 പേർ അധിവസിക്കുന്ന, അതീവ ജനസാന്ദ്രതയുള്ള പ്രദേശമാണ് പൊന്നാനി. നഗരസഭാ കാര്യാലയം ഉൾപ്പെടെയുള്ള നിരവധി പൊതുസ്ഥാപനങ്ങൾ, കെ.എസ്.ആർ.ടി.സി - സ്വകാര്യ ബസ് സ്റ്റാൻഡുകൾ, നൂറുകണക്കിന് വ്യാപാര സ്ഥാപനങ്ങൾ എന്നിവ കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന ഈ നഗരം മാലിന്യ സംസ്കരണത്തിൽ വലിയ വെല്ലുവിളികളാണ് നേരിട്ടിരുന്നത്. എന്നാൽ, കൃത്യമായ ആസൂത്രണത്തിലൂടെ ഒരുകാലത്ത് മാലിന്യക്കൂമ്പാരമായി



കിടന്നിരുന്ന നഗരഹൃദയത്തെ ശുചിത്വത്തിന്റെയും സൗന്ദര്യത്തിന്റെയും മാതൃകയാക്കി മാറ്റാൻ ഇന്ന് സാധിച്ചിട്ടുണ്ട്.

ഈ വലിയ മാറ്റത്തിന് പിന്നിലെ പ്രധാന ചാലകശക്തിയായ തൊണ്ണൂറോളം വരുന്ന ഹരിതകർമ്മ സേനാംഗങ്ങളുടെ അർപ്പണബോധത്തോടെയുള്ള പ്രവർത്തനമാണ്. നഗരത്തിന്റെ ഭംഗിയും ശുചിത്വവും നിലനിർത്തുന്നതിനായി പൊതുവിടങ്ങളിൽ ചെടികൾ നട്ടുപിടിപ്പിക്കുകയും ആവശ്യാനുസരണം ബോട്ടിൽ ബൂത്തുകളും ബിന്നുകളും സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനായി തുമ്പൂർമുഴി മോഡൽ എയറോബിക് ബിന്നുകൾ, ബയോഗ്യാസ് പ്ലാന്റുകൾ എന്നിവയും നഗരത്തിൽ സജ്ജമാക്കിയിട്ടുണ്ട്. ചരിത്രപരമായ പശ്ചാത്തലവും പ്രകൃതിഭംഗിയും ശുചിത്വവും ഒത്തുചേരുന്ന പൊന്നാനി ടൗൺ, നഗരവൽക്കരണവും പരിസ്ഥിതി സംരക്ഷണവും എങ്ങനെ കൈകോർക്കാം എന്നതിന്റെ മികച്ച ഉദാഹരണമാണ്.

## താഴെപ്പറ്റക്കുന്ന് പച്ചത്തുരുത്ത്: മാലിന്യക്കൂമ്പാരത്തിൽ നിന്നും ഒരു ജൈവകലവറയിലേക്ക്

മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ നഗരസഭയിലെ ഇരുപതാം വാർഡിൽ സ്ഥിതി ചെയ്യുന്ന പടിഞ്ഞാറേക്കര താഴെപ്പറ്റക്കുന്ന് പച്ചത്തുരുത്ത്, ജില്ലയിലെ തന്നെ ഏറ്റവും വലിയതും മാതൃകാപരവുമായ പച്ചത്തുരുത്തുകളിൽ ഒന്നാണ്. ചരിത്രപരമായ മാറ്റത്തിന്റെ കഥയാണ് ഈ പ്രദേശം പറയുന്നതത്. 1997-98 കാലയളവിൽ ഇൻഡസ്ട്രിയൽ പാർക്ക് നിർമ്മിക്കുന്നതിനായി നഗരസഭ ഏറ്റെടുത്ത ഏഴര ഏക്കറോളം വരുന്ന ഭൂമി, സാങ്കേതിക തടസ്സങ്ങൾ കാരണം പദ്ധതി നടപ്പിലാക്കാത്തതിനെത്തുടർന്ന് കാടുപിടിച്ചു കിടക്കുകയായിരുന്നു. കാലക്രമേണ ഈ പ്രദേശം സാമൂഹ്യ വിരുദ്ധരുടെ താവളമായും സമീപവാസികൾ മാലിന്യങ്ങൾ തള്ളുന്ന കുപ്പത്തൊട്ടിയായും മാറി.

മാലിന്യപ്രശ്നം രൂക്ഷമായതോടെ, 2020 ജൂൺ 5-ലെ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഈ ഭൂമിയെ വീണ്ടെടുക്കാനുള്ള ശ്രമങ്ങൾ നഗരസഭ ആരംഭിച്ചു. അഞ്ചര ഏക്കറോളം വരുന്ന പ്രദേശം ശുചീകരിച്ച് ജനകീയ പങ്കാളിത്തത്തോടെ ഫലവൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കാൻ നഗരസഭാ കൗൺസിൽ തീരുമാനമെടുത്തു. ഹരിതകേരളം മിഷൻ, നഗരസഭാ ഹെൽത്ത് ഡിപ്പാർട്ട്മെന്റ്, തൊഴിലുറപ്പ്



പദ്ധതി എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ പൊതുജനങ്ങളെ കൂടി ഉൾപ്പെടുത്തി 400-ഓളം ഫലവൃക്ഷത്തൈകളും ഔഷധസസ്യങ്ങളും നട്ടുപിടിപ്പിച്ചു. നഗരസഭയിൽ ഉൽപ്പാദിപ്പിക്കുന്ന ജൈവവളം ഉപയോഗിച്ചാണ് ഈ പച്ചത്തുരുത്ത് പരിപാലിക്കുന്നത് എന്നതും ഇതിന്റെ സവിശേഷതയാണ്.

കേന്ദ്ര സർക്കാരിന്റെ 'ജലശക്തി അഭിയാൻ' പദ്ധതിയുടെ ഭാഗമായുള്ള സംഘം ഈ പച്ചത്തുരുത്ത് സന്ദർശിക്കുകയും, ഈ ജൈവവൈവിധ്യ വീണ്ടെടുപ്പിലൂടെ സമീപപ്രദേശങ്ങളിലെ ഭൂഗർഭ ജലനിരപ്പ് ഉയർന്നതായി കണ്ടെത്തുകയും ചെയ്തു. നിലവിൽ ചന്ദനം, രക്തചന്ദനം, കൊന്ന, കൂവളം, അത്തി, മഹാഗണി തുടങ്ങിയവയും വംശനാശഭീഷണി നേരിടുന്നവയും ഉൾപ്പെടെ അറുനൂറിലധികം വൃക്ഷങ്ങൾ ഇവിടെ വളരുന്നു. സസ്യങ്ങളെല്ലാം ശാസ്ത്രീയമായി ലേബൽ ചെയ്തിട്ടുണ്ട്. ചിത്രശലഭങ്ങളുടെയും പക്ഷികളുടെയും പ്രധാന ആവാസകേന്ദ്രമായ ഇവിടം ഇപ്പോൾ പ്രകൃതി സ്നേഹികളുടെയും ബ്ലോഗർമാരുടെയും പ്രിയപ്പെട്ട സന്ദർശന കേന്ദ്രമാണ്. ഓണക്കാലത്തെ പൂക്കൃഷിയും പരിസ്ഥിതി ദിനത്തിലെ വൃക്ഷവൽക്കരണ പരിപാടികളും ഈ പച്ചത്തുരുത്തിനെ പെരിന്തൽമണ്ണയുടെ ഹരിത ശ്വാസകോശമാക്കി മാറ്റിയിരിക്കുന്നു.

### ചിറവല്ലൂർ ജൈവവൈവിധ്യ ഉദ്യാനം: തണ്ണീർത്തട സംരക്ഷണത്തിന്റെ ഹരിത മാതൃക

മലപ്പുറം ജില്ലയുടെ തെക്കേ അറ്റത്ത്, പ്രകൃതിഭംഗിയാൽ സമൃദ്ധമായ പെരുമ്പടപ്പ് ഗ്രാമപഞ്ചായത്തിലാണ് ചിറവല്ലൂർ ജൈവവൈവിധ്യ പച്ചത്തുരുത്ത് സ്ഥിതി ചെയ്യുന്നത്. കായലുകളും ചതുപ്പുനിലങ്ങളും തണ്ണീർത്തടങ്ങളും നിറഞ്ഞ ഈ പ്രദേശത്തിന്റെ തനതായ ആവാസവ്യവസ്ഥ കാത്തുസൂക്ഷിക്കുക എന്ന ലക്ഷ്യത്തോടെ, പെരുമ്പടപ്പ് ഗ്രാമപഞ്ചായത്ത് ജൈവവൈവിധ്യ പരിപാലന കമ്മിറ്റിയുടെ നേതൃത്വത്തിലാണ് ഈ ഉദ്യാനം നിർമ്മിച്ചത്. കേരള ജൈവവൈവിധ്യ ബോർഡ് അനുവദിച്ച അഞ്ച് ലക്ഷം രൂപ ഗ്രാന്റും ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക താല്പര്യവും കൂടിയായപ്പോൾ 2022-ൽ ഈ ഹരിത പദ്ധതി യാഥാർത്ഥ്യമായി.

റാംസർ സൈറ്റിൽ ഉൾപ്പെട്ട കോൾ മേഖലയോട് ചേർന്ന്, ഒരു ദ്വീപിന്റെ ഘടനയുള്ളതും കാടുപിടിച്ചു കിടന്നിരുന്നതുമായ ഭൂമിയെയാണ് മനോഹരമായ ഉദ്യാനമാക്കി മാറ്റിയത്. ആയിരക്കണക്കിന്



ദേശാടന പക്ഷികൾക്കും ശുദ്ധജല മത്സ്യങ്ങൾക്കും ആതിഥ്യമരുളുന്ന ഈ പ്രദേശം പ്രാദേശിക ജൈവവൈവിധ്യത്തിന്റെ വലിയൊരു കലവറയാണ്. കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KFRI), മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവയെ ഏകോപിപ്പിച്ചാണ് പഞ്ചായത്ത് ഈ ബൃഹത് പദ്ധതി നടപ്പിലാക്കിയത്.

ചിറവല്ലൂർ പി.എച്ച്.സി.യോട് ചേർന്ന് സ്ഥിതി ചെയ്യുന്ന ഈ ഉദ്യാനത്തിൽ സന്ദർശകർക്കായി ഓപ്പൺ ജിം, വിശ്രമകേന്ദ്രങ്ങൾ എന്നിവയും ഒരുക്കിയിട്ടുണ്ട്. പ്രദേശത്ത് ലഭ്യമായതും വംശനാശഭീഷണി നേരിടുന്നതുമായ 150-ലധികം ഔഷധ സസ്യങ്ങൾ ഇവിടെ സംരക്ഷിക്കപ്പെടുന്നു. ഏഴിലംപാല, കുന്തിരിക്കം ലഭിക്കുന്ന വെള്ള പൈൻ, നീലയമരി, ചങ്ങലംപരണ്ട, സർപ്പഗന്ധി, മുറികൂട്ടി, വാതംകൊല്ലി തുടങ്ങി വൈവിധ്യമാർന്ന സസ്യശേഖരം ഉദ്യാനത്തിന് ഔഷധഗുണമേകുന്നു.

വിദ്യാർത്ഥികൾക്ക് പഠനത്തിനും പക്ഷി നിരീക്ഷണത്തിനുമുള്ള സൗകര്യങ്ങൾക്കൊപ്പം വായനയെ പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു 'പുസ്തകക്കൂടും' ഇവിടെ സജ്ജീകരിച്ചിട്ടുണ്ട്. പ്രകൃതിയെ അടുത്തറിയാനും വരുംതലമുറയ്ക്കായി പരിസ്ഥിതിയെ കാത്തുസൂക്ഷിക്കേണ്ടതിന്റെ പ്രാധാന്യം മനസ്സിലാക്കിക്കൊടുക്കാനും ചിറവല്ലൂർ ജൈവവൈവിധ്യ ഉദ്യാനം മികച്ചൊരു മാതൃകയായി നിലകൊള്ളുന്നു.

### ജി.എച്ച്.എസ്.എസ് അരീക്കോട്: ചെങ്കൽപ്പാറയിൽ വിരിഞ്ഞ ഹരിത വിസ്മയം

മലപ്പുറം ജില്ലയിലെ അരീക്കോട് ഗ്രാമപഞ്ചായത്തിലുള്ള ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ പരിസരത്ത് 2019-ലാണ് ഈ ജൈവവൈവിധ്യ ഉദ്യാനം സ്ഥാപിതമായത്. സ്കൂളിലെ ബയോഡൈവേഴ്സിറ്റി ക്ലബ് കൺവീനറായിരുന്ന അധ്യാപകൻ ശ്രീ. ജോളി ജോസഫിന്റെ സവിശേഷ താല്പര്യത്താൽ ആരംഭിച്ച ഈ പദ്ധതി ഇന്ന് സ്കൂളിന്റെ ഹരിത ശ്വാസകോശമായി മാറിയിരിക്കുന്നു. തികച്ചും ഉപയോഗശൂന്യമായി കിടന്നിരുന്ന ചെങ്കൽപ്പാറ നിറഞ്ഞ 40 സെന്റ് പ്രദേശം, മണ്ണടിച്ച് വൃക്ഷവൽക്കരണത്തിന് യോഗ്യമാക്കിയ ശേഷമാണ് പച്ചത്തുരുത്ത് സ്ഥാപിച്ചത്. കംപ്രസ്സറുകൾ ഉപയോഗിച്ച് പാറ തുരന്ന് നിർമ്മിച്ച രണ്ടടി വിസ്തീർണ്ണമുള്ള കുഴികളിലാണ് തൈകൾ നട്ടുപിടിപ്പിച്ചത്.



തൃശൂർ വേലൂർപാടം, കെ.എഫ്.ആർ.ഐ (KFRI), വയനാട്ടിലെ 'ഉറവ്' എന്നിവിടങ്ങളിൽ നിന്ന് മുളത്തൈകളും എം.എസ്. സ്വാമിനാഥൻ ഫൗണ്ടേഷനിൽ നിന്ന് വിവിധ വൃക്ഷത്തൈകളും ഈ ഉദ്യാനത്തിനായി ലഭ്യമാക്കി. വിവിധ സംഘടനകളുടെ സഹകരണത്തോടെ എഴുപതോളം ഇനം സസ്യങ്ങളാണ് ഇവിടെ പരിപാലിക്കപ്പെടുന്നത്. അധിനിവേശ സസ്യങ്ങളോ പ്ലാസ്റ്റിക് മാലിന്യങ്ങളോ ഇല്ലാത്ത ഈ ഉദ്യാനം തികച്ചും പ്രകൃതിസൗഹൃദമായാണ് നിലനിർത്തിപ്പോരുന്നത്. സന്ദർശകർക്കായി മനോഹരമായ നടപ്പാതകളും ഇരിപ്പിടങ്ങളും ഇവിടെ സജ്ജീകരിച്ചിട്ടുണ്ട്.

കുന്തിരിക്കപ്പൈൻ, കർപ്പൂരമരം, അകിൽ, പാന്തപ്പൈൻ, രക്തചന്ദനം തുടങ്ങിയ വംശനാശഭീഷണി നേരിടുന്ന അപൂർവ്വ വൃക്ഷങ്ങൾ ഈ പച്ചത്തുരുത്തിന്റെ മാറ്റ് കൂട്ടുന്നു. ഇവയ്ക്ക് പുറമെ മുള, വയനാവ്, രുദ്രാക്ഷം, പതിമുഖം, അശോകം, കാഞ്ഞിരം തുടങ്ങി നിരവധി മരങ്ങൾ ഇവിടെ തഴച്ചുവളരുന്നു. പച്ചത്തുരുത്തിന് ചുറ്റും അലങ്കാരച്ചെടികളും മുളകളും ഉപയോഗിച്ച് നിർമ്മിച്ച ജൈവവേലി ഉദ്യാനത്തിന് പ്രത്യേക സംരക്ഷണം നൽകുന്നു. സസ്യങ്ങളെക്കുറിച്ചുള്ള അറിവ് പകർന്നു നൽകുന്നതിനായി അവയെല്ലാം ശാസ്ത്രീയമായി ലേബൽ ചെയ്തിട്ടുണ്ട്.

കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കാനുള്ള മികച്ചൊരു പരീക്ഷണമായാണ് ഈ ചെറുവനം ഇവിടെ നിലകൊള്ളുന്നത്. കേവലം വൃക്ഷത്തൈകൾ നടുക എന്നതിനപ്പുറം, ഒരു പരിസ്ഥിതി വ്യവസ്ഥയെത്തന്നെ വീണ്ടെടുത്ത് പരിപാലിക്കുന്നതിൽ സ്കൂൾ അദ്ധ്യാപക രക്ഷകർതൃ സമിതിയും വിദ്യാർത്ഥികളും കാണിക്കുന്ന താല്പര്യം ഏറെ അഭിനന്ദനാർഹമാണ്. ധാരാളം പക്ഷികളും ചിത്രശലഭങ്ങളും വന്നുപോകുന്ന ഈ ജൈവവൈവിധ്യ ഉദ്യാനം ഇന്ന് അരീക്കോടിന്റെ പ്രകൃതിസമ്പത്താണ്.

### നിലമ്പൂർ തേക്ക് മ്യൂസിയം: കാർബൺ ന്യൂട്രൽ പദവിയിലേക്കുള്ള ഹരിത പ്രയാണം

ഹരിതകേരളം മിഷൻ കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ നടപ്പിലാക്കിയ മാതൃകാപരമായ പ്രവർത്തനങ്ങളുടെ ആഗോള പ്രതീകമാണ് നിലമ്പൂർ തേക്ക് മ്യൂസിയം. മലപ്പുറം-ഗൂഡല്ലൂർ പാതയോരത്ത് സ്ഥിതി ചെയ്യുന്ന ഈ കേന്ദ്രം, ചരിത്രപരമായ പ്രാധാന്യം കൊണ്ടും പരിസ്ഥിതി സൗഹൃദമായ പ്രവർത്തനശൈലി കൊണ്ടും ദേശീയ ശ്രദ്ധ ആകർഷിക്കുന്നു.



കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ (KFRI) കീഴിൽ 1995-ൽ സ്ഥാപിതമായ ഈ മ്യൂസിയം ലോകത്തിലെ തന്നെ ഇത്തരത്തിലുള്ള ആദ്യ സംരംഭമാണ്. 1846-ൽ സ്ഥാപിതമായ ഇന്ത്യയിലെ ആദ്യത്തെ തേക്ക് തോട്ടമായ കനോലി പ്ലോട്ടിന്റെ ചരിത്രപരമായ തുടർച്ചയാണിത്. തേക്കിന്റെ ചരിത്രം, ശാസ്ത്രീയ വശങ്ങൾ, വിവിധ തടിമാതൃകകൾ എന്നിവയ്ക്കൊപ്പം 55 വർഷം പഴക്കമുള്ള തേക്കിന്റെ കൂറ്റൻ വേരുപടലം പോലും ഇവിടെ ശാസ്ത്രീയമായി പ്രദർശിപ്പിച്ചിട്ടുണ്ട്.

മ്യൂസിയത്തോടു ചേർന്ന് 2007-ൽ ആരംഭിച്ച ജൈവവിഭവ ഉദ്യാനം പശ്ചിമഘട്ടത്തിന്റെ ഒരു ലഘുരൂപമാണ്. ഓർക്കിഡ് ഗൃഹം, ഔഷധസസ്യ ഉദ്യാനം, മുളങ്കാടുകൾ, ശലഭോദ്യാനം, മഹാശിലായുഗ സ്മാരകം എന്നിവ പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിനൊപ്പം സന്ദർശകർക്ക് മികച്ച കാഴ്ചാനുഭവം നൽകുകയും ചെയ്യുന്നു.

സമ്പൂർണ്ണ പ്ലാസ്റ്റിക് വിമുക്ത മേഖലയായ ഇവിടെ പ്രവേശന കവാടത്തിൽ തന്നെ കർശനമായ പരിശോധനാ സംവിധാനങ്ങളുണ്ട്. സന്ദർശകർക്കായി മലയാളത്തിലും ഇംഗ്ലീഷിലും ഹരിത നിർദ്ദേശങ്ങൾ വ്യക്തമായി പ്രദർശിപ്പിച്ചിരിക്കുന്നു. മാലിന്യ നിർമ്മാർജ്ജനത്തിനും ഊർജ്ജ സംരക്ഷണത്തിനുമായി താഴെ പറയുന്ന ആധുനിക സംവിധാനങ്ങൾ ഇവിടെ സജ്ജമാണ്:

- മാലിന്യ സംസ്കരണം: ജൈവ-അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ തരംതിരിക്കുന്നു. അജൈവ മാലിന്യങ്ങൾ ഹരിതകർമ്മസേനയ്ക്ക് കൈമാറുകയും ജൈവമാലിന്യങ്ങൾ വിൻറോ കമ്പോസ്റ്റിംഗ് വഴി വളമാക്കി മാറ്റി ഉദ്യാനത്തിൽ ഉപയോഗിക്കുകയും ചെയ്യുന്നു.
- ജലസംരക്ഷണം: മഴവെള്ള സംഭരണികൾ, സന്ദർശകർക്കായി കുടിവെള്ള കിയോസ്കുകൾ, മലിനജല സംസ്കരണത്തിനായി ബയോ-ബ്ലാക്ക് വാട്ടർ ട്രീറ്റ്മെന്റ് ടാങ്കുകൾ, സാനിറ്ററി ഇൻസിനറേറ്ററുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്.
- ഊർജ്ജം: ഊർജ്ജ ഉപഭോഗം കുറയ്ക്കുന്നതിനായി സോളാർ പാനലുകൾ ഉപയോഗിക്കുന്നു.

ഹരിതകേരളം മിഷന്റെ 'നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ' എന്ന കർമ്മപദ്ധതി വിട്ടുവീഴ്ചയില്ലാതെ നടപ്പിലാക്കിയതാണ് ഈ മ്യൂസിയത്തെ ഒരു മാതൃകാ കാർബൺ ന്യൂട്രൽ സ്ഥാപനമായി ഉയർത്തിയത്. ഹരിതകേരളം മിഷൻ വികസിപ്പിച്ച മൊബൈൽ ആപ്ലിക്കേഷന്റെ സഹായത്തോടെ നടത്തിയ ശാസ്ത്രീയ പരിശോധനകളിൽ, മ്യൂസിയം പുറന്തള്ളുന്ന കാർബണിനേക്കാൾ കൂടുതൽ ഇവിടെയുള്ള സസ്യജാലങ്ങൾ ആഗിരണം ചെയ്യുന്നതായി കണ്ടെത്തി. ഇതോടെ മ്യൂസിയം അഭിമാനകരമായ 'കാർബൺ നെഗറ്റീവ്' പദവിയിലേക്ക് ഉയർന്നു. പരിസ്ഥിതി സംരക്ഷണം, ശാസ്ത്രീയ മാലിന്യ സംസ്കരണം, ജനപങ്കാളിത്തം എന്നിവ സമന്വയിപ്പിച്ച് ലോകത്തിന് തന്നെ മാതൃകയാവുകയാണ് നിലമ്പൂർ തേക്ക് മ്യൂസിയം.

### സാഫി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡി, വാഴയൂർ: നെറ്റ് സീറോ കാർബൺ കലാലയം

മലപ്പുറം ജില്ലയിലെ വാഴയൂർ ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന സാഫി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡി (SAFI), ഉന്നത വിദ്യാഭ്യാസത്തോടൊപ്പം പരിസ്ഥിതി സംരക്ഷണത്തെയും എങ്ങനെ നെഞ്ചേറ്റാം എന്നതിന് ഉത്തമ ഉദാഹരണമാണ്. 'മാലിന്യമുക്തം നവകേരളം' ജനകീയ ക്യാമ്പയിന്റെ ഭാഗമായി ജില്ലയിലെ മികച്ച ഹരിത കലാലയമായി തിരഞ്ഞെടുക്കപ്പെട്ട ഈ സ്ഥാപനം, ഇപ്പോൾ 'നെറ്റ് സീറോ കാർബൺ' പദവിയിലേക്കുള്ള ലക്ഷ്യബോധത്തോടെയുള്ള പ്രയാണത്തിലും മുന്നേറ്റമുണ്ടാക്കിയിരിക്കുന്നു.

എഴുപത് ഏക്കറോളം വരുന്ന ക്യാമ്പസിനെ ഒരു വനതുല്യമായ പച്ചത്തുരുത്തായി നിലനിർത്താൻ സ്ഥാപനത്തിന് സാധിച്ചിട്ടുണ്ട്. ഹരിതകേരളം മിഷന്റെ പച്ചത്തുരുത്ത് പദ്ധതിയുടെ ഭാഗമായുള്ള ഫലവൃക്ഷങ്ങൾ, ഔഷധസസ്യങ്ങൾ, ബട്ടർഫ്ലൈ ഗാർഡൻ എന്നിവയ്ക്ക് പുറമെ 27 നക്ഷത്രങ്ങളെ പ്രതിനിധീകരിക്കുന്ന 'നക്ഷത്രവനം' ഇവിടെ ഒരുക്കിയിരിക്കുന്നു. ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ഗ്രീൻ ഹൗസ് വഴി ഗുണമേന്മയുള്ള സസ്യത്തൈകൾ ഇവിടെ ഉൽപ്പാദിപ്പിക്കുന്നു.



ഊർജ്ജസംരക്ഷണത്തിലും മാലിന്യ നിർമ്മാർജ്ജനത്തിലും ശാസ്ത്രീയമായ രീതികളാണ് ഇവിടെ അവലംബിക്കുന്നത്. മാനേജ്മെന്റിന്റെ തനത് ഫണ്ട് ഉപയോഗിച്ച് സ്ഥാപിച്ച 50 kWA സോളാർ പവർ പ്ലാന്റ്, ഊർജ്ജക്ഷമതയുള്ള LED/BLDC ഉപകരണങ്ങൾ, ഗ്രീൻ കമ്പ്യൂട്ടിംഗ് ലാബുകൾ എന്നിവ വഴി വൈദ്യുതി ഉപഭോഗം ഗണ്യമായി കുറയ്ക്കുന്നു. ജൈവമാലിന്യങ്ങളിൽ നിന്ന് ബയോഗ്യാസ് ഉൽപ്പാദിപ്പിക്കുകയും, ലാബ് മാലിന്യങ്ങളും ഇ-മാലിന്യങ്ങളും ശാസ്ത്രീയ കരാറുകൾ വഴി സംസ്കരിക്കുകയും ചെയ്യുന്നു. കൂടാതെ, മലിനജലം STP വഴി ശുദ്ധീകരിച്ച് കൃഷിക്കായി പുനരുപയോഗിക്കുന്നു.

ഹരിതകേരളം മിഷന്റെ 'നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ' എന്ന പദ്ധതിയുടെ ഭാഗമായി സാഫി ഇൻസ്റ്റിറ്റ്യൂട്ടിൽ കൃത്യമായ ഹരിത ഓഡിറ്റിംഗ് നടത്തിവരുന്നു. മിഷൻ വികസിപ്പിച്ചെടുത്ത അത്യാധുനിക മൊബൈൽ ആപ്ലിക്കേഷന്റെ സഹായത്തോടെ ക്യാമ്പസിലെ കാർബൺ ബഹിർഗമനവും കാർബൺ ആഗിരണവും ശാസ്ത്രീയമായി അളന്നുതിട്ടപ്പെടുത്തി.

ഈ പരിശോധനകളിലൂടെ, കലാലയം പുറന്തള്ളുന്ന കാർബണിനേക്കാൾ വലിയ അളവിൽ ഇവിടുത്തെ വിപുലമായ സസ്യജാലങ്ങൾ കാർബൺ ആഗിരണം ചെയ്യുന്നുണ്ടെന്ന് കണ്ടെത്താനായി. ഇതോടെ, ഒരു ഉന്നത വിദ്യാഭ്യാസ സ്ഥാപനം എന്ന നിലയിൽ അഭിമാനകരമായ 'കാർബൺ നെഗറ്റീവ്' പദവിയിലേക്ക് സാഫി ഇൻസ്റ്റിറ്റ്യൂട്ട് എത്തിച്ചേർന്നു. പരിസ്ഥിതി സൗഹൃദ ജീവിതശൈലി ഒരു സംസ്കാരമായി മാറ്റിയെടുക്കുന്നതിലൂടെ നെറ്റ് സീറോ കാർബൺ ലക്ഷ്യങ്ങൾ കൈവരിക്കാമെന്ന് ഈ കലാലയം ലോകത്തിന് കാണിച്ചുതരുന്നു.

# ഒരു പതിറ്റാണ്ടിന്റെ മുന്നേറ്റങ്ങൾ സാധ്യമാക്കിയ ക്യാമ്പയിനുകളും പ്രവർത്തനങ്ങളും

മലപ്പുറം ജില്ലയുടെ പരിസ്ഥിതി സന്തുലിതാവസ്ഥ വീണ്ടെടുക്കുന്നതിനും സുസ്ഥിര വികസനം ഉറപ്പാക്കുന്നതിനുമായി കഴിഞ്ഞ പത്ത് വർഷമായി ഹരിതകേരളം മിഷൻ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിപ്ലവാത്മകമായ മാറ്റങ്ങളാണ് സൃഷ്ടിച്ചിരിക്കുന്നത് എന്ന് അദ്ധ്യായം മൂന്നിലും നാലിലും വിശദീകരിച്ചിട്ടുണ്ടല്ലോ. മാലിന്യ സംസ്കരണം, ജലസംരക്ഷണം, കൃഷി പുനസ്ഥാപനം എന്നീ മേഖലകളിൽ നടപ്പിലാക്കിയ ജനകീയ ഇടപെടലുകളാണ് ഈ നേട്ടങ്ങൾക്ക് കരുത്തുപകർന്നത്. ഈ മഹത്തായ മുന്നേറ്റങ്ങളിലേക്ക് ജില്ലയെ നയിച്ച പ്രധാന ക്യാമ്പയിനുകളെയും വിവിധ കർമ്മപദ്ധതികളെയും കുറിച്ചാണ് ഈ അധ്യായത്തിൽ പ്രതിപാദിക്കുന്നത്. ഓരോ ക്യാമ്പയിനുകളും പ്രവർത്തനങ്ങളും മുൻപത്തേതിന്റെ തുടർച്ചയായിട്ടാണ് നടപ്പിലാക്കിയത്. ഇത് പ്രവർത്തനങ്ങളിൽ ദിശാബോധവും സ്ഥിരതയും ഉറപ്പാക്കാൻ സഹായിച്ചു.

സർക്കാർ സംവിധാനങ്ങളും ജനകീയ പങ്കാളിത്തവും ഒരേലക്ഷ്യത്തിനായി കൈകോർത്തപ്പോൾ, പരിസ്ഥിതി സംരക്ഷണം എന്നത് ഒരു ഔദ്യോഗിക ചടങ്ങെന്നതിലുപരി ജനങ്ങളുടെ ജീവിതശൈലിയുടെ ഭാഗമായി മാറി. ജില്ലയിലെ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഹരിതകേരളം മിഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾ സ്വീകരിച്ചുകൊണ്ട് നടപ്പിലാക്കിയ പദ്ധതികൾ എപ്രകാരമാണ് മലപ്പുറത്തിന്റെ ഭൂപ്രകൃതിയിലും ശുചിത്വ നിലവാരത്തിലും മാറ്റങ്ങൾ വരുത്തിയതെന്ന് നമുക്ക് പരിശോധിക്കാം.

## മാലിന്യ സംസ്കരണം: ശീലങ്ങളിൽ നിന്നും സംസ്കാരത്തിലേക്കുള്ള മാറ്റം

ആദ്യമായി മാലിന്യ സംസ്കരണ രംഗത്ത് ജില്ലയെ മുൻനിരയിലെത്തിച്ച പ്രധാന പ്രവർത്തനങ്ങളുടെയും ഇടപെടലുകളുടെയും വലിയൊരു നിര തന്നെ നമുക്ക് പരിചയപ്പെടാം. ഇവ ഓരോന്നും മാലിന്യത്തിന്റെ ഉറവിട സംസ്കരണം മുതൽ പുനരുപയോഗം വരെയുള്ള വിവിധ ഘട്ടങ്ങളെ എങ്ങനെ സ്വാധീനിച്ചുവെന്ന് താഴെ പറയുന്ന ഇടപെടലുകൾ വ്യക്തമാക്കുന്നു. ഇത്തരത്തിൽ ജില്ലയിലെ മാലിന്യ സംസ്കരണ ശീലങ്ങളെ

പ്രോത്സാഹിപ്പിക്കുന്നതിനും, ശാസ്ത്രീയമായ മാലിന്യ പരിപാലനം ഒരു സാമൂഹിക സംസ്കാരമായി വളർത്തിയെടുക്കുന്നതിനും ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ വൈവിധ്യമാർന്ന ക്യാമ്പയിനുകളാണ് നാളിതുവരെ വിജയകരമായി നടപ്പിലാക്കിയിട്ടുള്ളത്. കേവലം മാലിന്യം നീക്കം ചെയ്യുക എന്നതിനപ്പുറം, അത്യാധുനിക സാങ്കേതികവിദ്യകളും ജനകീയ പങ്കാളിത്തവും സമന്വയിപ്പിച്ചുകൊണ്ടുള്ള ഈ പ്രവർത്തനങ്ങളാണ് ജില്ലയിൽ വലിയ മാറ്റങ്ങൾക്ക് വഴിയൊരുക്കിയത്.

### മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം (2017)

2018 ഓഗസ്റ്റ് 15-ന് ആരംഭിച്ച ഈ ക്യാമ്പയിൻ, ഹരിതകേരളം മിഷൻ കേരളത്തിന്റെ മാലിന്യ സംസ്കരണ രംഗത്ത് നടത്തിയ ആദ്യത്തെ വലിയ ഇടപെടലായിരുന്നു. കേരളത്തിലെ മാലിന്യ സംസ്കരണ ശീലങ്ങളിൽ വിപ്ലവാത്മകമായ മാറ്റങ്ങൾക്ക് തുടക്കം കുറിച്ചത് ഈ ക്യാമ്പയിനാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ, പൊതുജനങ്ങൾ എന്നിവരുടെ സജീവമായ സഹകരണത്തോടെയാണ് ജില്ലയിലുടനീളം ഇത് നടപ്പിലാക്കിയത്.

മാലിന്യ സംസ്കരണ രംഗത്ത് ആ കാലയളവിൽ നിലവിലുണ്ടായിരുന്ന സൗകര്യങ്ങളെയും സംവിധാനങ്ങളെയും കുറിച്ച് കൃത്യമായി പഠനം നടത്തുന്നതിനും അവയുടെ പോരായ്മകൾ പരിഹരിക്കുന്നതിനുമാണ് ഈ ക്യാമ്പയിൻ മുൻഗണന നൽകിയത്. വീടുകളിലും സ്ഥാപനങ്ങളിലും നിലവിലുള്ള മാലിന്യ സംസ്കരണ ഉപാധികൾ എത്രത്തോളം കാര്യക്ഷമമാണെന്ന് കണ്ടെത്താനും അവ മെച്ചപ്പെടുത്താനാവശ്യമായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും ഇതിലൂടെ സാധിച്ചു.

ശുചിത്വം എന്നത് കേവലം സർക്കാർ ഉത്തരവുകളിൽ ഒതുങ്ങേണ്ട ഒന്നല്ലെന്നും അത് ഓരോ പൗരന്റെയും കടമയാണെന്നുമുള്ള ബോധ്യം ജനങ്ങളിൽ വളർത്താൻ ഈ ക്യാമ്പയിൻ വലിയ പങ്കുവഹിച്ചു. മാലിന്യങ്ങൾ തരംതിരിക്കേണ്ടതിന്റെയും ഉറവിടത്തിൽ തന്നെ സംസ്കരിക്കേണ്ടതിന്റെയും പ്രാധാന്യം വിളിച്ചോതിയ ഈ മുന്നേറ്റം, പിൽക്കാലത്ത് ജില്ല കൈവരിച്ച പല ശുചിത്വ നേട്ടങ്ങൾക്കും ശക്തമായ അടിത്തറ പാകി.

### സ്വാപ്പ് ഷോപ്പുകൾ: പുനരുപയോഗത്തിന്റെ ഹരിത പാഠങ്ങൾ (2017)

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ജില്ലയിൽ ഏറ്റെടുത്ത ഏറ്റവും ശ്രദ്ധേയമായ ജനകീയ ക്യാമ്പയിനുകളിൽ ഒന്നായിരുന്നു 'സ്വാപ്പ് ഷോപ്പുകൾ'. വസ്തുക്കളുടെ പുനരുപയോഗം (Reuse) പ്രോത്സാഹിപ്പിക്കുക, മാലിന്യത്തിന്റെ അളവ് കുറയ്ക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് ഈ പദ്ധതി ആവിഷ്കരിച്ചത്. ഒരാൾക്ക് ആവശ്യമില്ലാത്തതും എന്നാൽ മറ്റൊരാൾക്ക് ഉപയോഗപ്രദവുമായ വസ്തുക്കൾ കൈമാറ്റം ചെയ്യാനുള്ള വേദിയായി സ്വാപ്പ് ഷോപ്പുകൾ മാറി.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും കുടുംബശ്രീ മിഷന്റെയും സജീവമായ സഹകരണത്തോടെയാണ് ഈ ക്യാമ്പയിൻ ജില്ലയിൽ വിജയകരമായി നടപ്പിലാക്കിയത്. ജില്ലയിലെ തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിലാണ് ഈ മാതൃകാ പദ്ധതിക്ക് ആദ്യമായി തുടക്കം കുറിച്ചത്. വീടുകളിൽ ഉപയോഗിക്കാതെ ഇരിക്കുന്ന വസ്ത്രങ്ങൾ, ഫർണിച്ചറുകൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ, കളിപ്പാട്ടങ്ങൾ തുടങ്ങിയവ വൃത്തിയാക്കി സ്വാപ്പ് ഷോപ്പുകളിൽ എത്തിക്കുകയും അവ ആവശ്യമുള്ളവർക്ക് സൗജന്യമായോ കുറഞ്ഞ നിരക്കിലോ ലഭ്യമാക്കുകയും ചെയ്തു.

ഉപഭോഗസംസ്കാരത്തിൽ നിന്നും പുനരുപയോഗ സംസ്കാരത്തിലേക്കുള്ള വലിയൊരു മാറ്റത്തിന് ഈ ക്യാമ്പയിൻ വഴിതുറന്നു. പൊതുജനങ്ങളിൽ പരിസ്ഥിതി അവബോധം വളർത്തുന്നതിനൊപ്പം സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് സഹായകരമാകാനും സ്വാപ്പ് ഷോപ്പുകൾക്ക് സാധിച്ചു. ജില്ലയിലെ താനൂർ മുനിസിപ്പാലിറ്റി,പുഴക്കാട്ടേരി ഗ്രാമപഞ്ചായത്ത് തുടങ്ങിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് ഈ പദ്ധതി വ്യാപിക്കുന്നതിന് തൃക്കലങ്ങോട് പഞ്ചായത്തിന്റെ ഈ പ്രാരംഭ പ്രവർത്തനം വലിയ പ്രചോദനമായി.

### ഗ്രീൻ പ്രോട്ടോക്കോൾ (ഹരിതചട്ടം): ശുചിത്വ സംസ്കാരത്തിലേക്കൊരു മടക്കയാത്ര (2017)



ജില്ലയിൽ നടപ്പിലാക്കിയ ഏറ്റവും സ്വാധീനശക്തിയുള്ള പ്രവർത്തനങ്ങളിൽ ഒന്നായിരുന്നു ഗ്രീൻ പ്രോട്ടോക്കോൾ അഥവാ ഹരിതചട്ടം. ആഘോഷങ്ങളും പൊതുപരിപാടികളും പ്രകൃതിക്ക് പോറലേൽപ്പിക്കാത്ത വിധം എപ്രകാരം സംഘടിപ്പിക്കാം എന്നതിന്റെ ശാസ്ത്രീയമായ വഴികാട്ടിയായിരുന്നു ഈ മുന്നേറ്റം. തദ്ദേശ സ്വയംഭരണ വകുപ്പ്, വിവിധ സർക്കാർ സ്ഥാപനങ്ങൾ, മതനേതാക്കൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ എന്നിവരുടെ സജീവമായ സഹകരണത്തോടെയാണ് ഈ ക്യാമ്പയിൻ ജില്ലയിലുടനീളം നടപ്പിലാക്കിയത്.

സർക്കാർ ഓഫീസുകളിൽ തുടങ്ങി, വിദ്യാലയങ്ങൾ, അയൽക്കൂട്ടങ്ങൾ, അങ്കണവാടികൾ എന്നിവിടങ്ങളിലും ഉത്സവങ്ങൾ, പള്ളിപ്പെരുന്നാളുകൾ, വിവാഹങ്ങൾ തുടങ്ങിയ ആഘോഷങ്ങളിലും ഹരിതചട്ടം കർശനമായി പാലിക്കാൻ ഇന്ന് സാധിക്കുന്നുണ്ട്. ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് വസ്തുക്കൾ, ഡിസ്പോസിബിൾ പാത്രങ്ങൾ എന്നിവ പൂർണ്ണമായും ഒഴിവാക്കി പകരം കഴുകി ഉപയോഗിക്കാവുന്ന സ്റ്റീൽ, സെറാമിക് പാത്രങ്ങളും പ്രകൃതിദത്തമായ അലങ്കാര വസ്തുക്കളും ഉപയോഗിക്കുന്ന ശൈലി പൊതുജനങ്ങളിലേക്ക് എത്തിക്കാൻ ഈ ക്യാമ്പയിൻ വഴി സാധിച്ചു.

ജനാധിപത്യ പ്രക്രിയയിലും ഹരിതചട്ടം വലിയ മാറ്റങ്ങൾ കൊണ്ടുവന്നു. 2019-ലെ ലോകസഭാ തിരഞ്ഞെടുപ്പ് മുതൽ ജില്ലയിൽ നടന്ന എല്ലാ തിരഞ്ഞെടുപ്പുകളിലും ഗ്രീൻ പ്രോട്ടോക്കോൾ വിജയകരമായി നടപ്പിലാക്കി. ഫ്ലെക്സ് ബോർഡുകൾക്ക് പകരം തുണി ബാനറുകളും പ്ലാസ്റ്റിക് തോരണങ്ങൾക്ക് പകരം പേപ്പർ/നൂൽ അലങ്കാരങ്ങളും ഉപയോഗിച്ചുകൊണ്ട് മാതൃകാപരമായി ജില്ല ഈ മാറ്റത്തെ ഏറ്റെടുത്തു. പൊതുവിടങ്ങളിലും പൊതുപരിപാടികളിലും ശുചിത്വം എന്നത് ഒരു ശീലമായി മാറുന്നതിൽ ഹരിതചട്ടം വലിയൊരു ചാലകശക്തിയായി ഇന്നും നിലകൊള്ളുന്നു.

### ശുചിത്വ കേരളം ജനകീയ ക്യാമ്പയിൻ: പടവുകൾ താണ്ടിയുള്ള മുന്നേറ്റം (2018)

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ മലപ്പുറം ജില്ലയിൽ നടപ്പിലാക്കിയ ഏറ്റവും സമഗ്രമായ ഇടപെടലുകളിൽ ഒന്നാണ് ശുചിത്വ കേരളം ജനകീയ ക്യാമ്പയിൻ. മാലിന്യ സംസ്കരണ രംഗത്ത് ശാശ്വതമായ മാറ്റം ലക്ഷ്യമിട്ട് നാല് കൃത്യമായ ഘട്ടങ്ങളിലായാണ് ഈ ക്യാമ്പയിൻ വിഭാവനം ചെയ്തത്.

- ഒന്നാം ഘട്ടം: പൂർണ്ണമായും ജനപങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട് ബഹുജനങ്ങളെ അണിനിരത്തിയുള്ള ശുചിത്വ പ്രവർത്തനങ്ങൾക്കായിരുന്നു ഈ ഘട്ടം മുൻഗണന നൽകിയത്.
- രണ്ടാം ഘട്ടം: ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, വർക്കിംഗ് ഗ്രൂപ്പുകൾ, സന്നദ്ധ പ്രവർത്തകർ എന്നിവരെ ഏകോപിപ്പിച്ചു കൊണ്ട് വിപുലമായ നൈപുണ്യ വികസന പരിപാടികൾ (Skill Development) സംഘടിപ്പിച്ചു.
- മൂന്നാം ഘട്ടം: മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനും (Reduction) സംസ്കരണ സംവിധാനങ്ങളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനും ലക്ഷ്യമിട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾക്കായി 'കില' (KILA) മുഖാന്തിരം പ്രത്യേക പരിശീലന പരിപാടികൾ നടപ്പിലാക്കി.
- നാലാം ഘട്ടം: ശുചിത്വ കേരളം ജനകീയ ക്യാമ്പയിനിന്റെ ഭാഗമായി ജില്ലയിൽ മാലിന്യ സംസ്കരണ രംഗത്ത് മികച്ച നിലയിൽ പ്രവർത്തിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശുചിത്വ മികവിന്റെ മാതൃകകളായ 'ബീക്കൺ' (മുൻപേ നടക്കുന്നവർ എന്ന ആശയത്തിലാണ് ഈ പേര് നൽകിയത്)) പഞ്ചായത്തുകളായും നഗരസഭകളായും ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ക്യാമ്പയിന്റെ വിജയകരമായ പൂർത്തീകരണത്തിനായി ജില്ലയിൽ 13 'ബീക്കൺ' പഞ്ചായത്തുകളെ തിരഞ്ഞെടുക്കുകയും അവിടങ്ങളിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാനുള്ള പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകുകയും ചെയ്തു. അജൈവ മാലിന്യ ശേഖരണത്തിനായി തദ്ദേശ സ്ഥാപനങ്ങളിൽ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളും (MCF), ബ്ലോക്ക് തലത്തിൽ റിസോഴ്സ് റിക്കവറി ഫെസിലിറ്റികളും (RRF) സജ്ജീകരിച്ചു.

| ക്ര . നം. | പഞ്ചായത്തുകൾ | ക്ര . നം. | പഞ്ചായത്തുകൾ |
|---|---|---|---|
| 1 | ചാലിയാർ | 8 | താഴേക്കോട് |
| 2 | കരുളായി | 9 | എടയൂർ |
| 3 | തൂവ്വൂർ | 10 | പുഴക്കാട്ടിരി |
| 4 | പെരുമ്പടപ്പ് | 11 | മാറഞ്ചേരി |
| 5 | കൂട്ടിലങ്ങാടി | 12 | ആലംകോട് |
| 6 | ആനക്കയം | 13 | വെളിയംകോട് |
| 7 | പുറത്തൂർ | | |

ഈ ക്യാമ്പയിന്റെ ഭാഗമായി അജൈവ മാലിന്യങ്ങൾ ശേഖരിക്കാനും സംസ്കരിക്കാനുമുള്ള ഭൗതിക സാഹചര്യങ്ങൾ പഞ്ചായത്തുകളിൽ ഒരുക്കി. അതോടൊപ്പം തന്നെ വീടുകളിൽ ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കാനാവശ്യമായ കമ്പോസ്റ്റ് ബിന്നുകൾ ഉൾപ്പെടെയുള്ള ഉപാധികൾ വിതരണം ചെയ്യുകയും ചെയ്തു. ശാസ്ത്രീയമായ മാലിന്യ സംസ്കരണം ഗാർഹിക തലത്തിൽ എത്തിക്കാൻ ഈ ജനകീയ ക്യാമ്പയിൻ വഴി സാധിച്ചു.

### ഹരിതോത്സവം: വിദ്യാലയങ്ങളിലെ ഹരിത വസന്തം (2018)

വിദ്യാർത്ഥികളിൽ പരിസ്ഥിതി അവബോധം വളർത്തുന്നതിനും വിദ്യാലയങ്ങളെ ഹരിതാഭമാക്കുന്നതിനുമായി പൊതുവിദ്യാഭ്യാസ വകുപ്പും ഹരിതകേരളം മിഷനും സംയുക്തമായി ആവിഷ്കരിച്ച ക്യാമ്പയിനാണ് 'ഹരിതോത്സവം'. ഒരു വർഷത്തിൽ പരിസ്ഥിതി പ്രാധാന്യമുള്ള 10 ദിനങ്ങൾ കണ്ടെത്തി, ഈ ദിവസങ്ങളെ ചിട്ടയായ പ്രവർത്തനങ്ങളിലൂടെ ആഘോഷമാക്കി മാറ്റുന്ന രീതിയിലാണ് ഹരിതോത്സവങ്ങൾ വിഭാവനം ചെയ്തത്. ഇതിൻറെ ഭാഗമായി പരിസ്ഥിതിയുമായി ബന്ധപ്പെട്ട വിവിധ സവിശേഷ ദിനങ്ങളിൽ

സ്കൂളുകളിൽ വൈവിധ്യമാർന്ന പരിപാടികൾ സംഘടിപ്പിച്ചു. ജില്ലയിലെ വിവിധ സ്കൂളുകളിൽ നടന്ന പ്രധാന പ്രവർത്തനങ്ങൾ താഴെ നൽകുന്നു:

- മരുവൽക്കരണ വിരുദ്ധ ദിനം (ജൂൺ 17): വാളക്കുളം കെ.എച്ച്.എം.എച്ച്.എസ്.എസിൽ വനനശീകരണത്തിനെതിരെ ബോധവൽക്കരണവും പ്രതിജ്ഞയും ഉൾപ്പെടുത്തി 'ഹരിത അസംബ്ലി' നടത്തി.
- പരിസ്ഥിതി പരിപാലന ദിനം (ജൂലൈ 28): ചെങ്ങോട്ടൂർ എ.എം.എൽ.പി.എസിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും സ്കൂൾ കോമ്പൗണ്ടിൽ ഒരു ജലസംഭരണി (കുളം) നിർമ്മിക്കുകയും ചെയ്തു.
- ലോക പുനരുപയോഗ ദിനം (ഓഗസ്റ്റ് 9): ചേളാരി എം.എം.ഇ.ടി സ്കൂളിൽ പാഴ് വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിച്ച കളിപ്പാട്ടങ്ങളുടെയും അലങ്കാര വസ്തുക്കളുടെയും പ്രദർശനം (Exhibition) സംഘടിപ്പിച്ചു.
- ഓസോൺ ദിനം (സെപ്റ്റംബർ 16): ചെറൂർ പി.പി.ടി.എം.എച്ച്.എസ്.എസിൽ ഓസോൺ പാളിയുടെ പ്രാധാന്യത്തെക്കുറിച്ചും അതിന്റെ ശോഷണം തടയുന്നതിനെക്കുറിച്ചും പോസ്റ്റർ പ്രദർശനവും ക്യാമ്പയിനും നടത്തി.
- ഗാന്ധിജയന്തി (ഒക്ടോബർ 2): എം.ഇ.ടി ഇംഗ്ലീഷ് മീഡിയം സ്കൂളിലെ വിദ്യാർത്ഥികൾ ഒരു ഔഷധ സസ്യത്തോട്ടം നിർമ്മിക്കുകയും ഗാന്ധിജിയുടെ ജീവിതം ആസ്പദമാക്കി നാടകം അവതരിപ്പിക്കുകയും ചെയ്തു.
- ലോക ഭക്ഷ്യദിനം (ഒക്ടോബർ 16): ചിറമംഗലം എ.യു.പി.എസിൽ ഭക്ഷ്യ സ്വയംപര്യാപ്തതയെയും സുരക്ഷിത ഭക്ഷണത്തെയും കുറിച്ച് പരപ്പനങ്ങാടി നാളികേര ഗവേഷണ കേന്ദ്രം ഡയറക്ടർ ഡോ. ബീന ക്ലാസ്സുകൾ നയിച്ചു.
- പുനരുപയോഗ മാതൃക: ചെമ്മങ്കടവ് പി.എം.എസ്.എ.എം.എ സ്കൂളിൽ യൂണിഫോം നിർമ്മാണത്തിന് ശേഷം ബാക്കി വന്ന തുണികൾ കൊണ്ട് വിദ്യാർത്ഥികൾ തന്നെ ക്യാരി ബാഗുകൾ നിർമ്മിച്ച് വിതരണം ചെയ്തത് പുനരുപയോഗത്തിന്റെ മികച്ച മാതൃകയായി.

വിവിധ സവിശേഷ ദിനാചരണങ്ങളിലൂടെ പരിസ്ഥിതി സംരക്ഷണം കേവലം ഒരു പാഠഭാഗം എന്നതിനപ്പുറം വിദ്യാർത്ഥികൾക്ക് തുടർച്ചയായ അനുഭവങ്ങളാക്കി മാറ്റാൻ ഹരിതോത്സവം ക്യാമ്പയിനിലൂടെ സാധിച്ചു.

## ബദൽ ഉൽപ്പന്ന പ്രോത്സാഹന ക്യാമ്പയിൻ (2018)

ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് വസ്തുക്കളുടെ നിരോധനം പ്രായോഗികമായി നടപ്പിലാക്കുന്നതിനായിട്ടാണ് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ മലപ്പുറം ജില്ലയിൽ വിപുലമായ 'ബദൽ ഉൽപ്പന്ന പ്രോത്സാഹന ക്യാമ്പയിൻ' ആവിഷ്കരിച്ചത്. പ്ലാസ്റ്റിക് വിമുക്തമായ ഒരു ജീവിതശൈലിയിലേക്ക് പൊതുസമൂഹത്തെ നയിക്കുക എന്നതായിരുന്നു ഈ ക്യാമ്പയിന്റെ പ്രാഥമിക ലക്ഷ്യം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ മിഷൻ, ഹരിതകർമ്മ സേന എന്നിവയുടെ സംയുക്തമായ സഹകരണത്തോടെയാണ് ഈ ക്യാമ്പയിൻ ജില്ലയിലുടനീളം വിജയകരമായി നടപ്പിലാക്കിയത്.

ഈ ക്യാമ്പയിന്റെ ഭാഗമായി തുണിസഞ്ചികൾ, കടലാസ് ബാഗുകൾ, മൺപാത്രങ്ങൾ, മുള കൊണ്ടുള്ള ഉൽപ്പന്നങ്ങൾ തുടങ്ങിയ പരിസ്ഥിതി സൗഹൃദ ബദൽ മാർഗ്ഗങ്ങളെക്കുറിച്ച് വ്യാപകമായ ബോധവൽക്കരണം നൽകി. കുടുംബശ്രീ യൂണിറ്റുകളുടെ നേതൃത്വത്തിൽ നിർമ്മിക്കുന്ന ഇത്തരം ബദൽ ഉൽപ്പന്നങ്ങൾക്ക് മികച്ച വിപണി കണ്ടെത്താനും ഇതുവഴി സാധിച്ചു. ഗ്രീൻ പ്രോട്ടോക്കോൾ (ഹരിതചട്ടം) പാലിക്കുന്നതിലൂടെ ആഘോഷങ്ങളിലും പൊതുപരിപാടികളിലും പ്ലാസ്റ്റിക് പ്ലേറ്റുകൾക്കും

ഗ്ലാസ്സുകൾക്കും പകരം സ്റ്റീൽ, സിറാമിക് പാത്രങ്ങൾ ഉപയോഗിക്കുന്ന രീതി സാധാരണക്കാരിലേക്ക് എത്തിക്കാൻ ഈ മുന്നേറ്റം വലിയ പങ്കുവഹിച്ചു. പ്ലാസ്റ്റിക് മലിനീകരണത്തിനെതിരെയുള്ള പോരാട്ടത്തിൽ സുസ്ഥിരമായ മാതൃകകൾ സൃഷ്ടിക്കാൻ ഈ ക്യാമ്പയിനിലൂടെ ജില്ലയ്ക്ക് സാധിച്ചിട്ടുണ്ട്.

## പച്ചപ്പള്ളിക്കൂടം (2018)

ഹരിതകേരളം മിഷന്റെ ലക്ഷ്യങ്ങൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി സമൂഹത്തിന്റെ താഴെത്തട്ടിലേക്ക് എത്തിക്കുന്നതിനായി ജില്ലയിൽ ആവിഷ്കരിച്ച സവിശേഷമായ പദ്ധതിയാണ് 'പച്ചപ്പള്ളിക്കൂടം'. ജില്ലയിലെ മുഴുവൻ വിദ്യാലയങ്ങളെയും ഹരിതവൽക്കരിച്ചുകൊണ്ട് മാതൃകാ സ്കൂളുകളാക്കി മാറ്റുക എന്നതായിരുന്നു ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. പ്രാരംഭ ഘട്ടത്തിൽ കോട്ടക്കൽ നഗരസഭയിലെ മുഴുവൻ എൽ.പി. സ്കൂളുകളെയും ഉൾപ്പെടുത്തിക്കൊണ്ടാണ് ഈ പദ്ധതിക്ക് തുടക്കം കുറിച്ചത്. സ്കൂളുകളെ എല്ലാ മേഖലകളിലും ഹരിത സ്വയംപര്യാപ്തതയുള്ള ഇടങ്ങളാക്കി മാറ്റുക എന്നതാണ് ഇതിലൂടെ വിഭാവനം ചെയ്തത്.

പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി അധ്യാപകർ കൺവീനറായും പി.ടി.എ., യൂത്ത് ക്ലബ്ബ് പ്രതിനിധികൾ, വിദ്യാർത്ഥികൾ എന്നിവർ അംഗങ്ങളായും സ്കൂൾതല മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചു. ഈ കമ്മിറ്റികളുടെ മേൽനോട്ടത്തിൽ സ്കൂളുകൾക്കാവശ്യമായ പച്ചക്കറികൾ ക്യാമ്പസിനുള്ളിൽ തന്നെ ഉൽപ്പാദിപ്പിക്കുകയും, മാലിന്യ സംസ്കരണത്തിനായി ശാസ്ത്രീയമായ തുമ്പൂർമുഴി സംവിധാനങ്ങൾ ഒരുക്കുകയും ചെയ്തു. ഇതിനുപുറമെ സ്കൂളുകളിൽ മഴവെള്ള സംഭരണികൾ സ്ഥാപിച്ചും കുട്ടികളിൽ മികച്ച ശുചിത്വ ശീലങ്ങൾ വളർത്തിയെടുത്തും 'പച്ചപ്പള്ളിക്കൂടം' പദ്ധതി സ്കൂളുകളെ പാരിസ്ഥിതിക ബോധമുള്ള ഇടങ്ങളായി പരിവർത്തിപ്പിച്ചു.

## ഇ-മാലിന്യ സംസ്കരണം: ശാസ്ത്രീയ സംസ്കരണത്തിലൂടെ പരിസ്ഥിതി സംരക്ഷണം (2018)

സംസ്ഥാനതലത്തിൽ ഹരിത പെരുമാറ്റച്ചട്ടം (Green Protocol) നിർബന്ധമാക്കുന്നതിന്റെ ഭാഗമായി, സർക്കാർ ഓഫീസുകളിലും പൊതുസ്ഥാപനങ്ങളിലും ഉപയോഗശൂന്യമായി കെട്ടിക്കിടക്കുന്ന ഇലക്ട്രോണിക്സ് ഉപകരണങ്ങൾ ശാസ്ത്രീയമായി നീക്കം ചെയ്യുന്നതിന് പ്രത്യേക നടപടികൾ സ്വീകരിച്ചു. മണ്ണിലും ജലത്തിലും മാരകമായ രാസവസ്തുക്കൾ കലരുന്നത് തടയുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കിയത്.

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ജില്ലയിലെ താലൂക്ക് തല ഓഫീസുകൾ, ഹൈസ്കൂളുകൾ, വിവിധ സ്വകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുമാണ് ഇത്തരത്തിലുള്ള ഇ-മാലിന്യങ്ങൾ (E-waste) ശേഖരിച്ചത്. ശേഖരിച്ച മാലിന്യങ്ങൾ സുരക്ഷിതമായി സംസ്കരിക്കുന്നതിനായി സർക്കാർ ഏജൻസിയായ ക്ലീൻ കേരള കമ്പനിക്ക് കൈമാറി.

2018-19 സാമ്പത്തിക വർഷത്തിൽ മാത്രം ജില്ലയിൽ നിന്നും 6,926 കിലോ ഇ-മാലിന്യം ഇപ്രകാരം ശേഖരിക്കാൻ സാധിച്ചു എന്നത് ശ്രദ്ധേയമായ നേട്ടമാണ്. ശേഖരണ കേന്ദ്രങ്ങളിലെ ഷെഡുകളിൽ മാലിന്യങ്ങൾ കെട്ടിക്കിടക്കാതെ ദ്രുതഗതിയിൽ നീക്കം ചെയ്യാനും ബന്ധപ്പെട്ട ഏജൻസികൾക്ക് സുരക്ഷിതമായി കൈമാറാനും മിഷന്റെ ഇടപെടലിലൂടെ സാധിച്ചു.

## പ്രളയാനന്തര ശുചീകരണ യജ്ഞം: അതിജീവനത്തിന്റെ ഹരിത മാതൃക (2018)

കേരളം നേരിട്ട പ്രളയക്കെടുതികൾക്ക് പിന്നാലെ, പകർച്ചവ്യാധി ഭീഷണിയെ പ്രതിരോധിക്കാനും ജനജീവിതം സാധാരണ നിലയിലാക്കാനും ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ജില്ലയിൽ വിപുലമായ ശുചീകരണ പ്രവർത്തനങ്ങളാണ് സംഘടിപ്പിച്ചത്. സർക്കാർ സംവിധാനങ്ങളും ബഹുജനങ്ങളും ഒരേമനസ്സോടെ കൈകോർത്ത ഈ യജ്ഞം അതിജീവനത്തിന്റെ വലിയൊരു പാഠമാണ് നൽകിയത്.

വിവിധ സർക്കാർ വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശുചീകരണ സമിതികൾ, സന്നദ്ധ പ്രവർത്തകർ, എൻ.എസ്.എസ് - ഐ.ടി.ഐ വിദ്യാർത്ഥികൾ, യുവജന ക്ലബ്ബുകൾ,

മത്സ്യത്തൊഴിലാളികൾ, ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺമാർ എന്നിവർ ഈ ക്യാമ്പയിന്റെ ഭാഗമായി അണിനിരന്നു. പ്രളയശേഷം അടിഞ്ഞുകൂടിയ ചെളിയും മാലിന്യങ്ങളും നീക്കം ചെയ്ത് വാസയോഗ്യമാക്കുന്നതിൽ ഈ കൂട്ടായ്മ വലിയ പങ്കുവഹിച്ചു.

ഈ പ്രവർത്തനത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് പരിധിയിൽ 37,139 വീടുകളും നഗരസഭാ തലത്തിൽ 10,009 വീടുകളും പൂർണ്ണമായും ശുചീകരിച്ച് സുരക്ഷിതമാക്കി. വീടുകൾക്ക് പുറമെ പൊതുസ്ഥാപനങ്ങൾ, കിണറുകൾ, മറ്റ് ജലസ്രോതസ്സുകൾ എന്നിവയും അണുവിമുക്തമാക്കി. ദുരന്തസമയത്ത് ശാസ്ത്രീയമായ രീതിയിൽ മാലിന്യങ്ങൾ എപ്രകാരം നീക്കം ചെയ്യാം എന്നതിന് മികച്ചൊരു ഉദാഹരണമായി ഈ ശുചീകരണ യജ്ഞം മാറി.

### ഹരിത നിയമ ബോധവൽക്കരണം (2019)

മാലിന്യ നിർമ്മാർജ്ജനവും പരിസ്ഥിതി സംരക്ഷണവും ഓരോ പൗരന്റെയും നിയമപരമായ ബാധ്യതയാണെന്ന തിരിച്ചറിവ് നൽകുന്നതിനായി ഹരിതകേരളം മിഷൻ ആവിഷ്കരിച്ച ക്യാമ്പയിനാണ് 'ഹരിത നിയമ ബോധവൽക്കരണം'. ഒരു വാർഡിൽ കുറഞ്ഞത് 100 പേരെയെങ്കിലും ഹരിത നിയമങ്ങളിൽ അവബോധമുള്ളവരാക്കുക എന്നതായിരുന്നു ഈ പദ്ധതിയുടെ പ്രാഥമിക ലക്ഷ്യം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ലീഗൽ സർവ്വീസസ് അതോറിറ്റി, മലിനീകരണ നിയന്ത്രണ ബോർഡ്, ഭക്ഷ്യസുരക്ഷാ വകുപ്പ്, ആരോഗ്യവകുപ്പ്, ജനമൈത്രി പോലീസ്, ശുചിത്വ മിഷൻ എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടാണ് ജില്ലയിൽ ഈ ക്യാമ്പയിൻ നടപ്പിലാക്കിയത്. ഇതിന്റെ ഭാഗമായി പരിസ്ഥിതി നിയമങ്ങൾ ലളിതമായി പ്രതിപാദിക്കുന്ന ഒരു കൈപുസ്തകം മിഷൻ തയ്യാറാക്കി വിതരണം ചെയ്തു. ജില്ലയിലെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഈ പദ്ധതി വിജയകരമായി പൂർത്തിയാക്കി.

### 'പെൻസിൽ ക്യാമ്പ്': കുരുന്നുകളിൽ വളരുന്ന പരിസ്ഥിതി ബോധം (2019)

കുട്ടികളിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട അവബോധം സൃഷ്ടിക്കുന്നതിനായി ഹരിതകേരളം മിഷൻ ഏറ്റെടുത്ത ശ്രദ്ധേയമായ ക്യാമ്പയിനായിരുന്നു 'പെൻസിൽ ക്യാമ്പ്'. തദ്ദേശ സ്വയംഭരണ വകുപ്പ്, കുടുംബശ്രീ, കില (KILA), ആരോഗ്യവകുപ്പ് എന്നിവയുടെ സഹകരണത്തോടെയാണ് ക്യാമ്പുകൾ ആവിഷ്കരിച്ചത്. ജില്ലയിലെ എല്ലാ ബ്ലോക്കുകളിലും കുട്ടികളെ പങ്കെടുപ്പിച്ചു കൊണ്ട് മാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യം പകർന്നു നൽകാൻ ഈ ക്യാമ്പുകളിലൂടെ സാധിച്ചു.

### ഹരിതായനം: അറിവുകളുടെ ഹരിത പര്യടനം (2019)

ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചും പാരിസ്ഥിതിക സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും പൊതുജനങ്ങളിൽ കൃത്യമായ അവബോധം സൃഷ്ടിക്കുന്നതിനായി ജില്ലയിൽ സംഘടിപ്പിച്ച വിപുലമായ വിവര-വിജ്ഞാന പ്രചാരണ പരിപാടിയായിരുന്നു 'ഹരിതായനം'. വെള്ളം, വൃത്തി, വിളവ് എന്നീ മൂന്ന് ഉപമിഷനുകളുടെയും ലക്ഷ്യങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി ആവിഷ്കരിച്ച ഈ പര്യടനം, ശുചിത്വവും സുരക്ഷിതവുമായ നവകേരള നിർമ്മിതിയിൽ വലിയൊരു ചുവടുവെപ്പായിരുന്നു.

2019 ജനുവരി 21 മുതൽ 24 വരെ മലപ്പുറം ജില്ലയിൽ നടന്ന ഹരിതായനം പര്യടനത്തിൽ താഴെ പറയുന്ന പ്രധാന വിഷയങ്ങൾ പൊതുജനങ്ങൾക്കായി ദൃശ്യശ്രാവ്യ മാധ്യമങ്ങളിലൂടെ അവതരിപ്പിച്ചു:

- ശുചിത്വവും മാലിന്യ സംസ്കരണവും: ഹരിത പെരുമാറ്റച്ചട്ടം (Green Protocol), ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങൾ, മാലിന്യ സംസ്കരണത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പദ്ധതികൾ.

- കാർഷിക അഭിവൃദ്ധി: സുരക്ഷിത ഭക്ഷ്യോത്പാദനം, അധിക നെൽകൃഷി വ്യാപനം, ജൈവ കൃഷി രീതികൾ.

- ജലസംരക്ഷണം: പുഴ പുനരുജ്ജീവന പ്രവർത്തനങ്ങൾ, ജലസ്രോതസ്സുകളുടെ സംരക്ഷണം, മാതൃകാപരമായ ജലസംരക്ഷണ പദ്ധതികൾ.

പ്രത്യേകം സജ്ജീകരിച്ച വീഡിയോ വാഹനത്തിലൂടെയാണ് ഈ വിവരങ്ങൾ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ പ്രദർശിപ്പിച്ചത്. മിഷന്റെ നേട്ടങ്ങളും മാതൃകാ പദ്ധതികളും ലളിതമായ രീതിയിൽ സാധാരണക്കാരിലേക്ക് എത്തിക്കാനും, ഹരിത ജീവിതശൈലി സ്വീകരിക്കാൻ ജനങ്ങളെ പ്രേരിപ്പിക്കാനും ഈ പര്യടനം വഴി സാധിച്ചു.

### ജാഗ്രതോത്സവം: പകർച്ചവ്യാധികൾക്കെതിരെ ഹരിത പ്രതിരോധം (2020)

ജില്ലയിലെ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഹരിതകേരളം മിഷൻ സംഘടിപ്പിച്ച വിപുലമായ പരിപാടിയാണ് 'ജാഗ്രതോത്സവം'. പകർച്ചവ്യാധികളെ പ്രതിരോധിക്കുന്നതിനും എലിപ്പനി, ഡെങ്കിപ്പനി തുടങ്ങിയ രോഗങ്ങളെക്കുറിച്ചും അവ പരത്തുന്ന ജീവികളെ നശിപ്പിക്കേണ്ടതിനെക്കുറിച്ചും കുട്ടികളെയും പൊതുജനങ്ങളെയും ബോധവൽക്കരിക്കുകയായിരുന്നു ഈ ക്യാമ്പയിന്റെ ലക്ഷ്യം. ആരോഗ്യവകുപ്പ്, സാക്ഷരതാ മിഷൻ, കുടുംബശ്രീ ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളുടെ സഹകരണത്തോടെ നടന്ന ഈ യജ്ഞം വലിയ ജനശ്രദ്ധ നേടി. ജില്ലയിലെ 2,257 വാർഡുകളിലായി നടന്ന ജാഗ്രതോത്സവത്തിൽ 4,01,238 കുട്ടികൾ അണിനിരന്നത് ഈ ക്യാമ്പയിന്റെ വിജയത്തിന് അടിവരയിടുന്നു.

### മൈ ഹോം ക്ലീൻ ഹോം ചലഞ്ച്: കുരുന്നുകളിൽ തുടങ്ങുന്ന ശുചിത്വ വിപ്ലവം (2020)

'ആരോഗ്യമുള്ള നാടിന് വൃത്തിയുള്ള വീട്' എന്ന സന്ദേശം മുൻനിർത്തി സ്കൂൾ വിദ്യാർത്ഥികൾക്കായി ഹരിതകേരളം മിഷൻ ആവിഷ്കരിച്ച നവീനമായ ഒരു മത്സരമായിരുന്നു 'മൈ ഹോം ക്ലീൻ ഹോം ചലഞ്ച്'. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സജീവ സഹകരണത്തോടെയാണ് ജില്ലയിലുടനീളം ഈ പദ്ധതി നടപ്പിലാക്കിയത്. വീടുകളിലെ മാലിന്യ സംസ്കരണ രീതികൾ കുട്ടികൾ തന്നെ സ്വയം ഏറ്റെടുക്കുകയും അത് ഒരു വീഡിയോ ചാലഞ്ചിലൂടെ മറ്റുള്ളവരിലേക്ക് എത്തിക്കുകയും ചെയ്യുക എന്നതായിരുന്നു ഈ പരിപാടിയുടെ പ്രത്യേകത.

ഈ വീഡിയോ ചാലഞ്ചിലൂടെ ജില്ലയിലെ മുഴുവൻ സ്കൂളുകളെയും പദ്ധതിയുടെ ഭാഗമാക്കാൻ മിഷന് സാധിച്ചു. കേവലം ഒരു മത്സരമെന്നതിലുപരി, മാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യം പ്രായോഗികമായി മനസ്സിലാക്കാനും അത് ജീവിതശൈലിയുടെ ഭാഗമാക്കാനും വിദ്യാർത്ഥികളെയും അതുവഴി പൊതുജനങ്ങളെയും ഇത് പ്രേരിപ്പിച്ചു. സ്വന്തം വീടും പരിസരവും ശുചിയായി സൂക്ഷിക്കുന്നതിലൂടെ മികച്ചൊരു സമൂഹത്തെ വാർത്തെടുക്കാനാകുമെന്ന പൊതുബോധം ഊട്ടിയുറപ്പിക്കാനായി.

### തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശുചിത്വ പദവി നിർണ്ണയം (2020)

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ മലപ്പുറം ജില്ലയിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ശാക്തീകരിക്കുന്നതിനുമായി ഏറ്റെടുത്ത സുപ്രധാനമായ ഒരു പ്രക്രിയയായിരുന്നു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശുചിത്വ പദവി നിർണ്ണയം. തദ്ദേശ സ്വയംഭരണ വകുപ്പ്, ശുചിത്വ മിഷൻ, കുടുംബശ്രീ, ക്ലീൻ കേരള കമ്പനി, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവയുടെ സംയുക്തമായ സഹകരണത്തോടെയാണ് ജില്ലയിൽ ഈ ദൗത്യം വിജയകരമായി പൂർത്തിയാക്കിയത്.

മാലിന്യ സംസ്കരണത്തിനായി ഓരോ തദ്ദേശ സ്ഥാപനവും ഒരുക്കിയിട്ടുള്ള ഭൗതിക സാഹചര്യങ്ങൾ, ഹരിതകർമ്മ സേനയുടെ പ്രവർത്തനം, ഉറവിട മാലിന്യ സംസ്കരണ ഉപാധികളുടെ ലഭ്യത, പൊതുവിടങ്ങളിലെ ശുചിത്വം എന്നിവ നിശ്ചിത മാനദണ്ഡങ്ങൾ അനുസരിച്ച് പരിശോധിച്ചാണ് പദവികൾ നൽകിയത്. ഈ ഊർജ്ജിതമായ ക്യാമ്പയിനിലൂടെ ജില്ലയിലെ 56 ഗ്രാമപഞ്ചായത്തുകളും 10 മുനിസിപ്പാലിറ്റികളും ശുചിത്വ പദവി കൈവരിക്കുക എന്ന അഭിമാനകരമായ നേട്ടം സ്വന്തമാക്കി.

തദ്ദേശ സ്ഥാപനങ്ങൾ തമ്മിൽ ശുചിത്വ പരിപാലനത്തിൽ ആരോഗ്യകരമായ മത്സരം വളർത്താനും, മാലിന്യമുക്തമെന്ന ലക്ഷ്യത്തിലേക്ക് ജില്ലയെ കൂടുതൽ അടുപ്പിക്കാനും ഈ പദവി നിർണ്ണയ പ്രക്രിയയിലൂടെ സാധിച്ചു.

## ആരോഗ്യ ജാഗ്രത ക്യാമ്പയിൻ: പകർച്ചവ്യാധികൾക്കെതിരെ കരുതലോടെ (2020)

2018-ലെ മഹാപ്രളയത്തിന് ശേഷം ജില്ലയിൽ പകര്ച്ചവ്യാധികള് പടര്ന്നു പിടിക്കാതിരിക്കാന് ഹരിതകേരളം മിഷന്റെയും ശുചിത്വ മിഷന്റെയും നേതൃത്വത്തില് ആവിഷ്കരിച്ച സുപ്രധാന ഇടപെടലായിരുന്നു 'ആരോഗ്യ ജാഗ്രത ക്യാമ്പയിൻ'. തദ്ദേശ സ്വയംഭരണ വകുപ്പ്, ആരോഗ്യവകുപ്പ്, ക്ലീന് കേരള കമ്പനി എന്നിവയുടെ സഹകരണത്തോടെ ബഹുജനപങ്കാളിത്തം ഉറപ്പാക്കിയാണ് ഈ പദ്ധതി നടപ്പിലാക്കിയത്. ഇതിന്റെ തുടര്ച്ചയായി എല്ലാ വര്ഷങ്ങളിലും മഴക്കാലത്തിന് മുന്നോടിയായി ജില്ലയിലെ മുഴുവന് പഞ്ചായത്തുകളിലും ആരോഗ്യ ജാഗ്രത പ്രവര്ത്തനങ്ങള് ഇന്നും സജീവമായി നടന്നു വരുന്നു.

2020-ല് ഇതിന്റെ ഭാഗമായി 'ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യമുക്ത പരിസരം' എന്ന പ്രത്യേക ക്യാമ്പയിനും മിഷന്റെ നേതൃത്വത്തില് ഏറ്റെടുത്തിരുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ്, ആരോഗ്യവകുപ്പ്, കുടുംബശ്രീ, ഹരിതകർമ്മ സേനാംഗങ്ങൾ എന്നിവരുടെ കൂട്ടായ പരിശ്രമത്തിലൂടെ പരിസര ശുചിത്വം ഉറപ്പാക്കാനും രോഗവ്യാപനം തടയാനും ഈ പ്രവര്ത്തനങ്ങളിലൂടെ സാധിച്ചു.

## ഐ.ടി.ഐ. ഹരിതക്യാമ്പസ്: സുസ്ഥിര കലാലയങ്ങളിലേക്കുള്ള ചുവടുവെപ്പ് (2020)

പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണത്തിന്റെ ഭാഗമായി ജില്ലയിലെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളെ പരിസ്ഥിതി സൗഹൃദമാക്കി മാറ്റാൻ ഹരിതകേരളം മിഷനും കൃഷിവകുപ്പും സംയുക്തമായി ആവിഷ്കരിച്ച ശ്രദ്ധേയമായ ഇടപെടലാണ് 'ഐ.ടി.ഐ. ഹരിതക്യാമ്പസ്'. സർക്കാർ ഐ.ടി.ഐകളെ കേന്ദ്രീകരിച്ച് നടപ്പിലാക്കിയ ഈ പദ്ധതിയിൽ സുരക്ഷിത പച്ചക്കറി കൃഷി വ്യാപിപ്പിക്കുക, മാലിന്യ സംസ്കരണത്തിനായി സ്വന്തം സംവിധാനങ്ങൾ ഒരുക്കുക, മഴവെള്ള സംഭരണികൾ നിർമ്മിക്കുക എന്നീ പ്രവർത്തനങ്ങൾക്കാണ് മുൻഗണന നൽകിയത്. ജലത്തിന്റെ അമിത ഉപയോഗം നിയന്ത്രിക്കുന്നതോടൊപ്പം, ഉപയോഗിച്ച ജലം ശുദ്ധീകരിച്ച് കൃഷിക്കായി പുനരുപയോഗിക്കുന്ന (Water Recycling) ശാസ്ത്രീയമായ ഇടപെടലുകളും ഇതിന്റെ ഭാഗമായി ക്യാമ്പസുകളിൽ നടപ്പിലാക്കി വരുന്നു.

കൃഷിഭവനുകളുടെയും പ്രാദേശിക കൂട്ടായ്മകളുടെയും സജീവമായ സാങ്കേതിക പിന്തുണയോടെയാണ് ഈ ഹരിതവൽക്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചത്. അരീക്കോട് ഐ.ടി.ഐയിൽ പന്ത്രണ്ട് ഏക്കറോളം വരുന്ന ക്യാമ്പസിനുള്ളിൽ കൃഷിഭവന്റെ സഹായത്തോടെ വിപുലമായ പച്ചക്കറി കൃഷിത്തോട്ടം ഒരുക്കാൻ സാധിച്ചു. മാറഞ്ചേരി ഐ.ടി.ഐയിൽ കൃഷിരീതികൾക്കൊപ്പം മനോഹരമായ പൂന്തോട്ട നിർമ്മാണവും മാതൃകാപരമായി നടപ്പിലാക്കി. സംസ്ഥാന മിഷൻ പ്രതിനിധികളുടെ നേരിട്ടുള്ള വിലയിരുത്തലിനും അംഗീകാരത്തിനും അർഹമായ ഹരിതവൽക്കരണ പ്രവർത്തനങ്ങളാണ് നിലമ്പൂർ ഐ.ടി.ഐയിൽ നടന്നത്. സ്ഥലപരിമിതി പോലുള്ള പ്രായോഗിക വെല്ലുവിളികൾ നിലനിൽക്കുമ്പോഴും, ലഭ്യമായ ഇടങ്ങളെ സർഗ്ഗാത്മകമായി പ്രയോജനപ്പെടുത്തി കലാലയങ്ങളെ ഒരു പാരിസ്ഥിതിക പാഠശാലയാക്കി മാറ്റുന്ന ഇടപെടലുകൾക്കാണ് ഈ പദ്ധതിയിലൂടെ നേതൃത്വം നൽകിയത്.

## സീറോ വേസ്റ്റ് മലപ്പുറം: മാലിന്യമുക്ത സിവിൽ സ്റ്റേഷൻ മാതൃക (2021)

മാലിന്യങ്ങൾ കുന്നുകൂടുന്നത് തടയാനും അവ ശാസ്ത്രീയമായി സംസ്കരിക്കാനുമുള്ള ദീർഘവീക്ഷണത്തോടെ മലപ്പുറം ജില്ലയിൽ ആവിഷ്കരിച്ച ശ്രദ്ധേയമായ പദ്ധതിയാണ് 'സീറോ വേസ്റ്റ് മലപ്പുറം'. മാലിന്യ സംസ്കരണത്തിൽ സർക്കാർ ഓഫീസുകൾ പൊതുസമൂഹത്തിന് മാതൃകയാകണം എന്ന ലക്ഷ്യത്തോടെ ജില്ലാ ആസ്ഥാനത്തെ സർക്കാർ ഓഫീസുകളെ ഏകോപിപ്പിച്ചാണ് ഈ പദ്ധതിക്ക് തുടക്കം കുറിച്ചത്.

പദ്ധതിയുടെ ഭാഗമായി സിവിൽ സ്റ്റേഷനിലെയും മറ്റ് സർക്കാർ ഓഫീസുകളിലെയും ജീവനക്കാർക്ക് മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനെക്കുറിച്ച് (Waste Reduction) തുടർച്ചയായ ബോധവൽക്കരണം നൽകി. ഇതിന്റെ ഫലമായി ഉണ്ടായ മാറ്റങ്ങൾ താഴെ പറയുന്നവയാണ്:

- ജൈവമാലിന്യം: ഭക്ഷണാവശിഷ്ടങ്ങൾ സംസ്കരിക്കാനായി ഓഫീസുകളിൽ ഏയ്റോബിക് ബിന്നുകൾ (Aerobic Bins) സ്ഥാപിച്ചു. ഇതിലൂടെ ജൈവമാലിന്യങ്ങളെ വളമാക്കി മാറ്റാൻ സാധിച്ചു.
- അജൈവമാലിന്യം: പ്ലാസ്റ്റിക്, കടലാസ് തുടങ്ങിയ അജൈവ മാലിന്യങ്ങൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനായി ഓഫീസുകൾക്ക് ചണച്ചാക്കുകൾ നൽകി. ഇവ ശേഖരിച്ച് സിവിൽ സ്റ്റേഷൻ കാന്റീന് മുൻവശത്തുള്ള മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയിൽ (MCF) എത്തിക്കുകയും പിന്നീട് പുനർചംക്രമണത്തിനായി (Recycling) അയക്കുകയും ചെയ്യുന്നു.

മാലിന്യ സംസ്കരണ ഉപാധികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കാനായി സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിനകത്ത് ഒരു 'സീറോ വേസ്റ്റ് സഹായക കേന്ദ്രം' പ്രവർത്തനമാരംഭിച്ചു. മാലിന്യ സംസ്കരണത്തിനായി വീടുകളിലും സ്ഥാപനങ്ങളിലും സ്വീകരിക്കാവുന്ന വിവിധ ശാസ്ത്രീയ മാർഗ്ഗങ്ങളെക്കുറിച്ച് ഈ കേന്ദ്രത്തിൽ നിന്നും വിവരങ്ങൾ ലഭ്യമാക്കി.

ജില്ലാ കളക്ടറുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ നടന്ന ഈ പരിപാടി ജില്ലയിലെ മുഴുവൻ സർക്കാർ സ്ഥാപനങ്ങളിലേക്കും വ്യാപിപ്പിക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. സർക്കാർ തലത്തിലുള്ള ഈ ഇടപെടൽ മാലിന്യമുക്തമായ സിവിൽ സ്റ്റേഷൻ എന്ന ലക്ഷ്യം കൈവരിക്കുന്നതിൽ വലിയ വിജയമായി മാറി.

### സീറോ വേസ്റ്റ് ഓൺ ഗ്രൗണ്ട്: വാർഡ് തല മാലിന്യ നിർമ്മാർജ്ജന മാതൃക (2021)

മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിൽ കുന്നുകൂടുന്നത് തടയാനും വാർഡ് തലത്തിൽ ശുചിത്വം ഉറപ്പാക്കാനുമായി മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ നഗരസഭയിൽ ആവിഷ്കരിച്ച സവിശേഷമായ പദ്ധതിയാണ് 'സീറോ വേസ്റ്റ് ഓൺ ഗ്രൗണ്ട്'. നഗരസഭയിലെ ഏറ്റവും ജനസാന്ദ്രതയേറിയതും മാലിന്യനിക്ഷേപം കൂടുതലായി കണ്ടുവരുന്നതുമായ വാർഡുകളെ കേന്ദ്രീകരിച്ചാണ് ഈ പദ്ധതി പ്രാരംഭ ഘട്ടത്തിൽ നടപ്പിലാക്കിയത്.

ഓരോ വാർഡിലും പ്രത്യേകമായി നിയോഗിക്കപ്പെട്ട സീറോ വേസ്റ്റ് കോർഡിനേറ്റർമാരുടെ നേരിട്ടുള്ള മേൽനോട്ടത്തിലാണ് ശുചീകരണ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചത്. മാലിന്യങ്ങൾ യഥാസമയം ശേഖരിക്കുന്നുണ്ടെന്നും അവ ശാസ്ത്രീയമായി തരംതിരിച്ച് നീക്കം ചെയ്യുന്നുണ്ടെന്നും ഉറപ്പുവരുത്താൻ ഈ സംവിധാനത്തിലൂടെ സാധിച്ചു.

വാർഡുകളിലെ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ തരംതിരിച്ച് ശേഖരിക്കുകയും പൊതുസ്ഥലങ്ങളിൽ മാലിന്യം തള്ളുന്നത് കർശനമായി നിയന്ത്രിക്കുകയും ചെയ്തു. ജനപ്രതിനിധികളുടെയും ശുചീകരണ തൊഴിലാളികളുടെയും ഏകോപിതമായ പ്രവർത്തനം വഴി വാർഡുകളെ പൂർണ്ണമായും മാലിന്യമുക്തമാക്കാൻ ഈ പദ്ധതിയിലൂടെ സാധിച്ചു.

### നവകേരളം വൃത്തിയുള്ള കേരളം - വലിച്ചെറിയൽ മുക്ത കേരളം (2022)

സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി മലപ്പുറം ജില്ലയെ സമ്പൂർണ്ണ മാലിന്യമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച വിപുലമായ ജനകീയ ക്യാമ്പയിനാണ് 'നവകേരളം വൃത്തിയുള്ള കേരളം - വലിച്ചെറിയൽ മുക്ത കേരളം'. തദ്ദേശ സ്വയംഭരണ വകുപ്പ്, ജില്ലാ ഏകോപന സമിതിയുടെ ഭാഗമായ വിവിധ വകുപ്പുകൾ, വാർഡ് തല ശുചിത്വ പോഷണ സമിതികൾ എന്നിവയുടെ ഏകോപിതമായ പ്രവർത്തനത്തിലൂടെയാണ് ഈ പദ്ധതി ജില്ലയിലുടനീളം നടപ്പിലാക്കിയത്.



പൊതുവിടങ്ങളിൽ മാലിന്യം വലിച്ചെറിയുന്ന ശീലം അവസാനിപ്പിക്കാൻ ബഹുജനങ്ങളെ അണിനിരത്തിക്കൊണ്ട് നടത്തിയ തുടർച്ചയായ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഫലമായി ജില്ലയിലെ 24 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ വലിച്ചെറിയൽ മുക്തമായി പ്രഖ്യാപിക്കാൻ സാധിച്ചു എന്നത് ചരിത്രപരമായ നേട്ടമാണ്.

ഈ ക്യാമ്പയിനിലൂടെ പൊതുവിടങ്ങൾ ജനകീയമായി ശുചീകരിക്കാനും അവ സുസ്ഥിരമായി പരിപാലിക്കാനുമുള്ള അവബോധം സൃഷ്ടിക്കാൻ മിഷന് സാധിച്ചു. ജനപ്രതിനിധികൾ, പ്രദേശവാസികൾ, വ്യാപാരികൾ, യുവജന സംഘടനകൾ, ഹരിതകർമ്മ സേനാംഗങ്ങൾ, തൊഴിലുറപ്പ് തൊഴിലാളികൾ, വിദ്യാലയങ്ങളിലെയും കലാലയങ്ങളിലെയും വിദ്യാർത്ഥികൾ എന്നിവർ ഈ വലിയ ഉദ്യമത്തിൽ ആവേശപൂർവ്വം പങ്കാളികളായി. മാലിന്യം വലിച്ചെറിയുന്നത് ഒരു സാമൂഹിക വിപത്താണെന്ന ബോധ്യം ജനങ്ങളിൽ ഉറപ്പിക്കാനും, ഓരോ പ്രദേശം വൃത്തിയായി സൂക്ഷിക്കേണ്ടത് തങ്ങളുടെ ഉത്തരവാദിത്തമാണെന്ന് ബോധ്യപ്പെടുത്താനും ഈ ക്യാമ്പയിൻ മുഖേന സാധിച്ചു.

## മാലിന്യമുക്തം നവകേരളം (2023)

കേരളത്തെ മാലിന്യമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ എല്ലാ സർക്കാർ വകുപ്പുകളും ഏജൻസികളും സംയുക്തമായി ഏറ്റെടുത്ത ഏറ്റവും വിപുലമായ ജനകീയ ക്യാമ്പയിനാണ് 'മാലിന്യമുക്തം നവകേരളം'. മാലിന്യ സംസ്കരണ രംഗത്ത് അക്കാലത്ത് നിലവിലുണ്ടായിരുന്ന പോരായ്മകളും വിടവുകളും (Gaps) കൃത്യമായി കണ്ടെത്തി അവ പരിഹരിക്കുന്നതിനാണ് ഈ ക്യാമ്പയിൻ പ്രധാനമായും മുൻഗണന നൽകിയത്. ഇതിന്റെ ഫലമായി ജില്ലയിലെ മാലിന്യ സംസ്കരണ ശൃംഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ ഗണ്യമായി മെച്ചപ്പെട്ടു. കൂടുതൽ എം.സി.എഫുകൾ (MCF), ആധുനികമായ തരംതിരിക്കൽ സംവിധാനങ്ങൾ, മാലിന്യ നീക്കത്തിനുള്ള വാഹന സൗകര്യങ്ങൾ എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സജ്ജമാക്കാൻ ഇതിലൂടെ സാധിച്ചു.

പൂർണ്ണമായും ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കിയ ഈ ക്യാമ്പയിന്റെ ഭാഗമായി വിപുലമായ ഗൃഹസന്ദർശന പരിപാടികൾ സംഘടിപ്പിച്ചു. വീടുകൾ തോറും കയറി ജനങ്ങളെ നേരിൽ കണ്ട് ശാസ്ത്രീയ മാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്താനും ബോധവൽക്കരിക്കാനും ഇതിലൂടെ സാധിച്ചു. ഇതോടൊപ്പം തന്നെ ജില്ലയിലെ ഹരിതകർമ്മ സേനയുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുകയും, സേവനത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുകയും ചെയ്തു.

ഓരോ പ്രദേശത്തിന്റെയും പ്രത്യേകതകൾ കണക്കിലെടുത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവിഷ്കരിച്ച വൈവിധ്യമാർന്ന പദ്ധതികൾ ഈ ക്യാമ്പയിന്റെ വിജയത്തിന് തിളക്കമേകി. അജൈവ

മാലിന്യ ശേഖരണത്തിലെ കൃത്യതയും ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കാനുള്ള പ്രായോഗിക രീതികളും പൊതുസമൂഹത്തിലേക്ക് എത്തിക്കാൻ 'മാലിന്യമുക്തം നവകേരളം' ക്യാമ്പയിനിലൂടെ മലപ്പുറം ജില്ലയ്ക്ക് കഴിഞ്ഞു.

## മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ (2024)

അന്നേവരെ മാലിന്യ സംസ്കരണ രംഗത്ത് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ പൊതുവിടങ്ങളിലും പൊതു ധാരണയിലും വലിയ മാറ്റങ്ങൾ സൃഷ്ടിച്ചിരുന്നു. എന്നാൽ ഇവയെ സമ്പൂർണ്ണതയിലേക്ക് എത്തിക്കാനായില്ല. ഈ പശ്ചാത്തലത്തിലാണ് കേരളത്തെ പൂർണ്ണമായും മാലിന്യമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ 'മാലിന്യമുക്തം നവകേരളം' ജനകീയ ക്യാമ്പയിൻ ആരംഭിച്ചത്. 2024 ഒക്ടോബർ 2 ഗാന്ധിജയന്തി ദിനം മുതൽ 2025 മാർച്ച് 30 (അന്താരാഷ്ട്ര സീറോ വേസ്റ്റ് ദിനം) വരെ നീണ്ടുനിന്ന ഈ തീവ്രയജ്ഞം, മാലിന്യ സംസ്കരണ മേഖലയിൽ ജില്ലയുടെ മുഖച്ഛായ മാറ്റിയ ഒരു ജനകീയ മുന്നേറ്റമായി മാറി.

ജില്ലാ കളക്ടറുടെ അധ്യക്ഷതയിലുള്ള ജില്ലാ നിർവ്വഹണസമിതിയുടെ മേൽനോട്ടത്തിൽ നഗരസഭ, പഞ്ചായത്ത്, വാർഡ് തലങ്ങളിൽ പ്രത്യേക സാങ്കേതിക സമിതികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു. തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷന്മാരുടെ നേതൃത്വത്തിൽ വിവിധ വകുപ്പ് മേധാവികൾ, ശുചിത്വ മിഷൻ, കുടുംബശ്രീ, തൊഴിലുറപ്പ്, സന്നദ്ധ സംഘടനകൾ എന്നിവരെ ഏകോപിപ്പിച്ചുകൊണ്ടാണ് ഈ ദൗത്യം വിജയിപ്പിച്ചത്. ഉറവിട മാലിന്യ സംസ്കരണം ശാക്തീകരിക്കുക, ഹരിതകർമ്മസേനയുടെ പ്രവർത്തനം 100 ശതമാനം കാര്യക്ഷമമാക്കുക, പൊതു ഇടങ്ങൾ ശുചീകരിക്കുക, പൊതു സ്ഥാപനങ്ങളിലും പരിപാടികളിലും സമ്പൂർണ്ണമായി ഹരിത പ്രോട്ടോകോൾ നടപ്പിലാക്കുക എന്നിവയായിരുന്നു ഈ ക്യാമ്പയിനിലെ പ്രധാന പ്രവർത്തനങ്ങൾ.

ഈ ജനകീയ ക്യാമ്പയിനിലൂടെ ജില്ല സമ്പൂർണ മാലിന്യമുക്തമാക്കുന്നതിന്റെ ഭാഗമായി നടത്തിയ സൂക്ഷ്മമായ ഇടപെടലുകളിൽ പ്രധാനപ്പെട്ടവ താഴെ പറയുന്നവയാണ്:

- ഹരിത ടൗണുകൾ: നഗരപ്രദേശങ്ങളെ പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിനും അവയുടെ ഹരിതാഭ വർദ്ധിപ്പിക്കുന്നതിനുമായി വിഭാവനം ചെയ്ത 'ഹരിത ടൗൺ' ക്യാമ്പയിൻ



വലിയ ജനപങ്കാളിത്തത്തോടെയാണ് വിജയിപ്പിച്ചത്. ടൗണുകളിൽ ആവശ്യാനുസരണം വേസ്റ്റ് ബിന്നുകളും പ്ലാസ്റ്റിക് കുപ്പികൾ ശേഖരിക്കാൻ പ്രത്യേക ബോട്ടിൽ ബൂത്തുകളും സ്ഥാപിച്ചതോടെ പൊതുനിരത്തുകളിലെ മാലിന്യ നിക്ഷേപം പൂർണ്ണമായും ഇല്ലാതായി. മാലിന്യങ്ങൾ അടിഞ്ഞുകൂടിയിരുന്ന ഇടങ്ങൾ വൃത്തിയാക്കി അലങ്കാരച്ചെടികൾ വെച്ചുപിടിപ്പിച്ചും ഭിത്തികൾ മനോഹരമാക്കിയും നഗരങ്ങളുടെ മുഖച്ഛായ തന്നെ മാറ്റിയെടുത്തു. ജില്ലയിലെ 328 ടൗണുകളാണ് കൃത്യമായ ശുചിത്വ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ഈ ഹരിത പദവി കൈവരിച്ചത്.

- ഹരിത വിദ്യാലയങ്ങൾ: പരിസ്ഥിതി സംരക്ഷണത്തിന്റെ പാഠങ്ങൾ കുട്ടിക്കാലം മുതൽക്കേ ജീവിതചര്യയുടെ ഭാഗമാക്കുക എന്ന ലക്ഷ്യത്തോടെയാണ് വിദ്യാലയങ്ങളിൽ ഈ പരിപാടി നടപ്പിലാക്കിയത്. സ്കൂൾ പരിസരം പ്ലാസ്റ്റിക് വിമുക്തമാക്കിയും, പച്ചക്കറിത്തോട്ടങ്ങളും പച്ചത്തുരുത്തുകളും നിർമ്മിച്ചും വിദ്യാലയങ്ങൾ പ്രകൃതി സൗഹൃദ പഠനകേന്ദ്രങ്ങളാക്കി മാറ്റി. വിദ്യാർത്ഥികളെയും അധ്യാപകരെയും രക്ഷിതാക്കളെയും ഒരുപോലെ പരിസ്ഥിതി കാവലാളുകളായി അണിനിരത്തിയ ഈ ദൗത്യം ജില്ലയിലെ 1,686വിദ്യാലയങ്ങളെ 'ഹരിത വിദ്യാലയങ്ങളായി' മാറ്റുന്നതിൽ വലിയ വിജയം കണ്ടു. വരുംതലമുറയിൽ സുസ്ഥിരമായ ജീവിതശൈലി രൂപപ്പെടുത്താൻ ഈ നേട്ടം സഹായകമായി.
- ഹരിത കലാലയങ്ങൾ: യുവജനതയുടെ ചിന്തകളിൽ പാരിസ്ഥിതിക അവബോധം ദൃഢമാക്കാനും അവരെ പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങളുടെ മുൻനിരയിലേക്ക് എത്തിക്കാനുമാണ് ഉന്നതവിദ്യഭ്യാസ സ്ഥാപനങ്ങളിൽ 'ഹരിത കലാലയം' എന്ന ഉദ്യമം ആവിഷ്കരിച്ചത്. സമ്പൂർണ്ണ പ്ലാസ്റ്റിക് രഹിത കാമ്പസുകളായി മാറ്റുന്നതിനൊപ്പം മഴവെള്ള സംഭരണികളും ഊർജ്ജക്ഷമതയുള്ള സംവിധാനങ്ങളും ഏർപ്പെടുത്തി കലാലയങ്ങൾ മാതൃകയായി.





വിദ്യാർത്ഥികളുടെ ക്രിയാത്മകമായ ഇടപെടലുകളിലൂടെ ജില്ലയിലെ 156കലാലയങ്ങളാണ് ഹരിത പദവി നേടിയത്. കലാലയ അന്തരീക്ഷത്തെ കൂടുതൽ ഹരിതാഭമാക്കുന്നതിനൊപ്പം ഉത്തരവാദിത്തമുള്ള പൗരന്മാരെ വളർത്തിയെടുക്കാനും ഈ പരിപാടി വഴിയൊരുക്കി.

- ഹരിത സ്ഥാപനങ്ങൾ: സർക്കാർ-സ്വകാര്യ ഓഫീസുകളെ പരിസ്ഥിതി സൗഹൃദമായ പ്രവർത്തനശൈലിയിലേക്ക് മാറ്റിയെടുക്കുക എന്നതായിരുന്നു ഈ ഉദ്യമത്തിന്റെ കാതൽ. ഓഫീസുകളിൽ ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കുകൾ പൂർണ്ണമായും നിരോധിച്ചും, ഊർജ്ജ-ജല സംരക്ഷണം ഉറപ്പാക്കിയും, മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ ശാസ്ത്രീയമായി സംസ്കരിച്ചും ഓഫീസുകൾ പുതിയൊരു മാതൃക തീർത്തു. മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ച സ്ഥാപനങ്ങളെ ഗ്രേഡിംഗിലൂടെ ആദരിച്ച ഈ പരിപാടിയുടെ ഫലമായി ജില്ലയിലെ 5,860 സർക്കാർ/സ്വകാര്യ സ്ഥാപനങ്ങൾ 'ഹരിത സ്ഥാപനങ്ങളായി' ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടു. പരിസ്ഥിതി സൗഹൃദമായ ഒരു തൊഴിലിടം എന്ന ആശയത്തെ യാഥാർത്ഥ്യമാക്കാൻ ഈ മുന്നേറ്റത്തിലൂടെ സാധിച്ചു.
- ഹരിത പൊതുവിടങ്ങൾ: ബസ് സ്റ്റാൻഡുകൾ, പാർക്കുകൾ, സർക്കാർ ആശുപത്രി പരിസരങ്ങൾ തുടങ്ങിയ ജനത്തിരക്കുള്ള ഇടങ്ങളെ മാലിന്യമുക്തമാക്കി പാരിസ്ഥിതിക പുനരുജ്ജീവനം സാധ്യമാക്കുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം. പ്ലാസ്റ്റിക് മാലിന്യങ്ങളുടെ സാന്നിധ്യം പൂർണ്ണമായും ഒഴിവാക്കിയും ശാസ്ത്രീയമായ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയും പൊതുജനങ്ങൾക്ക് സുരക്ഷിതവും ആരോഗ്യകരവുമായ ഒരു അന്തരീക്ഷം ഉറപ്പാക്കാൻ ഈ ഉദ്യമത്തിലൂടെ സാധിച്ചു. ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളിൽ പച്ചത്തുരുത്തുകൾ നിർമ്മിച്ച് പച്ചപ്പ് വീണ്ടെടുത്തും ജില്ലയിലെ 187 മാർക്കറ്റുകളും പൊതുസ്ഥലങ്ങളുമാണ് ഈ തീവ്രയജ്ഞത്തിലൂടെ ഹരിത പദവിയിലേക്ക് ഉയർത്തിയത്.
- ഹരിത ടൂറിസം: പ്രകൃതിയുടെ തനിമ നിലനിർത്തിക്കൊണ്ട് പ്രദേശവാസികൾക്ക് പ്രയോജനകരമായ സുസ്ഥിര ടൂറിസം രീതികൾ പ്രോത്സാഹിപ്പിക്കാനാണ് 'ഹരിത ടൂറിസം' ലക്ഷ്യമിട്ടത്. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക് നിരോധനം കർശനമായി നടപ്പിലാക്കിയും സന്ദർശകർ വഴിയുണ്ടാകുന്ന മാലിന്യങ്ങൾ ശാസ്ത്രീയമായി നിയന്ത്രിച്ചും ടൂറിസം മേഖലയിൽ വലിയ മാറ്റങ്ങൾ കൊണ്ടുവന്നു. പ്രകൃതിവിഭവങ്ങൾ സംരക്ഷിച്ചും സൗന്ദര്യവൽക്കരണം നടത്തിയും ജില്ലയിലെ 37 പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങൾ ഹരിത ടൂറിസം പദവി സ്വന്തമാക്കി. സന്ദർശകർക്കിടയിൽ ഉത്തരവാദിത്ത ടൂറിസം സംസ്കാരം വളർത്താൻ ഈ ഉദ്യമം വലിയ പ്രചോദനമായി.




ഈ പ്രവർത്തനങ്ങൾക്കിടയിലും ചില പ്രതിസന്ധികൾ മിഷൻ നേരിടുന്നുണ്ട്. ചിലയിടങ്ങളിൽ ജനങ്ങളിൽ വേണ്ടത്ര ബോധവൽക്കരണം എത്താത്തതും, പൊതുജന പങ്കാളിത്തത്തിന്റെ കുറവും നേരിയ തോതിൽ വെല്ലുവിളികൾ ഉയർത്തുന്നുണ്ട്. മാലിന്യ സംസ്കരണം ഒരു വ്യക്തിപരമായ ശീലമാക്കി മാറ്റുന്നതിൽ പൂർണ്ണമായ വിജയം കൈവരിക്കാൻ ഇനിയും സാധിക്കേണ്ടതുണ്ട്. അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിലും ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിലും ചിലയിടങ്ങളിൽ നിലനിൽക്കുന്ന സാങ്കേതികമായ തടസ്സങ്ങൾ പരിഹരിക്കാനുള്ള തീവ്രശ്രമത്തിലാണ് മിഷൻ. എങ്കിലും, കൈവരിച്ച നേട്ടങ്ങൾ ജില്ലയുടെ ശുചിത്വ ഭാവിക്ക് ശക്തമായ അടിത്തറ നൽകുന്നു.

### കുട്ടികളുടെ ഹരിതസഭ: മാലിന്യമുക്ത കേരളത്തിനായി ഒരു ബാലസേന (2024)

'മാലിന്യമുക്തം നവകേരളം' ജനകീയ ക്യാമ്പയിന്റെ ഭാഗമായി വരുംതലമുറയിൽ ശുചിത്വ ശീലങ്ങളും പരിസ്ഥിതി അവബോധവും വളർത്തിയെടുക്കുന്നതിനായി വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് നടപ്പിലാക്കിയ സവിശേഷമായ ക്യാമ്പയിനായിരുന്നു 'കുട്ടികളുടെ ഹരിതസഭ'. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പ്, ശുചിത്വ മിഷൻ, കില (KILA), കുടുംബശ്രീ എന്നിവയുടെ സംയുക്ത സഹകരണത്തോടെയാണ് ജില്ലയിലുടനീളം ഈ പദ്ധതി സംഘടിപ്പിച്ചത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ കുട്ടികളുടെ സജീവ പങ്കാളിത്തം ഉറപ്പുവരുത്തുക എന്നതായിരുന്നു ഈ ക്യാമ്പയിന്റെ പ്രധാന ലക്ഷ്യം. പഞ്ചായത്തിന്റെ ശുചിത്വ പ്രവർത്തനങ്ങളെക്കുറിച്ച് കുട്ടികൾക്ക് അറിവ് നൽകാനും, ഇതുമായി ബന്ധപ്പെട്ട തങ്ങളുടെ ആശയങ്ങളും ആവശ്യങ്ങളും നേരിട്ട് ജനപ്രതിനിധികളുമായി സംവദിക്കാനുമുള്ള ഒരു വേദിയായി ഹരിതസഭകൾ മാറി. കുട്ടികളുടെ ക്രിയാത്മകമായ നിർദ്ദേശങ്ങൾ പഞ്ചായത്ത് പദ്ധതികളിൽ ഉൾപ്പെടുത്താനും ഇതിലൂടെ സാധിച്ചു.

മലപ്പുറം ജില്ലയിലെ 960 സ്കൂളുകളിൽ ഈ ക്യാമ്പയിൻ വിജയകരമായി നടപ്പിലാക്കാൻ സാധിച്ചു. ജില്ലാതലത്തിൽ നടന്ന ഈ ഹരിത മുന്നേറ്റത്തിൽ 9,437 വിദ്യാർത്ഥികളും, അധ്യാപകരും ഉദ്യോഗസ്ഥരും ഉൾപ്പെടെ 2,142 പേരും സജീവമായി പങ്കെടുത്തു. വിദ്യാലയങ്ങളിൽ നിന്നും ലഭിച്ച ഈ അവബോധം കുട്ടികൾ വഴി വീടുകളിലേക്കും സമൂഹത്തിലേക്കും വ്യാപിച്ചുവെന്നതാണ് ഈ ക്യാമ്പയിന്റെ ഏറ്റവും വലിയ വിജയം.

## ജലസംരക്ഷണം: നീർച്ചാലുകളുടെ പുനർജനിയും ജലസുരക്ഷയും

മനുഷ്യന്റെയും പ്രകൃതിയുടെയും നിലനിൽപ്പിന് ആധാരമായ ജലസ്രോതസ്സുകളെ സംരക്ഷിക്കുന്നതിനും ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിനുമായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ മലപ്പുറം ജില്ലയിൽ വിപുലമായ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയത്. പെയ്തൊഴിയുന്ന ഓരോ തുള്ളി മഴവെള്ളത്തെയും മണ്ണിലേക്ക് ഇറക്കി ഭൂമിയെ റീചാർജ് ചെയ്യുന്നതിനും, മലിനമായോ കൈയേറ്റം മൂലമോ വിസ്മൃതിയിലായ ജലപാതകളെ വീണ്ടെടുക്കുന്നതിനുമാണ് ഈ പ്രവർത്തനങ്ങൾ മുൻഗണന നൽകിയത്.

വരൾച്ചയെ പ്രതിരോധിക്കുന്നതിനൊപ്പം ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുക എന്ന വലിയ ലക്ഷ്യം മുൻനിർത്തിയാണ് ജില്ലയിൽ ജലസംരക്ഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ സർക്കാർ വകുപ്പുകളുടെയും സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെ ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കിയ പ്രധാന ജലസംരക്ഷണ ക്യാമ്പയിനുകളെയും അവ കൈവരിച്ച നേട്ടങ്ങളെയും നമുക്ക് ഇനി വിശദമായി പരിചയപ്പെടാം.

## ജലമാണ് ജീവൻ: വരൾച്ചയെ അതിജീവിച്ച ജലസംരക്ഷണ മാതൃക (2017)

2017-ൽ കേരളം നേരിട്ട അതിരൂക്ഷമായ വരൾച്ചയുടെ പശ്ചാത്തലത്തിലാണ് ഹരിതകേരളം മിഷൻ 'ജലമാണ് ജീവൻ' എന്ന സമഗ്രമായ ക്യാമ്പയിന് ജില്ലയിൽ തുടക്കം കുറിച്ചത്. ജലക്ഷാമം നേരിടുന്നതിനായി ജലത്തിന്റെ മിതമായ വിനിയോഗം, ജലശേഖരണം, ജലസ്രോതസ്സുകളുടെ പുനരുജ്ജീവനം എന്നിവയായിരുന്നു ഈ ക്യാമ്പയിന്റെ പ്രധാന അജണ്ടകൾ.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ സർക്കാർ വകുപ്പുകളുടെ ഏകോപിതമായ സഹകരണത്തോടെയാണ് ജില്ലയിൽ ഈ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ ജലസംരക്ഷണത്തിനായി പരമാവധി പ്രയോജനപ്പെടുത്തിയത് ഈ ക്യാമ്പയിന്റെ വിജയത്തിൽ നിർണ്ണായകമായി.

പെയ്തൊഴിയുന്ന മഴവെള്ളം പാഴായിപ്പോകാതെ സംഭരിക്കാനും നിലവിലുള്ള ജലസ്രോതസ്സുകൾ സംരക്ഷിക്കാനും ഈ ക്യാമ്പയിനിലൂടെ ജനങ്ങളെ ബോധവൽക്കരിക്കാൻ സാധിച്ചു. കേവലം ഒരു ഔദ്യോഗിക പദ്ധതിയെന്നതിലുപരി, ജലസംരക്ഷണം സ്വന്തം കടമയായി ഏറ്റെടുത്ത ജനസമൂഹത്തിന്റെ പിന്തുണയാണ് ജില്ലയിലെ ജലസ്രോതസ്സുകളെ വീണ്ടെടുക്കുന്നതിനും സുസ്ഥിരമായ ജലസുരക്ഷ ഉറപ്പാക്കുന്നതിനും മിഷന് കരുത്തേകിയത്.

## ജലസംരക്ഷണ സാങ്കേതിക സമിതികൾ: ശാസ്ത്രീയമായ ആസൂത്രണത്തിന് ഒരു ഉദ്യോഗസ്ഥ സംവിധാനം (2018)

മാലിന്യ സംസ്കരണം, കൃഷി തുടങ്ങിയ മേഖലകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കാൻ കൃത്യമായ ഉദ്യോഗസ്ഥ സംവിധാനങ്ങൾ നിലവിലുണ്ടായിരുന്നെങ്കിലും, ജലസംരക്ഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ അത്തരത്തിലൊരു സ്ഥിരം സംവിധാനം ആദ്യഘട്ടത്തിൽ ഉണ്ടായിരുന്നില്ല. ഈ വിടവ് പരിഹരിക്കുന്നതിനായി സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ചതാണ് ജലസംരക്ഷണ സാങ്കേതിക സമിതികൾ.

ജില്ലാ തലം മുതൽ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റി തലങ്ങളിൽ വരെ ഈ സമിതികൾ നിലവിൽ വന്നു. ജലസേചന വകുപ്പിലെ ഉദ്യോഗസ്ഥരുടെ സാങ്കേതിക വൈദഗ്ധ്യവും സേവനവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നേരിട്ട് ലഭ്യമാക്കാൻ ഇതിലൂടെ സാധിച്ചു. ഈ സമിതികളുടെ നേതൃത്വത്തിൽ ജില്ലയിലുടനീളം 'നീർത്തട നടത്തം' സംഘടിപ്പിക്കുകയും ഓരോ പ്രദേശത്തിന്റെയും ജലസ്രോതസ്സുകളെക്കുറിച്ചുള്ള കൃത്യമായ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. ശാസ്ത്രീയമായ നീർത്തട പരിപാലനം ലക്ഷ്യമിട്ട് ജില്ലയിലെ 94 ഗ്രാമപഞ്ചായത്തുകളും 11 നഗരസഭകളും തനതായ 'നീർത്തട മാസ്റ്റർ പ്ലാനുകൾ' തയ്യാറാക്കി എന്നത് ഈ സമിതികളുടെ വലിയൊരു നേട്ടമാണ്.

ജലസംരക്ഷണ പ്രവർത്തനങ്ങളിൽ ശാസ്ത്രീയമായ കൃത്യത ഉറപ്പാക്കാനും, ജലസ്രോതസ്സുകളുടെ വീണ്ടെടുപ്പിനായി ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികൾ ആവിഷ്കരിക്കാനും ഈ സാങ്കേതിക സമിതികൾ മുഖേന ജില്ലയ്ക്ക് സാധിച്ചു.

### എല്ലാവരും ജലാശയങ്ങളിലേക്ക്: പുഴകളുടെ വീണ്ടെടുപ്പിനായുള്ള ജനകീയ ദൗത്യം (2018)

പുഴകളുടെയും തോടുകളുടെയും സ്വാഭാവിക ഒഴുക്ക് വീണ്ടെടുക്കുന്നതിനും ജലസ്രോതസ്സുകളെ സംരക്ഷിക്കുന്നതിനുമായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ഏറ്റെടുത്ത ബൃഹത്തായ ജനകീയ ക്യാമ്പയിനായിരുന്നു 'എല്ലാവരും ജലാശയങ്ങളിലേക്ക്'. വിസ്മൃതിയിലായ നീർച്ചാലുകളെയും നശിച്ചുകൊണ്ടിരിക്കുന്ന പുഴകളെയും പുനരുജ്ജീവിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ ക്യാമ്പയിൻ ആവിഷ്കരിച്ചത്.

ഈ ക്യാമ്പയിന്റെ ഭാഗമായി ജില്ലയിലെ നിരവധി പ്രധാന സ്രോതസ്സുകൾ വിജയകരമായി പുനരുജ്ജീവിപ്പിച്ചു. അവയിൽ പ്രധാനപ്പെട്ടവ താഴെ പറയുന്നവയാണ്:

- ചെറുപുഴയുടെ കൈവഴികൾ: ചെറുപുഴയുടെ പ്രധാന കൈവഴികളിലെ തടസ്സങ്ങൾ നീക്കി ഒഴുക്ക് സുഗമമാക്കി.
- മുണ്ടപ്പാടം നീർത്തടം: നിലമ്പൂർ ബ്ലോക്ക് പരിധിയിൽ വരുന്ന ഈ നീർത്തടത്തിന്റെ വീണ്ടെടുപ്പ് കാർഷിക മേഖലയ്ക്കും വലിയ കരുത്തായി.
- മലപ്പുറം വലിയ തോട്: നഗരസഭാ പരിധിയിലെ പ്രധാന ജലപാതയായ വലിയ തോട് ശുചീകരിച്ച് പുനരുജ്ജീവിപ്പിച്ചു.
- മണക്കടവ് തോട്: വാഴയൂർ പഞ്ചായത്തിലെ മണക്കടവ് തോടിന്റെ സ്വാഭാവിക ഒഴുക്ക് തിരിച്ചുപിടിച്ചു.
- മാറഞ്ചേരിയിലെ പുഴകൾ: മാറഞ്ചേരി പഞ്ചായത്തിലെ വിവിധ പുഴകളും നീർച്ചാലുകളും മിഷന്റെ നേതൃത്വത്തിൽ വീണ്ടെടുത്തു.

തദ്ദേശ സ്വയംഭരണ വകുപ്പ്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ജലസേചന വകുപ്പ് എന്നിവയുടെ ഏകോപനത്തിലൂടെയാണ് ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചത്. കേവലം ഒരു സർക്കാർ പദ്ധതിയെന്നതിലുപരി, എൻ.എസ്.എസ് (NSS) വളന്റിയർമാർ, കോളേജ് വിദ്യാർത്ഥികൾ, പ്രാദേശിക കൂട്ടായ്മകൾ, നാട്ടുകാർ എന്നിവരുടെ സജീവമായ ജനകീയ പങ്കാളിത്തം ഈ ദൗത്യത്തെ വലിയ വിജയമാക്കി മാറ്റി. ജലാശയങ്ങളെ സംരക്ഷിക്കേണ്ടത് ഓരോ പൗരന്റെയും സാമൂഹിക ഉത്തരവാദിത്തമാണെന്ന ബോധ്യം സമൂഹത്തിൽ ഉറപ്പിക്കാൻ ഈ ക്യാമ്പയിനിലൂടെ സാധിച്ചു.

### ജലസംഗമം: മികച്ച ജലസംരക്ഷണ മാതൃകകളുടെ വിനിമയം (2019)

മലപ്പുറം ജില്ലയിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിയ മികച്ച ജലസംരക്ഷണ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാനും അവ മറ്റുള്ളവർക്ക് മാതൃകയാകും വിധം പരിചയപ്പെടുത്താനുമായി ഹരിതകേരളം മിഷൻ സംഘടിപ്പിച്ച ശ്രദ്ധേയമായ പരിപാടിയായിരുന്നു 'ജലമാണ് ജീവൻ' ജില്ലാ ജലസംഗമം. 2019 ജനുവരി 30-ന് മലപ്പുറം മുൻസിപ്പൽ ടൗൺ ഹാളിൽ വെച്ചാണ് ഈ വിപുലമായ സംഗമം നടന്നത്.

ജില്ലയിലെ വിവിധ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും വിജയകരമായി നടപ്പിലാക്കിയ പത്തുണ്ടോളം മികച്ച ജലസംരക്ഷണ മാതൃകകളാണ് സംഗമത്തിൽ അവതരിപ്പിച്ചത്. വർദ്ധിച്ചുവരുന്ന ജല ഉപഭോഗത്തെ ഫലപ്രദമായി നിയന്ത്രിക്കാനുതകുന്ന ശാസ്ത്രീയ രീതികൾ, മഴവെള്ള സംഭരണ സംവിധാനങ്ങൾ, ജലസ്രോതസ്സുകളുടെ പുനരുജ്ജീവനം തുടങ്ങിയവ ഇതിൽ ഉൾപ്പെട്ടിരുന്നു.

ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികൾക്കും ഉദ്യോഗസ്ഥർക്കും മറ്റ് സ്ഥാപനങ്ങളുടെ വിജയഗാഥകൾ നേരിട്ട് മനസ്സിലാക്കാൻ ഈ വേദി അവസരമൊരുക്കി. ഒരു പ്രദേശത്തെ മികച്ച

ജലസംരക്ഷണ മാതൃക മറ്റ് തദ്ദേശ സ്ഥാപനങ്ങളിലേക്ക് കൂടി വ്യാപിപ്പിക്കാനും ജില്ലയുടെ മൊത്തത്തിലുള്ള ജലസുരക്ഷ ഉറപ്പാക്കാനും ഈ ജലസംഗമം വലിയ പ്രേരണയായി.

## ഇനി ഞാൻ ഒഴുകട്ടെ: നീർച്ചാലുകളുടെ വീണ്ടെടുപ്പിനായൊരു ജനകീയ ദൗത്യം (2019)

ജലസംരക്ഷണ മേഖലയിൽ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ മലപ്പുറം ജില്ലയിൽ നടപ്പിലാക്കിയ ഏറ്റവും വിപ്ലവകരമായ പദ്ധതികളിലൊന്നാണ് 'ഇനി ഞാൻ ഒഴുകട്ടെ'. ഒഴുക്ക് നിലച്ചും മാലിന്യങ്ങൾ നിറഞ്ഞും അപ്രത്യക്ഷമായിക്കൊണ്ടിരുന്ന നീർച്ചാലുകളെയും തോടുകളെയും ജനകീയ പങ്കാളിത്തത്തോടെ വീണ്ടെടുക്കുക എന്നതായിരുന്നു ഈ ക്യാമ്പയിന്റെ ലക്ഷ്യം. 'എല്ലാവരും ജലാശയങ്ങളിലേക്ക്', 'തെളിനീരൊഴുകും നവകേരളം', 'നീരുറവ്' തുടങ്ങിയ അനുബന്ധ ക്യാമ്പയിനുകളിലൂടെയും ജലസ്രോതസ്സുകളുടെ പുനരുജ്ജീവനത്തിന് ജില്ലയിൽ വലിയൊരു മുന്നേറ്റം സൃഷ്ടിക്കാൻ മിഷന് സാധിച്ചു.

ആദ്യഘട്ടത്തിലെ ആവേശം നിലനിർത്തുന്നതിൽ പിന്നീട് ചില പരിമിതികൾ അനുഭവപ്പെട്ടു. ഫണ്ടിന്റെ ലഭ്യതക്കുറവ്, ചില പ്രദേശങ്ങളിൽ പ്രാദേശികമായി ലഭിക്കേണ്ട സഹകരണത്തിലുണ്ടായ കുറവ് എന്നിവ ക്യാമ്പയിന്റെ തുടർച്ചയെ നേരിയ രീതിയിൽ ബാധിച്ചു. എങ്കിലും, ഭൂരിഭാഗം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും നീർച്ചാലുകൾ വീണ്ടെടുക്കാനും അവയുടെ സ്വാഭാവിക ഒഴുക്ക് നിലനിർത്താനും സാധിച്ചത് ജില്ലയുടെ ജലസുരക്ഷാ രംഗത്തെ വലിയൊരു വിജയമാണ്.

തദ്ദേശ സ്വയംഭരണ വകുപ്പ്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGS), കുടുംബശ്രീ എന്നിവയുടെ നേതൃത്വത്തിൽ നടന്ന ഈ ദൗത്യത്തിൽ യുവജന സംഘടനകൾ, രാഷ്ട്രീയ-മത സാംസ്കാരിക പ്രവർത്തകർ, വിദ്യാർത്ഥികൾ, ക്ലബ്ബുകൾ എന്നിവർ സജീവമായി അണിനിരന്നു. ആദ്യഘട്ടത്തിൽ അതിശക്തമായ ജനകീയ പങ്കാളിത്തത്തോടെയാണ് ഈ പ്രവർത്തനങ്ങൾ മുന്നേറിയത്.



ജില്ലയിലെ നീർച്ചാലുകളെ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തി ശാസ്ത്രീയമായി വീണ്ടെടുക്കുന്നതിലാണ് മിഷൻ ശ്രദ്ധ കേന്ദ്രീകരിച്ചത്. വിവിധ ഘട്ടങ്ങളിലായി നടത്തിയ ഈ ക്യാമ്പയിനിലൂടെ ആകെ 1962.57 കിലോമീറ്റർ നീർച്ചാലുകൾ വീണ്ടെടുത്തു.

### അയൽക്കൂട്ട ജലസഭകൾ: ജലസംരക്ഷണം വീടുകളിലേക്ക് (2019)

വരൾച്ചയുടെ ആഘാതം കുറയ്ക്കുന്നതിനും ജലവിനിയോഗത്തിൽ സ്വയംനിയന്ത്രണം ഉറപ്പാക്കുന്നതിനുമായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ കുടുംബശ്രീയുമായി സഹകരിച്ച് നടപ്പിലാക്കിയ മാതൃകാപരമായ ക്യാമ്പയിനായിരുന്നു 'അയൽക്കൂട്ട ജലസഭകൾ'. ജലസംരക്ഷണത്തിന്റെ സന്ദേശം സമൂഹത്തിന്റെ ഏറ്റവും താഴെത്തട്ടിലുള്ള കുടുംബങ്ങളിലേക്ക് നേരിട്ട് എത്തിക്കുക എന്നതായിരുന്നു ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം.




ജില്ലയിലെ ഓരോ കുടുംബശ്രീ അയൽക്കൂട്ടങ്ങളിലും ഈ ക്യാമ്പയിന്റെ ഭാഗമായി പ്രത്യേക ജലസഭകൾ സംഘടിപ്പിച്ചു. ജലത്തിന്റെ അമിതവ്യയം കുറയ്ക്കുന്നതിനും (Water Conservation), ലഭ്യമായ ജലസ്രോതസ്സുകൾ മലിനമാകാതെ സൂക്ഷിക്കുന്നതിനുമുള്ള പ്രായോഗിക നിർദ്ദേശങ്ങൾ ഈ സഭകളിൽ ചർച്ച ചെയ്തു. വിദഗ്ധരുടെ നേതൃത്വത്തിൽ ജലമിതവ്യയ ബോധവൽക്കരണ ക്ലാസ്സുകൾ ഇതിന്റെ ഭാഗമായി നടന്നു.

'ജലമാണ് ജീവൻ' എന്ന സന്ദേശം ഉൾക്കൊള്ളുന്ന ലഘുലേഖകൾ എല്ലാ അയൽക്കൂട്ട അംഗങ്ങൾക്കും വിതരണം ചെയ്തു. ദൈനംദിന ജീവിതത്തിൽ ജലം ലാഭിക്കാനുള്ള ലളിതമായ മാർഗ്ഗങ്ങൾ ജനകീയമാക്കാൻ ഈ പ്രവർത്തനത്തിലൂടെ സാധിച്ചു. സ്ത്രീ പങ്കാളിത്തത്തിലൂടെ ജലസംരക്ഷണ പ്രവർത്തനങ്ങളെ ഒരു സാമൂഹിക സംസ്കാരമായി മാറ്റിയെടുക്കാൻ അയൽക്കൂട്ട ജലസഭകൾ ജില്ലയിൽ വലിയ പങ്ക് വഹിച്ചു.

### ജലസഭകൾ (2022)

വാർഡ് തലത്തിൽ ജലസഭകൾ വിളിച്ചുചേർത്ത് കൃത്യമായ ജലസംരക്ഷണ അവബോധ പരിപാടികൾ സംഘടിപ്പിച്ചതിന്റെ ഫലമായി വലിയൊരു ജനകീയ മുന്നേറ്റം ജില്ലയിൽ ദൃശ്യമായി. ഇതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിൽ സർക്കാർ സബ്സിഡിപോലും കൈപ്പറ്റാതെ ഗാർഹിക തലത്തിൽ ആയിരത്തിലധികം കിണറുകൾ മഴവെള്ളം ഉപയോഗിച്ച് റീചാർജ് ചെയ്യപ്പെട്ടത്. വീടുകളുടെ മേൽക്കൂരയിൽ നിന്നുള്ള മഴവെള്ളം ശാസ്ത്രീയമായി കിണറുകളിലേക്ക് എത്തിക്കുന്ന ഈ രീതി ജലക്ഷാമം പരിഹരിക്കുന്നതിൽ വലിയ പങ്ക് വഹിച്ചു. ജലത്തിന്റെ അമിത ഉപയോഗം

നിയന്ത്രിക്കാനും ശുദ്ധജലത്തിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്താനുമായി സ്കൂളുകളും അയൽക്കൂട്ടങ്ങളും കേന്ദ്രീകരിച്ച് ജലസാക്ഷരതാ പരിപാടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഇതിനുപുറമെ, ഭൂജല വകുപ്പിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുസ്ഥാപനങ്ങളിലെ കിണറുകൾ റീചാർജ് ചെയ്യുന്ന പ്രവൃത്തികളും ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്. കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിലെ പ്രധാന തോടുകളായ പള്ളിക്കൽ വലിയ തോട്, വാഴയൂർ തോട് എന്നിവയുടെ സംരക്ഷണത്തിനായി ചെക്ക് ഡാമുകൾ ഉൾപ്പെടെയുള്ള നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ജലവിഭവ വകുപ്പിന്റെ സജീവ പരിഗണനയിലാണ്.

## നീരുറവ്: നീർത്തടങ്ങളുടെ വീണ്ടെടുപ്പിനായൊരു സമഗ്ര പദ്ധതി (2022)

ഹരിതകേരളം മിഷനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും (MGNREGS) സംയുക്തമായി ആവിഷ്കരിച്ച നീർത്തട സംരക്ഷണ പദ്ധതിയാണ് 'നീരുറവ്'. പ്രകൃതിദത്തമായ നീരുറവകളെയും നീർത്തടങ്ങളെയും ശാസ്ത്രീയമായ രീതിയിൽ പുനരുജ്ജീവിപ്പിക്കുക എന്നതായിരുന്നു ഈ ക്യാമ്പയിന്റെ പ്രധാന ലക്ഷ്യം. ജലലഭ്യത ഉറപ്പുവരുത്തുന്നതിനൊപ്പം കൃഷിക്കും പരിസ്ഥിതിക്കും ഉണർവ് നൽകാൻ ഈ പദ്ധതിയിലൂടെ സാധിച്ചു.

തദ്ദേശ സ്വയംഭരണ വകുപ്പ്, തൊഴിലുറപ്പ് പദ്ധതി, കുടുംബശ്രീ എന്നിവയുടെ സജീവമായ സഹകരണത്തോടെയാണ് ജില്ലയിൽ ഈ ക്യാമ്പയിൻ വിജയകരമായി നടപ്പിലാക്കിയത്. താഴെത്തട്ടിലുള്ള ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതിനൊപ്പം ശാസ്ത്രീയമായ നീർത്തട പരിപാലന രീതികൾ നടപ്പിലാക്കാനും ഇതിലൂടെ സാധിച്ചു.

ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഈ പദ്ധതി വ്യാപിപ്പിക്കുന്നതിൽ ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെ (Resource Persons) ഇടപെടൽ നിർണ്ണായകമായിരുന്നു. ഓരോ നീർത്തടത്തിന്റെയും ഭൂപ്രകൃതിയും ജലലഭ്യതയും പഠിച്ച്, അതനുസരിച്ചുള്ള പ്രത്യേക സംരക്ഷണ പദ്ധതികൾ തയ്യാറാക്കാൻ ഇവരുടെ സേവനം ലഭ്യമാക്കി. ജില്ലയിലെ മുഴുവൻ പഞ്ചായത്തുകളിലും നീരുറവ് പദ്ധതിയുടെ ഗുണഫലങ്ങൾ എത്തിക്കാൻ ഇതിലൂടെ സാധിച്ചു.



## ജലബജറ്റ്: സുസ്ഥിര ജലമാനേജ്മെന്റിനായുള്ള ശാസ്ത്രീയ ആസൂത്രണം (2023)

ജില്ലയിലെ ജലലഭ്യതയും ജലവിനിയോഗവും തമ്മിലുള്ള സന്തുലിതാവസ്ഥ ശാസ്ത്രീയമായി വിശകലനം ചെയ്യുന്നതിനായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ച ശ്രദ്ധേയമായ പദ്ധതിയാണ് 'ജലബജറ്റ്'. ജില്ലയിലെ കൊണ്ടോട്ടി, താനൂർ, മലപ്പുറം, കുറ്റിപ്പുറം, തിരൂരങ്ങാടി, തിരൂർ, മങ്കട, വേങ്ങര എന്നീ 8 ബ്ലോക്കുകൾ 'സെമി ക്രിട്ടിക്കൽ' (ഭൂഗർഭജല ലഭ്യത കുറഞ്ഞുവരുന്ന ഇടങ്ങൾ) വിഭാഗത്തിൽ ഉൾപ്പെട്ട സാഹചര്യത്തിലാണ് ഈ നീർത്തടാധിഷ്ഠിത ആസൂത്രണത്തിന് മിഷൻ മുൻഗണന നൽകിയത്.



ജില്ലയിൽ കൊണ്ടോട്ടി, പെരുമ്പടപ്പ്, പൊന്നാനി, താനൂർ, മലപ്പുറം എന്നീ ബ്ലോക്കുകളിലായി 29 ഗ്രാമപഞ്ചായത്തുകൾ ഇതിനകം ജലബജറ്റ് റിപ്പോർട്ട് നിർമ്മാണം പൂർത്തിയാക്കി. ഇതിന്റെ തുടർച്ചയായി കൊണ്ടോട്ടി ബ്ലോക്കിലെ 99 പ്രദേശങ്ങളെ പ്രത്യേകമായി തിരഞ്ഞെടുത്ത് ഊർജ്ജിതമായ ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഓരോ പ്രദേശത്തെയും ജലലഭ്യതയും ആവശ്യകതയും കണക്കാക്കി ജലക്ഷാമം പരിഹരിക്കാൻ ലക്ഷ്യമിട്ടുള്ള ഈ പദ്ധതി സംസ്ഥാനത്തിന് തന്നെ മാതൃകയാണ്..



## പാറക്വാറി റീചാർജിങ്: ഉപേക്ഷിക്കപ്പെട്ട ഖനികൾ ജലസംഭരണികളാവുന്നു (2024)

അതിരൂക്ഷമായ വരൾച്ചയെ പ്രതിരോധിക്കുന്നതിനായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ മലപ്പുറം ജില്ലയിൽ നടപ്പിലാക്കിയ വേറിട്ടൊരു ജലസംരക്ഷണ പദ്ധതിയാണ് 'പാറക്വാറി റീചാർജിങ്'. പ്രവർത്തനരഹിതമായതും ഉപേക്ഷിക്കപ്പെട്ടതുമായ പാറമടകളെ വൻകിട ജലസംഭരണികളാക്കി മാറ്റി ഭൂഗർഭ ജലവിതാനം ഉയർത്തുക എന്നതായിരുന്നു ഈ ക്യാമ്പയിന്റെ പ്രധാന ലക്ഷ്യം.

മലപ്പുറം ജില്ലയിലെ പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിലെ മയിലാടിയിൽ സ്ഥിതി ചെയ്യുന്ന ഉപേക്ഷിക്കപ്പെട്ട പാറമടയെ ഈ പദ്ധതിയിലൂടെ വിജയകരമായി ജലസംഭരണിയാക്കി മാറ്റി. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെയും ബ്ലോക്ക് പഞ്ചായത്തിന്റെയും സംയുക്ത സഹകരണത്തോടെയാണ് ഈ പ്രവർത്തനം പൂർത്തിയാക്കിയത്. മഴവെള്ളം സംഭരിച്ചു നിർത്തുന്നതിലൂടെ സമീപപ്രദേശങ്ങളിലെ കിണറുകളിലും മറ്റ് ജലസ്രോതസ്സുകളിലും ജലനിരപ്പ് ഉയർത്താൻ ഈ പദ്ധതിക്ക് സാധിച്ചു.

ജില്ലയുടെ പല ഭാഗങ്ങളിലും ഇത്തരത്തിൽ നിരവധി പാറമടകൾ ഉണ്ടെങ്കിലും അവയിൽ ഭൂരിഭാഗവും സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതാണ്. പാറമടകൾ ജലസംഭരണികളായി വികസിപ്പിക്കുന്നതിന് ഉടമസ്ഥരിൽ നിന്നും ലഭിക്കേണ്ട സഹകരണത്തിലുണ്ടായ കുറവ് ഈ ക്യാമ്പയിൻ എല്ലാ ഭാഗങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിന് വലിയൊരു തടസ്സമായി. എങ്കിലും, ലഭ്യമായ ഇടങ്ങളിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നത് ഭാവിയിലെ ജലക്ഷാമം പരിഹരിക്കാൻ വലിയ തോതിൽ സഹായിക്കും.

## ജലമാണ് ജീവൻ: അമീബിക് മസ്തിഷ്ക ജ്വരത്തിനെതിരെയുള്ള പ്രതിരോധം (2025)

സംസ്ഥാനത്ത് അമീബിക് മസ്തിഷ്ക ജ്വരം (Amoebic Meningoencephalitis) പടർന്നുപിടിച്ച അടിയന്തര സാഹചര്യത്തിൽ, ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ശക്തമായ പ്രതിരോധ പ്രവർത്തനങ്ങൾ ലക്ഷ്യമിട്ട് ആവിഷ്കരിച്ച ക്യാമ്പയിനാണ് 'ജലമാണ് ജീവൻ'. ജലസ്രോതസ്സുകളിലൂടെ രോഗകാരികൾ പടരുന്നത് തടയാനായി ജില്ലയിലെ മുഴുവൻ കിണറുകളും ക്ലോറിനേഷൻ നടത്തുക, ജലസംഭരണികൾ (Tanks) ശുചീകരിക്കുക എന്നിവയായിരുന്നു ഈ ക്യാമ്പയിന്റെ പ്രധാന അജണ്ട.

ക്യാമ്പയിന്റെ പ്രാരംഭ ഘട്ടത്തിൽ ക്ലോറിൻ പൗഡറിന്റെ ലഭ്യതക്കുറവ്, വകുപ്പുകളുടെ ഏകോപനത്തിലുണ്ടായ പരിമിതികൾ, ജനങ്ങൾക്കിടയിൽ രോഗത്തെക്കുറിച്ചും പ്രതിരോധ





മാർഗ്ഗങ്ങളെക്കുറിച്ചുമുള്ള അവബോധമില്ലായ്മ എന്നിവ വലിയ വെല്ലുവിളികൾ ഉയർത്തിയിരുന്നു. എന്നാൽ, ഹരിതകേരളം മിഷൻ ബ്ലോക്ക് കോർഡിനേറ്റർമാരുടെ നിരന്തരമായ ഇടപെടലുകളും കൃത്യമായ ഏകോപനവും വഴി ഈ പ്രതിസന്ധികളെ മറികടക്കാൻ സാധിച്ചു.

ആരോഗ്യവകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ആർദ്രം മിഷൻ, വിദ്യാകിരണം മിഷൻ, കുടുംബശ്രീ എന്നിവയുടെ സംയുക്ത സഹകരണത്തോടെയാണ് മിഷൻ ഈ ദൗത്യം വിജയകരമാക്കിയത്. ജില്ലയിലുടനീളമുള്ള കിണറുകൾ ക്ലോറിനേഷൻ ചെയ്യാനും ജലസംഭരണികൾ പൂർണ്ണമായും ശുചീകരിക്കാനും സാധിച്ചത് പൊതുജനാരോഗ്യം സംരക്ഷിക്കുന്നതിൽ വലിയ നേട്ടമായി മാറി.

## കൃഷി പുനസ്ഥാപനം: ഹരിതാഭമായ മണ്ണും ഭക്ഷ്യസുരക്ഷയും

മലപ്പുറം ജില്ലയുടെ ഭൂപ്രകൃതിക്കും കാർഷിക സംസ്കാരത്തിനും പുതിയ ജീവൻ പകരുക എന്ന ലക്ഷ്യത്തോടെ ഹരിതകേരളം മിഷൻ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ സമാനതകളില്ലാത്ത നേട്ടങ്ങളാണ് കൈവരിച്ചത്. ഉപഭോഗ സംസ്കാരത്തിൽ നിന്നും ഉൽപ്പാദന സംസ്കാരത്തിലേക്കുള്ള മാറ്റത്തോടൊപ്പം കൃഷിയിലെ പ്രകൃതി സൗഹൃദ സമീപനത്തിലും ഈ ക്യാമ്പയിനുകൾ വലിയ ചാലകശക്തിയായി മാറി. വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന തനത് സസ്യജാലങ്ങളുടെ വീണ്ടെടുപ്പ് മുതൽ തരിശുഭൂമികളെ സമൃദ്ധമായ കൃഷിയിടങ്ങളാക്കി മാറ്റുന്നതുവരെയുള്ള വിപുലമായ ഇടപെടലുകളാണ് ഈ മേഖലയിൽ നടന്നത്.

കേവലം കൃഷി ചെയ്യുക എന്നതിലുപരി, പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധം സുസ്ഥിരമാക്കുന്നതിനും കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കുന്നതിനുമുള്ള ശാസ്ത്രീയമായ ഇടപെടലുകൾക്കും മുൻഗണന നൽകി. ജൈവവൈവിധ്യ സംരക്ഷണം, ഭക്ഷ്യ സ്വയംപര്യാപ്തത, പരിസ്ഥിതി സൗഹൃദ കൃഷി രീതികൾ എന്നിവ മുൻനിർത്തി ജില്ലയിലുടനീളം നടപ്പിലാക്കിയ പ്രധാന ക്യാമ്പയിനുകളെയും പ്രവർത്തനങ്ങളെയും നമുക്ക് ഇനി വിശദമായി പരിചയപ്പെടാം.

## തരിശുരഹിത ഗ്രാമം: കാർഷിക സമൃദ്ധിയുടെ വീണ്ടെടുപ്പ് (2018)

മലപ്പുറം ജില്ലയുടെ നഷ്ടപ്പെട്ട കാർഷിക പാരമ്പര്യം തിരിച്ചുപിടിക്കുന്നതിനും കൃഷിയോഗ്യമായ ഒരിഞ്ചു ഭൂമി പോലും തരിശായി ഇടാതിരിക്കുക എന്ന ലക്ഷ്യത്തോടെയും ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ച വിപ്ലവാത്മകമായ പദ്ധതിയാണ് തരിശുരഹിത ഗ്രാമം. കൃഷിവകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, കർഷക കൂട്ടായ്മകൾ, വിദ്യാർത്ഥികൾ എന്നിവരുടെ സംയുക്ത പങ്കാളിത്തത്തോടെയാണ് ഈ ക്യാമ്പയിൻ നടപ്പിലാക്കിയത്. ഇതിലൂടെ ആതവനാട്,



കീഴുപറമ്പ് തുടങ്ങിയ ഗ്രാമപഞ്ചായത്തുകൾ കൈവരിച്ച 'തരിശുരഹിത' പദവി ജില്ലയിലെ മറ്റ് പ്രദേശങ്ങൾക്കും വലിയ പ്രചോദനമാണ് നൽകിയത്.

നെറ്റ് സീറോ കാർബൺ പഞ്ചായത്തുകളിൽ ഈ പദ്ധതി നിർബന്ധമായും നടപ്പിലാക്കണമെന്ന നിർദ്ദേശം ഉണ്ടായിരുന്നെങ്കിലും, തൃപ്തികരമായ രീതിയിൽ ഒരു പഞ്ചായത്തിൽ മാത്രമാണ് ഇത് പൂർണ്ണതയിലെത്തിയത്. കൃഷി മേഖലയിൽ വർദ്ധിച്ചുവരുന്ന വിമുഖതയും വിവിധ വകുപ്പുകളുടെ ഏകോപനത്തിലുണ്ടായ പരിമിതികളും ഈ ക്യാമ്പയിനെ ജില്ലയിൽ വ്യാപകമാക്കുന്നതിൽ വെല്ലുവിളികൾ ഉയർത്തി. എങ്കിലും, നിലവിൽ മറ്റ് നെറ്റ് സീറോ പഞ്ചായത്തുകളിൽ തരിശുഭൂമികൾ കണ്ടെത്തി കൃഷി യോഗ്യമാക്കുന്നതിനുള്ള തീവ്രമായ ഇടപെടലുകൾ മിഷൻ നടത്തിവരികയാണ്.

### ഹരിതസമൃദ്ധി വാർഡ്: ഓരോ വീട്ടിലും ഒരു പച്ചക്കറിത്തോട്ടം (2019)

ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ 'എല്ലാ വീട്ടിലും പച്ചക്കറി കൃഷി' എന്ന സന്ദേശം മുൻനിർത്തി ഹരിതകേരളം മിഷൻ ആവിഷ്കരിച്ച ശ്രദ്ധേയമായ ഇടപെടലായിരുന്നു ഹരിതസമൃദ്ധി വാർഡ്. കൃഷിവകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ എന്നിവയുടെ





ഏകോപിതമായ സഹകരണത്തോടെയാണ് ജില്ലയിൽ ഈ ക്യാമ്പയിൻ നടപ്പിലാക്കിയത്. ഓരോ വാർഡിലെയും മുഴുവൻ വീടുകളിലും പച്ചക്കറി കൃഷി ഉറപ്പാക്കി വിഷരഹിതമായ ആഹാരശീലം പ്രോത്സാഹിപ്പിക്കുകയായിരുന്നു ഇതിന്റെ ലക്ഷ്യം. ഇതിന്റെ ഭാഗമായി ജില്ലയിൽ ആകെ 15 വാർഡുകളെ ഹരിതസമൃദ്ധി വാർഡുകളായി പ്രഖ്യാപിച്ചു. ഒരു ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ 20 ഹരിതസമൃദ്ധി വാർഡുകൾ എന്നതായിരുന്നു ലക്ഷ്യമെങ്കിലും, വിവിധ വകുപ്പുകളുടെ പൂർണ്ണമായ ഏകോപനത്തിലുണ്ടായ പരിമിതികളും ഫണ്ടിന്റെ അപര്യാപ്തതയും കാരണം ജില്ലയിലെ രണ്ട് ബ്ലോക്കുകളിൽ മാത്രമാണ് ഈ പദ്ധതി പൂർണ്ണമായി നടപ്പിലാക്കാൻ സാധിച്ചത്. എങ്കിലും, നടപ്പിലാക്കിയ പ്രദേശങ്ങളിൽ മികച്ച വിളവെടുപ്പിലൂടെയും ജനപങ്കാളിത്തത്തിലൂടെയും ഭക്ഷ്യസുരക്ഷാ രംഗത്ത് മാതൃകാപരമായ മുന്നേറ്റം നടത്താൻ ഈ പദ്ധതിക്കായിട്ടുണ്ട്.

### പച്ചത്തുരുത്ത്: അതിജീവനത്തിനായി ഒരു ചെറുവനം (2019)

അനിയന്ത്രിതമായി വർദ്ധിച്ചുവരുന്ന അന്തരീക്ഷ താപനില, കാലാവസ്ഥാ വ്യതിയാനം, ജൈവവൈവിധ്യ നാശം എന്നിവയ്ക്കെതിരെയുള്ള ഹരിതകേരളം മിഷന്റെ ബൃഹത്തായ പ്രതിരോധ പദ്ധതിയാണ് 'പച്ചത്തുരുത്ത്'. 'അതിജീവനത്തിനായി ചെറുവനങ്ങൾ' എന്ന സന്ദേശവുമായി ആരംഭിച്ച ഈ പദ്ധതിയിലൂടെ പ്രകൃതിയുടെ സ്വാഭാവികമായ വീണ്ടെടുപ്പാണ് ലക്ഷ്യമിടുന്നത്. ജില്ലയിലെ 15 ബ്ലോക്ക് പഞ്ചായത്തുകൾക്ക് കീഴിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മിഷൻ ആരംഭിച്ച കാലം മുതൽ ഈ പ്രവർത്തനങ്ങൾ ജില്ലയിൽ വിജയകരമായി നടപ്പിലാക്കി വരുന്നു.

പൊതുവിടങ്ങൾ, വിദ്യാലയങ്ങൾ, സർക്കാർ-സ്വകാര്യ സ്ഥാപനങ്ങൾ, ക്ഷേത്ര മൈതാനങ്ങൾ, ഉപയോഗശൂന്യമായി കിടക്കുന്ന സ്വകാര്യ ഭൂമികൾ എന്നിവയ്ക്ക് പുറമെ മാലിന്യങ്ങൾ തള്ളിയിരുന്ന ഇടങ്ങൾ (Waste Dump Sites) വരെ ശുചീകരിച്ച് വനമാതൃകകൾ സൃഷ്ടിക്കാൻ ഈ പദ്ധതിയിലൂടെ സാധിച്ചു.നിലവിൽ ജില്ലയുടെ വിവിധ ഭാഗങ്ങളിലായി 204 പച്ചത്തുരുത്തുകൾ മിഷൻ സ്ഥാപിച്ചിട്ടുണ്ട്. പെരിന്തൽമണ്ണ മുൻസിപ്പാലിറ്റിയിലെ പച്ചത്തുരുത്ത് പദ്ധതിയുടെ ഉജ്ജ്വലമായ മാതൃകയാണ്. പാറക്കെട്ടുകൾ നിറഞ്ഞ തരിശുഭൂമിയെ അതിമനോഹരമായ ഒരു ചെറുവനമാക്കി മാറ്റാൻ ഇവിടെ സാധിച്ചു. ഫലവൃക്ഷങ്ങൾ, ഔഷധ സസ്യങ്ങൾ, പൂച്ചെടികൾ എന്നിവയാൽ സമൃദ്ധമായ ഈ ഇടം ഇന്നും ജില്ലയിലെ ഏറ്റവും മികച്ച പച്ചത്തുരുത്തായി നിലകൊള്ളുന്നു.

ജൈവവൈവിധ്യ ബോർഡ്, വനം വകുപ്പ് (സോഷ്യൽ ഫോറസ്ട്രി), കൃഷി വകുപ്പ്, തൊഴിലുറപ്പ് എന്നീ വകുപ്പുകൾക്ക് പുറമെ വിവിധ ക്ലബ്ബുകൾ, പ്രാദേശിക കൂട്ടായ്മകൾ, ബാങ്കുകൾ എന്നിവയുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കിയത്. എങ്കിലും സ്ഥലപരിമിതി, ഗുണമേന്മയുള്ള തൈകളുടെ ലഭ്യതക്കുറവ്, ഫണ്ടിന്റെ അപര്യാപ്തത എന്നിവ ഈ ക്യാമ്പയിന്റെ വ്യാപനത്തിന് ചില തടസ്സങ്ങൾ സൃഷ്ടിക്കുന്നുണ്ട്. കൂടാതെ പുതിയ കെട്ടിട നിർമ്മാണങ്ങൾക്കായി നിലവിലെ പച്ചത്തുരുത്തുകൾ മാറ്റപ്പെടുന്നത് പദ്ധതിയുടെ സുസ്ഥിരതയെ ബാധിക്കുന്ന ഒരു വെല്ലുവിളിയാണ്. ഈ പ്രതിസന്ധികൾക്കിടയിലും കൃത്യമായ പരിപാലനത്തിലൂടെ ഈ ചെറുവനങ്ങളെ സംരക്ഷിക്കാനുള്ള ഇടപെടലുകൾ മിഷൻ തുടർന്നു വരുന്നു.

### ദേവഹരിതം: ക്ഷേത്രമുറ്റങ്ങളിൽ ഹരിതസംസ്കാരം (2019)

ഹരിതകേരളം മിഷന്റെ പച്ചത്തുരുത്ത് പദ്ധതിയുടെ ഭാഗമായി ജില്ലയിലെ ആരാധനാലയങ്ങൾ കേന്ദ്രീകരിച്ചു നടപ്പിലാക്കിയ സവിശേഷമായ ക്യാമ്പയിനാണ് 'ദേവഹരിതം'. ക്ഷേത്രഭൂമികളിൽ വനമാതൃകകൾ (ചെറുവനങ്ങൾ) സൃഷ്ടിക്കുക, കാവുകൾ പുനരുജ്ജീവിപ്പിക്കുക, പുഷ്പ-ഔഷധ കൃഷികൾ പ്രോത്സാഹിപ്പിക്കുക എന്നിവയായിരുന്നു ഈ ഉദ്യമത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, കുടുംബശ്രീ എന്നിവയുടെ സജീവ പങ്കാളിത്തത്തോടെ ഒരു ജനകീയ കൂട്ടായ്മയായിട്ടാണ് ദേവഹരിതം ജില്ലയിൽ വിജയകരമായി നടപ്പിലാക്കിയത്. ഇതിന്റെ ഭാഗമായി ജില്ലയിൽ നടന്ന പ്രധാന പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്:

- ഔഷധസസ്യ തോട്ടം (പെരുമ്പടപ്പ്): പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിന്റെയും ഗ്രാമപഞ്ചായത്തിന്റെയും സംയുക്ത ഇടപെടലിലൂടെ കാട്ടുമാടം അമ്പലത്തിലെ 20 സെന്റ് സ്ഥലത്ത് വിപുലമായ ഔഷധസസ്യ തോട്ടം നിർമ്മിച്ചു.
- കാടാമ്പുഴ ക്ഷേത്രം: കുറ്റിപ്പുറം ബ്ലോക്കിലെ പ്രസിദ്ധമായ കാടാമ്പുഴ ഭഗവതി ക്ഷേത്രത്തിൽ പദ്ധതിയുടെ ഭാഗമായി പച്ചക്കറി കൃഷി വിജയകരമായി നടത്തിവരുന്നു.



- തിരുനാവായ നാവാമുകുന്ദ ക്ഷേത്രം: തിരൂർ ബ്ലോക്കിലെ ഈ പുരാതന ക്ഷേത്രത്തിൽ പൂകൃഷിയും പച്ചക്കറി കൃഷിയും ദേവഹരിതം പദ്ധതിയുടെ ഭാഗമായി സജീവമാണ്.
- തുമരക്കാവ് വിഷ്ണു ക്ഷേത്രം: ഇവിടെ വൈവിധ്യമാർന്ന പയർവർഗ്ഗങ്ങളും സുഗന്ധവർഗ്ഗ വിളയായ രാമച്ചവും ഈ പദ്ധതിയുടെ ഭാഗമായി കൃഷി ചെയ്തു വരുന്നു.

ആരാധനാലയങ്ങളുടെ പവിത്രതയോടൊപ്പം പ്രകൃതി സംരക്ഷണം കൂടി സമന്വയിപ്പിച്ച ഈ ക്യാമ്പയിൻ, ജില്ലയിലെ ജൈവവൈവിധ്യ സംരക്ഷണത്തിന് പുതിയൊരു മാനം നൽകി.

### നീലക്കുറിഞ്ഞി ജൈവവൈവിധ്യ പഠനോത്സവം: പ്രകൃതി അറിവുകളുടെ കൈമാറ്റം (2024)

നീലക്കുറിഞ്ഞി ജൈവവൈവിധ്യ വിജ്ഞാന കേന്ദ്രത്തിന്റെ കമ്മ്യൂണിറ്റി തല പ്രവർത്തനങ്ങളുടെ ഭാഗമായി കുട്ടികളിൽ ജൈവവൈവിധ്യത്തെക്കുറിച്ചും അതിന്റെ സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും അവബോധം സൃഷ്ടിക്കുന്നതിനായി സംഘടിപ്പിച്ച സവിശേഷമായ പരിപാടിയായിരുന്നു 'നീലക്കുറിഞ്ഞി ജൈവവൈവിധ്യ പഠനോത്സവം'. വിദ്യാകിരണം മിഷൻറെ സഹകരണത്തോടെയാണ് ഈ ക്യാമ്പയിൻ ജില്ലയിൽ നടപ്പിലാക്കിയത്. പാഠപുസ്തകങ്ങൾക്കപ്പുറം പ്രകൃതിയെ നേരിട്ടറിഞ്ഞും നിരീക്ഷിച്ചും പഠിക്കാനുള്ള അവസരമാണ് ഇതിലൂടെ വിദ്യാർത്ഥികൾക്ക് ലഭിച്ചത്.



ജില്ലയിലെ വിവിധ ബ്ലോക്ക് തലങ്ങളിൽ രണ്ട് ഘട്ടങ്ങളിലായാണ് പഠനോത്സവം ക്രമീകരിച്ചത്. ജില്ലയിലുടനീളമുള്ള 537 വിദ്യാർത്ഥികൾ ഈ ക്യാമ്പയിനിൽ സജീവമായി പങ്കെടുത്തു. ജൈവവൈവിധ്യ സംരക്ഷണത്തിൽ വരുംതലമുറയുടെ ഉത്തരവാദിത്തം ബോധ്യപ്പെടുത്താനും പരിസ്ഥിതി സൗഹൃദപരമായ ഒരു ജീവിതശൈലി അവരിലേക്ക് എത്തിക്കാനും ഈ പഠനോത്സവം വഴി സാധിച്ചു.

### ജനകീയ വൃക്ഷവൽക്കരണം (2025)

മലപ്പുറം ജില്ലയുടെ പാരിസ്ഥിതിക സന്തുലിതാവസ്ഥ വീണ്ടെടുക്കാൻ ഹരിതകേരളം മിഷൻ ആവിഷ്കരിച്ച വിപുലമായ പ്രവർത്തന പദ്ധതിയാണ് 2025-ൽ ആരംഭിച്ച "ഒരു തൈ നടാം ജനകീയ വൃക്ഷവൽക്കരണ' ക്യാമ്പയിൻ. 'ചങ്ങാതിക്കൊരു തൈ' എന്ന ഉപക്യാമ്പയിനുകളിലൂടെ വൃക്ഷവൽക്കരണത്തെ ഒരു സർക്കാർ പദ്ധതിയെന്നതിലുപരി ഒരു ജനകീയ സംസ്കാരമായി മാറ്റിയെടുക്കാൻ മിഷന് സാധിച്ചു. വിദ്യാഭ്യാസം, കൃഷി, വനം, ആയുഷ് മിഷൻ തുടങ്ങിയ വകുപ്പുകളെയും കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി തുടങ്ങിയ ഏജൻസികളെയും ഒരേ ലക്ഷ്യത്തിനായി ഏകോപിപ്പിച്ചു കൊണ്ടുള്ള പ്രവർത്തന രീതിയാണ് ഇവിടെ അവലംബിച്ചത്. തദ്ദേശീയമായ വൃക്ഷത്തൈകൾ ഉറപ്പാക്കാൻ



വാർഡുതലത്തിൽ നടത്തിയ പ്രത്യേക തൈ ശേഖരണ ശേഖരണത്തിനും, വിതരണത്തിനും റെസിഡൻസ് അസോസിയേഷനുകളെയും യുവജന ക്ലബ്ബുകളെയും പ്രാദേശിക കൂട്ടായ്മകളെയും സജീവമായി പങ്കാളികളാക്കിയ ഇടപെടൽ ഏറെ ശ്രദ്ധേയമായി.

കേവലം തൈകൾ നടുന്നതിൽ ഒതുങ്ങാതെ, അവയുടെ അതിജീവനം ഉറപ്പാക്കുന്നതിനുള്ള ആധുനിക സാങ്കേതിക ഇടപെടലുകളും ഈ ദൗത്യത്തിന്റെ ഭാഗമായി നടപ്പിലാക്കി. നട്ടുപിടിപ്പിച്ച 11 ലക്ഷം വൃക്ഷത്തൈകളുടെയും കൃത്യമായ വിവരങ്ങൾ ലഭ്യമാക്കാൻ 10% വൃക്ഷങ്ങളിൽ ജിയോ ടാഗിംഗ് (Geo-tagging) സംവിധാനം ഏർപ്പെടുത്തുകയും അവയുടെ തുടർച്ചയായ പരിപാലനത്തിനായി പ്രത്യേക പ്രാദേശിക നിരീക്ഷണ സംവിധാനങ്ങൾ രൂപീകരിക്കുകയും ചെയ്തു. ജനപ്രതിനിധികളുടെയും വിവിധ വകുപ്പുകളുടെയും സജീവമായ ഏകോപനത്തിലൂടെ നിശ്ചിത സമയത്തിനുള്ളിൽ ലക്ഷ്യം പൂർത്തിയാക്കാൻ സാധിച്ച ഈ ഇടപെടൽ, ജില്ലയുടെ പാരിസ്ഥിതിക സുരക്ഷ ഉറപ്പാക്കുന്നതിലെ സുപ്രധാനമായൊരു നാഴികക്കല്ലാണ്.

### വ്യവസായ സ്ഥാപനങ്ങളിലെ കാർഷിക മാതൃകകൾ (2019)

വലിയ തോതിൽ ഭൂമി ലഭ്യമായ വ്യവസായ സ്ഥാപനങ്ങളുടെ പരിസരം കൃഷിക്ക് അനുയോജ്യമായ രീതിയിൽ മാറ്റിയെടുക്കുക എന്ന ലക്ഷ്യത്തോടെ ഹരിതകേരളം മിഷൻ ജില്ലയിൽ 'വ്യവസായ സ്ഥാപന കൃഷി' എന്ന ക്യാമ്പയിൻ ഏറ്റെടുത്തു. വ്യവസായ ശാലകൾ പുറന്തള്ളുന്ന കാർബൺ അളവിനെ പ്രതിരോധിക്കാനും സ്ഥാപനങ്ങൾക്ക് ആവശ്യമായ പച്ചക്കറികൾ ഉൽപ്പാദിപ്പിക്കാനും ഈ പദ്ധതി വഴി സാധിച്ചു.

ഈ പദ്ധതിയുടെ മികച്ച ഉദാഹരണമാണ് കുറ്റിപ്പുറത്ത് സ്ഥിതി ചെയ്യുന്ന കെൽട്രോൺ (KELTRON) എന്ന പൊതുമേഖലാ സ്ഥാപനം. മിഷന്റെ കൃത്യമായ ഇടപെടലിലൂടെ ഈ സ്ഥാപനത്തിന്റെ ഭൂമിയിൽ വിപുലമായ രീതിയിലുള്ള പച്ചക്കറി കൃഷിയും പൂകൃഷിയും വിജയകരമായി നടത്തിവരുന്നു. വ്യവസായവും പ്രകൃതിയും തമ്മിലുള്ള സൗഹാർദ്ദപരമായ സഹവർത്തിത്വത്തിന് മികച്ചൊരു മാതൃകയാണിത്.

### തെങ്ങിന് തടം മണ്ണിന് ജലം: ജലസുരക്ഷയ്ക്കൊരു ജനകീയ വഴി (2024)

ജില്ലയിലെ ജലസുരക്ഷ ഉറപ്പാക്കുന്നതിനും ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിനുമായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ച ശ്രദ്ധേയമായ ക്യാമ്പയിനാണ് 'തെങ്ങിന് തടം മണ്ണിന് ജലം'. ശാസ്ത്രീയമായ വിള പരിപാലനത്തോടൊപ്പം തന്നെ മഴവെള്ളം മണ്ണിലേക്ക് ആഴ്ന്നിറങ്ങാൻ



സഹായിക്കുന്ന രീതിയിൽ തെങ്ങിൻ തടങ്ങൾ ഒരുക്കുക എന്നതായിരുന്നു ഈ പദ്ധതിയുടെ കാതൽ. 'നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ' എന്ന ബൃഹത്തായ പദ്ധതിയുടെ ഭാഗമായാണ് ഈ ജനകീയ ജലസംരക്ഷണ പരിപാടി ജില്ലയിലുടനീളം നടപ്പിലാക്കിയത്.

തദ്ദേശ സ്വയംഭരണ വകുപ്പ്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, യുവജന ക്ലബ്ബുകൾ, കുടുംബശ്രീ, കർഷക സംഘങ്ങൾ എന്നിവരുടെ സജീവമായ സഹകരണത്തോടെയാണ് ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ ഈ ക്യാമ്പയിൻ നടപ്പിലാക്കിയത്. ആദ്യഘട്ടത്തിൽ ജലക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന വാർഡുകൾക്ക് മുൻഗണന നൽകിക്കൊണ്ട് ഓരോ ബ്ലോക്കിലെയും ഓരോ വാർഡുകൾ കേന്ദ്രീകരിച്ചാണ് പ്രവർത്തനം ആരംഭിച്ചത്. പെരുമണ്ണ ക്ലാരി, പൊന്മുണ്ടം, മൂത്തേടം, വണ്ടൂർ, പോരൂർ, അരീക്കോട്, ഊർങ്ങാട്ടിരി, പുലാമന്തോൾ എന്നീ പഞ്ചായത്തുകളിൽ ഈ ക്യാമ്പയിൻ വിജയകരമായി നടപ്പിലാക്കി.

എല്ലാ വാർഡുകളിലേക്കും ക്യാമ്പയിൻ വ്യാപിപ്പിക്കണമെന്ന് നിർദ്ദേശമുണ്ടായിരുന്നെങ്കിലും ചില പ്രായോഗിക തടസ്സങ്ങൾ മൂലം ജില്ലയിലെ എല്ലാ വാർഡുകളിലും ഇത് പൂർണ്ണമായി എത്തിക്കാൻ സാധിച്ചില്ല. എങ്കിലും, നടപ്പിലാക്കിയ പ്രദേശങ്ങളിൽ ഭൂഗർഭ ജലനിരപ്പ് നിലനിർത്തുന്നതിനും തെങ്ങുകളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഈ പദ്ധതി വലിയ തോതിൽ സഹായിച്ചിട്ടുണ്ട്.

### ഹരിതഭവനം: സുസ്ഥിര ജീവിതശൈലിയുടെ മാതൃക (2019)

സർക്കാരിന്റെ 1000 ദിനാഘോഷത്തിന്റെ ഭാഗമായി തിരൂരിൽ സംഘടിപ്പിച്ച പ്രദർശനത്തിൽ (Exhibition) ഹരിതകേരളം മിഷൻ ഒരുക്കിയ 'ഹരിതഭവനം' വേറിട്ട കാഴ്ചയായി മാറി. പ്രകൃതിയോടിണങ്ങിയ നിർമ്മാണ രീതികളും സുസ്ഥിരമായ വിഭവ വിനിയോഗവും എങ്ങനെ ഒരു വീടിനെ ഹരിതാഭമാക്കാം എന്നതിന്റെ ഉത്തമ മാതൃകയായിരുന്നു ഈ പ്രദർശനശാല. മാലിന്യത്തിൽ നിന്നും ഊർജ്ജം ഉൽപ്പാദിപ്പിക്കുന്ന ബയോഗ്യാസ് പ്ലാന്റുകൾ, സൗരോർജ്ജ സംവിധാനങ്ങൾ, അടുക്കളത്തോട്ടം, പൂന്തോട്ടം, ഔഷധത്തോട്ടം എന്നിവയ്ക്ക് പുറമെ മത്സ്യകൃഷി, കാലിവളർത്തൽ എന്നിവയും ഇതിൽ സമന്വയിപ്പിച്ചിരുന്നു. ആകാരഭംഗിയേക്കാൾ പ്രകൃതി സൗഹൃദ വസ്തുക്കൾക്കും വായുസഞ്ചാരമുള്ള അകത്തളങ്ങൾക്കുമാണ് ഹരിതഭവനം മുൻഗണന നൽകിയത്. ജില്ലയിലെ മാതൃകാ പദ്ധതികളുടെ ചിത്രീകരണങ്ങൾ, മിഷൻ നടത്തിയ വിവിധ പ്രവർത്തനങ്ങളുടെ ഡോക്യുമെന്ററികൾ എന്നിവ ഇതിനുള്ളിൽ പ്രദർശിപ്പിച്ചിരുന്നു. ബയോബിൻ, ആക്ടിവേറ്റഡ് ചാർക്കോൾ, ചകിരിച്ചോറ്, ഇനോക്കുലം

എന്നിവയുടെ പ്രദർശനം മാലിന്യ സംസ്കരണത്തെക്കുറിച്ച് ജനങ്ങളിൽ അവബോധമുണ്ടാക്കി. ചായമൻസ, അസോള, പാഷൻ ഫ്രൂട്ട്, വഴുതന തുടങ്ങിയവയുടെ നൂതന വിത്തിനങ്ങൾ സൗജന്യമായി വിതരണം ചെയ്തു. കൂടാതെ ജല-മാലിന്യ സംരക്ഷണ പ്രവർത്തനങ്ങൾ വ്യക്തമാക്കുന്ന കൈപ്പുസ്തകങ്ങളും പൊതുജനങ്ങൾക്ക് ലഭ്യമാക്കി.

വിവിധ സ്കൂളുകളിലെ വിദ്യാർത്ഥികളും അധ്യാപകരും പൊതുജനങ്ങളുമടക്കം ആയിരത്തോളം പേർ ഹരിതഭവനം സന്ദർശിച്ചു. മികച്ച ജനപങ്കാളിത്തവും പോസിറ്റീവായ അഭിപ്രായങ്ങളും നേടിയ ഈ സ്റ്റാളിന് എക്സിബിഷനിലെ ഏറ്റവും മികച്ച സ്റ്റാളിനുള്ള പുരസ്കാരം ലഭിച്ചു എന്നത് ജില്ലയിലെ ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങൾക്ക് ലഭിച്ച വലിയൊരു അംഗീകാരമാണ്.

## കടലാമ സംരക്ഷണ പദ്ധതി: തീരദേശ ജൈവവൈവിധ്യത്തിന്റെ വീണ്ടെടുപ്പ് (2022)

മലപ്പുറം ജില്ലയുടെ തീരദേശ മേഖലയിലെ ജൈവവൈവിധ്യം നിലനിർത്തുന്നതിനായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ വെളിയങ്കോട് പഞ്ചായത്തിൽ നടപ്പിലാക്കിയ ശ്രദ്ധേയമായ പ്രവർത്തനമാണ് കടലാമ സംരക്ഷണ പദ്ധതി. വംശനാശഭീഷണി നേരിടുന്ന കടലാമകളെ സംരക്ഷിക്കുന്നതിലൂടെ കടലോര പരിസ്ഥിതിയുടെ സന്തുലിതാവസ്ഥ ഉറപ്പാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

തീരങ്ങളിൽ കടലാമകൾ ഇടുന്ന മുട്ടകൾ സുരക്ഷിതമായി സംഭരിച്ച്, അവ വിരിയിച്ച് കുഞ്ഞുങ്ങളെ തിരികെ കടലിലേക്ക് ഇറക്കിവിടുന്ന ശാസ്ത്രീയമായ പ്രക്രിയയാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. കടലാമക്കുഞ്ഞുങ്ങളുടെ അതിജീവനം ഉറപ്പാക്കാൻ ഈ ഇടപെടലിലൂടെ സാധിക്കുന്നു.

സംസ്ഥാന ജൈവവൈവിധ്യ ബോർഡ് (KSBB), സോഷ്യൽ ഫോറസ്ട്രി ഡിപ്പാർട്ട്മെന്റ് എന്നിവയുടെ സാങ്കേതിക സഹകരണത്തോടെയാണ് ഈ പദ്ധതി ആവിഷ്കരിച്ചത്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി പ്രദേശവാസികളെ ഉൾപ്പെടുത്തി ഒരു 'ജനകീയ സംരക്ഷണ സമിതി' രൂപീകരിച്ചു. ഈ സമിതിയുടെ സജീവമായ മേൽനോട്ടത്തിലാണ് തീരദേശത്തെ കടലാമ സംരക്ഷണ പ്രവർത്തനങ്ങൾ നിലവിൽ തുടർന്നുവരുന്നത്. വന്യജീവി സംരക്ഷണത്തിൽ പ്രാദേശിക സമൂഹത്തെ പങ്കാളികളാക്കിയ ജില്ലയിലെ മികച്ച മാതൃകകളിൽ ഒന്നാണിത്.

## നെറ്റ് സീറോ കാർബൺ കേരളം: സുസ്ഥിര ഭാവിയിലേക്കൊരു ജനകീയ ദൗത്യം (2022)

കാലാവസ്ഥാ വ്യതിയാനം ആഗോളതലത്തിൽ വലിയ വെല്ലുവിളികൾ ഉയർത്തുമ്പോൾ, അതിനെ പ്രാദേശികമായ ഇടപെടലുകളിലൂടെ പ്രതിരോധിക്കാൻ ഹരിതകേരളം മിഷൻ ആവിഷ്കരിച്ച





വിപ്ലവാത്മകമായ കർമ്മപദ്ധതിയാണ് 'നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ'. അന്തരീക്ഷത്തിലെ കാർബൺ ഡയോക്സൈഡിന്റെ അമിത സാന്നിധ്യം കുറയ്ക്കുക, കാർബൺ ബഹിർഗമനവും ആഗിരണവും തമ്മിലുള്ള സന്തുലിതാവസ്ഥ കൈവരിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ കാതൽ. മലപ്പുറം ജില്ലയിലെ വെട്ടം, മൂത്തേടം, വാഴയൂർ, കീഴുപറമ്പ്, കീഴാറ്റൂർ എന്നീ പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് വരുംതലമുറയ്ക്കായി സുരക്ഷിതമായ പരിസ്ഥിതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ ദൗത്യം മുന്നേറുന്നത്.

ഭരണപരമായ ആസൂത്രണത്തെ കാലാവസ്ഥാ പ്രതിരോധവുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള സവിശേഷമായ പ്രവർത്തന ശൈലിയാണ് ഈ പദ്ധതിയിൽ പിന്തുടരുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എനർജി മാനേജ്മെന്റ് സെന്റർ (EMC), മില്ലറ്റ് മിഷൻ എന്നിവയുടെ സജീവ പങ്കാളിത്തത്തോടെയാണ് ജില്ലയിൽ ഇപ്പോൾ പ്രവർത്തനങ്ങൾ മുന്നോട്ട് നീക്കുന്നത്. ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം കുറയ്ക്കുക, സൗരോർജ്ജം ഉൾപ്പെടെയുള്ള പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളെ പ്രോത്സാഹിപ്പിക്കുക, ശാസ്ത്രീയമായ മാലിന്യ സംസ്കരണത്തിലൂടെ മീഥേൻ ബഹിർഗമനം നിയന്ത്രിക്കുക എന്നിവയ്ക്ക് തദ്ദേശ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികളിൽ മുൻഗണന നൽകുന്നു. ഒപ്പം പച്ചത്തുരുത്തുകളും വൃക്ഷവൽക്കരണവും വഴി കാർബൺ ആഗിരണം വർദ്ധിപ്പിക്കാനും ഈ വികേന്ദ്രീകൃത ആസൂത്രണ രീതിയിലൂടെ സാധിക്കുന്നു.

2025 വരെയുള്ള കാലയളവിൽ ശ്രദ്ധേയമായ നേട്ടങ്ങളാണ് ഈ മേഖലയിൽ ജില്ല കൈവരിച്ചിരിക്കുന്നത്. വാഴയൂർ സാഫി കോളേജ്, നിലമ്പൂർ തേക്ക് മ്യൂസിയം എന്നിവയെ ജില്ലയിലെ ആദ്യ കാർബൺ ന്യൂട്രൽ സ്ഥാപനങ്ങളായി പ്രഖ്യാപിക്കാൻ കഴിഞ്ഞത് വലിയൊരു നാഴികക്കല്ലാണ്. അംഗൻവാടികളെ പുകരഹിതമാക്കുന്ന 'അംഗൻജ്യോതി' പദ്ധതി, ഹരിതകർമ്മ സേനാംഗങ്ങൾക്കായി നടത്തിയ എൽ.ഇ.ഡി ബൾബ് നിർമ്മാണ പരിശീലനം, ജനങ്ങളിൽ അവബോധം വളർത്താനായി സംഘടിപ്പിച്ച സൈക്കിൾ റാലികൾ എന്നിവ ഈ ദൗത്യത്തിന്റെ വിജയത്തെ സൂചിപ്പിക്കുന്നു. പാരിസ്ഥിതിക അവബോധത്തോടെയുള്ള ജീവിതരീതിയിലൂടെ ജില്ലയെ ഒരു കാർബൺ വിമുക്ത സമൂഹമാക്കി മാറ്റുന്നതിൽ ഹരിതകേരളം മിഷന്റെ ഈ ഇടപെടലുകൾ നിർണ്ണായക പങ്കുവഹിക്കുന്നു.

# തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണവും ഹരിതകേരളം മിഷനും

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികേന്ദ്രീകൃത ആസൂത്രണ ചരിത്രത്തിൽ പരിസ്ഥിതി സംരക്ഷണത്തിനും സുസ്ഥിര വികസനത്തിനും പുതിയൊരു ദിശാബോധം നൽകിയ ദൗത്യമായിരുന്നു ഹരിതകേരളം മിഷൻ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ ജലസംരക്ഷണം, മാലിന്യ സംസ്കരണം, കൃഷി-പരിസ്ഥിതി പുനസ്ഥാപനം എന്നീ മൂന്ന് സുപ്രധാന മേഖലകളിൽ മിഷൻ നടത്തിയ ഇടപെടലുകൾ കേവലം പദ്ധതികൾ എന്നതിലുപരി ജനകീയ പങ്കാളിത്തത്തോടെയുള്ള ഒരു സംസ്കാരമായി മാറുകയാണുണ്ടായത്. ഹരിതകേരളം മിഷൻ വിഭാവനം ചെയ്ത ഓരോ ലക്ഷ്യവും താഴെത്തട്ടിൽ യാഥാർത്ഥ്യമാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രായോഗികമായും സാങ്കേതികമായും ശാക്തീകരിക്കുക എന്നതായിരുന്നു മിഷന്റെ പ്രധാന ദൗത്യം. കഴിഞ്ഞ ഒരു പതിറ്റാണ്ടോളമായി നടന്ന ഈ ക്രിയാത്മക ഇടപെടലുകളിലൂടെ ഓരോ ഗ്രാമപഞ്ചായത്തിനെയും നഗരസഭയെയും പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങളുടെ മാതൃകാ കേന്ദ്രങ്ങളായി മാറ്റാൻ സാധിച്ചു.

മാലിന്യ സംസ്കരണത്തിനായി രൂപീകരിച്ച ഹരിതകർമ്മ സേന മുതൽ ജലസംരക്ഷണത്തിനായി തയ്യാറാക്കിയ നീർത്തട മാസ്റ്റർ പ്ലാനുകൾ വരെ ഓരോ ഘട്ടത്തിലും തദ്ദേശ സ്ഥാപനങ്ങൾക്ക് കൃത്യമായ മാർഗ്ഗനിർദ്ദേശവും ഉദ്യോഗസ്ഥ പിന്തുണയും നൽകാൻ മിഷന് കഴിഞ്ഞു. ഫണ്ടുകളുടെ വിനിയോഗം, ശാസ്ത്രീയമായ ആസൂത്രണം, വിവര-വിജ്ഞാന വ്യാപനം എന്നിവയിലൂടെ പഞ്ചായത്തുകളെയും നഗരസഭകളെയും സ്വയംപര്യാപ്തമാക്കുന്നതിൽ മിഷൻ ഒരുക്കിയ പിന്തുണാ സംവിധാനങ്ങൾ നിർണ്ണായക പങ്കുവഹിച്ചു. മിഷന്റെ ഈ ഇടപെടലുകൾ ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എങ്ങനെയുള്ള ഗുണപരമായ മാറ്റങ്ങൾ ഉണ്ടാക്കിയെന്നും, ഏതെല്ലാം പിന്തുണ സംവിധാനങ്ങളിലൂടെയാണ് ഈ ശാക്തീകരണം സാധ്യമായതെന്നും ഈ അധ്യായത്തിൽ വിശദമായി പരിശോധിക്കാം.

## മാലിന്യസംസ്കരണവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണവും

കേരളത്തിന്റെ വികേന്ദ്രീകൃത ഭരണസംവിധാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യമായ ചുമതലകളിലൊന്നാണ് മാലിന്യസംസ്കരണം. എന്നാൽ, ചരിത്രപരമായി പരിശോധിച്ചാൽ ഈ ഉത്തരവാദിത്തം നിർവ്വഹിക്കുന്നതിൽ ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും പലവിധത്തിലുള്ള പരിമിതികൾ നേരിടേണ്ടി വന്നിരുന്നു. മലപ്പുറം ജില്ലയെ സംബന്ധിച്ചിടത്തോളം, 2010 വരെയുള്ള കാലഘട്ടത്തിൽ മാലിന്യസംസ്കരണം എന്നത് നഗരപ്രദേശങ്ങളിൽ മാത്രം പരിമിതപ്പെടുത്തേണ്ട ഒരു പ്രവർത്തനമാണെന്ന ധാരണയായിരുന്നു ഗ്രാമപഞ്ചായത്തുകളിൽ പൊതുവെ നിലനിന്നിരുന്നത്. ജനസാന്ദ്രതയും നഗരവൽക്കരണവും കുടിയേറ്റ തൊഴിലാളികളുടെ വർദ്ധനവും ഉപഭോഗ സംസ്കാരത്തിന്റെ കുതിച്ചുചാട്ടവും പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ അമിതമായ കടന്നുകയറ്റവും ചേർന്ന് സൃഷ്ടിച്ച സങ്കീർണ്ണമായ സാഹചര്യങ്ങൾ ഗ്രാമപഞ്ചായത്തുകളെയും മാലിന്യപ്രശ്നത്തിന്റെ ഗൗരവം ബോധ്യപ്പെടുത്തി. 2015-ൽ പോലും ജില്ലയിലുടനീളം പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ ശേഖരിക്കാനോ ശാസ്ത്രീയമായി സംസ്കരിക്കാനോ ഉള്ള സംവിധാനങ്ങൾ തീരെ കുറവായിരുന്നു. ജൈവമാലിന്യങ്ങളെ ബയോമെഥനേഷൻ വഴിയോ കമ്പോസ്റ്റിംഗ് വഴിയോ കൈകാര്യം ചെയ്യാനുള്ള സാങ്കേതിക വിദ്യകളും ഭൗതിക സാഹചര്യങ്ങളും ജില്ലയിൽ അന്ന് ഒരുക്കപ്പെട്ടിരുന്നില്ല.

ഈ പ്രതിസന്ധി ഘട്ടത്തിലും ദീർഘവീക്ഷണത്തോടെ പ്രവർത്തിച്ച കരുളായി, തുവ്വൂർ ഗ്രാമപഞ്ചായത്തുകൾ മാലിന്യസംസ്കരണ രംഗത്ത് ശ്രദ്ധേയമായ ചില മാതൃകകൾ മുന്നോട്ടുവെച്ചിരുന്നു. എന്നിരുന്നാലും, ഇത്തരം പ്രവർത്തനങ്ങളെ ജില്ലയിലെ മറ്റ് തദ്ദേശ സ്ഥാപനങ്ങളിലേക്ക് വ്യാപിപ്പിക്കാനോ ശാസ്ത്രീയമായി ഏകോപിപ്പിക്കാനോ ആവശ്യമായ വിജ്ഞാനം അന്ന് ലഭ്യമായിരുന്നില്ല. പാഴ് വസ്തുക്കൾ ശേഖരിക്കാൻ ആക്രി വ്യാപാരികളെ മാത്രം ആശ്രയിച്ചിരുന്ന അക്കാലത്ത്, രൂപപ്പെടുന്ന മാലിന്യത്തിന്റെ വളരെ ചെറിയൊരു ഭാഗം മാത്രമാണ് നീക്കം ചെയ്യപ്പെട്ടിരുന്നത്. ബാക്കിയുള്ളവ ഭൂരിഭാഗവും മണ്ണിലും പുഴകളിലും ജലസ്രോതസ്സുകളിലും ഉപേക്ഷിക്കപ്പെടുകയും പരിസ്ഥിതിക്ക് വലിയ ആഘാതം സൃഷ്ടിക്കുകയും ചെയ്തു. ഈ പശ്ചാത്തലത്തിലാണ് 2016 ഡിസംബർ 8-ന് 'വെള്ളം, വൃത്തി, വിളവ്' എന്ന സന്ദേശവുമായി ഹരിതകേരളം മിഷൻ പ്രവർത്തനമാരംഭിക്കുന്നത്. മിഷന്റെ കടന്നുവരവോടെ ജില്ലയിലെ മാലിന്യസംസ്കരണ രീതികളിൽ വിപ്ലവകരമായ മാറ്റങ്ങൾ പ്രകടമായി.

## ഹരിതകർമ്മസേന:
## മാലിന്യസംസ്കരണത്തിലെ ജനകീയ മുന്നേറ്റം

2420/2017, 1496/2020 എന്നീ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഹരിതകേരളം മിഷൻ നടത്തിയ നിരന്തരമായ ഇടപെടലുകൾ ജില്ലയിലെ മുഴുവൻ തദ്ദേശ സ്ഥാപനങ്ങളിലും സേനയുടെ രൂപീകരണത്തിന് വഴിയൊരുക്കി. 2019-ൽ 75 സ്ഥാപനങ്ങളിൽ മാത്രം പ്രവർത്തിച്ചിരുന്ന സേനയെ, 2024-ഓടെ ജില്ലയിലെ മുഴുവൻ (106) തദ്ദേശ സ്ഥാപനങ്ങളിലേക്കും വ്യാപിപ്പിക്കാൻ മിഷന്റെ പിന്തുണയോടെ തദ്ദേശ ഭരണകൂടങ്ങൾക്ക് സാധിച്ചു.മലപ്പുറം ജില്ലയിലെ മാലിന്യസംസ്കരണ പ്രവർത്തനങ്ങളുടെ നട്ടെല്ലായി ഹരിതകർമ്മസേനയെ മാറ്റിയെടുക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിച്ച പങ്ക് നിർണ്ണായകമാണ്. ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷന്റെ ഭാഗമായി, ഓരോ തദ്ദേശ സ്ഥാപനത്തിന്റെയും പരിധി മാലിന്യമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീ മിഷനുമായി ചേർന്നാണ് 'ഹരിതകർമ്മസേന' എന്ന സൂക്ഷ്മ വരുമാന സംരംഭത്തിന് തുടക്കം കുറിച്ചത്. "എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തം" എന്ന മുദ്രാവാക്യമുയർത്തി നടത്തിയ വിപുലമായ ബോധവൽക്കരണ പരിപാടികൾ, മാലിന്യസംസ്കരണം ഒരു സാമൂഹിക പ്രതിബദ്ധതയാണെന്ന തിരിച്ചറിവ് ജനങ്ങളിൽ വളർത്താൻ സഹായിച്ചു. ഇതിലൂടെ സേനാംഗങ്ങൾക്ക് സമൂഹത്തിൽ മാന്യമായ പദവിയും സുസ്ഥിരമായ വരുമാനവും ഉറപ്പാക്കാൻ സാധിച്ചു.

പട്ടിക 1: ഹരിതകർമ്മ സേനയുടെ ജില്ലയിലെ വളർച്ച (2019 - 2024)

| ത.സ്വ.ഭ. സ്ഥാപനം | എണ്ണം | 2019 | 2021 | 2024 |
|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 94 | 68 | 63 | 94 |
| മുനിസിപ്പാലിറ്റി | 12 | 7 | 12 | 12 |
| ആകെ | 106 | 75 | 75 | 106 |

ജില്ലയിലെ 15 ബ്ലോക്കുകളിലും 12 മുനിസിപ്പാലിറ്റികളിലുമായി പ്രവർത്തിക്കുന്ന 1700-ഓളം ഹരിതകർമ്മ സേനാംഗങ്ങൾക്ക് മാലിന്യങ്ങളെ അവയുടെ സ്വഭാവമനുസരിച്ച് ശാസ്ത്രീയമായി തരംതിരിക്കുന്നതിനും (Segregation) സുരക്ഷിതമായി കൈകാര്യം ചെയ്യുന്നതിനും ഹരിതകേരളം മിഷന്റെയും ശുചിത്വ മിഷന്റെയും നേതൃത്വത്തിൽ തുടർച്ചയായ പരിശീലനങ്ങൾ നൽകി. സേനാംഗങ്ങളുടെ വരുമാനവും അടിസ്ഥാന സൗകര്യങ്ങളും ഉറപ്പുവരുത്തുന്നതിനായി തദ്ദേശ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികളിൽ പ്രത്യേക വിഹിതം ഉൾപ്പെടുത്തി. യൂണിഫോം, സുരക്ഷാ ഉപകരണങ്ങൾ, ശേഖരണത്തിനുള്ള വാഹനങ്ങൾ എന്നിവ ലഭ്യമാക്കിയതോടെ ഈ മേഖലയ്ക്ക് വലിയ പ്രൊഫഷണലിസം കൈവന്നു. മലപ്പുറം ജില്ലയിലെ കീഴാറ്റൂർ, ആലിപ്പറമ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഹരിതകർമ്മ സേനകൾ സംസ്ഥാനത്തെ തന്നെ ഏറ്റവും മികച്ച വരുമാനം നേടുന്ന മാതൃകാ യൂണിറ്റുകളായി മാറിയത് ഈ പ്രൊഫഷണൽ സമീപനത്തിന്റെ വിജയമാണ്.

## ഡിജിറ്റൽ ശാക്തീകരണവും 'ഹരിതമിത്രം' സ്മാർട്ട് ഗാർബേജ് ആപ്പും

മാലിന്യശേഖരണം കൂടുതൽ സുതാര്യവും പ്രൊഫഷണലുമാക്കുന്നതിനായി 'ഹരിതമിത്രം' സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സംവിധാനം ജില്ലയിൽ നടപ്പിലാക്കി. തുടക്കത്തിൽ സാങ്കേതിക പരിജ്ഞാനക്കുറവും അവബോധമില്ലായ്മയും വെല്ലുവിളികൾ ഉയർത്തിയെങ്കിലും, മിഷന്റെ നിരന്തരമായ ഇടപെടലുകളിലൂടെയും പ്രതിമാസ അവലോകനങ്ങളിലൂടെയും അവ മറികടക്കാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് സാധിച്ചു. ഇന്ന് ജില്ലയിലെ 106 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും മാലിന്യ സംസ്കരണ മേഖലയിൽ ഡിജിറ്റലൈസ് ചെയ്യാൻ സാധിച്ചു എന്നത് വലിയ നേട്ടമാണ്.

പട്ടിക 2: ഹരിതമിത്രം സ്മാർട്ട് ഗാർബേജ് ആപ്പ് - ഡിജിറ്റലൈസേഷൻ പുരോഗതി

| ത.സ്വ.ഭ. സ്ഥാപനം | എണ്ണം | 2022 | 2025 |
|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 94 | 29 | 94 |
| മുനിസിപ്പാലിറ്റി | 12 | 5 | 12 |
| ആകെ | 106 | 34 | 106 |

മുൻകാലങ്ങളിൽ അസംഘടിതമായിരുന്ന മാലിന്യ മാനേജ്മെന്റ് രംഗത്തേക്ക് സാങ്കേതിക വിദ്യയെയും മാനുഷിക അധ്വാനത്തെയും ഏകോപിപ്പിച്ചുകൊണ്ട് ഒരു കൃത്യമായ മാനേജ്മെന്റ് സിസ്റ്റം കൊണ്ടുവരാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് മിഷന്റെ പിന്തുണയിലൂടെ സാധിച്ചു. ഇത് ജില്ലയുടെ ശുചിത്വ പരിപാലന രംഗത്ത് വലിയൊരു മാറ്റത്തിന് വഴിയൊരുക്കി.

## ജൈവമാലിന്യ സംസ്കരണം: ശാസ്ത്രീയ പരിവർത്തനവും നഗരസഭകളിലെ മാതൃകകളും

മലപ്പുറം ജില്ലയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ജൈവമാലിന്യങ്ങളിൽ ഏറിയ പങ്കും ഗാർഹികമായി ഉണ്ടാക്കുന്നവയാണ്. ഹരിതകേരളം മിഷന്റെ ഇടപെടലുകൾക്ക് മുമ്പ് ഈ മേഖലയിൽ ഒറ്റപ്പെട്ട പ്രവർത്തനങ്ങൾ നടന്നിരുന്നെങ്കിലും, അവയൊന്നും പൂർണ്ണമായ ലക്ഷ്യം കണ്ടിരുന്നില്ല എന്നത് ഒരു



വസ്തുതയായിരുന്നു. അക്കാലത്ത് പൈപ്പ് കമ്പോസ്റ്റ്, ബയോബിൻ, ബയോഗ്യാസ് പ്ലാന്റ് തുടങ്ങിയ സംവിധാനങ്ങൾ തദ്ദേശ സ്ഥാപനങ്ങൾ വഴി വിതരണം ചെയ്തിരുന്നെങ്കിലും, ജനങ്ങൾക്കിടയിലെ അവബോധക്കുറവ് മൂലം അവ കാര്യക്ഷമമായി പ്രവർത്തിച്ചിരുന്നില്ല. വീടുകളിലെ ജൈവമാലിന്യങ്ങൾ തുറസ്സായ സ്ഥലങ്ങളിൽ വലിച്ചെറിയുകയോ പന്നിഫാമുകൾക്ക് നൽകുകയോ ചെയ്യുന്ന അശാസ്ത്രീയമായ രീതിയായിരുന്നു അന്ന് നിലനിന്നിരുന്നത്.

എന്നാൽ ഹരിതകേരളം മിഷന്റെ രൂപീകരണത്തോടെ, കില (KILA), ശുചിത്വ മിഷൻ, കുടുംബശ്രീ തുടങ്ങിയ ഏജൻസികളെ ഏകോപിപ്പിച്ചു കൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ജൈവമാലിന്യ സംസ്കരണത്തിൽ മിഷൻ ശാക്തീകരിച്ചു. വിപുലമായ വിവര-വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ഓരോ വാർഡ് തലത്തിലും നടപ്പിലാക്കിയതോടെ ജൈവമാലിന്യ പരിപാലനത്തിൽ വലിയ മാറ്റങ്ങൾ പ്രകടമായി.

## ഉറവിട മാലിന്യ സംസ്കരണത്തിലെ മുന്നേറ്റം

തദ്ദേശ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികളിൽ ഉറവിട മാലിന്യ സംസ്കരണത്തിനായി നീക്കിവെക്കുന്ന തുകയിലും പദ്ധതികളിലും കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ വലിയ വർദ്ധനവുണ്ടായി. വീടുകളിൽ പൈപ്പ് കമ്പോസ്റ്റ്, ബക്കറ്റ് കമ്പോസ്റ്റ്, ബയോഡൈജസ്റ്റർ, മണ്ണിര കമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റ് എന്നിവ സ്ഥാപിക്കുന്നതിൽ പഞ്ചായത്തുകൾ വലിയ താല്പര്യം കാണിച്ചു. വ്യക്തിഗതമായ സംസ്കരണ ഉപാധികൾക്കൊപ്പം തന്നെ കമ്മ്യൂണിറ്റി തലത്തിൽ 'തുമ്പൂർമുഴി' മോഡലുകൾ വ്യാപകമായി സ്ഥാപിക്കാനും തദ്ദേശ ഭരണകൂടങ്ങൾക്ക് സാധിച്ചു. ഇത് മാലിന്യം രൂപപ്പെടുന്നയിടത്തുതന്നെ സംസ്കരിക്കുക എന്ന സുസ്ഥിരമായ നയത്തെ ശക്തിപ്പെടുത്തി.

## നഗരസഭകളിലെ മികവ്: വിഭവങ്ങളിൽ നിന്നും ഊർജ്ജത്തിലേക്ക്

ജില്ലയിലെ നഗരസഭകൾ ജൈവമാലിന്യ സംസ്കരണത്തിൽ സംസ്ഥാനത്തിന് തന്നെ മാതൃകയാക്കാവുന്ന വിപ്ലവകരമായ പദ്ധതികളാണ് നടപ്പിലാക്കിയത്. പെരിന്തൽമണ്ണ, തിരൂർ,




പൊന്നാനി, നിലമ്പൂർ മുനിസിപ്പാലിറ്റികൾ പ്രതിദിനം 2 ടണ്ണിലധികം ജൈവമാലിന്യം സംസ്കരിക്കാൻ ശേഷിയുള്ള പൊതുസംവിധാനങ്ങൾ സജ്ജമാക്കി. ഇതിൽ എടുത്തുപറയേണ്ടതാണ് പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയുടെ നേതൃത്വത്തിൽ മാലിന്യത്തിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന ബയോ ശക്തി വേസ്റ്റ് എനർജി പ്ലാന്റ്. ഈ പ്ലാന്റ് ജില്ലയിലെ മാലിന്യ സംസ്കരണ രംഗത്തെ വലിയൊരു ചുവടുവെപ്പാണ്. സംസ്കരണ പ്രക്രിയയിലൂടെ ലഭിക്കുന്ന ജൈവവളം കുറഞ്ഞ നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുന്നതിലൂടെ മാലിന്യത്തെ ഒരു വിഭവമായി മാറ്റാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് കഴിഞ്ഞു.

ഹരിതകേരളം മിഷൻ ഒരുക്കിയ സാങ്കേതിക പിന്തുണയും ഏകോപനവും വഴി മലപ്പുറത്തെ തദ്ദേശ സ്ഥാപനങ്ങൾ ജൈവമാലിന്യ സംസ്കരണത്തിൽ കേവലം ശേഖരണത്തിനപ്പുറം ശാസ്ത്രീയമായ സംസ്കരണവും വിഭവ പുനരുപയോഗവും സാധ്യമാക്കി. ഇത് ജില്ലയുടെ പാരിസ്ഥിതിക സുസ്ഥിരത ഉറപ്പാക്കുന്നതിൽ നിർണ്ണായക പങ്കുവഹിച്ചു.

### അജൈവ മാലിന്യ സംസ്കരണം: അടിസ്ഥാന സൗകര്യ വികസനവും സാങ്കേതിക മുന്നേറ്റവും

അജൈവ മാലിന്യങ്ങൾ ശാസ്ത്രീയമായി ശേഖരിക്കാനും തരംതിരിക്കാനുമുള്ള സംവിധാനങ്ങൾ ഒരുക്കുന്നതിൽ വലിയ വെല്ലുവിളികളാണ് മലപ്പുറം ജില്ല നേരിട്ടിരുന്നത്. മാലിന്യ സംസ്കരണ കേന്ദ്രങ്ങൾ പരിസരവാസികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുമെന്ന തെറ്റായ ധാരണ മൂലം മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ (MCF), റിസോഴ്സ് റിക്കവറി ഫെസിലിറ്റികൾ (RRF) എന്നിവ സ്ഥാപിക്കുന്നതിനോട് പ്രാരംഭഘട്ടത്തിൽ പൊതുജനങ്ങൾക്ക് വലിയ എതിർപ്പായിരുന്നു. ഇതിനാൽ പലയിടങ്ങളിലും സ്ഥലം ലഭ്യമാക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വലിയ തലവേദനയായി മാറി.

### ജനകീയ ബോധവൽക്കരണവും മാതൃകാ സന്ദർശനങ്ങളും

ഈ പ്രതിസന്ധിയെ മറികടക്കാൻ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു. ജില്ലയ്ക്കകത്തും പുറത്തും, അന്യസംസ്ഥാനങ്ങളിലും വിജയകരമായി പ്രവർത്തിക്കുന്ന മാലിന്യ സംസ്കരണ യൂണിറ്റുകൾ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും




പൊതുജനങ്ങൾക്കും നേരിട്ട് കണ്ടു പഠിക്കാൻ അവസരമൊരുക്കി. ശാസ്ത്രീയമായ രീതിയിൽ പ്രവർത്തിക്കുന്ന ഇത്തരം കേന്ദ്രങ്ങൾ പരിസര മലിനീകരണം ഉണ്ടാക്കില്ലെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തിയത് തദ്ദേശ സ്ഥാപനങ്ങൾക്ക് ഈ പദ്ധതികളുമായി മുന്നോട്ട് പോകാൻ വലിയ കരുത്ത് നൽകി.

## എം.സി.എഫുകളുടെ (MCF) വിന്യാസവും വളർച്ചയും

ബോധവൽക്കരണ പ്രവർത്തനങ്ങളുടെ തുടർച്ചയായി ജില്ലയിലെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും എം.സി.എഫുകൾ സ്ഥാപിക്കാൻ കഴിഞ്ഞു. നിലവിൽ 94 ഗ്രാമപഞ്ചായത്തുകളിലും 12 നഗരസഭകളിലുമായി 135 എം.സി.എഫുകൾ പ്രവർത്തിക്കുന്നു. കൂടാതെ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സഹകരണത്തോടെ വാർഡ് അടിസ്ഥാനത്തിൽ 1474 മിനി എം.സി.എഫുകളും ജില്ലയിൽ സ്ഥാപിച്ചു. ഇത് മാലിന്യശേഖരണം കൂടുതൽ വികേന്ദ്രീകൃതമാക്കാൻ സഹായിച്ചു.

പട്ടിക 1: മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF) ലഭ്യതയുടെ വളർച്ച (2019 - 2024)

| തദ്ദേശ സ്ഥാപനം | എണ്ണം | 2019 (MCF ഉള്ളവ) | 2021 (MCF ഉള്ളവ) | 2022 (MCF ഉള്ളവ) | 2024 (MCF ഉള്ളവ) |
|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 94 | 57 | 79 | 87 | 94 |
| മുനിസിപ്പാലിറ്റി | 12 | 7 | 12 | 12 | 12 |
| ആകെ | 106 | 64 | 91 | 99 | 106 |

## മാലിന്യശേഖരണത്തിലെ കുതിച്ചുചാട്ടവും പുനരുപയോഗവും

ഹരിതകർമ്മ സേനയുടെയും എം.സി.എഫുകളുടെയും പ്രവർത്തനം ഏകോപിപ്പിച്ചതോടെ ശേഖരിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവിൽ വലിയ വർദ്ധനവുണ്ടായി. 2022-ൽ ജില്ലയിൽ ശേഖരിച്ച മാലിന്യം 26,421.544 കിലോ ആയിരുന്നെങ്കിൽ, 2023-ൽ ഇത് 9,00,114.75 കിലോ ആയി ഉയർന്നു. ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങൾ ശാസ്ത്രീയമായി പൊടിച്ച് ടാറിംഗിനായി ഉപയോഗിച്ചതിലൂടെ ജില്ലയിൽ 13.9

കിലോമീറ്ററോളം റോഡ് ടാറിംഗ് പൂർത്തിയാക്കാൻ സാധിച്ചു. ഇ-മാലിന്യ സംസ്കരണത്തിനായി ക്ലീൻ കേരള കമ്പനിയുമായി ചേർന്ന് 10.912 ടൺ മാലിന്യമാണ് ശേഖരിച്ചത്.

## ഫോർവേഡ് ലിങ്കേജും ഡിജിറ്റൽ പരിവർത്തനവും

മാലിന്യം ശേഖരിക്കുന്നതുപോലെ തന്നെ പ്രധാനമാണ് അവയുടെ സുരക്ഷിതമായ കൈമാറൽ (Forward Linkage). ശേഖരണം മുതൽ പുനരുപയോഗം വരെയുള്ള ഓരോ ഘട്ടവും സൂക്ഷ്മമായി വിശകലനം ചെയ്യുന്ന 'ഫോർവേഡ് ലിങ്കേജ് അനാലിസിസിൽ' മിഷൻ ശക്തമായ ഇടപെടലുകൾ നടത്തി. ഇതിനായി പൊതു-സ്വകാര്യ ഏജൻസികളെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ഫലപ്രദമായി ബന്ധിപ്പിച്ചു. ഹരിതകേരളം മിഷന്റെ നിരന്തരമായ ഇടപെടലുകളുടെയും പ്രതിമാസ അവലോകനങ്ങളുടെയും ഭാഗമായി ജില്ലയിലെ 106 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും മാലിന്യ സംസ്കരണ മേഖലയിൽ ഡിജിറ്റലൈസ് ചെയ്യാനും പ്രൊഫഷണൽ രീതിയിലേക്ക് ഉയർത്താനും മിഷന് സാധിച്ചു.

## പ്രത്യേക മാലിന്യങ്ങളുടെ ശാസ്ത്രീയ പരിപാലനം

മാലിന്യസംസ്കരണം എന്നത് കേവലം ഗാർഹിക മാലിന്യങ്ങളിൽ മാത്രം ഒതുങ്ങേണ്ടതല്ല എന്ന തിരിച്ചറിവിൽ, ഓരോ വിഭാഗം മാലിന്യത്തെയും അവയുടെ സ്വഭാവമനുസരിച്ച് പ്രത്യേകമായി കൈകാര്യം ചെയ്യുന്ന രീതി ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കി. ഹരിതകേരളം മിഷന്റെ സാങ്കേതിക പിന്തുണയോടെ ആവിഷ്കരിച്ച ഈ പദ്ധതികൾ തദ്ദേശ സ്ഥാപനങ്ങളെ വിഭവ പരിപാലനത്തിൽ കൂടുതൽ ശാക്തീകരിച്ചു.

- നിർമ്മാണാവശിഷ്ടങ്ങൾ (C&D Waste): മുൻകാലങ്ങളിൽ വഴിയോരങ്ങളിലും പൊതുസ്ഥലങ്ങളിലും കെട്ടിടാവശിഷ്ടങ്ങൾ തള്ളുന്ന രീതി ജില്ലയിൽ വലിയ വെല്ലുവിളിയായിരുന്നു. എന്നാൽ ഇന്ന് ജില്ലയിലെ എല്ലാ മുനിസിപ്പാലിറ്റികളിലും നിർമ്മാണാവശിഷ്ടങ്ങൾ ശേഖരിക്കുന്നതിനായി പ്രത്യേക സ്റ്റോറേജ് സെന്ററുകൾ സ്ഥാപിച്ചു. ഇത് നഗരസൗന്ദര്യം നിലനിർത്തുന്നതിനും പരിസ്ഥിതി മലിനീകരണം കുറയ്ക്കുന്നതിനും സഹായിച്ചു.
- മുടി മാലിന്യം: ബാർബർ അസോസിയേഷന്റെ സജീവ സഹകരണത്തോടെ മുടി മാലിന്യം ശാസ്ത്രീയമായി ശേഖരിക്കാനുള്ള സംവിധാനം ജില്ലയിലുടനീളം നിലവിൽ വന്നു. ശേഖരിക്കപ്പെടുന്ന മാലിന്യം 'ഹാഷ് ലോജിസ്റ്റിക്സ്' എന്ന അംഗീകൃത ഏജൻസി മുഖാന്തിരം സംസ്കരിക്കുന്നത് വഴി മണ്ണും ജലവും മലിനമാകുന്നത് തടയാൻ സാധിച്ചു.
- മെഡിക്കൽ മാലിന്യം: ജില്ലയിലെ ആരോഗ്യ കേന്ദ്രങ്ങളിൽ നിന്നും വീടുകളിൽ നിന്നും രൂപപ്പെടുന്ന മെഡിക്കൽ മാലിന്യങ്ങൾ 'ഇമേജ്' (IMAGE) വഴി ശാസ്ത്രീയമായി സംസ്കരിക്കുന്നു.
- ഡയപ്പർ മാലിന്യം: ശുചിത്വ രംഗത്തെ പുതിയ വെല്ലുവിളിയായ ഡയപ്പർ നിർമ്മാർജ്ജനത്തിനായി 'മൊബൈൽ ഡയപ്പർ യൂണിറ്റുകൾ' (ഡയപ്പർ വണ്ടി) ജില്ലയിൽ പ്രവർത്തനം ആരംഭിച്ചു.

## കോഴി മാലിന്യ നിർമ്മാർജ്ജനം: മലപ്പുറം സൃഷ്ടിച്ച വിപ്ലവകരമായ മാതൃക

മലപ്പുറം ജില്ല നേരിട്ടിരുന്ന ഏറ്റവും വലിയ പാരിസ്ഥിതിക വെല്ലുവിളികളിലൊന്ന് കോഴി മാലിന്യത്തിന്റെ അശാസ്ത്രീയമായ സംസ്കരണമായിരുന്നു. എന്നാൽ ഇന്ന് മറ്റ് ജില്ലകൾക്ക് പോലും മാതൃകയാക്കാവുന്ന തരത്തിൽ ഈ മേഖലയിൽ വലിയൊരു പരിവർത്തനം കൊണ്ടുവരാൻ തദ്ദേശ ഭരണകൂടങ്ങൾക്ക് സാധിച്ചു.

കോഴി മാലിന്യ സംസ്കരണത്തിന് കൃത്യമായ സംവിധാനങ്ങൾ ഇല്ലാതിരുന്ന മുൻകാലങ്ങളിൽ ഏജന്റുകൾ വഴി ഏക്കർ കണക്കിന് ഭൂമിയിൽ ഇവ കുഴിച്ചിടുകയോ, പുഴകളിലും കടലിലും നിക്ഷേപിക്കുകയോ ആയിരുന്നു പതിവ്. ഇത് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്കും ജലമലിനീകരണത്തിനും കാരണമായിരുന്നു. എന്നാൽ കേരളത്തിലെ ആദ്യത്തെ ചിക്കൻ റെൻഡറിംഗ് പ്ലാന്റായ 'ബിടെൻ'



(B-Ten) മലപ്പുറത്ത് പ്രവർത്തനമാരംഭിച്ചത് ഈ രംഗത്തെ വലിയൊരു വഴിത്തിരിവായി. ഇതോടെ ഈ മാലിന്യത്തെ ഒരു വിഭവമായി സംസ്കരിക്കാൻ കഴിയുന്ന റെൻഡറിംഗ് സാങ്കേതികവിദ്യ ജില്ലയ്ക്ക് പരിചിതമായി. പതിയെ ഈ മാതൃക പിന്തുടർന്ന് കൂടുതൽ പ്ലാന്റുകൾ ജില്ലയിൽ സജീവമായി.

പ്ലാന്റുകളുടെ എണ്ണം വർദ്ധിച്ചതോടെയുണ്ടായ മത്സരാധിഷ്ഠിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പ്രവർത്തനം സുതാര്യമാക്കുന്നതിനുമായി ഡി.എൽ.എം.സി (District Level Monitoring Committee) രൂപീകരിച്ചു. ഈ കമ്മിറ്റി നിർദ്ദേശിച്ച ടിപ്പിംഗ് ഫീ നിരക്കിന്റെ അടിസ്ഥാനത്തിലാണ് ജില്ലയിലെ കോഴി മാലിന്യ യൂണിറ്റുകൾ ഇന്ന് പ്രവർത്തിക്കുന്നത്. ഹരിതകേരളം മിഷൻ, ശുചിത്വമിഷൻ, പൊലൂഷൻ കൺട്രോൾ ബോർഡ്, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവരുടെ സംയുക്തമായ മോണിറ്ററിംഗും ബോധവൽക്കരണവും തദ്ദേശ സ്ഥാപനങ്ങളുടെ ഈ ഇടപെടലിന് വേഗത കൂട്ടി.

നിരന്തരമായ പരിശോധനകളുടെയും ഇൻസ്പെക്ഷനുകളുടെയും ഫലമായി 2022 ഓഗസ്റ്റ് 6-ന് മലപ്പുറത്തെ 'കോഴിമാലിന്യമുക്ത ജില്ല'യായി പ്രഖ്യാപിച്ചു. നിലവിൽ ജില്ലയിൽ 16 പ്ലാന്റുകൾ ഉള്ളതിൽ 11 എണ്ണം പൂർണ്ണതോതിൽ പ്രവർത്തിക്കുന്നുണ്ട്. മലപ്പുറത്തെ പ്ലാന്റുകളുടെ സംസ്കരണ ശേഷി ജില്ലയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തേക്കാൾ കൂടുതലാണ് എന്നത് വലിയൊരു നേട്ടമാണ്. തൽഫലമായി, അയൽ ജില്ലകളിൽ നിന്നുള്ള കോഴി മാലിന്യങ്ങൾ വരെ മലപ്പുറത്തെത്തിച്ച് ശാസ്ത്രീയമായി സംസ്കരിക്കുന്ന രീതിയിലേക്ക് തദ്ദേശ സ്ഥാപനങ്ങൾ ഈ മേഖലയെ ശാക്തീകരിച്ചു.

### ദ്രവമാലിന്യ സംസ്കരണം: നീർച്ചാലുകളുടെ വീണ്ടെടുപ്പും ശാസ്ത്രീയ പരിപാലനവും

ഖരമാലിന്യ സംസ്കരണത്തോടൊപ്പം തന്നെ ദ്രവമാലിന്യ പരിപാലനത്തിലും (Liquid Waste Management) മലപ്പുറം ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിൽ ഹരിതകേരളം മിഷൻ കൃത്യമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. ജില്ലയുടെ ജലസ്രോതസ്സുകളുടെ പരിശുദ്ധി ഉറപ്പാക്കുന്നതിനായി മിഷൻ ആവിഷ്കരിച്ച പദ്ധതികൾ പരിസര ശുചിത്വത്തിൽ വലിയ പരിവർത്തനമാണ് കൊണ്ടുവന്നത്.

## ഗ്രേ വാട്ടർ സംസ്കരണവും സോക്ക്പിറ്റുകളും

വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നുമുള്ള മലിനജലം (Grey Water) ശാസ്ത്രീയമായി സംസ്കരിക്കാൻ സംവിധാനമില്ലാതിരുന്നത് ജില്ല നേരിട്ടിരുന്ന വലിയൊരു വെല്ലുവിളിയായിരുന്നു. അടുക്കളയിൽ നിന്നും കുളിമുറിയിൽ നിന്നുമുള്ള ഇത്തരം ജലം പൊതുസ്ഥലങ്ങളിലേക്കും നീർച്ചാലുകളിലേക്കും ഒഴുക്കിവിടുന്ന പ്രവണത ജലസ്രോതസ്സുകളുടെ മലിനീകരണത്തിന് പ്രധാന കാരണമായിരുന്നു.

ഈ പ്രവണത മാറ്റിയെടുക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ (MGNREGS) പിന്തുണയോടെ വിപുലമായ പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു. ജില്ലയിലെ ആയിരക്കണക്കിന് വീടുകളിൽ സോക്ക്പിറ്റുകൾ (Soak Pits) നിർമ്മിച്ചു നൽകി. മലിനജലം ശാസ്ത്രീയമായ രീതിയിൽ മണ്ണിലേക്ക് തന്നെ ഇറക്കിവിട്ട് സ്വാഭാവികമായി ശുദ്ധീകരിക്കുന്ന ഈ രീതി മലിനജലം കെട്ടിക്കിടന്നുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ ഒഴിവാക്കാൻ സഹായിച്ചു. ദ്രവമാലിന്യങ്ങൾ അവ രൂപപ്പെടുന്നയിടത്ത് തന്നെ സംസ്കരിക്കണം എന്ന ബോധ്യം പൗരന്മാരിൽ വളർത്തിയെടുക്കാൻ മിഷന്റെ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ സാധിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികളിൽ ദ്രവമാലിന്യ സംസ്കരണത്തിനായി കൂടുതൽ തുക വകയിരുത്താൻ ഈ ഇടപെടലുകൾ വഴിയൊരുക്കി.

മാലിന്യസംസ്കരണത്തിന്റെ പ്രാധാന്യവും അതിലുണ്ടാകുന്ന പോരായ്മകളും പരിസരത്തിന് ഏൽപ്പിക്കുന്ന ആഘാതം ഏറ്റവും കൃത്യമായി അടയാളപ്പെടുത്തുന്ന ഒന്നാണ് നീർച്ചാലുകൾ. അതുകൊണ്ടുതന്നെ ദ്രവമാലിന്യ സംസ്കരണത്തിൽ തദ്ദേശ സ്ഥാപനങ്ങൾ കൈവരിച്ച ഈ മുന്നേറ്റം ജില്ലയിലെ നദികളുടെയും തോടുകളുടെയും സംരക്ഷണത്തിന് ശക്തമായ ഒരു അടിത്തറയായി മാറി.

## ശുചിത്വ പദവിയും ഹരിത പെരുമാറ്റച്ചട്ടവും: സുസ്ഥിരമായ ഒരു മാലിന്യസംസ്കരണ സംസ്കാരത്തിലേക്ക്

മാലിന്യസംസ്കരണം എന്നത് കേവലം സംവിധാനങ്ങളൊരുക്കൽ മാത്രമല്ല, മറിച്ച് വ്യക്തികളുടെ സ്വഭാവരൂപീകരണത്തിലൂടെയും മാലിന്യത്തിന്റെ അളവ് പരമാവധി കുറയ്ക്കുന്നതിലൂടെയും (Waste Reduction) സാധ്യമാകുന്ന ഒന്നാണെന്ന ബോധ്യം വളർത്തിയെടുക്കാൻ മിഷന് കഴിഞ്ഞു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കേന്ദ്രീകരിച്ച് മിഷൻ നടത്തിയ നിരന്തരമായ ഇടപെടലുകൾ ജില്ലയെ ശുചിത്വ പദവിയിലേക്കും ഹരിത പെരുമാറ്റച്ചട്ടത്തിന്റെ (Green Protocol) മാതൃകാപരമായ നടത്തിപ്പിലേക്കും നയിച്ചു.

## ശുചിത്വ പദവിയിലേക്കുള്ള പ്രയാണം

സംസ്ഥാന സർക്കാരിന്റെ പന്ത്രണ്ടിന പരിപാടിയുടെ ഭാഗമായി മികച്ച രീതിയിൽ ഖരമാലിന്യ സംസ്കരണം നടപ്പിലാക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അംഗീകരിക്കുന്നതിനായി ആവിഷ്കരിച്ചതാണ് 'ശുചിത്വ പദവി'. ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ, ക്ലീൻ കേരള കമ്പനി, കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി എന്നിവയുടെ സംയുക്ത ഏകോപനത്തിലൂടെ മലപ്പുറം ജില്ല ഈ രംഗത്ത് വലിയ മുന്നേറ്റമുണ്ടാക്കി.

ഖരമാലിന്യ സംസ്കരണത്തിൽ മികവ് തെളിയിച്ചതിനെത്തുടർന്ന് ആദ്യഘട്ടത്തിൽ ജില്ലയിലെ 39 ഗ്രാമപഞ്ചായത്തുകളും 6 മുനിസിപ്പാലിറ്റികളുമാണ് ശുചിത്വ പദവി കരസ്ഥമാക്കിയത്. മിഷന്റെ ആഭിമുഖ്യത്തിൽ നടന്ന തുടർച്ചയായ പ്രവർത്തനങ്ങളുടെയും അവലോകനങ്ങളുടെയും ഫലമായി ഈ നേട്ടം 56 ഗ്രാമപഞ്ചായത്തുകളിലേക്കും 10 മുനിസിപ്പാലിറ്റികളിലേക്കും വ്യാപിപ്പിക്കാൻ സാധിച്ചു. ഈ അംഗീകാരം മറ്റ് തദ്ദേശ സ്ഥാപനങ്ങൾക്കും മാലിന്യസംസ്കരണ മേഖലയിൽ കൂടുതൽ ക്രിയാത്മകമായി ഇടപെടാൻ വലിയ പ്രേരണയായി മാറി.

### ഹരിതചട്ടം (Green Protocol): ജനകീയ പങ്കാളിത്തത്തിന്റെ മാതൃക

മാലിന്യം സംസ്കരിക്കുന്നതിനേക്കാൾ പ്രാധാന്യം അത് ഉൽപ്പാദിപ്പിക്കാതിരിക്കുന്നതിനാണ് എന്ന പ്രചാരണത്തിലൂടെ ഹരിതചട്ടം ജില്ലയിലുടനീളം വ്യാപിപ്പിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പൂർണ്ണ സഹകരണത്തോടെ പൊതുപരിപാടികളിലും ദൈനംദിന ജീവിതത്തിലും ഹരിതചട്ടം നിർബന്ധമാക്കാൻ മിഷൻ നടത്തിയ ഇടപെടലുകൾ ലക്ഷ്യം കണ്ടു.

- പരിശീലനങ്ങളും വിജ്ഞാന വ്യാപനവും: ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, മതപുരോഹിതന്മാർ, ഉത്സവ കമ്മിറ്റി സംഘാടകർ തുടങ്ങിയ സമൂഹത്തിന്റെ നാനാതുറയിലുള്ളവർക്ക് റിസോഴ്സ് പേഴ്സൺമാർ (RP) വഴി ഹരിതകേരളം മിഷൻ വിപുലമായ പരിശീലനങ്ങൾ നൽകി.

- പൊതുപരിപാടികളിലെ ഇടപെടൽ: സ്കൂൾ കലോത്സവങ്ങൾ, ഗ്രാമോത്സവങ്ങൾ, മതാനുഷ്ഠാനങ്ങൾ, ഉത്സവങ്ങൾ, തെരഞ്ഞെടുപ്പുകൾ എന്നിവയിൽ ഹരിത ചട്ടം കർശനമായി പാലിച്ചു. ഡിസ്പോസിബിൾ വസ്തുക്കൾ ഒഴിവാക്കിയതിലൂടെ ടൺ കണക്കിന് പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉണ്ടാകുന്നത് തടയാൻ കഴിഞ്ഞു.

- സംഘടനാപരമായ സംവിധാനങ്ങൾ: ഓരോ സർക്കാർ ഓഫീസിലും ഗ്രീൻ പ്രോട്ടോക്കോൾ പാലനം ഉറപ്പുവരുത്തുന്നതിനായി പ്രത്യേക നോഡൽ ഓഫീസർമാരെ നിയോഗിച്ചു. സർക്കാർ സ്ഥാപനങ്ങളെ ഹരിതവൽക്കരിക്കുന്നതിലൂടെ പൊതുസമൂഹത്തിന് കൃത്യമായ ഒരു മാതൃക നൽകാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് സാധിച്ചു.

മാലിന്യത്തിന്റെ അളവ് കുറയ്ക്കുകയും ശേഖരിക്കുന്നത് ശാസ്ത്രീയമായി തരംതിരിക്കുകയും ചെയ്യുന്ന പുതിയൊരു രീതി ജില്ലയിൽ വളർത്തിയെടുക്കാൻ മിഷന്റെ ഈ ഇടപെടലുകളിലൂടെ സാധിച്ചു. ഇത് ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങളെ പരിസ്ഥിതി സൗഹൃദ ഭരണനിർവ്വഹണത്തിൽ കൂടുതൽ ശാക്തീകരിച്ചു.

### നിയമപാലനരംഗത്തെ ചുവടുമാറ്റം

മാലിന്യസംസ്കരണം ഒരു സാമൂഹിക ഉത്തരവാദിത്തമായി മാറ്റുന്നതിനോടൊപ്പം തന്നെ, നിയമലംഘനങ്ങൾക്കെതിരെ കർശനമായ നിലപാട് സ്വീകരിക്കാനും ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധിച്ചു. ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ തുടങ്ങിയ വകുപ്പുകളുടെ ഏകോപിതമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നിയമപരമായ ജാഗ്രത ഉറപ്പാക്കുന്നതിൽ വലിയ പങ്കുവഹിച്ചു. അശാസ്ത്രീയമായ മാലിന്യ നിക്ഷേപം തടയുന്നതിനായി ആവിഷ്കരിച്ച ശിക്ഷാ നടപടികൾ ജില്ലയിൽ മികച്ച ഫലമാണ് നൽകിയത്. പൊതുസ്ഥലങ്ങളിൽ മാലിന്യം തള്ളുന്നതും കത്തിക്കുന്നതും കണ്ടെത്താൻ നിരീക്ഷണ സംവിധാനങ്ങൾ ശക്തമാക്കിയതും ഫലം കണ്ടു.

- സിംഗിൾ വാട്സ്ആപ്പ് ഫൈൻ: നിയമലംഘനങ്ങൾ പൊതുജനങ്ങൾക്ക് തന്നെ റിപ്പോർട്ട് ചെയ്യാവുന്ന ഈ സംവിധാനം വഴി 2024-25 കാലയളവിൽ മാത്രം 13 കേസുകളിലായി 99,010 രൂപ പിഴ ഈടാക്കി. നിയമലംഘനം കൃത്യമായി റിപ്പോർട്ട് ചെയ്തവർക്ക് 22,250 രൂപ പരിതോഷികമായി നൽകിയത് പൊതുജന പങ്കാളിത്തം വർദ്ധിപ്പിച്ചു.

- പിഴ ശിക്ഷകൾ: പിഴ തുക കുത്തനെ കൂട്ടിയതും വലിയ മാറ്റങ്ങൾക്ക് വഴിയൊരുക്കി. 2025 വരെ ജില്ലയിലുടനീളം ആകെ 86 കേസുകളിലായി 4,97,556 രൂപയാണ് പിഴയായി ഈടാക്കിയത്. ശിക്ഷാ നടപടികൾ കർശനമാക്കിയത് അശാസ്ത്രീയ മാലിന്യ നിക്ഷേപത്തിൽ ഗണ്യമായ കുറവുണ്ടാക്കി.

ഹരിതകേരളം മിഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് തദ്ദേശ ഭരണകൂടങ്ങൾ നടത്തിയ ഈ ഏകോപിത മുന്നേറ്റം മലപ്പുറത്തെ മാലിന്യസംസ്കരണ മേഖലയെ സാമ്പത്തികമായി നിലനിൽപ്പുള്ളതും

നിയമപരമായി സുതാര്യവുമാക്കി മാറ്റി. ഇത് തദ്ദേശ സ്ഥാപനങ്ങളുടെ അധികാര പരിധിയിലുള്ള സേവനങ്ങളെ കൂടുതൽ ജനകീയമാക്കുന്നതിനും ശാക്തീകരിക്കുന്നതിനും കാരണമായി.

## ഏകോപിത മുന്നേറ്റവും ആസൂത്രിത സാമ്പത്തിക വിനിയോഗവും

മലപ്പുറം ജില്ല മാലിന്യസംസ്കരണ രംഗത്ത് കൈവരിച്ച വിജയത്തിന്റെ അടിസ്ഥാനം വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും സുശക്തമായ ഏകോപനമാണ്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടന്ന ഈ കൂട്ടായ പ്രവർത്തനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സ്വയംപര്യാപ്തമാക്കുന്നതിനും ഓരോ പൗരനിലും ശുചിത്വത്തെക്കുറിച്ച് അനുകൂലമായ മനോഭാവം വളർത്തുന്നതിനും സഹായിച്ചു.

ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺമാർ (RP) വഴി ഓരോ തദ്ദേശ സ്ഥാപനത്തിനും ആവശ്യമായ സാങ്കേതികവും ഭരണപരവുമായ പിന്തുണ താഴെത്തട്ടിൽ എത്തിക്കാൻ സാധിച്ചു. ശുചിത്വമിഷൻ, കുടുംബശ്രീ മിഷൻ, ക്ലീൻ കേരള കമ്പനി, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, പഞ്ചായത്ത് വകുപ്പ്, നഗരകാര്യ വകുപ്പ് എന്നിവയുടെ ഫലപ്രദമായ സഹകരണം ഓരോ ഗ്രാമപഞ്ചായത്തിനും നഗരസഭയ്ക്കും കരുത്തുറ്റ അടിത്തറ നൽകി. ഇത്തരമൊരു സംയുക്ത സംവിധാനം നിലവിൽ വന്നതോടെ മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട പ്രതിസന്ധികൾ വേഗത്തിൽ പരിഹരിക്കാനും പ്രവർത്തനങ്ങളിൽ സുതാര്യത ഉറപ്പാക്കാനും സാധിച്ചു.

മാലിന്യസംസ്കരണ മേഖലയിൽ ലഭ്യമായ വിവിധ ഫണ്ടുകൾ കൃത്യമായി വിനിയോഗിക്കാൻ തദ്ദേശ സ്ഥാപനങ്ങളെ മിഷൻ ശാക്തീകരിച്ചു. കേവലം ഫണ്ട് അനുവദിക്കുന്നതിലുപരി, അവ ഫലപ്രദമായി ഉപയോഗിക്കുന്നതിനായി വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ (DPR) തയ്യാറാക്കുന്നതിൽ മിഷൻ നൽകിയ പിന്തുണ ശ്രദ്ധേയമാണ്.

- വിവിധ ഫണ്ടുകളുടെ സംയോജനം: സ്വച്ഛ് ഭാരത് മിഷൻ ഫണ്ട്, പെർഫോമൻസ് ഇൻസെന്റീവ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവ മാലിന്യസംസ്കരണത്തിനായി ശാസ്ത്രീയമായി വകയിരുത്തി.
- ആസൂത്രിത വിനിയോഗം: ഈ ഫണ്ടുകൾ ഉപയോഗിച്ച് എം.സി.എഫ്, ആർ.ആർ.എഫ് തുടങ്ങിയ ഭൗതിക സാഹചര്യങ്ങൾ വികസിപ്പിക്കുന്നതിനും ഹരിതകർമ്മ സേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും തദ്ദേശ സ്ഥാപനങ്ങൾക്കായി.

ഈ ഏകോപിത മുന്നേറ്റം മലപ്പുറത്തെ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തെയും മാലിന്യമുക്തമായ ഒരു നവകേരളത്തിന്റെ നിർമ്മിതിയിൽ കരുത്തുറ്റ പങ്കാളികളാക്കി മാറ്റിയിരിക്കുന്നു.

## ശുചിത്വ സംസ്കാരം: സ്വഭാവ രൂപീകരണത്തിലൂടെയുള്ള പരിവർത്തനം

കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാലിന്യ സംസ്കരണ രംഗത്ത് കൈവരിച്ച നേട്ടം കേവലം ഭൗതികമായ അടിസ്ഥാന സൗകര്യ വികസനത്തിലല്ല, മറിച്ച് ജനങ്ങളുടെ മനോഭാവത്തിലും സ്വഭാവത്തിലും വന്ന വിപ്ലവകരമായ മാറ്റത്തിലാണ് അടയാളപ്പെടുത്തേണ്ടത്. 'മാലിന്യം എവിടെയോ കളയേണ്ട ഒന്നാണ്' എന്ന പഴയ ധാരണയിൽ നിന്ന് 'എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തമാണ്' എന്ന പുത്തൻ ശുചിത്വ സംസ്കാരത്തിലേക്ക് മലയാളി മാറിക്കഴിഞ്ഞു. ഹരിതകേരളം മിഷന്റെ കൃത്യമായ ആസൂത്രണവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിശ്ചയദാർഢ്യവും ഇതിന് ചാലകശക്തിയായി വർത്തിച്ചു.

പൊതുവിടങ്ങളിൽ മാലിന്യം വലിച്ചെറിയുന്ന രീതിക്ക് ഇന്ന് വലിയ തോതിൽ മാറ്റം വന്നിട്ടുണ്ട്. പണ്ട് റോഡരികുകളിലും പുഴയോരങ്ങളിലും മാലിന്യം തള്ളുന്നത് ഒരു സ്വാഭാവിക ശീലമായിരുന്നെങ്കിൽ, ഇന്ന് അത്തരം മാലിന്യനിക്ഷേപകേന്ദ്രങ്ങൾ ഇല്ലാതാക്കാൻ ജനങ്ങൾ തന്നെ മുൻകൈയെടുക്കുന്നു. മാലിന്യത്തിന്റെ അളവ് കുറയ്ക്കുക (Reduce), ശാസ്ത്രീയമായി തരംതിരിക്കുക (Segregate), സുരക്ഷിതമായി

കൈമാറുക (Dispose) എന്നീ മൂന്ന് ആശയങ്ങൾ ഓരോ കുടുംബത്തിന്റെയും ശീലമായി മാറി. ഇതിന് ആക്കം കൂട്ടിയത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തന ശൈലിയിലുണ്ടായ മാറ്റമാണ്. കേവലം മാലിന്യം നീക്കം ചെയ്യുന്ന ഒരു സംവിധാനം എന്ന നിലയിൽ നിന്നും, മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കാൻ ജനങ്ങളെ പ്രാപ്തരാക്കുന്ന ഒരു സഹായി എന്ന നിലയിലേക്ക് അവർ മാറി.

തദ്ദേശ ഭരണകൂടങ്ങൾ തങ്ങളുടെ പ്രവർത്തനങ്ങളിൽ വരുത്തിയ ആസൂത്രിത മാറ്റം ശ്രദ്ധേയമാണ്. ഓരോ വാർഡിലും ഹരിതകർമ്മ സേനയുടെ സാന്നിധ്യം ഉറപ്പാക്കിയതും, കൃത്യമായ ഇടവേളകളിൽ അജൈവ മാലിന്യങ്ങൾ ശേഖരിക്കാൻ സംവിധാനമൊരുക്കിയതും ജനങ്ങൾക്ക് ഈ സംവിധാനത്തിലുള്ള വിശ്വാസം വർദ്ധിപ്പിച്ചു. വീടുകളിൽ നിന്ന് തന്നെ ജൈവ-അജൈവ മാലിന്യങ്ങൾ വേർതിരിക്കണമെന്ന കർശന നിർദ്ദേശവും അതിനായുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും വലിയ ചലനമുണ്ടാക്കി. 'വാതിൽപടി ശേഖരണം' എന്ന പദ്ധതി വിജയകരമായതോടെ റോഡരികുകളിൽ മാലിന്യം എറിയേണ്ട സാഹചര്യം ഇല്ലാതായി. കൂടാതെ, ചട്ട ലംഘനങ്ങൾക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിക്കുന്നതിലും തദ്ദേശ സ്ഥാപനങ്ങൾ ജാഗ്രത പുലർത്തി.

മാലിന്യ സംസ്കരണത്തോടുള്ള സമൂഹത്തിന്റെ മനോഭാവത്തിൽ വന്ന ഈ മാറ്റം വരുംതലമുറയ്ക്കായി വൃത്തിയുള്ള ഒരു പരിസ്ഥിതി ഉറപ്പാക്കുന്നു. ജനപ്രതിനിധികളും ഹരിതകർമ്മ സേനാംഗങ്ങളും ജനങ്ങളും കൈകോർത്തപ്പോൾ, പത്തു വർഷം മുമ്പുണ്ടായിരുന്ന ദുരവസ്ഥയിൽ നിന്നും ജില്ലയെ ശുചിത്വപൂർണ്ണമായ ഒരു പുതിയ പാതയിലേക്ക് കടന്നു. ഈ ജനകീയ പങ്കാളിത്തവും സ്വഭാവ രൂപീകരണവും വരും വർഷങ്ങളിലും ജില്ലയുടെ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾക്ക് കൂടുതൽ കരുത്തേകും എന്നതിൽ സംശയമില്ല.

കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടെ പലവിധത്തിലുള്ള സാമൂഹികവും സാങ്കേതികവുമായ പ്ര തിസന്ധികൾക്കിടയിലും ശാസ്ത്രീയ മാലിന്യപരിപാലന രീതികൾ ജില്ലയിൽ വിജയകരമായി നടപ്പിലാക്കാൻ കഴിഞ്ഞു എന്നത് മലപ്പുറത്തിന്റെ വലിയ നേട്ടമാണ്. മുൻകാലങ്ങളിൽ മാലിന്യസംസ്കരണത്തോടുണ്ടായിരുന്ന വിമുഖത മാറി, അത് നാടിന്റെ വികസനത്തിൽ ഒഴിച്ചുകൂടാനാവാത്ത ഘടകമാണെന്ന ബോധ്യം പൗരന്മാരിൽ വളർത്തിയെടുക്കാൻ മിഷന്റെ നിരന്തരമായ അവലോകനങ്ങളിലൂടെയും ബോധവൽക്കരണങ്ങളിലൂടെയും സാധിച്ചു.

## ജലസംരക്ഷണവും നീർത്തടാധിഷ്ഠിത ആസൂത്രണവും

ജില്ലയിൽ ജലസുരക്ഷ ഉറപ്പാക്കുക എന്നത് ഒരു പതിറ്റാണ്ട് മുമ്പ് വരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം വലിയൊരു വെല്ലുവിളിയായിരുന്നു. മഴ ധാരാളം ലഭിക്കുന്നുണ്ടെങ്കിലും അത് ശാസ്ത്രീയമായി സംഭരിക്കാനോ പുനരുപയോഗിക്കാനോ ഉള്ള സംവിധാനങ്ങൾ പ്രാദേശിക തലത്തിൽ ഇല്ലാതിരുന്നത് വേനൽക്കാലത്തെ കടുത്ത വരൾച്ചയുണ്ടാക്കിയ പ്രത്യാഘാതങ്ങൾ വർദ്ധിക്കാനിടയായി. എന്നാൽ 2016-ൽ ഹരിതകേരളം മിഷൻ രൂപീകരിച്ചതോടെ ജലസംരക്ഷണത്തിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് ഈ മേഖലയിൽ ഇടപെടുന്നതിന് പുതിയൊരു ദിശാബോധം കൈവന്നു. ജലം വരുംതലമുറയ്ക്കായി കാത്തുസൂക്ഷിക്കേണ്ട അമൂല്യനിധിയാണെന്ന സന്ദേശം ജനങ്ങളിലെത്തിക്കാനും ഓരോ വാർഡിലും വരെ ജലസുരക്ഷാ മാതൃകകൾ സൃഷ്ടിക്കാനും തദ്ദേശ ഭരണകൂടങ്ങൾക്ക് ഇതിലൂടെ സാധിച്ചു.

## ജലസ്രോതസ്സുകളുടെ ഇന്നലെകൾ: അവഗണനയുടെയും മലിനീകരണത്തിന്റെയും കാലം

ഹരിതകേരളം മിഷന്റെ ഇടപെടലുകൾക്ക് മുൻപ് ജില്ലയിലെ ജലസ്രോതസ്സുകളുടെ സംരക്ഷണം തദ്ദേശ സ്ഥാപനങ്ങൾക്ക് വലിയൊരു കീറാമുട്ടിയായിരുന്നു. നഗരവൽക്കരണവും അശാസ്ത്രീയമായ നിർമ്മാണങ്ങളും മൂലം സ്വാഭാവിക നീർച്ചാലുകൾ നഷ്ടപ്പെടുകയും പ്ലാസ്റ്റിക്-മലിനജല മാലിന്യങ്ങൾ ജലസ്രോതസ്സുകളെ ശ്വാസംമുട്ടിക്കുകയും ചെയ്തു. ഗാർഹിക-സ്ഥാപന മാലിന്യങ്ങൾ നീർച്ചാലുകളിലേക്ക് ഒഴുക്കിവിടുന്ന പ്രവണത തദ്ദേശ സ്ഥാപനങ്ങളുടെ ജലവിതരണ പദ്ധതികളെപ്പോലും പ്രതികൂലമായി

ബാധിച്ചു. ഇത്തരം പാരിസ്ഥിതിക പ്രശ്നങ്ങളെ നേരിടാൻ ആവശ്യമായ കൃത്യമായ മാസ്റ്റർ പ്ലാനുകളോ സാങ്കേതിക പരിജ്ഞാനമോ ലഭ്യമല്ലാതിരുന്നതാണ് അക്കാലത്ത് തദ്ദേശ സ്ഥാപനങ്ങൾ നേരിട്ട പ്രധാന വെല്ലുവിളി.

### പുനരുജ്ജീവനത്തിന്റെ പാതയിൽ: 'ഇനി ഞാൻ ഒഴുകട്ടെ'

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ജലസംരക്ഷണത്തിന്റെ മുഖ്യ പ്രചാരകരായി മാറ്റിക്കൊണ്ടാണ് മിഷൻ 'ഇനി ഞാൻ ഒഴുകട്ടെ' എന്ന ജനകീയ ക്യാമ്പയിൻ നടപ്പിലാക്കിയത്. തങ്ങളുടെ അധികാരപരിധിയിൽ മലിനമായിക്കിടന്നിരുന്ന ജലസ്രോതസ്സുകൾ വീണ്ടെടുക്കാൻ തദ്ദേശ സ്ഥാപനങ്ങളെ ഈ ക്യാമ്പയിൻ പ്രാപ്തമാക്കി. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകളെ ജലസംരക്ഷണവുമായി



ഫലപ്രദമായി സംയോജിപ്പിക്കാൻ തദ്ദേശ ഭരണകൂടങ്ങൾക്ക് സാധിച്ചു. മൂന്ന് ഘട്ടങ്ങളിലായി നടന്ന ഈ പ്രവർത്തനത്തിലൂടെ ജില്ലയിൽ ഇതുവരെ 1962.57 KM നീർച്ചാലുകളാണ് ജനകീയ ഇടപെടലിലൂടെ വീണ്ടെടുത്തത്. കൈയേറ്റങ്ങൾ ഒഴിവാക്കിയും ആഴം കൂട്ടിയും നീർച്ചാലുകളുടെ സ്വാഭാവിക ഒഴുക്ക് പുനഃസ്ഥാപിക്കാൻ പഞ്ചായത്തുകൾക്ക് കഴിഞ്ഞു.

### സാങ്കേതിക മുന്നേറ്റം: നീർത്തട മാസ്റ്റർ പ്ലാനും ജലബജറ്റും

ജലസംരക്ഷണ പ്രവർത്തനങ്ങളെ പരമ്പരാഗത രീതികളിൽ നിന്ന് ശാസ്ത്രീയ തലത്തിലേക്ക് ഉയർത്താൻ തദ്ദേശ സ്ഥാപനങ്ങളെ പ്രാപ്തമാക്കിയത് നീർത്തടാധിഷ്ഠിത ആസൂത്രണമാണ്. ഈ മേഖലയിൽ 'കുന്നിൻ മുകളിൽ നിന്ന് താഴ് വരയിലേക്ക്' (Ridge to Valley) എന്ന ശാസ്ത്രീയ സമീപനം പഞ്ചായത്തുകൾ ഏറ്റെടുത്തു.

- നീർത്തട മാസ്റ്റർ പ്ലാൻ: ഓരോ പ്രദേശത്തിനും അനുയോജ്യമായ നീർത്തട മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി. ഇതിനായി പഞ്ചായത്ത്, ബ്ലോക്ക് തലങ്ങളിൽ ജലസംരക്ഷണ സമിതികൾ രൂപീകരിച്ചു.
- ജലബജറ്റ് (Water Budgeting): കേരളത്തിൽ തന്നെ ആദ്യമായി നടപ്പിലാക്കിയ ജലബജറ്റിലൂടെ തങ്ങളുടെ പരിധിയിലുള്ള ജലലഭ്യതയും ആവശ്യകതയും ശാസ്ത്രീയമായി വിലയിരുത്താൻ

തദ്ദേശ ഭരണകൂടങ്ങൾക്ക് സാധിച്ചു. ജലക്ഷാമം നേരിടാൻ സാധ്യതയുള്ള ഇടങ്ങളിൽ മുൻകൂട്ടി ഇടപെടാൻ ഇത് പഞ്ചായത്തുകളെ സഹായിച്ചു.

- നീരുറവ് പദ്ധതി: 2022 മുതൽ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കുന്ന 'നീരുറവ്' പദ്ധതിയിലൂടെ ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിനുള്ള ഇടപെടലുകൾ നടത്തി. ഇതിന്റെ ഭാഗമായി വലിയ തോതിലുള്ള വൃക്ഷവൽക്കരണവും കിണർ റീചാർജിംഗ് പദ്ധതികളും പഞ്ചായത്തുകൾ ഏറ്റെടുത്തു.

## വകുപ്പുകളുടെ ഏകോപനവും ഭരണപരമായ ശാക്തീകരണവും

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ജലസേചനം, ഭൂജലം, കൃഷി, വിദ്യാഭ്യാസം തുടങ്ങിയ വിവിധ വകുപ്പുകളെ ഒരു കുടക്കീഴിൽ അണിനിരത്തിയത് തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണ ശേഷി വർദ്ധിപ്പിച്ചു. DLPTC, BLTC യോഗങ്ങൾ വഴി സാങ്കേതിക കുരുക്കുകൾ അഴിക്കുന്നതിനും നിർമ്മാണ വേഗത വർദ്ധിപ്പിക്കുന്നതിനും പഞ്ചായത്തുകളെ സഹായിച്ചു. മിഷന്റെ ജില്ലാ-ബ്ലോക്ക് കോർഡിനേറ്റർമാർ പ്രാദേശികമായ തർക്കങ്ങൾ പരിഹരിക്കാൻ തദ്ദേശ ഭരണകൂടങ്ങൾക്ക് തുണയായി.

ജലം അമൂല്യമാണെന്ന തിരിച്ചറിവ് ഓരോ വാർഡിലും എത്തിക്കുന്നതിൽ മലപ്പുറത്തെ തദ്ദേശ സ്ഥാപനങ്ങൾ വിജയിച്ചു. നീർത്തട വികസന മാസ്റ്റർ പ്ലാനുകളിലൂടെയും ജലബജറ്റിലൂടെയും ആർജ്ജിച്ച ശാസ്ത്രീയ അടിത്തറ വരുംതലമുറയ്ക്കായി ജലസുരക്ഷ ഉറപ്പാക്കാനുള്ള ജില്ലയുടെ മുന്നേറ്റത്തിന് ചരിത്രപരമായ പ്രാധാന്യമാണ് നൽകുന്നത്.

## കാർഷിക മുന്നേറ്റവും പാരിസ്ഥിതിക പുനഃസ്ഥാപനവും

ഹരിതകേരളം മിഷന്റെ കൃഷി, പരിസ്ഥിതി മേഖലയിലെ ഇടപെടലുകൾ ജില്ലയുടെ ഭൂപ്രകൃതിയിലും കാർഷിക സംസ്കാരത്തിലും വിപ്ലവകരമായ മാറ്റങ്ങളാണ് കൊണ്ടുവന്നത്. കേവലം കൃഷി വ്യാപനത്തിനപ്പുറം പ്രകൃതിയുമായുള്ള മനുഷ്യന്റെ ബന്ധം പുനഃസ്ഥാപിക്കുന്ന പ്രവർത്തനങ്ങൾക്കാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മിഷന്റെ പിന്തുണയോടെ നേതൃത്വം നൽകിയത്.

## സുജലം സുഫലം: ആസൂത്രിത കാർഷിക മുന്നേറ്റം

കൃഷി ഉപമിഷന്റെ ഭാഗമായി പുറത്തിറക്കിയ 'സുജലം സുഫലം' മാർഗ്ഗരേഖ ജില്ലയിലെ കാർഷിക മേഖലയ്ക്ക് പുതിയൊരു ദിശാബോധം നൽകി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കൃഷിവകുപ്പ്, കുടുംബശ്രീ എന്നിവയെ ഫലപ്രദമായി സംയോജിപ്പിച്ചുകൊണ്ട് പദ്ധതികൾ നടപ്പിലാക്കി. വിഷരഹിതമായ ആഹാരം എന്ന ലക്ഷ്യത്തോടെ ജൈവകൃഷി രീതികൾ ഓരോ വാർഡിലും പ്രോത്സാഹിപ്പിച്ചു. തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജൈവവളങ്ങളുടെ വിതരണവും വിപണനവും ഉറപ്പാക്കിയതോടെ ഗുണനിലവാരമുള്ള ഭക്ഷണം പ്രാദേശികമായി ലഭ്യമായിത്തുടങ്ങി. ഹരിതകേരളം മിഷൻ വിഭാവനം ചെയ്ത 'സുജലം സുഫലം' എന്ന ആശയം മലപ്പുറത്തെ തദ്ദേശ സ്ഥാപനങ്ങൾ ഏറ്റെടുത്തതോടെ ജില്ലയിൽ ഒരു പുതിയ കാർഷിക സംസ്കാരം രൂപപ്പെട്ടു. മണ്ണിനെയും ജലത്തെയും സംരക്ഷിച്ചുകൊണ്ടുള്ള ഈ മുന്നേറ്റം ഓരോ ഗ്രാമത്തെയും സ്വയംപര്യാപ്തതയിലേക്കും പരിസ്ഥിതി സൗഹൃദമായ ഒരു ഭാവിയിലേക്കും നയിക്കുന്നു

## ഹരിത സമൃദ്ധി; വാർഡുതല കാർഷിക ആസൂത്രണം

ഭക്ഷ്യ സ്വയംപര്യാപ്തത എന്ന ലക്ഷ്യം മുൻനിർത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ വാർഷിക പദ്ധതികളെ കാർഷിക മേഖലയുമായി എത്തരത്തിൽ സംയോജിപ്പിക്കണം എന്നതിന് മികച്ച ഉദാഹരണമാണ് ഹരിതസമൃദ്ധി വാർഡുകൾ. വാർഡുതലത്തിലുള്ള ആസൂത്രണ പ്രക്രിയയിൽ കൃഷിവകുപ്പിനെയും കുടുംബശ്രീ യൂണിറ്റുകളെയും ഏകോപിപ്പിക്കാൻ പഞ്ചായത്തുകൾക്ക് ഇതിലൂടെ സാധിച്ചു. ഓരോ വീട്ടിലെയും കൃഷി കേവലം വ്യക്തിഗത താൽപ്പര്യമെന്നതിലുപരി ഒരു തദ്ദേശ സ്ഥാപനത്തിന്റെ ഉത്തരവാദിത്തമായി മാറിയത് ഭരണപരമായ വലിയൊരു മാറ്റമാണ്. വാർഡുതല

സമിതികളുടെ ശാക്തീകരണത്തിലൂടെ താഴെത്തട്ടിൽ ഗുണഭോക്താക്കളെ കണ്ടെത്താനും വിഭവങ്ങൾ കൃത്യമായി വിതരണം ചെയ്യാനുമുള്ള പ്രാദേശിക സർക്കാരുകളുടെ ശേഷി ഈ പദ്ധതിയിലൂടെ വർദ്ധിച്ചു.

## തരിശു രഹിത ഭാവിക്കായുള്ള ഇടപെടലുകൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെയും കർഷക കൂട്ടായ്മകളെയും ഒരുമിച്ച് കൊണ്ടുവരാൻ സാധിച്ചതാണ് തരിശുരഹിത ഗ്രാമം പദ്ധതിയുടെ പ്രധാന നേട്ടം. തരിശുഭൂമികൾ കണ്ടെത്തി കൃഷിയോഗ്യമാക്കുന്നതിനുള്ള നിയമപരവും പ്രായോഗികവുമായ



ഇടപെടലുകളിൽ പഞ്ചായത്തുകൾ കൂടുതൽ വൈദഗ്ധ്യം നേടി. നെറ്റ് സീറോ കാർബൺ പഞ്ചായത്തുകളിൽ കാലാവസ്ഥാ പ്രതിരോധവും കാർഷിക വികസനവും തമ്മിലുള്ള ബന്ധം തിരിച്ചറിയാൻ ഈ പദ്ധതി സഹായിച്ചു. വകുപ്പുകൾക്കിടയിലുള്ള ഏകോപനത്തിലെ വെല്ലുവിളികളെ അതിജീവിച്ച്, തരിശുഭൂമികൾ കണ്ടെത്താനും അത് കൃഷി ചെയ്യാൻ താൽപ്പര്യമുള്ളവരിലേക്ക് എത്തിക്കാനുമുള്ള ചാലകശക്തി എന്ന നിലയിൽ തദ്ദേശ സ്ഥാപനങ്ങൾ കൂടുതൽ കരുത്താർജ്ജിച്ചു.

## തദ്ദേശ സ്ഥാപനങ്ങളുടെ ഹരിത ആസൂത്രണ മികവുകൾ

പരിസ്ഥിതി സംരക്ഷണമെന്നത് ഒരു പ്രത്യേക വകുപ്പിന്റെ മാത്രം ചുമതലയല്ലെന്നും അത് ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കേണ്ടതാണെന്നും തെളിയിക്കാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് ഈ പദ്ധതിയിലൂടെ സാധിച്ചു. വാർഡുതലത്തിൽ തൈകൾ ശേഖരിക്കാനും വിതരണം ചെയ്യാനും റെസിഡൻസ് അസോസിയേഷനുകളെയും ക്ലബ്ബുകളെയും ഏകോപിപ്പിച്ചതിലൂടെ പഞ്ചായത്തുകളുടെ ജനകീയ അടിത്തറ വികസിച്ചു. നട്ട തൈകൾ ജിയോ ടാഗിംഗ് (Geo-tagging) പോലുള്ള സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് നിരീക്ഷിക്കാനുള്ള സംവിധാനങ്ങൾ തദ്ദേശ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ കൂടുതൽ സുതാര്യതയും ശാസ്ത്രീയതയും കൊണ്ടുവന്നു. ഭരണസമിതികളുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെ ഒരു കുടക്കീഴിൽ കൊണ്ടുവരാൻ സാധിച്ചത് ഭാവിയിലെ വലിയ വികസന പ്രവർത്തനങ്ങൾക്കുള്ള മാതൃകയായി.

ഭരണപരമായ ആസൂത്രണത്തെ കാലാവസ്ഥാ വ്യതിയാന പ്രതിരോധവുമായി ബന്ധിപ്പിക്കുന്നതിൽ തദ്ദേശ സ്ഥാപനങ്ങളെ ഏറ്റവുമധികം സഹായിച്ച പദ്ധതിയാണ് പച്ചത്തുരുത്തുകൾ. പൊതുവിടങ്ങളും തരിശുഭൂമികളും മാലിന്യ നിക്ഷേപ കേന്ദ്രങ്ങളും കണ്ടെത്തി അവയെ വനമാതൃകകളാക്കി മാറ്റുന്നതിലൂടെ

പ്രാദേശിക ആവാസവ്യവസ്ഥയെ വീണ്ടെടുക്കാൻ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും കഴിഞ്ഞു. പാറക്കെട്ടുകൾ നിറഞ്ഞ ഇടങ്ങളെപ്പോലും ശാസ്ത്രീയമായ ഇടപെടലിലൂടെ ഹരിതമാക്കാമെന്ന ബോധ്യം ഭരണാധികാരികളിൽ ഈ പദ്ധതി ഉണ്ടാക്കി. ജൈവവൈവിധ്യ ബോർഡ്, വനം വകുപ്പ് തുടങ്ങിയ ഏജൻസികളുമായി ചേർന്ന് ദീർഘകാലാടിസ്ഥാനത്തിലുള്ള പാരിസ്ഥിതിക ആസൂത്രണം നടത്താൻ തദ്ദേശ സ്ഥാപനങ്ങൾ പ്രാപ്തരായി.

ആരാധനാലയങ്ങളുടെ ഭൂമി കാർഷിക-പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾക്കായി പ്രയോജനപ്പെടുത്തുന്നതിൽ തദ്ദേശ സ്ഥാപനങ്ങൾ നടത്തിയ സവിശേഷമായ ഇടപെടലായിരുന്നു ദേവഹരിതം. മതപരമായ ഇടങ്ങളെയും വിശ്വാസങ്ങളെയും പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കുന്നതിൽ പഞ്ചായത്തുകൾ വലിയ സാമൂഹിക ജാഗ്രത പ്രകടിപ്പിച്ചു. പ്രാദേശിക ക്ഷേത്രക്കമ്മിറ്റികളുമായി സഹകരിച്ച് ഔഷധസസ്യ തോട്ടങ്ങളും പൂകൃഷികളും ആരംഭിച്ചത് തദ്ദേശ സ്ഥാപനങ്ങളുടെ സാമൂഹികമായ ഇടപെടൽ ശേഷി വർദ്ധിപ്പിച്ചു. വൈവിധ്യമാർന്ന സസ്യങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിലൂടെ ജൈവവൈവിധ്യ സംരക്ഷണമെന്ന ലക്ഷ്യം ജനകീയമായ രീതിയിൽ നടപ്പിലാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇതിലൂടെ സാധിച്ചു.

### ഹരിതവിദ്യാലയങ്ങൾ: വരുംതലമുറയെ സജ്ജമാക്കുന്ന പാരിസ്ഥിതിക പാഠശാലകൾ

വിദ്യാഭ്യാസ സ്ഥാപനങ്ങളെ പാരിസ്ഥിതിക പാഠശാലകളായി മാറ്റിയെടുക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തിയ ഇടപെടലുകൾ മലപ്പുറത്തിന് പുതിയൊരു വികസന മാതൃകയാണ് നൽകിയത്. സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികളെയും അധ്യാപകരെയും ഏകോപിപ്പിച്ചുകൊണ്ട് തദ്ദേശ സ്ഥാപനങ്ങൾ നടപ്പിലാക്കിയ 'ഹരിത വിദ്യാലയം' പരിപാടി, ഭരണപരമായ ആസൂത്രണത്തെ പ്രായോഗിക പരിസ്ഥിതി പഠനവുമായി ബന്ധിപ്പിച്ചു. ഉച്ചഭക്ഷണത്തിന് ആവശ്യമായ പച്ചക്കറികൾ വിദ്യാലയങ്ങളിൽ തന്നെ ഉൽപ്പാദിപ്പിക്കാൻ കൃഷി വകുപ്പുമായി ചേർന്ന് പഞ്ചായത്തുകൾ നൽകിയ സാങ്കേതിക പിന്തുണ, കുട്ടികളിൽ കാർഷികാഭിരുചി വളർത്തുന്നതോടൊപ്പം ഒരു പ്രാദേശിക ഭക്ഷ്യശൃംഖല രൂപപ്പെടുത്താനും സഹായിച്ചു.

വിദ്യാലയങ്ങളിൽ ഹരിത ചട്ടം (Green Protocol) നടപ്പിലാക്കുന്നതിലൂടെ മാലിന്യ സംസ്കരണത്തിന്റെ ഉത്തരവാദിത്തം ഭരണകൂടവും പൗരന്മാരും (വിദ്യാർത്ഥികൾ) തമ്മിലുള്ള സംയുക്ത ദൗത്യമാക്കി മാറ്റാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് കഴിഞ്ഞു. പ്ലാസ്റ്റിക് വിമുക്ത കാമ്പസുകൾ എന്ന ലക്ഷ്യത്തിനായി തദ്ദേശ സ്ഥാപനങ്ങൾ നടത്തിയ നയപരമായ തീരുമാനങ്ങൾ വിദ്യാലയങ്ങളെ മികച്ച പരിസ്ഥിതി കേന്ദ്രങ്ങളാക്കി ശാക്തീകരിച്ചു. ഭാവി തലമുറയെ പാരിസ്ഥിതിക അവബോധമുള്ള പൗരന്മാരായി വാർത്തെടുക്കുന്നതിനൊപ്പം അവരുടെ പാരിസ്ഥിതിക ആശങ്കകൾ കൂട്ടിച്ചേർത്ത് തങ്ങളുടെ വികസന പദ്ധതികളിൽ പരിസ്ഥിതിക്ക് പ്രഥമ സ്ഥാനം നൽകാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഈ പദ്ധതി പ്രാപ്തരാക്കി.

### സംയോജിത ഏകോപനം: പാരിസ്ഥിതിക മുന്നേറ്റത്തിന്റെ ചാലകശക്തി

മലപ്പുറം ജില്ലയിലെ കാർഷിക-പാരിസ്ഥിതിക മേഖലകളിൽ ഉണ്ടായ അഭൂതപൂർവ്വമായ മാറ്റങ്ങൾ കേവലം ഒരു വകുപ്പിന്റെ മാത്രം വിജയമല്ല. മറിച്ച്, വിവിധ സർക്കാർ വകുപ്പുകളെയും പൊതുജനങ്ങളെയും ഒരു കുടക്കീഴിൽ അണിനിരത്തിയുള്ള ഹരിതകേരളം മിഷന്റെ സംയോജിത ഏകോപനമാണ് (Integrated Coordination) ഈ മുന്നേറ്റത്തിന് ആധാരമായത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ (LSGD) പ്രവർത്തനങ്ങളുടെ കേന്ദ്രബിന്ദുവാക്കി മാറ്റിയതിലൂടെ പദ്ധതികൾക്ക് പ്രായോഗികമായ കരുത്ത് ലഭിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പിനൊപ്പം കൃഷിവകുപ്പ്, സാമൂഹ്യ വനംവകുപ്പ് എന്നിവയുടെ സാങ്കേതിക സേവനങ്ങൾ താഴെത്തട്ടിൽ എത്തിക്കാൻ മിഷന് സാധിച്ചു.

- തൊഴിലുറപ്പ് പദ്ധതികളുടെ പങ്കാളിത്തം: മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGS), അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി (AUEGS) എന്നിവയെ പരിസ്ഥിതി

പുനഃസ്ഥാപന പ്രവർത്തനങ്ങളുമായി ഫലപ്രദമായി ബന്ധിപ്പിച്ചു. പച്ചത്തുരുത്തുകൾ നിർമ്മിക്കുന്നതിനും നീർച്ചാലുകൾ ശുചീകരിക്കുന്നതിനും ആവശ്യമായ മനുഷ്യവിഭവശേഷി ഇതിലൂടെ ലഭ്യമായി.

- യുവജന-സാമൂഹിക പങ്കാളിത്തം: യുവജന ക്ലബ്ബുകൾ, പരിസ്ഥിതി സംഘടനകൾ, പ്രാദേശിക കൂട്ടായ്മകൾ എന്നിവയെക്കൂടി ഈ പ്രക്രിയയുടെ ഭാഗമാക്കിയതോടെ പ്രവർത്തനങ്ങൾ കേവലം ഔദ്യോഗിക നടപടികൾ എന്നതിലുപരി ഒരു ജനകീയ മുന്നേറ്റമായി മാറി.

പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും നടപ്പിലാക്കുന്നതിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വതന്ത്രമായ തീരുമാനങ്ങൾ എടുക്കാനുള്ള സാങ്കേതിക പിന്തുണ മിഷൻ നൽകി. വകുപ്പുകൾ വെവ്വേറെ പ്രവർത്തിക്കുന്നതിന് പകരം തദ്ദേശ സ്ഥാപനങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ച് ഒത്തൊരുമിച്ച് നീങ്ങിയത് പ്രവർത്തനങ്ങൾക്ക് വേഗത കൂട്ടി. ഈ ഏകോപനത്തിലൂടെ വിഭവങ്ങളുടെ വിനിയോഗം കൂടുതൽ കാര്യക്ഷമമാക്കാനും പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാനും മലപ്പുറം ജില്ലയ്ക്ക് സാധിച്ചു.

## നെറ്റ് സീറോ കാർബൺ കേരളം: ഭാവിക്കായുള്ള കരുതലും തദ്ദേശ സ്ഥാപനങ്ങളുടെ പങ്കും

കാലാവസ്ഥാ വ്യതിയാനം ആഗോളതലത്തിൽ വലിയ വെല്ലുവിളികൾ ഉയർത്തുമ്പോൾ, അതിനെ പ്രാദേശികമായ ഇടപെടലുകളിലൂടെ പ്രതിരോധിക്കാനുള്ള ഹരിതകേരളം മിഷന്റെ ഏറ്റവും പുതിയ കർമ്മപദ്ധതിയാണ് "നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ". മലപ്പുറം ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈ ലക്ഷ്യത്തിലേക്ക് വലിയ ചുവടുവെപ്പുകളാണ് നടത്തുന്നത്. വരുംതലമുറയ്ക്കായി സുരക്ഷിതമായ ഒരു പരിസ്ഥിതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ഭരണപരമായ ആസൂത്രണത്തെ മിഷൻ കാലാവസ്ഥാ പ്രതിരോധവുമായി ബന്ധിപ്പിച്ചു.

അന്തരീക്ഷത്തിലെ കാർബൺ ഡയോക്സൈഡിന്റെ (CO2) അമിത സാന്നിധ്യം കുറയ്ക്കുന്നതിന് ബോധപൂർവ്വമായ ഇടപെടലുകൾ ഈ ക്യാമ്പയിനിലൂടെ തദ്ദേശ സ്ഥാപനങ്ങൾ ലക്ഷ്യമിടുന്നു. കാർബൺ ബഹിർഗമനവും ആഗിരണവും തമ്മിലുള്ള സന്തുലിതാവസ്ഥ (Carbon Neutrality) കൈവരിക്കാൻ താഴെ പറയുന്ന പ്രവർത്തനങ്ങൾ ജില്ലയിൽ ഊർജ്ജിതമാക്കി. ഫോസിൽ ഇന്ധനങ്ങളുടെ (പെട്രോൾ, ഡീസൽ തുടങ്ങിയവ) ഉപയോഗം ഘട്ടം ഘട്ടമായി കുറയ്ക്കുന്നതിന് മുൻഗണന നൽകുന്ന ഇടപെടലുകൾ തദ്ദേശ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികളിലൂടെ നടപ്പിലാക്കുന്നു. സൗരോർജ്ജം ഉൾപ്പെടെയുള്ള പുനരുപയോഗിക്കാവുന്ന ഊർജ്ജ സ്രോതസ്സുകളെ പ്രോത്സാഹിപ്പിക്കാൻ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും സാങ്കേതിക പിന്തുണ ഉറപ്പാക്കി. ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനങ്ങളിലൂടെ മീഥേൻ ബഹിർഗമനം കുറയ്ക്കാൻ ജില്ലയിലെ സ്ഥാപനങ്ങളെ സജ്ജമാക്കി. മുൻപ് നാം സൂചിപ്പിച്ച വികേന്ദ്രീകൃത ജൈവമാലിന്യ സംസ്കരണ യൂണിറ്റുകൾ ഇതിൽ വലിയ പങ്കുവഹിക്കുന്നു. നേരത്തെ വിശദീകരിച്ച പച്ചത്തുരുത്തുകൾ, വിപുലമായ വൃക്ഷവൽക്കരണ പദ്ധതികൾ എന്നിവയിലൂടെ അന്തരീക്ഷത്തിലെ കാർബണിനെ ആഗിരണം ചെയ്യുന്ന പ്രവർത്തങ്ങളെ പ്രോത്സാഹിപ്പിച്ചു.

ഇതിലൂടെ പാരിസ്ഥിതിക അവബോധത്തോടെയുള്ള ജീവിതരീതിയിലൂടെയും വികസന പ്രവർത്തനങ്ങളിലൂടെയും മാത്രമേ സുസ്ഥിരമായ ഒരു ആവാസവ്യവസ്ഥ നിലനിർത്താൻ സാധിക്കൂ എന്ന് മിഷൻ പൗരന്മാരെ ബോധ്യപ്പെടുത്തുന്നു. വായു, വെള്ളം, ഭക്ഷണം തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾ ആരോഗ്യകരമായി നിലനിർത്താൻ സന്തുലിതമായ പ്രകൃതിദത്ത സംവിധാനം അനിവാര്യമാണെന്ന് താഴെത്തട്ടിൽ എത്തിക്കാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് സാധിച്ചു. തദ്ദേശ സ്ഥാപനങ്ങൾ തങ്ങളുടെ വികസന പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ കാലാവസ്ഥാ ആഘാതം കൂടി കണക്കിലെടുക്കുന്ന രീതിയിലേക്ക് ശാക്തീകരിക്കപ്പെട്ടു. ഇത് ജില്ലയെ കാർബൺ സന്തുലിതാവസ്ഥയിലേക്ക് നയിക്കുന്നതിൽ നിർണ്ണായകമാകുന്നു.

## ഒരു പതിറ്റാണ്ടിന്റെ പരിവർത്തന ചരിത്രം

മലപ്പുറം ജില്ലയുടെ പരിസ്ഥിതി പുനരുദ്ധാരണ ചരിത്രത്തിലെ കഴിഞ്ഞ ഒരു പതിറ്റാണ്ട് വിപ്ലവകരമായ മാറ്റങ്ങൾക്കാണ് സാക്ഷ്യം വഹിച്ചത്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തിയ ഏകോപിത ഇടപെടലുകൾ ജില്ലയുടെ പാരിസ്ഥിതിക ഭൂപടത്തെത്തന്നെ മാറ്റിമറിച്ചു. അശാസ്ത്രീയമായ മാലിന്യ നിർമ്മാർജ്ജന രീതികളിൽ നിന്ന് മാറി, ജില്ലയിലെ 106 തദ്ദേശ സ്ഥാപനങ്ങളും ഇന്ന് 'ഹരിതമിത്രം' ആപ്പിലൂടെ ഡിജിറ്റൽ മോണിറ്ററിംഗുള്ള ശാസ്ത്രീയ സംസ്കരണ സംവിധാനത്തിലേക്ക് ഉയർന്നു. ഇതിലൂടെ ഹരിതകർമ്മ സേനയെ ഒരു സുസ്ഥിര തൊഴിൽ മേഖലയായി ശാക്തീകരിക്കാനും പ്രൊഫഷണൽ മാലിന്യ മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കാനും സാധിച്ചു. മാലിന്യസംസ്കരണം, ജലസംരക്ഷണം, കാർഷിക പുനരുജ്ജീവനം എന്നീ മൂന്ന് സ്തംഭങ്ങളെയും പരസ്പരം ബന്ധിപ്പിച്ചുകൊണ്ടുള്ള ഈ സമഗ്ര വികസന കാഴ്ചപ്പാട് മലപ്പുറത്തെ ഓരോ തദ്ദേശ സ്ഥാപനത്തെയും പാരിസ്ഥിതിക സുസ്ഥിര മാതൃകകളാക്കി മാറ്റിയിരിക്കുന്നു.

ജലസംരക്ഷണ മേഖലയിൽ 'ഇനി ഞാൻ ഒഴുകട്ടെ', 'നീരുറവ്' തുടങ്ങിയ ജനകീയ പദ്ധതികളിലൂടെ 1962 കിലോമീറ്ററിലധികം നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ച മലപ്പുറം, ജലബജറ്റിംഗിലൂടെ ശാസ്ത്രീയമായ ജലപരിപാലന രീതിയും ആർജ്ജിച്ചെടുത്തു. പച്ചത്തുരുത്തുകൾ, വിപുലമായ വൃക്ഷവൽക്കരണ കാമ്പയിനുകൾ, ഹരിതവിദ്യാലയങ്ങൾ എന്നിവയിലൂടെ ജില്ലയുടെ ഹരിതവിസ്തൃതി വർദ്ധിപ്പിക്കാനും വരുംതലമുറയെ പരിസ്ഥിതി ബോധമുള്ളവരാക്കാനും മിഷന് കഴിഞ്ഞു. കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കാനുള്ള 'നെറ്റ് സീറോ കാർബൺ' എന്ന ലക്ഷ്യത്തിലേക്ക് ജില്ല ഇന്ന് സജീവമായി ചുവടുവെക്കുകയാണ്. മണ്ണും ജലവും മനുഷ്യനും ഒന്നായി മാറുന്ന ഈ 'മലപ്പുറം മോഡൽ', വരുംതലമുറയ്ക്കായി ആരോഗ്യകരമായ ഒരു ഭൂമി കരുതിവെക്കാൻ സഹായിക്കുന്ന വലിയൊരു പാഠപുസ്തകവും ഹരിത കേരളം കെട്ടിപ്പടുക്കാനുള്ള ഉറച്ച ചുവടുവെപ്പുമാണ്.

# വിടവുകളും വെല്ലുവിളികളും
## സുസ്ഥിര വികസനത്തിനായുള്ള ഭാവി ആസൂത്രണം

മലപ്പുറം ജില്ലയുടെ പാരിസ്ഥിതിക സുസ്ഥിരത ലക്ഷ്യമിട്ട് കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ ഹരിതകേരളം മിഷൻ നടത്തിയ ഇടപെടലുകളും വിപ്ലവകരമായ മാറ്റങ്ങളും വിശദമായി പരിചയപ്പെട്ടുവല്ലോ. ജലസംരക്ഷണം, ശാസ്ത്രീയമായ മാലിന്യസംസ്കരണം, പരിസ്ഥിതി പുനസ്ഥാപനം, കൃഷി, ഊർജ്ജം, ദുരന്തനിവാരണം എന്നീ മേഖലകളിൽ വിവിധ വകുപ്പുകളെയും വിദഗ്ധ ഏജൻസികളെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ഏകോപിപ്പിച്ചുകൊണ്ടുള്ള ഒരു പുതിയ പ്രവർത്തന സംസ്കാരം ജില്ലയിൽ രൂപപ്പെട്ടുവന്നിട്ടുണ്ട്. എങ്കിലും, ഇതുവരെ നടത്തിയ പ്രവർത്തനങ്ങളുടെ സമഗ്രമായ അവലോകനം ബോധ്യപ്പെടുത്തുന്നത് പൂർണ്ണമായ ലക്ഷ്യത്തിലെത്താൻ നാം ഇനിയുമേറെ മുന്നോട്ട് പോകേണ്ടതുണ്ട് എന്നാണ്. കൈവരിച്ച നേട്ടങ്ങളെ സുസ്ഥിരമായി നിലനിർത്തുന്നതിനൊപ്പം തന്നെ, നിലവിലുള്ള പ്രവർത്തന വിടവുകൾ തിരിച്ചറിഞ്ഞ് അവ പരിഹരിക്കാനാവശ്യമായ ഹ്രസ്വകാല-ദീർഘകാല പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് അനിവാര്യമാണ്. അതിലേക്ക് നയിക്കുന്ന ചില നിർദ്ദേശ ചുവടെ നൽകുന്നു.

### ജലസുരക്ഷയും ഭരണപരമായ വെല്ലുവിളികളും

ജില്ല നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി ഭൂജലവിതാനത്തിലുണ്ടാകുന്ന അപകടകരമായ കുറവാണ്. ജില്ലയിലെ 15 ബ്ലോക്കുകളിൽ 7 എണ്ണവും നിലവിൽ 'സെമി ക്രിട്ടിക്കൽ' വിഭാഗത്തിൽപ്പെടുന്നത് അതീവ ജാഗ്രത വേണ്ട കാര്യമാണ്. വേനൽക്കാലത്തെ രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് വിദഗ്ധ സ്ഥാപനങ്ങളുടെ സഹകരണത്തോടെയുള്ള കൂടുതൽ ജലസംരക്ഷണ പദ്ധതികൾക്ക് മുൻഗണന നൽകണം. ജലബജറ്റിംഗിലൂടെ കണ്ടെത്തിയ നിർദ്ദേശങ്ങൾ തദ്ദേശ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. ഇതിനൊപ്പം തന്നെ ജലത്തിന്റെ അമിത ഉപയോഗവും ദുരുപയോഗവും തടയുന്നതിനായി കർശനമായ നിയമനിർമ്മാണങ്ങൾ അനിവാര്യമാണ്. ഓരോ തദ്ദേശ സ്ഥാപനത്തിലും മഴമാപിനി കേന്ദ്രങ്ങൾ

നിർബന്ധമാക്കുകയും മഴയിലുണ്ടാകുന്ന കുറവ് മുൻകൂട്ടി കണ്ട് വരൾച്ചാ പ്രതിരോധ പദ്ധതികൾ ആസൂത്രണം ചെയ്യുകയും വേണം. ഉപേക്ഷിക്കപ്പെട്ട ക്വാറികളെ ജലാശയങ്ങളാക്കി മാറ്റുന്നതിലൂടെ ജലശേഖരണ ശേഷി വർദ്ധിപ്പിക്കാൻ സാധിക്കും.

## പാരിസ്ഥിതിക ആഘാതങ്ങളും പ്രകൃതി വിഭവ സംരക്ഷണവും

തദ്ദേശ സ്ഥാപനങ്ങളുടെ വികസന പദ്ധതികളിൽ പാരിസ്ഥിതിക ആഘാതം (Environmental Impact) ഒരു പ്രധാന വിഷയമായി പരിഗണിക്കപ്പെടാത്ത രീതി മാറേണ്ടതുണ്ട്. ക്വാറികളിലെ അനധികൃത ഖനനം, ഭൂവിനിയോഗത്തിലെ മാറ്റങ്ങൾ മൂലമുണ്ടാകുന്ന തണ്ണീർത്തടങ്ങളുടെ നാശം എന്നിവ പരിസ്ഥിതിയുടെ സന്തുലിതാവസ്ഥയെ തകർക്കുന്നു. കൃഷി ഭൂമിയിലുണ്ടാകുന്ന ഗണ്യമായ കുറവും ഭാരതപുഴയുൾപ്പെടെയുള്ള നദികളിലെ കയ്യേറ്റവും അനധികൃത മണൽവാരലും പാരിസ്ഥിതിക ദുരന്തങ്ങൾക്ക് വഴിയൊരുക്കുന്നുണ്ട്. നദീതീരങ്ങളുടെ അതിരുകൾ കൃത്യമായി അടയാളപ്പെടുത്തുകയും തീരസംരക്ഷണത്തിനായി അനുയോജ്യമായ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുകയും ചെയ്യേണ്ടത് അടിയന്തരമായ ആവശ്യമാണ്. നീർച്ചാലുകളുടെ ശുചീകരണത്തിൽ മിഷൻ കൊണ്ടുവന്ന മാറ്റങ്ങൾ നിലനിർത്താൻ പ്രാദേശിക ജാഗ്രതാ സമിതികളുടെയും തദ്ദേശ സ്ഥാപനങ്ങളുടെയും നിരന്തരമായ ഇടപെടൽ ഉണ്ടാകണം. മണ്ണിടിഞ്ഞും മാലിന്യം നിറഞ്ഞും തോടുകൾ വീണ്ടും നികന്നുപോകാതിരിക്കാൻ സുസ്ഥിരമായ പരിപാലന രീതികൾ അവലംബിക്കണം.

## മാലിന്യസംസ്കരണത്തിലെ പോരായ്മകളും പരിഹാരങ്ങളും

ഖര-ദ്രവ മാലിന്യ സംസ്കരണ മേഖലയിൽ ഇനിയും പല വിടവുകളും നിലനിൽക്കുന്നുണ്ട്. ജില്ലയിലെ എല്ലാ വീടുകളിലും ഉറവിട ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ഇത്തരം സംവിധാനങ്ങൾ നൽകുന്നതിനൊപ്പം തന്നെ അവയുടെ ലളിതമായ പരിപാലന രീതികൾ അയൽക്കൂട്ട തലത്തിൽ ബോധ്യപ്പെടുത്തുന്ന പരിശീലന പദ്ധതികൾ ഉണ്ടാവേണ്ടതുണ്ട്. ഗാർഹിക-സ്ഥാപന തലങ്ങളിൽ ദ്രവമാലിന്യ സംസ്കരണ സംവിധാനങ്ങളുടെ അഭാവം ജലാശയങ്ങളെ മലിനമാക്കുന്നു. മലിനജലം തുറസ്സായ സ്ഥലങ്ങളിലേക്കോ ജലാശയങ്ങളിലേക്കോ ഒഴുകുന്നില്ലെന്ന് ഉറപ്പുവരുത്താൻ തദ്ദേശ സ്ഥാപനങ്ങൾ നിരീക്ഷണം ശക്തമാക്കണം. കൂടാതെ, കക്കൂസ് മാലിന്യങ്ങൾ സുരക്ഷിതമായി സംസ്കരിക്കാൻ ആവശ്യമായ പ്ലാന്റുകൾ (FSTP) വ്യാപിപ്പിക്കുന്നതിനും സെപ്റ്റിക് ടാങ്കുകളുടെ നവീകരണത്തിനും പ്രത്യേക മുൻഗണന നൽകണം. രാസമാലിന്യങ്ങളും അപകടകരമായ മറ്റ് മാലിന്യങ്ങളും കൈകാര്യം ചെയ്യുന്നതിൽ ശാസ്ത്രീയമായ പരിശീലനം നൽകേണ്ടതും അത്യന്താപേക്ഷിതമാണ്.

## കാലാവസ്ഥാ പ്രതിരോധവും ഊർജ്ജ സുരക്ഷയും

കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന കാർഷിക പ്രശ്നങ്ങൾ, പുതിയ രോഗങ്ങൾ, പ്രകൃതി ദുരന്തങ്ങൾ എന്നിവയെക്കുറിച്ച് സമൂഹത്തെ ബോധവൽക്കരിക്കേണ്ടതുണ്ട്. ദുരന്തനിവാരണ മുന്നറിയിപ്പുകൾ നൽകുന്നതിനായി തദ്ദേശ സ്ഥാപനങ്ങളിൽ പ്രത്യേക 'അലർട്ട് കേന്ദ്രങ്ങൾ' സ്ഥാപിക്കുന്നത് ജീവഹാനി കുറയ്ക്കാൻ സഹായിക്കും. കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിനായി ഫോസിൽ ഇന്ധനങ്ങൾക്ക് പകരം ഗ്രീൻ എനർജി പോലുള്ള പുനരുപയോഗ ഊർജ്ജ സ്രോതസ്സുകൾ ഗാർഹിക-സ്ഥാപന തലങ്ങളിൽ പ്രോത്സാഹിപ്പിക്കണം. കുട്ടികളിൽ ചെറുപ്രായം മുതൽക്കേ പാരിസ്ഥിതിക അവബോധം വളർത്തുന്നതിനായി ആസൂത്രിതമായ ഇടപെടലുകൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി നടത്തണം. വൃക്ഷവൽക്കരണത്തോടൊപ്പം കാർഷിക മേഖലയെ പ്രോത്സാഹിപ്പിക്കുകയും 'കാർബൺ ക്രെഡിറ്റ്' വഴി കർഷകർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യേണ്ടത് ജില്ലയുടെ ഭാവി വികസനത്തിന് അനിവാര്യമാണ്.